# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണ്ണൂർ ജില്ലാ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം
കണ്ണൂർ-670002

ഇ-മെയിൽ: dpdkauditknr@gmail.com

ഫോൺ :

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ-ഡി.പി/എ2-313/23

ജില്ലാ പഞ്ചായത്ത് & ജില്ലാ കുടുംബശ്രീ ഓഡിറ്റ് കാര്യാലയം
കണ്ണൂർ-670002
തീയ്യതി: 29/12/2023
ഇ-മെയിൽ: dpdkauditknr@gmail.com
ഫോൺ:

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ണൂർ ജില്ലാ പഞ്ചായത്ത്

സർ,

വിഷയം : കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1-സെക്രട്ടറി,തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം (ഇമെയിൽ മുഖാന്തിരം)
2-ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (എയിംസ്)
3- കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ-ഡി.പി/എ2-313/23 തീയ്യതി: 29/12/2023

## കണ്ണൂർ ജില്ലയിലെ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2022 മുതൽ 30-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 89 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ശശികുമാർ. എം. പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 01-04-2023 | 29-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-04-2023 | 29-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. പി.പി. ദിവ്യ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. സതീഷ് ബാബു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 30-11-2022 |

| | | | |
|---|---|---|---|
| ഇ.എൻ | | | |
| ശ്രീമതി.ടൈനി സൂസൻ ജോൺ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-12-2022 | 22-01-2023 |
| ശ്രീ.അബ്ദുൾ ലത്തീഫ് എ.വി | സെക്രട്ടറി | 23-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രവിരാജ് കെ വി | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. സന്തോഷ് കുമാർ എസ്. | ഐ.ടി. ഡി. പി. പ്രോജക്ട് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ടൈനി സൂസൻ ജോൺ | പ്രോജക്ട് ഓഫീസർ ദാരിദ്ര്യ ലഘൂകരണം | 01-04-2022 | 31-03-2023 |
| ശ്രീമതി.ഡീന ഭരതൻ | ജില്ലാ വനിതാ ശിശു വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ജാൻസി സി.എം | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ദീപ്തി ആർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. എം എൻ പ്രദീപൻ | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (വാട്ടർ മാനേജ്മെന്റ്) | 01-04-2022 | 31-03-2023 |
| ശ്രീ. അനൂപ് എം. പി | ഡെപ്യൂട്ടി ഡയറക്ടർ, കൃഷി (വൈ. പി) | 01-04-2022 | 31-03-2023 |
| ശ്രീമതി.സ്മിത ഹരിദാസ് കെ | സൂപ്രണ്ട് ജില്ലാ കൃഷിത്തോട്ടം | 01-04-2022 | 10-07-2022 |
| | | 05-08-2022 | 24-10-2022 |
| | | 04-11-2022 | 28-02-2023 |
| | | 20-03-2023 | 31-03-2023 |
| ശ്രീ,സതീശൻ പി | സൂപ്രണ്ട് ജില്ലാ കൃഷിത്തോട്ടം | 11-07-2022 | 04-08-2022 |
| | | 25-10-2022 | 03-11-2022 |
| | | 01-03-2023 | 19-03-2023 |
| ശ്രീ. കിഷോർ കുമാർ എസ് | സീനിയർ കൃഷി ഓഫീസർ,സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ | 01-04-2022 | 18-04-2022 |
| | | 28-04-2022 | 22-05-2022 |
| | | 01-06-2022 | 13-06-2022 |
| | | 26-06-2022 | 17-07-2022 |
| | | 27-07-2022 | 28-09-2022 |

| | | | |
|---|---|---|---|
| ശ്രീ.നൂറുദ്ദീൻ പി .പി.എം | സീനിയർ കൃഷി ഓഫീസർ,സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ | 19-04-2022 | 27-04-2022 |
| | | 23-05-2022 | 31-05-2022 |
| | | 14-06-2022 | 25-06-2022 |
| | | 18-07-2022 | 26-07-2022 |
| | | 29-09-2022 | 11-10-2022 |
| ശ്രീമതി.അഹ്സ് ലി മറിയാമ്മ ജോർജ് | സീനിയർ കൃഷി ഓഫീസർ,സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ | 12-10-2022 | 03-01-2023 |
| ശ്രീമതി.ഷൈമ സി.പി | സീനിയർ കൃഷി ഓഫീസർ,സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ | 04-01-2023 | 31-03-2023 |
| ശ്രീമതി. മീര യു.എൻ | സീനിയർ കൃഷി ഓഫീസർ,സ്റ്റേറ്റ് സീഡ് ഫാം വേങ്ങാട് | 01-04-2022 | 31-03-2023 |
| ശ്രീ.ബിജു ജോസഫ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ,സ്റ്റേറ്റ് കോക്കനട്ട് നഴ്സറി, പാലയാട് | 01-04-2022 | 16-03-2023 |
| ശ്രീമതി. മീര യു.എൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ,സ്റ്റേറ്റ് കോക്കനട്ട് നഴ്സറി, പാലയാട് | 17-03-2023 | 31-03-2023 |
| ശ്രീമതി.ഷൈനി സി.കെ | ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് | 01-04-2022 | 31-03-2023 |
| ഡോ.ബീറ്റ ജോസഫ് | സൂപ്രണ്ട്, സർക്കാർ ആടുവളർത്തൽ കേന്ദ്രം, കൊമ്മേരി | 01-04-2022 | 31-03-2023 |
| ശ്രീ.വർക്കി ജോർജ് | ഡെപ്യൂട്ടി ഡയറക്ടർ, ഡയറീസ് | 01-04-2022 | 20-06-2022 |
| ശ്രീമതി.ജീജ സി.കൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ, ഡയറീസ് | 21-06-2022 | 31-03-2023 |
| ശ്രീ.സുധീർ നാരായണൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.പ്രദീപ് കെ. | സൂപ്രണ്ട്, ടെക്നിക്കൽ ഹൈസ്കൂൾ നെരുവമ്പ്രം | 01-04-2022 | 31-03-2023 |
| ശ്രീ. ദിലീപ് എ. | സൂപ്രണ്ട്, ടെക്നിക്കൽ ഹൈസ്കൂൾ തോട്ടട | 01-04-2022 | 31-03-2023 |
| ശ്രീ. കെ പി അബ്ദുൾ സമദ് | ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ | 01-04-2022 | 18-07-2022 |
| ശ്രീ.രാജീവ് എം. | ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ | 19-07-2022 | 31-03-2023 |
| ശ്രീ. രവീന്ദ്രകുമാർ പി.വി | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | 01-04-2022 | 05-09-2022 |
| | | 14-11-2022 | 31-03-2023 |
| ശ്രീ.നിധിൻ ഇ.ആർ. | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം(ഇൻചാർജ്) | 06-09-2022 | 16-09-2022 |
| ശ്രീ.രാജൻ കെ | മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം(ഇൻചാർജ്) | 17-09-2022 | 13-11-2022 |
| ഡോ.ജാൻസി സി കാപ്പൻ | ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ മൃഗസംരക്ഷണ ഓഫീസ് | 01-04-2022 | 15-07-2022 |
| ഡോ.അജിത്ത് ബാബു | ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ മൃഗസംരക്ഷണ ഓഫീസ് | 16-07-2022 | 24-01-2023 |
| ഡോ.വി. പ്രശാന്ത് | ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ മൃഗസംരക്ഷണ ഓഫീസ് (ഇൻചാർജ്) | 25-01-2023 | 31-03-2023 |
| ഡോ. ഇന്ദിര കെ.ടി | സൂപ്രണ്ട്. ജില്ലാ ആശുപത്രി ഹോമിയോ | 01-04-2022 | 30-04-2022 |
| ഡോ.ഗീത ടി. | സൂപ്രണ്ട്. ജില്ലാ ആശുപത്രി ഹോമിയോ | 01-05-2022 | 02-01-2023 |
| ഡോ. സോണി ബി.ജെ. | സൂപ്രണ്ട്. ജില്ലാ ആശുപത്രി ഹോമിയോ | 03-01-2023 | 31-03-2023 |
| ഡോ.കെ,നാരായണ നായക് | ജില്ലാ മെഡിക്കൽ ഓഫീസർ,ആരോഗ്യം | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ.ഷീബ എ.എൽ | ജില്ലാ മെഡിക്കൽ ഓഫീസർ, ഐ. എസ്. എം | 01-04-2022 | 12-12-2022 |
| ഡോ.രമ കെ. വി. | ജില്ലാ മെഡിക്കൽ ഓഫീസർ, ഐ. എസ്. എം | 13-12-2022 | 31-03-2023 |
| ഡോ. എം. സുർജിത്ത് | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ | 01-04-2022 | 31-03-2023 |
| ശ്രീമതി. പ്രസീത കെ.വി | ജില്ലാ വനിതാ ക്ഷേമ ഓഫീസർ | 01-04-2022 | 29-04-2022 |
| ശ്രീമതി. ബീന ബി | ജില്ലാ വനിതാ ക്ഷേമ ഓഫീസർ | 30-04-2022 | 31-03-2023 |
| ശ്രീ.ജയദേവൻ കെ | ഹെഡ്മാസ്റ്റർ, ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ഹൈസ്കൂൾ, അഴീക്കൽ | 01-04-2022 | 31-03-2023 |
| ശ്രീ.ഹരീന്ദ്രൻ കൊയിലോടൻ | ഹെഡ്മാസ്റ്റർ, ഗവൺമെന്റ് ഹൈസ്കൂൾ,മുണ്ടേരി | 01-04-2022 | 31-03-2023 |
| ശ്രീ. സിജു കെ. സി | പ്രിൻസിപ്പൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കല്യാശ്ശേരി | 01-04-2022 | 01-09-2022 |
| ശ്രീമതി.രേഖ. പി.മാത്യു | പ്രിൻസിപ്പൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കല്യാശ്ശേരി | 02-09-2022 | 31-03-2023 |
| ഡോ.ഷീബ എ.ൽ | സൂപ്രണ്ട്,ജില്ലാ ആശുപത്രി ആയുർവേദം | 01-04-2022 | 12-12-2022 |
| ഡോ.രമ കെ.വി | സൂപ്രണ്ട്,ജില്ലാ ആശുപത്രി ആയുർവേദം | 13-12-2022 | 31-03-2023 |
| ശ്രീ.സതീഷ് ബാബു ഇ.എൻ | സെക്രട്ടറി (ഇൻ ചാർജ്) | 01-04-2022 | 30-11-2022 |
| ശ്രീമതി. ടൈനി സൂസൺ ജോർജ് | സെക്രട്ടറി (ഇൻ ചാർജ്) | 01-12-2022 | 22-01-2023 |

| | | | |
|---|---|---|---|
| ശ്രീ.അബ്ദുൾ ലത്തീഫ് എ. വി. | സെക്രട്ടറി | 23-01-2023 | 31-03-2023 |
| ശ്രീമതി.അഞ്ജുമോഹൻ | ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.രാജീവൻ വി കെ | സൂപ്രണ്ട്, ചീഫ് മെഡിക്കൽ ഓഫീസർ ജില്ലാ ആശുപത്രി, അലോപ്പതി | 01-04-2022 | 30-11-2022 |
| ഡോ.പ്രീത എം | സൂപ്രണ്ട്, ചീഫ് മെഡിക്കൽ ഓഫീസർ ജില്ലാ ആശുപത്രി, അലോപ്പതി | 01-12-2022 | 31-03-2023 |
| ശ്രീ.മനോജ് കുമാർ സി. | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം | 01-04-2022 | 06-06-2022 |
| ശ്രീമതി.ബിന്ദു കെ. | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം | 07-06-2022 | 08-07-2022 |
| ശ്രീ. ശശീന്ദ്രവ്യാസ് വി.എ | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം | 09-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക | 1-1 |
| 2 | ചെലവിൻെറ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-1 |
| 3 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുക രശീത് നൽകി കണക്കിലെടുത്തില്ല. | 1-1-2 |
| 4 | ബാങ്കിൽ നിന്നും നേരിട്ട് ഡെബിറ്റ് ചെയ്ത തുക ക്രമീകരിച്ചില്ല. | 1-1-3 |
| 5 | ലഭിക്കാനുള്ള തുകയുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്നില്ല | 1-1-4 |
| 6 | അക്കൌണ്ട് ബാലൻസ് നെഗറ്റീവ് കാണിച്ചിരിക്കുന്നു. | 1-1-5 |
| 7 | എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തികവിശകലനം(റസീപ്റ്റ്&പേയ്മെന്റ് പ്രകാരം) | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | ക്യാഷ്ബാലൻസ് പരിശോധന | 1-6 |
| 13 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 15 | വിഭവ സമാഹരണം- പൊതു അവലോകനം | 1-9 |
| 16 | കെട്ടിടവാടക- 29,15,763 രൂപ കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-10 |
| 17 | മാഹി പാർക്ക് - പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-11 |
| 18 | സയൻസ് പാർക്ക് - പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ | 1-12 |
| 19 | ജില്ലാകൃഷിത്തോട്ടം,കരിമ്പം-വിത്ത്/തൈ വിതരണം- ഈടാക്കുവാൻ ബാക്കിയുള്ള ₹42,37,839 ഈടാക്കേണ്ടതാണ്. | 1-13 |
| 20 | സ്റ്റേറ്റ് കോക്കനട്ട് നഴ്സറി, പാലയാട് :- വരുമാനം മുഴുവനായി ജില്ലാപഞ്ചായത്തിൽ ഒടുക്കുന്നില്ല. | 1-14 |
| 21 | സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ:- ഫാം ഉല്പന്നങ്ങളുടെ വില്പന - സോഫ്റ്റ് വേർ അധിഷ്ഠിത കമ്പ്യൂട്ടർ രസീത് ഉപയോഗിക്കേണ്ടതാണ്. | 1-15 |
| 22 | ജില്ലാ വെറ്ററിനറികേന്ദ്രം:- ന്യായവില മെഡിക്കൽ സ്റ്റോർ - വരവ് ജില്ലാപഞ്ചായത്തിൽ ഒടുക്കുന്നില്ല | 1-16 |
| 23 | ജില്ലാ കൃഷിതോട്ടത്തിലെ വാർഷിക ഉല്പാദനപ്രവർത്തനചെലവുകൾ - അപാകങ്ങൾ | 1-17 |

| | | |
|---|---|---|
| 24 | ജില്ലാ ആശുപത്രിക്ക് സമീപം വിവിധ പദ്ധതികൾക്കായി സ്ഥലം വാങ്ങൽ -കെട്ടിടനിർമാണത്തിന് അനുമതി ലഭിക്കുമോ എന്ന് പരിശോധിക്കാതെ സ്ഥലം വാങ്ങി- ചെലവ് തുക ₹2,40,32,500 തടസ്സപ്പെടുത്തുന്നു. | 1-18 |
| 25 | 'ഓണത്തിന് ഒരുകൊട്ടപൂവ്'പദ്ധതി- വിതരണരേഖകൾ ലഭ്യമാക്കിയില്ല- | 1-19 |
| 26 | കൈപ്പാട് ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് ധനസഹായം - വികസനഫണ്ടിൽ നിന്ന് മൂലധനച്ചെലവ് അനുവദിക്കുന്നതിന് പകരം ആവർത്തനചെലവുകൾ അനുവദിച്ചു. ₹66,044 രൂപ നിരാകരിക്കുന്നു. മറ്റ് അപാകങ്ങൾ - ₹6,33,956 രൂപ തടസ്സപ്പെടുത്തുന്നു. | 1-20 |
| 27 | ചിറ്റാരി-പരമ്പരാഗത നെൽവിത്തുകളുടെ സംരക്ഷണം - രേഖകൾ ഹാജരാക്കിയിട്ടില്ല.- 2,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 28 | തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി - രേഖകൾ ലഭ്യമാക്കിയില്ല. 1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |
| 29 | നാട്ടുമാവിൻതോട്ടം -നാടൻമാവിനങ്ങളുടെ ഒട്ടുതൈവിതരണം -രേഖകൾ ലഭ്യമാക്കിയില്ല- 7,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 30 | നെൽകൃഷി കൂലിചെലവ് സബ്സിഡി- ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 31,52,051/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 31 | നെൽകൃഷി വികസനം ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. 1,20,14,696 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 32 | പാഷൻഫ്രൂട്ട് ഗ്രാമങ്ങൾ - രേഖകൾ ലഭ്യമാക്കിയിട്ടില്ല. 2,46,921 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 33 | 'വിള അധിഷ്ഠിതഗ്രാമം'- ഗ്രാമപഞ്ചായത്തിന് ധനസഹായം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- 50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 34 | ജില്ലാ വെറ്ററിനറി കേന്ദ്രം,RAHC-കൾ എന്നിവയുടെ നിത്യനിദാനച്ചെലവ്- കുടിശ്ശിക ഒടുക്കിയതും മറ്റ് അപാകങ്ങളും- | 1-28 |
| 35 | തീരദേശസേന-ചുമതലയിൽ ഉൾപ്പെടാത്ത പദ്ധതിനിർവ്വഹണവും - ടെണ്ടർഫീസ് ജില്ലാപഞ്ചായത്തിൽ ഒടുക്കാത്തതും | 1-29 |
| 36 | ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ കുടുംബശ്രീ കിയോസ്ക് നിർമിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല- ചെലവുതുക ₹36,50,000 തടസ്സപ്പെടുത്തുന്നു. | 1-30 |
| 37 | കുറുമാത്തൂർ കുടുംബശ്രീ ട്രെയിനിംഗ് സെന്റർ -വൈദ്യുതി കണക്ഷൻ ലഭ്യമാകാത്ത കെട്ടിടത്തിൽ എയർകണ്ടീഷണറുകൾ-ആസൂത്രണത്തിലെ പോരായ്മകളും,മറ്റ് അപാകങ്ങളും -ചെലവ്തുക ₹13,80,000 | 1-31 |

| | | |
|---|---|---|
| | തടസ്സപ്പെടുത്തുന്നു. | |
| 38 | കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി -നിർവഹണത്തിലെ അപാകങ്ങൾ -ചെലവു തുക ₹9,50,000 തടസ്സപ്പെടുത്തുന്നു. | 1-32 |
| 39 | വനിതാ ഗ്രൂപ്പുകൾക്ക് ഗോട്ട് ബ്രീഡ് യൂണിറ്റ് - ആടുകളെ വാങ്ങിയതിന്റെ രേഖകളില്ല- ചെലവുതുക ₹ 10,00,000 തടസ്സപ്പെടുത്തുന്നു. | 1-33 |
| 40 | ബഡ്സ് സ്കൂൾ ധനസഹായം – തുക നൽകിയതിന്റെ വിവരങ്ങളും വിനിയോഗവിവരവും ലഭ്യമാക്കിയില്ല. ₹45,00,000 തടസ്സപ്പെടുത്തുന്നു. | 1-34 |
| 41 | ഭിന്നശേഷിക്കാരുടെ ബ്ലോക്ക് തല സംഗമം - രേഖകൾ ഹാജരാക്കാത്തതും മറ്റു അപാകങ്ങളും-ചെലവ്തുക ₹4,31,776 തടസ്സപ്പെടുത്തുന്നു. | 1-35 |
| 42 | പട്ടികവർഗവിഭാഗങ്ങൾക്കു വേണ്ടി നടപ്പിലാക്കിയ പദ്ധതികൾ ലക്ഷ്യം കാണുന്നില്ല- ചെലവ് തുക ₹3,39,747 തടസ്സപ്പെടുത്തുന്നു- ₹34,937 നിരാകരിക്കുന്നു. | 1-36 |
| 43 | 'ഗോത്രവെളിച്ചം' പദ്ധതി-സർക്കാർ ഉത്തരവിനു വിരുദ്ധമായി ഹോണറേറിയം അനുവദിച്ചു- ₹25,000 തടസ്സപ്പെടുത്തുന്നു. | 1-37 |
| 44 | പട്ടികവർഗ യുവതീയുവാക്കൾക്ക് പരീക്ഷാപരിശീലനം -സ്റ്റൈപ്പന്റ്,മോണിറ്ററിംഗ് ചാർജ് ഇനത്തിൽ അനുവദിച്ച ₹ 1,71,385 തടസ്സപ്പെടുത്തുന്നു. | 1-38 |
| 45 | പട്ടികവർഗഗ്രൂപ്പുകൾക്ക് ബാന്റ് വിതരണം-ഗുണഭോക്തൃ വിഹിതം ഇനത്തിൽ അധികം പിൻവലിച്ച ₹19,300 സഞ്ചിതനിധിയിലേക്ക് അടവാക്കേണ്ടതാണ്. | 1-39 |
| 46 | ജില്ലാപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ സിസ്റ്റം വാങ്ങിസ്ഥാപിക്കൽ - 83,10,000 രൂപ ചെലവഴിച്ചിട്ടും പദ്ധതി ലക്ഷ്യം കണ്ടില്ല. | 1-40 |
| 47 | ജില്ലാപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിലെ ലൈബ്രറികൾക്കും സ്റ്റാഫ്റൂമുകൾക്കും ഫർണിച്ചർ വിതരണം - രേഖകൾ ലഭ്യമാക്കിയില്ല- 31,10,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-41 |
| 48 | സംസ്ഥാന സ്കൂൾ കായികമേളയിൽ കണ്ണൂർജില്ലയെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ജേഴ്സി വാങ്ങി നൽകൽ- അപാകങ്ങൾ -2,11,680 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-42 |
| 49 | സ്കൂളുകളിൽ ഫർണിച്ചർ വിതരണം - രേഖകൾ ലഭ്യമാക്കിയില്ല. 11,98,460 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-43 |
| 50 | ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകളിൽ കൗൺസിലിംഗ് സെന്റർ സജ്ജീകരിക്കൽ- രേഖകൾ ഹാജരാക്കിയില്ല-13,80,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-44 |
| 51 | സ്കൂളുകളിൽ ഫർണിച്ചർ വിതരണം-രേഖകൾ ലഭ്യമാക്കിയില്ല- | 1-45 |

| | | |
|---|---|---|
| | 60,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 52 | സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ പ്രവർത്തനസഹായം-രേഖകൾ ലഭ്യമാക്കിയില്ല -9,94,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-46 |
| 53 | വിവിധ പ്രോജക്ടുകളുടെ രേഖകൾ ഹാജരാക്കിയില്ല-15,93,440/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-47 |
| 54 | സമഗ്രവിദ്യാഭ്യാസപദ്ധതി -രേഖകൾ ലഭ്യമാക്കിയില്ല-7,38,082 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-48 |
| 55 | കൃത്രിമഅവയവനിർമ്മാണം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ - 24,912 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-49 |
| 56 | ജില്ലാആശുപത്രിയിൽ മരുന്ന്, ലാബ് റീ-ഏജന്റ്, പരിചരണസാമഗ്രികൾ വാങ്ങൽ - അപാകങ്ങൾ- 61,280 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-50 |
| 57 | കണ്ണൂർ ജില്ലാആശുപത്രി വനിതകളുടെയും കുട്ടികളുടെയും വാർഡ് നവീകരണം - 1,36,162 രൂപ അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്. | 1-51 |
| 58 | ജി.എച്ച്.എസ്.എസ് പാട്യം കുടിവെള്ള പദ്ധതി - പൂർത്തീകരിച്ചില്ല | 1-52 |
| 59 | പട്ടികജാതി സാംസ്കാരികനിലയങ്ങൾക്ക് ഫർണിച്ചർ വിതരണം-വിതരണവിവരം ലഭ്യമാക്കാത്തതും മറ്റ് അപാകങ്ങളും- 10,22,736/-രൂപ തടസ്സപ്പെടുത്തുന്നു- | 1-53 |
| 60 | പട്ടികജാതിസാംസ്കാരികനിലയങ്ങളുടെ അടിസ്ഥാനസൗകര്യവികസനം-ഗ്രാമ/ബ്ലോക്ക്പഞ്ചായത്തുകൾക്ക് ധനസഹായം-ചുമതലയില്പെടാത്ത പദ്ധതിനിർവ്വഹണവും ചെലവുരേഖകൾ ലഭ്യമാക്കാത്തതും- 3,10,228/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു- | 1-54 |
| 61 | സ്ത്രീപദവിപഠനം-പുരോഗതിവിവരം ലഭ്യമാക്കിയിട്ടില്ല | 1-55 |
| 62 | 'പത്താമുദയം' - സമ്പൂർണ സെക്കന്ററി വിദ്യാഭ്യാസ പദ്ധതി -അപാകങ്ങൾ | 1-56 |
| 63 | സർക്കാർ അനുമതിയില്ലാതെ കരാർ വ്യവസ്ഥയിൽ ഫസ്റ്റ് ഗ്രേഡ് ഓവർസീയറെ നിയമിച്ചു. | 1-57 |
| 64 | പദ്ധതി നിർവ്വഹണം / മോണിറ്ററിംഗ് ചെലവുകൾ പ്രോജക്ടിന്റെ ഭാഗമല്ലാതെ ചെലവഴിക്കുന്നത്- ഒഴിവാക്കേണ്ടതാണ്. | 1-58 |
| 65 | കല്ല്യാശ്ശേരി സിവിൽ സർവ്വീസ് അക്കാദമിയിൽ ഡിജിററൽ ലൈബ്രറി സജ്ജീകരിക്കൽ-നിർവ്വഹണഅപാകങ്ങൾ- 18,62,886/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു- | 1-59 |
| 66 | ജില്ലാ ആയുർവ്വേദാശുപത്രി മെയിന്റനൻസ് -നിർമ്മിതികേന്ദ്രക്ക് അധികമായി അനുവദിച്ച 9,654/-രൂപ തിരികെ ഈടാക്കേണ്ടതാണ്. | 1-60 |
| 67 | ജില്ലാ ആയുർവ്വേദാശുപത്രിക്ക് മരുന്ന്-തുക ഒടുക്കി മാസങ്ങൾ പിന്നിട്ടിട്ടും മരുന്ന് ലഭ്യമാകുവാൻ ബാക്കി-6,26,308/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു- | 1-61 |

| | | |
|---|---|---|
| 68 | പാലിന് സബ്സിഡി-ആനുകൂല്യവിതരണവിവരം/വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും വിനിയോഗിക്കാതെ ശേഷിക്കുന്ന തുക 54,309/-രൂപ തിരിച്ചടക്കേണ്ടതുമാണ്- | 1-62 |
| 69 | ലൈഫ്(പി.എം.എ.വൈ)ഭവനനിർമ്മാണം-മാച്ചിംഗ് ഗ്രാൻറ്-(ജനറൽ)-തുക കൈമാറിയ രേഖകളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയില്ല- | 1-63 |
| 70 | ലൈഫ്(പി.എം.എ.വൈ)ഭവനനിർമ്മാണം-മാച്ചിംഗ് ഗ്രാൻറ്-(പട്ടികജാതി)-തുക കൈമാറിയ രേഖകളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയില്ല- | 1-64 |
| 71 | ലൈഫ്(പി.എം.എ.വൈ)ഭവനനിർമ്മാണം-മാച്ചിംഗ് ഗ്രാൻറ്-(പട്ടികവർഗ്ഗം)-തുക കൈമാറിയ രേഖകളും വിനിയോഗസാക്ഷ്യപത്രവും-ലഭ്യമാക്കേണ്ടതാണ്- | 1-65 |
| 72 | പട്ടികജാതിവിഭാഗക്കാർക്ക് പി.എസ്.സി.പരിശീലനം-അനുബന്ധവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-66 |
| 73 | ജില്ലാ വെറ്ററിനറി കേന്ദ്രം ക്യാംപസ് - വഴിയില്ലാത്തിടത്ത് മുഖ്യകവാടം-പ്രയോജനരഹിതമായിത്തീർന്ന പ്രവൃത്തിനിർവ്വഹണവും അധികതുക നല്കിയതും-2,337/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു;4,96,358/-രൂപ തടസ്സപ്പെടുത്തുന്നു. | 1-67 |
| 74 | പാലയാട് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ- പൊളിച്ചുമാറ്റിയ കെട്ടിടത്തിന്റെ ലേലവരവ് - രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-68 |
| 75 | ജില്ലാ വെറ്ററിനറികേന്ദ്രം ന്യായവില മെഡിക്കൽ സ്റ്റോർ - മരുന്ന് വാങ്ങൽ -നടപടിക്രമങ്ങൾ പാലിക്കുന്നില്ല. | 1-69 |
| 76 | ജില്ലാആശുപത്രി- വെള്ളക്കരം,വൈദ്യുതിബിൽ, ടെലിഫോൺചാർജ് -വികസനഫണ്ട് വിനിയോഗത്തിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 1-70 |
| 77 | സ്ത്രീകൾക്ക് ഫിറ്റ്നെസ് സെൻറർ-ഉപകരണങ്ങൾ വാങ്ങിയിട്ടും ഫിറ്റ്നെസ് സെൻറർ ആരംഭിച്ചില്ല-12,92,382/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 1-71 |
| 78 | ചട്ടുകപ്പാറ ആധുനികഅറവുശാല നിർമാണം -പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-72 |
| 79 | ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകങ്ങൾ-ചെലവ്തുക-₹5,54,983 തടസ്സപ്പെടുത്തുന്നു. | 1-73 |
| 80 | കൊമ്മേരി ഗോട്ട് ഫാം - പുനരുദ്ധരിച്ച കെട്ടിടം ഉപയോഗിക്കാതെ നശിക്കുന്നു- ഉപയോഗക്ഷമമാക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-74 |
| 81 | വിവിധ പ്രോജക്ടുകളുടെ നിർവഹണം-വിനിയോഗസാക്ഷ്യപത്രം,പൂർത്തീകരണവിവരം,ചെലവുരേഖകൾ എന്നിവ ലഭ്യമാക്കാത്തവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. | 1-75 |

| | | |
|---|---|---|
| 82 | മുണ്ടേരി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ ഓഡിറ്റോറിയം നിർമ്മാണം -യഥാർത്ഥ നഷ്ടം കണക്കാക്കുന്നതിന് വിശദമായ അന്വേഷണത്തിന് ശിപാർശ ചെയ്യുന്നു. | 1-76 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കൈപ്പാട് ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് ധനസഹായം - വികസനഫണ്ടിൽ നിന്ന് മൂലധനച്ചെലവ് അനുവദിക്കുന്നതിന് പകരം ആവർത്തനചെലവുകൾ അനുവദിച്ചു. ₹66,044 രൂപ നിരാകരിക്കുന്നു. മറ്റ് അപാകങ്ങൾ - ₹6,33,956 രൂപ തടസ്സപ്പെടുത്തുന്നു. | 3-1 |
| 2 | പട്ടികവർഗവിഭാഗങ്ങൾക്കു വേണ്ടി നടപ്പിലാക്കിയ പദ്ധതികൾ ലക്ഷ്യം കാണുന്നില്ല- ചെലവ് തുക ₹3,39,747 തടസ്സപ്പെടുത്തുന്നു- ₹34,937 നിരാകരിക്കുന്നു. | 3-2 |
| 3 | കണ്ണൂർ ജില്ലാആശുപത്രി വനിതകളുടെയും കുട്ടികളുടെയും വാർഡ് നവീകരണം - 1,36,162 രൂപ അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്. | 3-3 |
| 4 | ജില്ലാ ആയുർവ്വേദാശുപത്രി മെയിന്റനൻസ് -നിർമ്മിതികേന്ദ്രക്ക് അധികമായി അനുവദിച്ച 9,654/-രൂപ തിരികെ ഈടാക്കേണ്ടതാണ്. | 3-4 |
| 5 | ജില്ലാ വെറ്ററിനറി കേന്ദ്രം ക്യാംപസ് - വഴിയില്ലാത്തിടത്ത് മുഖ്യകവാടം- പ്രയോജനരഹിതമായിത്തീർന്ന പ്രവൃത്തിനിർവ്വഹണവും അധികതുക നല്കിയതും-2,337/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു;4,96,358/-രൂപ തടസ്സപ്പെടുത്തുന്നു. | 3-5 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം ആന്റ് എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

# പൊതു അവലോകനം

## 1-1 വാർഷികധനകാര്യപത്രിക

1) കേരള പഞ്ചായത്ത് രാജ് ആക്ട്- 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കണ്ണൂർ ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 15-06-2023 തീയതിയിലെ 95/2023 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 15-06-2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 31-03-2023ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തികപ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തികപ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട്ടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തികപ്രസ്താവനകൾ സാമ്പത്തികഫലത്തെക്കുറിച്ചും സാമ്പത്തികനിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

കണ്ണൂർ — ജില്ലാപഞ്ചായത്ത് ആന്റ് ജില്ലാകുടുംബശ്രീ

29/12/23 — ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

### 1-1-1 ചെലവിൻെറ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

നിർമ്മിതികേന്ദ്രക്ക് മുൻകൂറായി നൽകിയ തുക അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയില്ല.
ഹെഡ്കോഡ് – 350100201, വൌച്ചർ നമ്പർ- 42200129

### 1-1-2 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുക രശീത് നൽകി കണക്കിലെടുത്തില്ല.

കാനറ ബാങ്ക് -കോവിഡ്-19 അക്കൌണ്ട് :- വാർഷിക റീക്കൺസിലിയേഷൻ പത്രിക പ്രകാരം ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ചെയ്ത തുക (₹1635) രശീത് നൽകി കണക്കിലെടുത്തില്ല.

### 1-1-3 ബാങ്കിൽ നിന്നും നേരിട്ട് ഡെബിറ്റ് ചെയ്ത തുക ക്രമീകരിച്ചില്ല.

കാനറ ബാങ്ക്- കോവിഡ്-19 അക്കൌണ്ട്:- വാർഷിക റീക്കൺസിലിയേഷൻ പത്രിക പ്രകാരം ബാങ്കിൽ നിന്നും നേരിട്ട്

ഡെബിറ്റ് ചെയ്ത തുക (₹726) ക്രമീകരിച്ചില്ല.

### 1-1-4 ലഭിക്കാനുള്ള തുകയുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്നില്ല

ജില്ലാപഞ്ചായത്തിനു കീഴിലുള്ള വിവിധ കൃഷിഫാമുകളിൽ ലഭിക്കാനുള്ള തുകയുടെ വിവരം ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തുന്നില്ല.

### 1-1-5 അക്കൗണ്ട് ബാലൻസ് നെഗറ്റീവ് കാണിച്ചിരിക്കുന്നു.

RP-40(b) പത്രികയിൽ District Treasury- LGTSB അക്കൗണ്ട് നെഗറ്റീവ് ബാലൻസ് കാണിച്ചിരിക്കുന്നു.

### 1-1-6 എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഉദാ:- റേഷ്യോസ്

### 1-2 ബജറ്റ്

2022-23 ലെ ബജറ്റ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.
ബജറ്റ് അംഗീകരിച്ച തീരുമാനം-നമ്പർ : 41/2022, തീയതി: 30.03.2022
പുതുക്കിയ ബജറ്റ് അംഗീകരിച്ച തീരുമാനം-നമ്പർ : 24/2023, തീയതി: 21.03.2023

| 2022-23 | ബജറ്റ് (₹) | പുതുക്കിയ ബജറ്റ് (₹) |
|---|---|---|
| മുന്നിരിപ്പ് | 8,81,17,072 | 9,39,36,972 |
| വരവ് | 1,50,91,61,604 | 1,58,11,97,556 |
| ആകെ | 1,59,72,78,676 | 1,67,51,34,528 |
| ചെലവ് | 1,55,93,43,604 | 1,58,70,17,456 |
| നീക്കിയിരിപ്പ് | 3,79,35,072 | 8,81,17,072 |

### 1-3 സാമ്പത്തികവിശകലനം(റസീപ്റ്റ്&പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹15,95,41,247 |
| വരവ് | ₹1,06,56,82,969 |
| ആകെ | ₹1,22,52,24,216 |
| ചെലവ് | ₹99,52,04,406 |
| നീക്കിയിരിപ്പ് | ₹23,00,19,810 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | ₹2,49,134 |

### 1-4 ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കി യിരിപ്പ് (₹) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | വികസന ഫണ്ട്-ജനറൽ | 0 | 33,03,30,000 | 33,03,30,000 | 29,25,19,188 | 3,78,10,812 |
| 2 | വികസനഫണ്ട്-എസ്.സി.പി | 0 | 4,75,14,000 | 4,75,14,000 | 4,09,76,866 | 65,37,134 |
| 3 | വികസന ഫണ്ട്-ടി.എസ്.പി | 0 | 2,96,81,000 | 2,96,81,000 | 2,63,80,650 | 33,00,350 |
| 4 | മെയിന്റനൻസ് ഫണ്ട്-റോഡ് | 0 | 45,63,99,000 | 45,63,99,000 | 24,04,12,116 | 21,59,86,884 |
| 5 | മെയിന്റനൻസ് ഫണ്ട്-നോൺ-റോഡ് | 0 | 12,76,83,000 | 12,76,83,000 | 10,84,11,782 | 1,92,71,218 |
| 6 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ട്രഷറി) | 0 | 2,67,23,304 | 2,67,23,304 | 5453861 | 2,12,69,443 |
| 7 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ട്രഷറി) | 0 | 32,91,233 | 32,91,233 | 25,47,898 | 7,43,335 |
| 8 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) (ബാങ്ക്) | 2,55,16,140 | 7,98,87,000 | 10,54,03,140 | 5,55,21,578 | 4,98,81,562 |
| 9 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) (ബാങ്ക്) | 16,97,313 | 5,71,42,278 | 5,88,39,591 | 5,38,88,980 | 49,50,611 |
| 10 | ജോയിന്റ് വെഞ്ചർ അക്കൗണ്ട് (STSB) | 82,500 | 1,35,86,970 | 1,36,69,470 | 1,36,69,470 | 0 |
| 11 | ജോയിന്റ് വെഞ്ചർ അക്കൗണ്ട് (കനറാ ബാങ്ക്) | 0 | 25,37,758 | 25,37,758 | 0 | 25,37,758 |
| 12 | തനത്ഫണ്ട് (എസ്.ബി.ഐ) | 10,28,95,615 | 5,68,49,113 | 15,97,44,728 | 1,80,76,386 | 14,16,68,342 |
| 13 | തനത്ഫണ്ട് (ടി.എസ്.ബി) | 9,99,982 | 5,71,83,013 | 5,81,82,995 | 5,88,51,426 | (-)6,68,431 |

ജോയിന്റ് വെഞ്ചർ, തനത്ഫണ്ട് എന്നിവയ്ക്കായി പ്രത്യേക എ.സി.ആർ സൂക്ഷിക്കാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

1)ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ(₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ്(₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 726 | 1,60,94,36,616 | 434 | 87,18,07,949 | 48 | 292 | 53 |

2)പൂർത്തിയാകാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

3)നിർവഹണോദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം

| ക്രമ | നിർവഹണോദ്യോഗസ്ഥന്റെ | പദ്ധതികളുടെ | നടപ്പിലാ | അടങ്കൽ തുക | ചെലവഴിച്ച | ചെലവ് |
|---|---|---|---|---|---|---|

| നമ്പർ | പേര് | എണ്ണം | ക്കിയത് | (₹) | തുക(₹) | ശതമാനം |
|---|---|---|---|---|---|---|
| 1 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ -കൃഷി | 23 | 12 | 2,71,65,528 | 66,83,145 | 25 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ -തസ്വഭവ | 491 | 272 | 78,96,96,439 | 31,86,42,199 | 40 |
| 3 | എക്സിക്യൂട്ടീവ് എഞ്ചിനീയർ-തസ്വഭവ | 4 | 3 | 26,73,936 | 5,46,552 | 20 |
| 4 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ-തെങ്ങിൻ തൈ ഉത്പാദനകേന്ദ്രം-പാലയാട് | 2 | 1 | 29,00,000 | 4,72,311 | 16 |
| 5 | സീനിയർ കൃഷി ഓഫീസർ-സംസ്ഥാന വിത്തുൽപാദനകേന്ദ്രം-കാങ്കോൽ/വേങ്ങാട് | 4 | 3 | 40,75,000 | 22,93,112 | 56 |
| 6 | ജില്ലാ പട്ടികജാതി വികസന ഓഫീസർ | 7 | 5 | 1,01,63,186 | 36,70,199 | 36 |
| 7 | ജില്ലാമിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ | 13 | 8 | 1,21,84,560 | 94,28,200 | 77 |
| 8 | ജില്ലാ മെഡിക്കൽ ഓഫീസർ-അലോപ്പതി | 6 | 6 | 1,59,10,000 | 1,50,06,179 | 94 |
| 9 | ജില്ലാ വനിതാക്ഷേമ ഓഫീസർ | 2 | 1 | 11,95,000 | 6,10,890 | 51 |
| 10 | ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ | 13 | 8 | 2,31,54,390 | 1,90,92,365 | 82 |
| 11 | ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ | 4 | 1 | 61,84,000 | 7,08,000 | 11 |
| 12 | ജില്ലാ ഓഫീസർ-വനിതാ-ശിശുവികസനം | 3 | 3 | 55,75,000 | 19,00,059 | 34 |
| 13 | ഡെപ്യൂട്ടി ഡയറക്ടർ-ഡയറീസ് | 1 | 1 | 1,60,00,000 | 1,60,00,000 | 100 |
| 14 | ഡെപ്യൂട്ടി ഡയറക്ടർ-ഫിഷറീസ് | 4 | 3 | 49,90,000 | 22,78,606 | 46 |
| 15 | ഡെപ്യൂട്ടി ഡയറക്ടർ- കൃഷി | 14 | 12 | 3,87,80,339 | 2,53,03,452 | 65 |
| 16 | ഡെപ്യൂട്ടി ഡയറക്ടർ- പൊതു വിദ്യാഭ്യാസം | 15 | 10 | 6,28,75,458 | 3,14,74,607 | 50 |
| 17 | ഡെപ്യൂട്ടി ഡയറക്ടർ-മൃഗസംരക്ഷണം | 8 | 7 | 1,51,68,498 | 66,92,347 | 44 |
| 18 | പ്രോജക്ട് ഓഫീസർ-ഐ.ടി.ഡിപി | 12 | 10 | 1,42,99,867 | 1,20,20,746 | 84 |
| 19 | പ്രോജക്ട് ഡയറക്ടർ – ദാരിദ്ര്യലഘൂകരണയൂണിറ്റ് | 5 | 4 | 16,09,46,964 | 16,06,06,964 | 99 |
| 20 | ഫാം സൂപ്രണ്ട്-ജില്ലാകൃഷിത്തോട്ടം,തളിപ്പറമ്പ് | 6 | 2 | 1,36,10,000 | 66,81,964 | 49 |
| 21 | മാനേജർ-ജില്ലാ വ്യവസായകേന്ദ്രം | 4 | 4 | 70,45,500 | 69,54,983 | 98 |
| 22 | സൂപ്രണ്ട് – ഗോട്ട് ഫാം,കൊമ്മേരി | 1 | 1 | 10,00,000 | 90612 | 09 |
| 23 | സൂപ്രണ്ട്-ടൈലറിംഗ് ആന്റ് ഗാർമന്റ്സ് മേക്കിംഗ് സെന്റർ | 2 | 2 | 2,00,000 | 1,58,250 | 79 |
| 24 | സൂപ്രണ്ട് -ജില്ലാആശുപത്രി (അലോപ്പതി) | 12 | 9 | 6,12,36,577 | 5,54,51,326 | 90 |
| 25 | സൂപ്രണ്ട്- ജില്ലാആശുപത്രി | 5 | 5 | 1,25,60,000 | 12,2,16,703 | 97 |

| | | | | | | |
|---|---|---|---|---|---|---|
| | (ആയുർവേദം) | | | | | |
| 26 | സൂപ്രണ്ട്- ജില്ലാആശുപത്രി (ഹോമിയോ) | 7 | 7 | 55,91,760 | 32,20,042 | 57 |
| 27 | ഹെഡ്മാസ്റ്റർ- ഗവൺമെന്റ് ഹൈസ്കൂൾ; മുണ്ടേരി | 2 | 1 | 32,00,000 | 19,99,997 | 62 |
| 28 | ഹെഡ്മാസ്റ്റർ- ഫിഷറീസ് സ്കൂൾ,അഴീക്കൽ | 1 | 1 | 2,00,000 | 1,24,565 | 62 |
| 29 | പ്രിൻസിപ്പൽ-വൊക്കേഷൻ ഹയർസെക്കന്ററിസ്കൂൾ, കല്ല്യാശ്ശേരി | 1 | 1 | 9,69,446 | 964957 | 99.5 |
| 30 | സെക്രട്ടറി- ജില്ലാപഞ്ചായത്ത് | 54 | 31 | 28,98,85,168 | 15,05,14,617 | 52 |

## 1-6 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ ലോക്കൽഫണ്ട്ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ്ബാലൻസ് പരിശോധന 02.12.2023ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ്ബാലൻസായ 20,650/-രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

2022-23 വർഷത്തിൽ ജീവനക്കാരുടെ ഒൻപത് പ്രതിമാസയോഗങ്ങൾ ചേർന്ന് ഓഫീസ് പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ട് .ഇതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | മാസം | തീയതി |
|---|---|---|
| 2022 | ഏപ്രിൽ | 7 |
| 2022 | മെയ് | 12 |
| 2022 | മെയ് | 16 |
| 2022 | ജൂൺ | 24 |
| 2022 | ആഗസ്ത് | 30 |
| 2022 | ഡിസമ്പർ | 5 |
| 2023 | ജനുവരി | 24 |
| 2023 | ഫെബ്രുവരി | 4 |
| 2023 | മാർച്ച് | 23 |

പൊതുവായ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1)ജില്ലാപഞ്ചായത്തിൽ രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.
2)പാലയാട് കോക്കനട്ട് നഴ്സറിയിൽ കൃഷിഭവനുകൾക്ക് വിതരണം ചെയ്യുന്ന ഇൻവോയ്സുകളുടെ സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇൻവോയ്സുകളിൽ നമ്പർ പ്രിൻറ് ചെയ്തിട്ടില്ല.

3)ജില്ലാ വിത്തുല്പാദനകേന്ദ്രം,കാങ്കോലിൽ അടക്കവില്പനവഴി വരവുണ്ടെങ്കിലും അടക്കയുടെ വിളവെടുപ്പ് വിവരം ഹാർവെസ്റ്റ് രജിസ്റ്റർ,ഫാംപ്രൊഡ്യൂസ് രജിസ്റ്റർ എന്നിവയിൽ ചേർക്കുന്നില്ല.വൃക്ഷരജിസ്റ്ററിൽ ഫാമിലെ കവുങ്ങുകളുടെ എണ്ണം ചേർത്തിട്ടില്ല.

4)ജില്ലാ വിത്തുല്പാദനകേന്ദ്രം,കാങ്കോലിലെ വിളകളിലുൾപ്പെടുന്ന തേങ്ങ,അടക്ക എന്നിവയുടെ വില്പനക്ക് പൊതുലേലനടപടി സ്വീകരിക്കുന്നില്ല.ഓഡിറ്റ് വർഷത്തിൽ മൂന്ന് തവണകളായി ഒരേ സ്ഥാപനത്തിന് തന്നെ തേങ്ങ നേരിട്ട് വില്പന നടത്തുകയാണുണ്ടായിട്ടുള്ളത്.വില്പന വഴി ഫാമിന് കൂടുതൽ വരുമാനം ലഭ്യമാക്കാനുതകും രീതിയിലുള്ള വില്പനനടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്.

5)ജില്ലാ വിത്തുല്പാദനകേന്ദ്രം,കാങ്കോലിലെ സ്റ്റോർ റൂം പുനരുദ്ധാരണം പ്രവൃത്തിയിൽ (പ്രോജക്ട് നമ്പർ-354/23) പഴയ മരഉരുപ്പടികൾക്ക് 13,500/-രൂപ വാലേഷൻ കണക്കാക്കിയിട്ടുണ്ടെങ്കിലും ആയതിൻെറ വില്പന ഇതുവരെ നടന്നിട്ടില്ല.മുൻറിപ്പോർട്ടിൽ പരാമർശിച്ചതും, വാലേഷൻ കണക്കാക്കി വർഷങ്ങളായി വില്പന നടത്താനാവാതെ നാശോൻമുഖമായിക്കൊണ്ടിരിക്കുന്നതുമായ പഴയ മരഉരുപ്പടികളുടെ കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടുന്നതിലേക്കും ധനകാര്യസ്റ്റാൻറിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

6)ജില്ലാ കൃഷിഫാം, കരിമ്പത്തിൽ ഫാംപ്രൊഡ്യൂസ് രജിസ്റ്റർ പേജ്-45 പ്രകാരം 25-6-2022ന് സ്റ്റോക്കിലെടുത്ത 390കി.ഗ്രാം ജാതിക്കയും 15 കി.ഗ്രാം ജാതിപത്രിയും ഒരു വർഷത്തോളമായിട്ടും വില്പന നടത്തിയിട്ടില്ല.വിളവെടുപ്പിന് ശേഷം താമസംവിനാ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വില്പനനടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

7)ജില്ലാ കൃഷിഫാം, കരിമ്പത്തിൽ ഫാംപ്രൊഡ്യൂസ് രജിസ്റ്റർ പേജ്-58 പ്രകാരം 27-5-2022 തീയതി സ്റ്റോക്കുള്ള 1589 കി.ഗ്രാം. കശുവണ്ടി കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെൻറ് കോർപ്പറേഷൻെറ തലശ്ശേരി ഫാക്ടറിയിൽ വില്പന നടത്തിയിട്ടുണ്ട്.ലേലനടപടി സ്വീകരിക്കാതെയുള്ള വില്പനക്കിടയായ സാഹചര്യം വിശദീകരിച്ചിട്ടില്ല.കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെൻറ് കോർപ്പറേഷന് വില്പന നടത്തുമ്പോൾ, ഫാമിൻെറ അക്കൗണ്ടിൽ തുക പിന്നീട് വരവ് വരികയാണ് ചെയ്യുന്നത്.ഉല്പന്നങ്ങളുടെ വിലയിൽ പ്രതിദിനമെന്നോണം ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാമെന്നിരിക്കെ,വില്പനദിവസത്തെ നിരക്ക്,തൂക്കം,ആകെ തുക ഇതൊക്കെ രേഖപ്പെടുത്തിക്കൊണ്ടുള്ള വില്പനയുടെ അടിസ്ഥാനരേഖയായ ബിൽ/ഇൻവോയ്സ് ഇല്ലാതെയാണ് കശുവണ്ടി കൊടുത്തുവരുന്നത്.ഇപ്രകാരമുള്ള വില്പന ഇടപാടിലെ സുതാര്യതക്ക് വിരുദ്ധമാണ്.

8)സ്കൂളുകളിൽ ജില്ലാപഞ്ചായത്ത് നടത്തുന്ന വിവിധ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ, പി.ടി.എ കമ്മിറ്റി തുടങ്ങിയവർക്ക് നൽകുന്നില്ല. ആയതിനാൽ പ്രവൃത്തിപൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകുമ്പോൾ കരാറുകാർ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് സ്കൂൾ അധികൃതർക്ക് പരിശോധിച്ച് ഉറപ്പുവരുത്താനാവുന്നില്ല. സ്കൂളുകളിലെ പ്രവൃത്തികൾ വിലയിരുത്തുന്നതിന് ആവശ്യമായ വിവരങ്ങൾ സ്കൂൾ പി.ടി.എ കമ്മിറ്റികൾക്ക് നല്കി സുതാര്യത ഉറപ്പുവരുത്തുന്ന വിധത്തിലും സർക്കാർ ഫണ്ടിന് നഷ്ടം വരാത്തവിധത്തിലും സ്കൂളുകളിലെ മരാമത്ത് പ്രവൃത്തികൾ നടത്തേണ്ടതാണ്.

9)2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 89 ഓഡിറ്റ് അന്വേഷണങ്ങൾ നൽകിയതിൽ 24 എണ്ണത്തിന് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. ഓഡിറ്റ് അന്വേഷണങ്ങൾക്ക് യഥാസമയം രേഖകളും മറുപടിയും ലഭ്യമാക്കിയിരുന്നുവെങ്കിൽ പല പരാമർശങ്ങളും തടസ്സങ്ങളും ഓഡിറ്റ് വേളയിൽ തന്നെ പരിശോധിച്ച് തീർപ്പാക്കാമായിരുന്നു. ഇക്കാര്യത്തിൽ നിർവ്വഹണോദ്യോഗസ്ഥർ കൂടി ഉൾപ്പെടുന്ന പദ്ധതിനിർവ്വഹണ സംവിധാനത്തിന്റെ ഏകോപനം ഉറപ്പ് വരുത്തുന്നതിൽ അധികൃതർ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല.

10)ജില്ലാ പഞ്ചായത്തിന് കീഴിലുള്ള മുഴുവൻ ഫാമുകളിലും വരവ് സംബന്ധമായി ഡിമാന്റ് – കലക്ഷൻ- ബാലൻസ് വ്യക്തമാക്കുന്ന പത്രിക തയ്യാറാക്കി സൂക്ഷിക്കുവാനും എല്ലാ ഘടകസ്ഥാപനങ്ങളിലും ഓരോവർഷത്തെയും വരവു ചെലവുപത്രിക സാമ്പത്തികവർഷാവസാനം കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുവാനും നിർദേശം നൽകേണ്ടതാണ്.

11)ജില്ലാ മൃഗസംരക്ഷണ ആശുപത്രിയുടെ ഭാഗമായി പ്രവർത്തനമാരംഭിച്ചതും ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വരേണ്ടതുമായ ന്യായവിലമെഡിക്കൽസ്റ്റോറിന്റെ വരുമാനം സ്റ്റോർ പ്രവർത്തനമാരംഭിച്ച് നാല് വർഷം പിന്നിട്ടിട്ടും ജില്ലാപഞ്ചായത്തിന് ലഭ്യമായിട്ടില്ല. ന്യായവിലമെഡിക്കൽസ്റ്റോറിന്റെ ബൈലോ പ്രകാരം വ്യവസ്ഥ ചെയ്ത സ്റ്റോറിന്റെ സമയബന്ധിതമായ മേൽനോട്ട പരിശോധനയും നടക്കുന്നില്ല.

12)ഘടകസ്ഥാപനങ്ങളിലേക്ക് ആവശ്യമായ സാധനങ്ങൾ സമാഹരിക്കുമ്പോൾ സ്റ്റോർപർച്ചേഴ്സ്മാന്വൽ, പ്രൊക്യൂർമെന്റ്മാന്വൽ, കേരളഫിനാൻഷ്യൽകോഡ് എന്നിവയിലെയും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെയും നിർദേശങ്ങൾ കർശനമായി പാലിക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്.

13)പ്രോജക്ടിൽ ഉൾപ്പെട്ടുവരുന്ന തനത്ഫണ്ട് ചെലവുകൾ സുലേഖ ചെലവ്പത്രികയിൽ കാണിക്കുന്നില്ല. ഉദാ:-ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം – പ്രോജക്ട് നമ്പർ 396/2023.

14)ബാലൻസ്ഷീറ്റിൽ കാണിച്ചിരിക്കുന്ന ജി.എസ്.ടി തുക പ്രതിമാസം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മുകളിൽ പ്രതിപാദിച്ചകാര്യങ്ങൾ പരിശോധിച്ച് സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.05.2023 മുതൽ 14.06.2023 വരെ | 2022-23 | 03-8-2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.02.2021 മുതൽ 12.03.2021 വരെ | 01.01.2018 മുതൽ 31.01.2021 വരെ | 13.08.2021 |

## 1-9 വിഭവ സമാഹരണം- പൊതു അവലോകനം

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ പ്രകാരം വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഓഡിറ്റ് വകുപ്പ് ടാക്സ് ഓഡിറ്റ് നടത്തണമെന്ന് തദ്ദേശ സ്വയംഭരണ (എ.എ) വകുപ്പിൽ നിന്നുള്ള 22.12.2022 ലെ എ.എ.3/45/2022 തസ്വഭവ നമ്പർ കത്ത് പ്രകാരം നിർദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാപഞ്ചായത്തിനുള്ള ഓഡിറ്റ് വകുപ്പിന്റെ നിർദേശങ്ങൾ ചുവടെ കൊടുക്കുന്നു.

1)ജില്ലാ മൃഗസംരക്ഷണ ആശുപത്രിയുടെ ഭാഗമായി പ്രവർത്തനമാരംഭിച്ചതും ജില്ലാ പഞ്ചായത്തിന്റെ അക്കൌണ്ടിൽ വരവായി വരേണ്ടതുമായ ന്യായവില മെഡിക്കൽ സ്റ്റോറിന്റെ വരുമാനം സ്ഥാപനം പ്രവർത്തനമാരംഭിച്ച് നാല് വർഷം കഴിഞ്ഞിട്ടും ജില്ലാപഞ്ചായത്തിൽ അടവാക്കുന്നില്ല. ഇത് ജില്ലാപഞ്ചായത്തിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഖ:1-16 കാണുക)

2)ജില്ലാപഞ്ചായത്തിന്റെ വികസന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാടക കുടിശ്ശിക ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഖ:1-10 കാണുക)

3)പാലയാട് കോക്കനട്ട് നഴ്സറിയിൽ നിന്നുള്ള വരുമാനം മുഴുവനായും ജില്ലാപഞ്ചായത്തിലേക്ക് അടവാക്കുന്നില്ല. ജി.ഒ.(ആർ.ടി).677/2003/ത.സ്വ.ഭ.വ തീയതി27.02.2003 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്കൂളുകൾ, ഹോസ്പിറ്റലുകൾ, ഫാമുകൾ എന്നിവയിൽ നിന്നുള്ള മുഴുവൻ വരവുകളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇത് പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഖ:1-14 കാണുക)

4)ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിയിൽ ഒ.പി ചാർജ് ഇനത്തിൽ ലഭിക്കുന്ന തുക ജില്ലാ പഞ്ചായത്തിലേക്ക് അടവാക്കുന്നില്ല. ജി.ഒ.(ആർ.ടി).677/2003/ത.സ്വ.ഭ.വ തീയതി27.02.2003 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്കൂളുകൾ, ഹോസ്പിറ്റലുകൾ, ഫാമുകൾ എന്നിവയിൽ നിന്നുള്ള മുഴുവൻ വരവുകളും അവയുടെ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇത് പാലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5)ജില്ലാ പഞ്ചായത്തിനു കീഴിലുള്ള ആശുപത്രികളിലെ കാന്റീനുകളിൽ നിന്നും വാടകയിനത്തിലുള്ള തുക ജില്ലാ പഞ്ചായത്തിലേക്ക് അടവാക്കുന്നില്ല. ഇത് ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 കെട്ടിടവാടക- 29,15,763 രൂപ കുടിശ്ശിക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വികസനകേന്ദ്രം, വനിതാവ്യവസായ എസ്റ്റേറ്റ് എന്നിവയിലെ കെട്ടിടമുറികൾ വാടകക്ക് നൽകിയതിൽ, ഡി.സി.ബി പത്രിക പ്രകാരം തൻവർഷ വാടകയിനത്തിൽ 10,72,602 രൂപയും കുടിശ്ശികയിനത്തിൽ 18,43,161 രൂപയും ഉൾപ്പടെ 31-03-2023ൽ 29,15,763 രൂപ ജില്ലാപഞ്ചായത്തിന് ലഭ്യമാകാൻ

ബാക്കിയുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ/ സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | ഡിമാന്റ് തുക (₹) (കുടിശ്ശിക ഉൾപ്പടെ ) | കലക്ഷൻ തുക (₹) (കുടിശ്ശിക ഉൾപ്പടെ ) | ലഭിക്കാൻ അവശേഷിക്കുന്നത് (₹) |
|---|---|---|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | CE-34/765J | 38,51,482 | 22,00,848 | 16,50,634 |
| 2 | കഫേശ്രീ | CE-34/762M | 7,55,145 | 4,73,909 | 2,81,236 |
| 3 | കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് | CE-34/762F | 11,31,000 | 10,36,750 | 94,250 |
| 4 | അക്വാഗ്രീൻമാർട്ട് | CE-34/762E | 1,36,100 | 0 | 1,36,100 |
| 5 | ദിവ്യ കെ | MP/XI 137 H, C | 2,60,642 | 59,535 | 2,01,107 |
| 6 | നാസില എം.ടി | MPXI-137 G, D | 2,44,049 | 0 | 2,44,049 |
| 7 | സീമ കെ വി | MP/XI 137-I , 138-A | 1,99,185 | 93,579 | 1,05,606 |
| 8 | നീതു ശരത്ത് | MPXI-137A | 86,993 | 33,320 | 53,673 |
| 9 | സൂര്യ സി കെ | MPXI-137B | 1,36,089 | 1,06,281 | 29,808 |
| 10 | ഷീബ സി പി | MPXI 138C, D | 1,95,233 | 1,02,900 | 92,333 |
| 11 | നിധി പി എസ് | MPXI 138 E | 1,23,987 | 97,020 | 26,967 |
| | ആകെ | | | | 29,15,763 |

കുടിശ്ശിക തുക പിഴസഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഭീമമായ കുടിശ്ശിക സംബന്ധിച്ച് വിശദീകരണം ആരാഞ്ഞതിൽ, 2015 ഒക്ടോബർ മുതൽ 2016 ജൂലൈ വരെ വൈദ്യുതി കണക്ഷൻ ലഭ്യമായിരുന്നില്ലെന്നും ബാങ്ക് പ്രവർത്തിച്ചിരുന്നില്ലെന്നുമാണ് വ്യക്തമാക്കിയത്. പ്രസ്തുതകാലയളവിൽ വൈദ്യുതി കണക്ഷൻ ലഭ്യമായിരുന്നില്ലെന്നും ബാങ്ക് പ്രവർത്തിച്ചിരുന്നില്ലെന്നും വ്യക്തമാക്കികൊണ്ട് വാടക ഒഴിവിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ആ കാലയളവിലെ അപേക്ഷ, വൈദ്യുതി കണക്ഷൻ ലഭ്യമായതീയ്യതി സംബന്ധിച്ച വിവരം, ഇക്കാര്യത്തിൽ ഭരണസമിതി കൈക്കൊണ്ട തീരുമാനം, ബാങ്കുമായി 01.04.2015 ന് ഏർപ്പെട്ട കരാർ, 01.04.2015 മുതൽ 30.09.2015 വരെയുള്ള സ്ഥിതി/വാടക വരവ് വിവരം, വൈദ്യുതി കണക്ഷൻ ലഭ്യമാകാത്ത കെട്ടിടം സംബന്ധിച്ച് വാടകകരാർ ചമച്ചതിനുള്ള വിശദീകരണം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വസ്തുതകൾ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഇക്കാര്യം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>(എ)സംരംഭകരുടെ സ്വന്തം നിലക്കുള്ള നിർമ്മാണം - ഉപകരാർ ചമക്കേണ്ടതാണ്.</u>

ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചട്ടുകപ്പാറ വനിതാവ്യവസായഎസ്റ്റേറ്റിലെ കെട്ടിടങ്ങൾ വാടക അടിസ്ഥാനത്തിൽ കൈമാറിയിരുന്നു. കെട്ടിടം വാടകക്കെടുത്ത സംരംഭകർ ജില്ലാപഞ്ചായത്ത് അനുവാദത്തോടെ സ്വന്തം നിലയിൽ നടത്തിയ നിർമ്മാണ പ്രവൃത്തികളുടെ മൂല്യം കണ്ണൂർ ജില്ലാപഞ്ചായത്ത് എൽ.ഐ.ഡി &ഇ.ഡബ്ല്യു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർണ്ണയിക്കുകയും കെട്ടിട വാടകയിൽ നിന്ന് മൂല്യനിർണ്ണയത്തിനനുസരിച്ച് വിവിധ സംരംഭകർക്കായി താഴെ ചേർത്ത പ്രകാരം ആകെ 12,77,000 രൂപ കുറവ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | കരാറുകാരന്റെ/സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | വാടകയിൽ നിന്ന് കുറവ് ചെയ്ത തുക |
|---|---|---|---|
| 1 | ദിവ്യ കെ | MP/XII 137 C H | 93,478 |
| 2 | നാസില എം.ടി | MPXI-137 G, D | 2,47,536 |
| 3 | സീമ കെ വി | MP/XI 137-I, 138-A | 93,579 |

| | | | |
|---|---|---|---|
| 4 | നീതു ശരത്ത് | MPXI-137A | 92,308 |
| 5 | മുനീറ കെ | MPXI 137 E, F | 2,78,707 |
| 6 | ഷീബ സി പി | MPXI 138C, D | 2,09,695 |
| 7 | നിധി പി എസ് | MPXI 138 E | 2,61,697 |
| | ആകെ | | 12,77,000 |

സംരംഭകർ ചെയ്ത പ്രവൃത്തിയുടെ മൂല്യം വാടകയിൽ ക്രമീകരിച്ചത് കാരണം പ്രസ്തുത നിർമ്മാണത്തിന്റെ ഉടമസ്ഥാവകാശം ജില്ലാപഞ്ചായത്തിനാണ്. ആയതിനാൽത്തന്നെ ഇപ്രകാരം നടത്തിയ പ്രവൃത്തികളിൽ സംരംഭകർക്ക് യാതൊരു അവകാശവും ഇല്ലാത്തതാണ്. പ്രസ്തുത സംരംഭകർ കെട്ടിടം വിട്ടൊഴിയുന്ന കാലത്ത് മേൽപ്രകാരം നടത്തിയ നിർമ്മാണ പ്രവൃത്തികൾ കെട്ടിടത്തിന്റെ ഭാഗമായും ജില്ലാപഞ്ചായത്തിന്റെ ആസ്തിയായും തുടരുന്നതാണെന്നും അതിൽ സംരംഭകർക്ക് യാതൊരുവിധ അധികാരാവകാശങ്ങളും ഉണ്ടായിരിക്കുന്നതല്ലെന്നും വ്യക്തമാക്കികൊണ്ട് സംരംഭകരുമായി നിലവിലുള്ള കരാറിന് ഉപകരാർ ചമക്കേണ്ടതാണ്.

(ബി)മയ്യിൽ റൈസ് പ്രൊഡ്യൂസേഴ്സ്-വാടക ഈടാക്കൽ - ഭരണസമിതി തീരുമാനം നടപ്പാക്കിയില്ല.

ജില്ലാപഞ്ചായത്തിൻെറ വികസനകേന്ദ്രം കെട്ടിടത്തിൽ 05/2021വരെ അക്വാഗ്രീൻ ഉപയോഗിച്ചുപോന്നിരുന്ന മുറി നിലവിൽ മയ്യിൽ റൈസ് പ്രൊഡ്യൂസേഴ്സ് കമ്പനിലിമിറ്റഡ് അവരുടെ വിപണനാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തിവരുന്നതായി ഓഡിറ്റ് പരിശോധനയിൽ കാണുകയുണ്ടായി. എന്നാൽ സംഘവുമായി നാളിതുവരെയായും ജില്ലാപഞ്ചായത്ത് കരാറിൽ ഏർപ്പെടുകയോ വാടക ഈടാക്കുകയോ ചെയ്തിട്ടില്ല. ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 02-11-2021 ലെ 61/2021(9) നമ്പർ തീരുമാനപ്രകാരം പ്രസ്തുതമുറി 3 വർഷകാലത്തേക്ക് മയ്യിൽ റൈസ് പ്രൊഡ്യൂസർ കമ്പനിക്ക് വാടകകാരാർ രജിസ്റ്റർ ചെയ്ത് കൈമാറാൻ തീരുമാനിച്ചിട്ടുണ്ട്. വാടക ഇല്ലാതെ കെട്ടിടം ഉപയോഗപ്പെടുത്തുന്ന സ്ഥിതിവിശേഷം ഒഴിവാക്കേണ്ടതാണ്.

## 1-11 മാഹി പാർക്ക് - പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പെരിങ്ങാടി അംശം ന്യൂമാഹി വില്ലേജിലെ റീസർവേ നമ്പർ 24/3,24/9,24/10,24/11,24/12,24/13 എന്നിവയിൽപെട്ട 1.1288 ഹെക്ടർ സ്ഥലത്താണ് എം മുകുന്ദൻ പാർക്ക് സ്ഥാപിച്ചിരിക്കുന്നത്.താൽപര്യപത്രം ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് കണ്ണൂർ, പറശ്ശിനിക്കടവ് എന്ന സ്ഥാപനം 2022 മെയ് മാസം മുതൽ പാർക്ക് നടത്തിവരുന്നു. പാർക്കിലേക്ക് പൊതുജനങ്ങളുടെ പ്രവേശനം സന്ദർശക ടിക്കറ്റ് പ്രകാരം നിയന്ത്രിക്കുന്നതിന് തീരുമാനിക്കുകയും ടിക്കറ്റ് നിരക്ക് കാലാകാലങ്ങളിൽ മാറ്റം വരുത്തുന്നതിനും 30.04.2022 ന് ഒപ്പിട്ട എഗ്രിമെന്റിൽ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ കുട്ടികൾക്ക് 25 രൂപയും, മുതിർന്ന പൌരൻമാർക്ക് 30 രൂപയും, മറ്റുള്ളവർക്ക് 50 രൂപയും നിരക്കിലാണ് പ്രവേശനം അനുവദിക്കുന്നത്.2022-23 വർഷത്തിൽ ആകെ ₹4,24,086/- ഈയിനത്തിൽ ജില്ലാപഞ്ചായത്തിലേക്ക് വരവുണ്ട്.

പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു:-

1) ഓരോ കലണ്ടർ മാസവും പാർക്ക് നടത്തിപ്പ് വകയിൽ മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് ലഭിക്കുന്ന ആകെ വരുമാനത്തിന്റെ 25% ൽ കുറയാത്ത തുക തൊട്ടടുത്ത മാസം ഏഴാം പ്രവൃത്തി ദിവസത്തിനുള്ളിൽ ജില്ലാ പഞ്ചായത്തിൽ നേരിട്ട് അടച്ച് രശീതി വാങ്ങുകയോ, അക്കൌണ്ടിലേക്ക് അടവാക്കുകയോ ചെയ്യേണ്ടതാണെന്ന് കരാറിലെ ഖണ്ഡിക മൂന്നിൽ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ തുക ഏഴാം തീയ്യതിക്കുള്ളിൽ ജില്ലാപഞ്ചായത്തിലേക്ക് അടവാക്കുന്നില്ല.

2) മാഹി പാർക്കിൽ കൂടുതൽ റൈഡുകൾ സ്ഥാപിച്ച് വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പാർക്കിന്റെ സമീപത്തുള്ള ബോട്ട് ടെർമിനൽ പ്രവർത്തനക്ഷമമാക്കുന്നത് പാർക്കിലേക്ക് കൂടുതൽ സന്ദർശകരെ എത്തിക്കുന്നതിന് സഹായകമാവും.ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

3)കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ മുൻകൂർ അനുവാദത്തോടെ പാർക്കിൽ ലഘു ഭക്ഷണശാലകളും വിപണനശാലകളും നടത്താൻ മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് എഗ്രിമെന്റിലെ ഖണ്ഡിക 9 പ്രകാരം അനുവാദം നൽകുന്നുണ്ട്. ഇതിന്റെ തറവാടക രണ്ടുകക്ഷികളും കൂടിയാലോചിച്ച് തീരുമാനിക്കുകയും അപ്രകാരം ലഭിക്കുന്ന വരുമാനം പൂർണമായും ജില്ലാപഞ്ചായത്തിന് നൽകേണ്ടതുമാണെന്ന് നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പാർക്കിൽ പ്രവർത്തിക്കുന്ന കോഫീ ഷോപ്പിൽ നിന്നുള്ള വരുമാനം ജില്ലാപഞ്ചായത്തിന് ലഭിക്കുന്നില്ല.

## 1-12 സയൻസ് പാർക്ക് - പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

സയൻസ് പാർക്കിൽ നിന്നും ലഭ്യമാക്കിയ രശീതുബുക്കുകളുടെ സ്റ്റോക്ക് റജിസ്റ്റർ പ്രകാരം 03.10.2017 ൽ കണ്ണൂർ കോ-ഓപ്പറേറ്റീവ് പ്രസിൽ നിന്നും പ്രിന്റ് ചെയ്ത 40 രശീത്ബുക്കുകൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. ഇതിൽ നിന്നും 27 രശീത്ബുക്കുകൾ 28.01.2023 വരെ ഉപയോഗിച്ചിട്ടുണ്ട്. ഇവയിൽ ചില ബുക്കുകൾ മുഴുവനായും ഉപയോഗിച്ചിട്ടില്ല. അവയുടെ വിശദാംശങ്ങൾചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബുക്ക് നമ്പർ | ഉപയോഗിച്ച രശീതുകൾ | അവസാനമായി ഉപയോഗിച്ച തീയതി | ഉപയോഗിക്കാത്ത രശീതുകൾ |
|---|---|---|---|---|
| 1 | 10 | 901 മുതൽ 912 വരെ | 30.04.2018 | 913 മുതൽ 1000 വരെ |
| 2 | 12 | 1101 മുതൽ 1179 വരെ | 18.07.2018 | 1180 മുതൽ 1200 വരെ |
| 3 | 18 | 1701മുതൽ 1713 വരെ | 30.03.2019 | 1714 മുതൽ 1800 വരെ |

28.01.2023 മുതൽ സയൻസ് പാർക്കിൽ ജില്ലാപഞ്ചായത്ത് ലഭ്യമാക്കിയ പുതിയ രശീത്ബുക്കുകളാണ് ഉപയോഗിക്കുന്നത്.

സയൻസ് പാർക്കിന്റെ രശീതുകൾ പരിശോധിച്ചപ്പോൾ കാണാൻ സാധിച്ച അപാകങ്ങൾ ചുവടെ കൊടുക്കുന്നു:-

1) 03.10.2017 ൽ സ്റ്റോക്കിലെടുത്തതിൽ ഉപയോഗിക്കാതെ അവശേഷിക്കുന്ന 13 രശീതിബുക്കുകൾ (സീരിയൽ നമ്പർ 28 മുതൽ 40വരെ) കാൻസൽ ചെയ്ത് ഓഡിറ്റിന് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

2) മുകളിൽ പട്ടികയിൽ വിശദമാക്കിയ സീരിയൽ നമ്പർ 10,12,18 ബുക്കുകളിൽ അവശേഷിക്കുന്ന രശീതുകൾ കാൻസൽ ചെയ്തിരുന്നില്ല. എന്നാൽ ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് ഈ മൂന്ന ബുക്കുകളിലെ ഉപയോഗിക്കാൻ ബാക്കിയുള്ള രശീതുകൾ കാൻസൽ ചെയ്ത് ഹാജരാക്കി.

3) സയൻസ് പാർക്കിൽ 2022 മെയ് മാസത്തിൽ നടത്തിയ ദശദിനശിൽപശാലയിൽ രജിസ്ട്രേഷൻ ഫീസ് സ്വീകരിച്ചിരിക്കുന്നത് 2018 ൽ ഉപയോഗിച്ച 10ാം നമ്പർ രശീതിബുക്കിലെ 913 മുതൽ 960 വരെ രശീതുകൾ ഉപയോഗിച്ചാണ്. ഇപ്രകാരം പഴയ രശീതി ഉപയോഗിച്ച് സ്വീകരിച്ച ₹12,000 ജില്ലാപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് അടവാക്കിയിട്ടില്ല. പിന്നീട് സെക്രട്ടറിയുടെ ബി-5/1762/2019 തീയതി 16.12.2022 നടപടിക്രമപ്രകാരം ഈ തുക ക്രമീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. വാർഷിക കണക്കുകളിൽ ഉൾപ്പെടുത്താതെ ഇത്തരത്തിൽ നേരിട്ട് തുക ചെലവഴിക്കുന്നത് ക്രമപ്രകാരമല്ല.

4) ഉപയോഗിക്കാതെ അവശേഷിക്കുന്ന രശീതുകൾ ഇത്തരത്തിൽ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ ഉപയോഗിക്കാതെ അവശേഷിക്കുന്ന മുഴുവൻ രശീതുകളും ഓഡിറ്റ് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

5) രശീതുകളുടെ ദുരുപയോഗം തടയുന്നതിലേക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (69/07-11-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 ജില്ലാകൃഷിത്തോട്ടം,കരിമ്പം-വിത്ത്/തൈ വിതരണം- ഈടാക്കുവാൻ ബാക്കിയുള്ള ₹42,37,839 ഈടാക്കേണ്ടതാണ്.

2022-23 വർഷത്തെ ജില്ലാകൃഷിത്തോട്ടം,കരിമ്പത്തിൻെറ ഇൻവോയ്സ് രശീതികൾ/ഇൻവോയ്സ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, ഫാമിൽ നിന്നും വിവിധയിനം വിത്ത്/തൈകൾ വിതരണം ചെയ്ത ഇനത്തിൽ 42,37,839/-രൂപ വിവിധ കൃഷിഭവനുകളിൽ നിന്നും മറ്റു സ്ഥാപനങ്ങളിൽ നിന്നുമായി ലഭ്യമാകുവാൻ ബാക്കിയുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഇൻ-വോയ്സ് നമ്പർ | തീയതി | തുക(₹) | വിത്ത്/തൈ കൈപ്പറ്റിയസ്ഥാപനം |
|---|---|---|---|---|
| 1 | 1/2022-23 | 06/05/2022 | 2,250 | കൃഷിഭവൻ തളിപറമ്പ് |
| 2 | 2/2022-23 | 06/05/2022 | 2,250 | കൃഷിഭവൻ ഉദയഗിരി |
| 3 | 3/2022-23 | 06/05/2022 | 2,250 | കൃഷിഭവൻ ചെങ്ങളായി |
| 4 | 4/2022-23 | 06/05/2022 | 2,250 | കൃഷിഭവൻ കടന്നപ്പള്ളി |
| 5 | 5/2022-23 | 06/05/2022 | 2,250 | കൃഷിഭവൻ പരിയാരം |

| | | | | |
|---|---|---|---|---|
| 6 | 6/2022-23 | 06/05/2022 | 2,250 | കൃഷിഭവൻആന്തൂർ |
| 7 | 7/2022-23 | 06/05/2022 | 2,250 | കൃഷിഭവൻ കുറുമാത്തൂർ |
| 8 | 8/2022-23 | 06/05/2022 | 2,250 | കൃഷിഭവൻ പട്ടുവം |
| 9 | 9/2022-23 | 06/05/2022 | 1,134 | കൃഷിഭവൻ ചപ്പാരപ്പടവ് |
| 10 | 10/2022-23 | 06/05/2022 | 1,116 | കൃഷിഭവൻ നടുവിൽ |
| 11 | 11/2022-23 | 06/05/2022 | 1,39,600 | കൃഷിഭവൻ പരിയാരം |
| 12 | 12/2022-23 | 06/05/2022 | 8,000 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ,തളിപറമ്പ് |
| 13 | 13/2022-23 | 19/05/2022 | 3,450 | സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ |
| 14 | 14/2022-23 | 31/05/2022 | 1,250 | സ്റ്റേറ്റ് സീഡ് ഫാം വേങ്ങാട് |
| 15 | 15/2022-23 | 31/05/2022 | 40,000 | കൃഷിഭവൻ തളിപറമ്പ് |
| 16 | 16/2022-23 | 14/06/2022 | 5,000 | കൃഷിഭവൻ കുത്തുപറമ്പ് |
| 17 | 17/2022-23 | 14/06/2022 | 5,000 | കൃഷിഭവൻ മാങ്ങാട്ടിടം |
| 18 | 18/2022-23 | 14/06/2022 | 5,000 | കൃഷിഭവൻ കോട്ടയം മലബാർ |
| 19 | 19/2022-23 | 14/06/2022 | 5,000 | കൃഷിഭവൻ മൊകേരി |
| 20 | 20/2022-23 | 14/06/2022 | 5,000 | കൃഷിഭവൻ പന്ന്യന്നൂർ |
| 21 | 21/2022-23 | 14/06/2022 | 1,875 | കൃഷിഭവൻ തലശ്ശേരി |
| 22 | 22/2022-23 | 14/06/2022 | 5,000 | കൃഷിഭവൻ പാട്യം |
| 23 | 23/2022-23 | 14/06/2022 | 5,000 | കൃഷിഭവൻ കുന്നോത്ത്പറമ്പ് |
| 24 | 24/2022-23 | 14/06/2022 | 5,000 | കൃഷിഭവൻ ചിറ്റാരിപറമ്പ് |
| 25 | 25/2022-23 | 14/06/2022 | 5,000 | കൃഷിഭവൻ പാനൂർ |
| 26 | 26/2022-23 | 14/06/2022 | 5,000 | കൃഷിഭവൻ തൃപ്രങ്ങോട്ടൂർ |
| 27 | 27/2022-23 | 14/06/2022 | 40,300 | കൃഷിഭവൻ ഉളിക്കൽ |
| 28 | 28/2022-23 | 14/06/2022 | 3,250 | കൃഷിഭവൻ പടിയൂർ |
| 29 | 29/2022-23 | 14/06/2022 | 3,250 | കൃഷിഭവൻ എരുവേശ്ശി |
| 30 | 30/2022-23 | 14/06/2022 | 6,500 | കൃഷിഭവൻ മലപ്പട്ടം |
| 31 | 31/2022-23 | 14/06/2022 | 22,750 | കൃഷിഭവൻ പേരാവൂർ |
| 32 | 32/2022-23 | 14/06/2022 | 3,250 | കൃഷിഭവൻ കേളകം |
| 33 | 33/2022-23 | 14/06/2022 | 6,500 | കൃഷിഭവൻ മാലൂർ |
| 34 | 34/2022-23 | 14/06/2022 | 11,050 | കൃഷിഭവൻ മുഴക്കുന്ന് |
| 35 | 35/2022-23 | 14/06/2022 | 3,250 | കൃഷിഭവൻ കണിച്ചാർ |
| 36 | 36/2022-23 | 14/06/2022 | 3,250 | കൃഷിഭവൻ കണ്ണപുരം |
| 37 | 37/2022-23 | 14/06/2022 | 29,250 | കൃഷിഭവൻ മയ്യിൽ |
| 38 | 38/2022-23 | 14/06/2022 | 8,125 | കൃഷിഭവൻ നാറാത്ത് |
| 39 | 39/2022-23 | 14/06/2022 | 3,250 | കൃഷിഭവൻ പാപ്പിനിശ്ശേരി |
| 40 | 40/2022-23 | 14/06/2022 | 13,000 | കൃഷിഭവൻ അഴീക്കോട് |
| 41 | 41/2022-23 | 14/06/2022 | 6,500 | കൃഷിഭവൻ ചിറക്കൽ |
| 42 | 42/2022-23 | 14/06/2022 | 13,000 | കൃഷിഭവൻ ഇരിക്കൂർ |
| 43 | 43/2022-23 | 14/06/2022 | 6,500 | കൃഷിഭവൻ കണിച്ചാർ |
| 44 | 44/2022-23 | 14/06/2022 | 6,500 | കൃഷിഭവൻ പയ്യാവൂർ |
| 45 | 45/2022-23 | 27/06/2022 | 25,000 | ജില്ലാ കൃഷിത്തോട്ടം കുത്താലി |
| 46 | 51/2022-23 | 06/07/2022 | 61,600 | കൃഷിഭവൻ പേരാവൂർ |
| 47 | 52/2022-23 | 06/07/2022 | 35,200 | കൃഷിഭവൻ മുഴക്കുന്ന് |

| | | | | |
|---|---|---|---|---|
| 48 | 55/2022-23 | 06/07/2022 | 1,079 | മെഡിക്കൽ ഓഫീസർ മൊറാഴ |
| 49 | 58/2022-23 | 06/07/2022 | 40,000 | കൃഷിഭവൻ തളിപറമ്പ് |
| 50 | 59/2022-23 | 06/07/2022 | 60,000 | കൃഷിഭവൻ ആന്തൂർ |
| 51 | 60/2022-23 | 06/07/2022 | 40,000 | കൃഷിഭവൻ ചെങ്ങളായി |
| 52 | 61/2022-23 | 06/07/2022 | 44,000 | കൃഷിഭവൻ പടിയൂർ |
| 53 | 62/2022-23 | 06/07/2022 | 1,00,000 | കൃഷിഭവൻ ഉദയഗിരി |
| 54 | 63/2022-23 | 06/07/2022 | 80,000 | കൃഷിഭവൻ ചപ്പാരപ്പടവ് |
| 55 | 64/2022-23 | 06/07/2022 | 20,000 | കൃഷിഭവൻ പട്ടുവം |
| 56 | 65/2022-23 | 07/07/2022 | 60,000 | കൃഷിഭവൻ കടന്നപ്പള്ളി |
| 57 | 66/2022-23 | 07/07/2022 | 40,000 | കൃഷിഭവൻ കുറുമാത്തൂർ |
| 58 | 67/22-23 | 07/07/2022 | 70,400 | കൃഷിഭവൻ പയ്യാവൂർ |
| 59 | 68/2022-23 | 12/07/2022 | 1,00,000 | കൃഷിഭവൻ നടുവിൽ |
| 60 | 69/2022-23 | 12/07/2022 | 45,000 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, എടക്കാട് |
| 61 | 70/22-23 | 12/07/2022 | 45,000 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, കണ്ണൂർ |
| 62 | 71/2022-23 | 12/07/2022 | 9,500 | കൃഷിഭവൻ കൊളച്ചേരി |
| 63 | 72/2022-23 | 12/07/2022 | 17,600 | കൃഷിഭവൻ കൊളച്ചേരി |
| 64 | 73/2022-23 | 12/07/2022 | 45,000 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, കല്ല്യാശ്ശേരി |
| 65 | 74/2022-23 | 13/07/2022 | 40,000 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, പാനൂർ |
| 66 | 75/2022-23 | 13/07/2022 | 9,500 | കൃഷിഭവൻ പെരിങ്ങളം |
| 67 | 76/2022-23 | 13/07/2022 | 9,500 | കൃഷിഭവൻ കരിയാട് |
| 68 | 77/2022-23 | 13/07/2022 | 9,500 | കൃഷിഭവൻ ചൊക്ലി |
| 69 | 78/2022-23 | 13/07/2022 | 50,000 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ,കൃഷിഭവൻ കൂത്തുപറമ്പ് |
| 70 | 79/2022-23 | 13/07/2022 | 9,500 | കൃഷിഭവൻ കതിരൂർ |
| 71 | 83/2022-23 | 13/07/2022 | 45,000 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, പയ്യന്നൂർ |
| 72 | 84/2022-23 | 13/07/2022 | 4,000 | കൃഷിഭവൻ പാനൂർ |
| 73 | 85/2022-23 | 13/07/2022 | 4,000 | കൃഷിഭവൻ മൊകേരി |
| 74 | 86/2022-23 | 13/07/2022 | 4,000 | കൃഷിഭവൻ പന്ന്യന്നൂർ |
| 75 | 87/2022-23 | 13/07/2022 | 17,600 | കൃഷിഭവൻ ചെമ്പിലോട് |
| 76 | 88/2022-23 | 13/07/2022 | 5,000 | കൃഷിഭവൻ ചെമ്പിലോട് |
| 77 | 89/2022-23 | 13/07/2022 | 5,000 | കൃഷിഭവൻ എളയാവൂർ |
| 78 | 90/2022-23 | 13/07/2022 | 45,000 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, തളിപറമ്പ് |
| 79 | 91/2022-23 | 13/07/2022 | 45,000 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ഇരിക്കൂർ |
| 80 | 92/2022-23 | 13/07/2022 | 45,000 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, ഇരിട്ടി |

| | | | | |
|---|---|---|---|---|
| 81 | 93/2022-23 | 18/07/2022 | 45,000 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, തലശ്ശേരി |
| 82 | 94/2022-23 | 23/07/2022 | 7,500 | കൃഷിഭവൻ എരുവേശ്ശി |
| 83 | 95/2022-23 | 23/07/2022 | 7,500 | കൃഷിഭവൻ കണിച്ചാർ |
| 84 | 96/2022-23 | 23/07/2022 | 7,500 | കൃഷിഭവൻ കേളകം |
| 85 | 97/2022-23 | 23/07/2022 | 7,500 | കൃഷിഭവൻ കോളയാട് |
| 86 | 98/2022-23 | 23/07/2022 | 7,500 | കൃഷിഭവൻ മുഴക്കുന്ന് |
| 87 | 99/2022-23 | 23/07/2022 | 5,625 | കൃഷിഭവൻ പേരാവൂർ |
| 88 | 100/2022-23 | 23/07/2022 | 7,500 | കൃഷിഭവൻ കൊട്ടിയൂർ |
| 89 | 101/2022-23 | 23/07/2022 | 50,000 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചറൽ, പേരാവൂർ |
| 90 | 102/2022-23 | 23/07/2022 | 3,850 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചറൽ, കല്ല്യാശ്ശേരി |
| 91 | 103/2022-23 | 23/07/2022 | 5,625 | കൃഷിഭവൻ ന്യൂമാഹി |
| 92 | 105/2022-23 | 23/07/2022 | 9,375 | കൃഷിഭവൻ കീഴൂർചാവശ്ശേരി |
| 93 | 106/2022-23 | 23/07/2022 | 3,750 | കൃഷിഭവൻ മട്ടന്നൂർ |
| 94 | 107/2022-23 | 23/07/2022 | 3,750 | കൃഷിഭവൻ കീഴല്ലൂർ |
| 95 | 108/2022-23 | 23/07/2022 | 1,27,120 | കെ.എസ്.സി.ഡി.സി കൊല്ലം |
| 96 | 109/2022-23 | 01/08/2022 | 9,625 | കൃഷിഭവൻ പായം |
| 97 | 110/2022-23 | 01/08/2022 | 9,375 | കൃഷിഭവൻ ആറളം |
| 98 | 111/2022-23 | 01/08/2022 | 9,500 | കൃഷിഭവൻ അയ്യൻകുന്ന് |
| 99 | 112/2022-23 | 01/08/2022 | 8,750 | കൃഷിഭവൻ ന്യൂമാഹി |
| 100 | 113/2022-23 | 01/08/2022 | 7,500 | കൃഷിഭവൻ ധർമ്മടം |
| 101 | 114/2022-23 | 01/08/2022 | 7,500 | കൃഷിഭവൻ മുഴപ്പിലങ്ങാട് |
| 102 | 115/2022-23 | 03/08/2022 | 17,600 | കൃഷിഭവൻ കടമ്പൂർ |
| 103 | 116/2022-23 | 03/08/2022 | 17,600 | കൃഷിഭവൻ ചേലോറ |
| 104 | 117/2022-23 | 03/08/2022 | 17,600 | കൃഷിഭവൻ എളയാവൂർ |
| 105 | 118/2022-23 | 03/08/2022 | 17,600 | കൃഷിഭവൻ എടക്കാട് |
| 106 | 119/2022-23 | 03/08/2022 | 17,600 | കൃഷിഭവൻ പെരളശ്ശേരി |
| 107 | 120/2022-23 | 29/08/2022 | 21,450 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചറൽ, തളിപറമ്പ് |
| 108 | 121/2022-23 | 29/08/2022 | 7,500 | കൃഷിഭവൻ പെരളശ്ശേരി |
| 109 | 122/2022-23 | 29/08/2022 | 7,500 | കൃഷിഭവൻ ചെമ്പിലോട് |
| 110 | 123/2022-23 | 29/08/2022 | 7,500 | കൃഷിഭവൻ കടമ്പൂർ |
| 111 | 124/2022-23 | 29/08/2022 | 12,000 | കൃഷിഭവൻ മുണ്ടേരി |
| 112 | 125/2022-23 | 29/08/2022 | 7,500 | കൃഷിഭവൻ കൊളച്ചേരി |
| 113 | 126/2022-23 | 29/08/2022 | 3,115 | കൃഷിഭവൻ ചേലോറ |
| 114 | 127/2022-23 | 29/08/2022 | 12,125 | കൃഷിഭവൻ എളയാവൂർ |
| 115 | 129/2022-23 | 29/08/2022 | 10,000 | കൃഷിഭവൻ പരിയാരം |
| 116 | 130/2022-23 | 15/09/2022 | 14,375 | കൃഷിഭവൻ ചെറുപുഴ |
| 1i7 | 131/2022-23 | 15/09/2022 | 14,375 | കൃഷിഭവൻ പെരിങ്ങോം |
| 118 | 132/2022-23 | 15/09/2022 | 8,750 | കൃഷിഭവൻ കാങ്കോൽ |
| 119 | 133/2022-23 | 15/09/2022 | 8,750 | കൃഷിഭവൻ കരിവെള്ളൂർ |
| 120 | 134/2022-23 | 16/09/2022 | 11,250 | കൃഷിഭവൻ പരിയാരം |

| | | | | |
|---|---|---|---|---|
| 121 | 135/2022-23 | 16/09/2022 | 14,375 | കൃഷിഭവൻ എരമംകുറ്റൂർ |
| 122 | 136/2022-23 | 16/09/2022 | 16,875 | കൃഷിഭവൻ തളിപറമ്പ് |
| 123 | 138/2022-23 | 19/09/2022 | 11,875 | കൃഷിഭവൻ ഉദയഗിരി |
| 124 | 139/2022-23 | 19/09/2022 | 8,750 | കൃഷിഭവൻ കുഞ്ഞിമംഗലം |
| 125 | 140/2022-23 | 19/09/2022 | 8,750 | കൃഷിഭവൻ രാമന്തളി |
| 126 | 141/2022-23 | 19/09/2022 | 8,750 | കൃഷിഭവൻ പയ്യന്നൂർ |
| 127 | 142/2022-23 | 19/09/2022 | 7,825 | കൃഷിഭവൻ പാപ്പിനിശ്ശേരി |
| 128 | 149/2022-23 | 13/10/2022 | 6,500 | കൃഷിഭവൻ ഉദയഗിരി |
| 129 | 150/2022-23 | 13/10/2022 | 10,250 | കൃഷിഭവൻ ആന്തൂർ |
| 130 | 151/2022-23 | 13/10/2022 | 3,750 | കൃഷിഭവൻ കല്ല്യാശ്ശേരി |
| 131 | 152/2022-23 | 13/10/2022 | 3,750 | കൃഷിഭവൻ നാറാത്ത് |
| 132 | 153/2022-23 | 13/10/2022 | 625 | സ്റ്റേറ്റ് സീഡ്ഫാം വേങ്ങാട് |
| 133 | 154/2022-23 | 13/10/2022 | 9,625 | കൃഷിഭവൻ ചെറുതാഴം |
| 134 | 155/2022-23 | 13/10/2022 | 5,625 | കൃഷിഭവൻ മാടായി |
| 135 | 156/2022-23 | 13/10/2022 | 5,625 | കൃഷിഭവൻ ഏഴോം |
| 136 | 158/2022-23 | 19/10/2022 | 5,625 | കൃഷിഭവൻ കണ്ണപുരം |
| 137 | 159/2022-23 | 19/10/2022 | 5,625 | കൃഷിഭവൻ മാട്ടൂൽ |
| 138 | 161/2022-23 | 19/10/2022 | 2,750 | കൃഷിഭവൻ പട്ടുവം |
| 139 | 162/2022-23 | 19/10/2022 | 2,750 | കൃഷിഭവൻ തളിപറമ്പ് |
| 140 | 163/2022-23 | 19/10/2022 | 6,500 | കൃഷിഭവൻ കേളകം |
| 141 | 164/2022-23 | 19/10/2022 | 6,500 | കൃഷിഭവൻ കൊട്ടിയൂർ |
| 142 | 165/2022-23 | 19/10/2022 | 6,500 | കൃഷിഭവൻ കണിച്ചാർ |
| 143 | 166/2022-23 | 19/10/2022 | 3,750 | കൃഷിഭവൻ പേരാവൂർ |
| 144 | 167/2022-23 | 19/10/2022 | 1,875 | കൃഷിഭവൻ മുഴക്കുന്ന് |
| 145 | 168/2022-23 | 19/10/2022 | 3,875 | കൃഷിഭവൻ കീഴൂർചാവശ്ശേരി |
| 146 | 169/2022-23 | 19/10/2022 | 3,875 | കൃഷിഭവൻ തില്ലങ്കേരി |
| 147 | 170/2022-23 | 19/10/2022 | 1,875 | കൃഷിഭവൻ മാലൂർ |
| 148 | 171/2022-23 | 19/10/2022 | 1,875 | കൃഷിഭവൻ കോളയാട് |
| 149 | 172/2022-23 | 05/11/2022 | 5,000 | കൃഷിഭവൻ രാമന്തളി |
| 150 | 173/2022-23 | 05/11/2022 | 5,000 | കൃഷിഭവൻ കുഞ്ഞിമംഗലം |
| 151 | 174/2022-23 | 05/11/2022 | 9,000 | കൃഷിഭവൻ മാടായി |
| 152 | 175/2022-23 | 05/11/2022 | 12,500 | കൃഷിഭവൻ മലപ്പട്ടം |
| 153 | 177/2022-23 | 05/11/2022 | 11,875 | കൃഷിഭവൻ പടിയൂർ |
| 154 | 178/2022-23 | 05/11/2022 | 11,875 | കൃഷിഭവൻ ഇരിക്കൂർ |
| 155 | 179/2022-23 | 17/11/2022 | 11,875 | കൃഷിഭവൻ കേളകം |
| 156 | 180/2022-23 | 17/11/2022 | 11,875 | കൃഷിഭവൻ കൊട്ടിയൂർ |
| 157 | 181/2022-23 | 17/11/2022 | 11,875 | കൃഷിഭവൻ എരുവേശ്ശി |
| 158 | 182/2022-23 | 17/11/2022 | 9,375 | കൃഷിഭവൻ പയ്യാവൂർ |
| 159 | 183/2022-23 | 17/11/2022 | 9,375 | കൃഷിഭവൻ മയ്യിൽ |
| 160 | 184/2022-23 | 17/11/2022 | 9,375 | കൃഷിഭവൻ ശ്രീകണ്ഠപുരം |
| 161 | 185/2022-23 | 17/11/2022 | 7,750 | കൃഷിഭവൻ കുടാളി |
| 162 | 186/2022-23 | 17/11/2022 | 7,750 | കൃഷിഭവൻ കീഴല്ലൂർ |
| 163 | 187/2022-23 | 17/11/2022 | 7,750 | കൃഷിഭവൻ മട്ടന്നൂർ |

| | | | | |
|---|---|---|---|---|
| 164 | 188/2022-23 | 17/11/2022 | 12,750 | കൃഷിഭവൻ കീഴൂർചാവശ്ശേരി |
| 165 | 189/2022-23 | 17/11/2022 | 1,600 | എ.എസ്.സി. ഇരിക്കൂർ |
| 166 | 190/2022-23 | 28/11/2022 | 12,750 | കൃഷിഭവൻ അയ്യൻകുന്ന് |
| 167 | 192/2022-23 | 28/11/2022 | 5,000 | അസിസ്റ്റന്റ് ഡയറക്ടർ അഗ്രികൾച്ചർ, കോക്കനട്ട് നഴ്സറി തിക്കോടി |
| 168 | 194/2022-23 | 28/11/2022 | 13,375 | കൃഷിഭവൻ തില്ലങ്കേരി |
| 169 | 195/2022-23 | 28/11/2022 | 3,025 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, കോക്കനട്ട് നഴ്സറി, പാലയാട് |
| 170 | 197/2022-23 | 09/12/2022 | 10,625 | കൃഷിഭവൻ ആന്തൂർ |
| 171 | 198/2022-23 | 09/12/2022 | 4,500 | കൃഷിഭവൻ മാങ്ങാട്ടിടം |
| 172 | 199/2022-23 | 09/12/2022 | 4,500 | കൃഷിഭവൻ ചിറ്റാരിപറമ്പ് |
| 173 | 201/2022-23 | 09/12/2022 | 10,625 | കൃഷിഭവൻ ചെങ്ങളായി |
| 174 | 206/2022-23 | 09/12/2022 | 4,500 | കൃഷിഭവൻ പാട്യം |
| 175 | 207/2022-23 | 09/12/2022 | 4,500 | കൃഷിഭവൻ കുന്നോത്തുപറമ്പ് |
| 176 | 208/2022-23 | 09/12/2022 | 4,500 | കൃഷിഭവൻ കൂത്തുപറമ്പ് |
| 177 | 209/2022-23 | 09/12/2022 | 4,500 | കൃഷിഭവൻ കോട്ടയം മലബാർ |
| 178 | 210/2022-23 | 10/12/2022 | 1,700 | കൃഷിഭവൻ തളിപറമ്പ് |
| 179 | 211/2022-23 | 19/12/2022 | 4,500 | കൃഷിഭവൻ തൃപ്രങ്ങോട്ടൂർ |
| 180 | 213/2022-23 | 19/12/2022 | 5,000 | കൃഷിഭവൻ പെരളശ്ശേരി |
| 181 | 215/2022-23 | 30/12/2022 | 7,125 | കൃഷിഭവൻ എരമം കുറ്റൂർ |
| 182 | 216/2022-23 | 30/12/2022 | 7,125 | കൃഷിഭവൻ പെരിങ്ങോം |
| 183 | 217/2022-23 | 30/12/2022 | 5,000 | കൃഷിഭവൻ ന്യൂമാഹി |
| 184 | 218/2022-23 | 30/12/2022 | 5,000 | കൃഷിഭവൻ മുഴപ്പിലങ്ങാട് |
| 185 | 219/2022-23 | 30/12/2022 | 5,000 | കൃഷിഭവൻ ധർമ്മടം |
| 186 | 220/2022-23 | 05/01/2023 | 8,225 | കൃഷിഭവൻ പെരളശ്ശേരി |
| 187 | 221/2022-23 | 05/01/2023 | 9,000 | സ്റ്റേറ്റ് സീഡ്ഫാം വേങ്ങാട് |
| 188 | 222/2022-23 | 19/01/2023 | 8,250 | കൃഷിഭവൻ പായം |
| 189 | 223/2022-23 | 19/01/2023 | 8,250 | കൃഷിഭവൻ അയ്യൻകുന്ന് |
| 190 | 225/2022-23 | 19/01/2023 | 4,500 | കൃഷിഭവൻ വേങ്ങാട് |
| 191 | 226/2022-23 | 19/01/2023 | 4,500 | കൃഷിഭവൻ അഞ്ചരക്കണ്ടി |
| 192 | 227/2022-23 | 19/01/2023 | 9,300 | സ്റ്റേറ്റ് സീഡ്ഫാം വേങ്ങാട് |
| 193 | 228/2022-23 | 17/02/2023 | 630 | ടി Xഡി ചാലോട് |
| 194 | 229/2022-23 | 17/02/2023 | 5,000 | കൃഷിഭവൻ മാട്ടൂൽ |
| 195 | 230/2022-23 | 17/02/2023 | 12,750 | കൃഷിഭവൻ ചെറുകുന്ന് |
| 196 | 231/2022-23 | 17/02/2023 | 8,750 | കൃഷിഭവൻ ചെറുതാഴം |
| 197 | 232/2022-23 | 17/02/2023 | 12,750 | കൃഷിഭവൻ കണ്ണപുരം |
| 198 | 233/2022-23 | 17/02/2023 | 1,200 | കില തളിപറമ്പ് |
| 199 | 234/2022-23 | 17/02/2023 | 900 | സ്റ്റേറ്റ് സീഡ്ഫാം വേങ്ങാട് |
| 200 | 235/2022-23 | 17/02/2023 | 9,000 | കൃഷിഭവൻ ഏഴോം |
| 201 | 236/2022-23 | 17/02/2023 | 45,000 | കുടുംബശ്രീ മിഷൻ കണ്ണൂർ |
| 202 | 237/2022-23 | 17/02/2023 | 11,563 | കൃഷിഭവൻ പടിയൂർ |
| 203 | 239/2022-23 | 17/02/2023 | 11,563 | കൃഷിഭവൻ മയ്യിൽ |

| | | | | |
|---|---|---|---|---|
| 204 | 241/2022-23 | 17/02/2023 | 11,563 | കൃഷിഭവൻ ഇരിക്കൂർ |
| 205 | 242/2022-23 | 17/02/2023 | 11,563 | കൃഷിഭവൻ മലപ്പട്ടം |
| 206 | 243/2022-23 | 17/02/2023 | 14,063 | കൃഷിഭവൻ ശ്രീകണ്ഠപുരം |
| 207 | 244/2022-23 | 20/02/2023 | 93,750 | കൃഷിഭവൻ വളപട്ടണം |
| 208 | 245/2022-23 | 07/03/2023 | 2,100 | കൃഷിഭവൻ വളപട്ടണം |
| 209 | 246/2022-23 | 07/03/2023 | 8,250 | കൃഷിഭവൻ കേളകം |
| 210 | 247/2022-23 | 07/03/2023 | 8,250 | കൃഷിഭവൻ കൊട്ടിയൂർ |
| 211 | 248/2022-23 | 07/03/2023 | 8,250 | കൃഷിഭവൻ കണിച്ചാർ |
| 212 | 249/2022-23 | 07/03/2023 | 8,250 | കൃഷിഭവൻ പേരാവൂർ |
| 213 | 251/2022-23 | 07/03/2023 | 11,500 | കൃഷിഭവൻ മാട്ടൂൽ |
| 214 | 253/2022-23 | 07/03/2023 | 50,000 | സ്റ്റേറ്റ് സീഡ് ഫാം പേരാമ്പ്ര |
| 215 | 254/2022-23 | 07/03/2023 | 70,000 | ഡിസ്ട്രിക്ട് അഗ്രികൾച്ചർ ഫാം കൂതാളി |
| 216 | 255/2022-23 | 07/03/2023 | 5,000 | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, കോക്കനട്ട് നഴ്സറി തിക്കോടി |
| 217 | 256/2022-23 | 08/03/2023 | 1,66,845 | KSCDC |
| 218 | 256A/2022-23 | 15/03/2023 | 5,000 | കൃഷിഭവൻ പേരാവൂർ |
| 219 | 257/2022-23 | 15/03/2023 | 5,000 | കൃഷിഭവൻ കണിച്ചാർ |
| 220 | 258/2022-23 | 15/03/2023 | 1,500 | കൃഷിഭവൻ പെരിങ്ങോം |
| 221 | 259/2022-23 | 15/03/2023 | 3,750 | കൃഷിഭവൻ പട്ടുവം |
| 222 | 260/2022-23 | 15/03/2023 | 3,750 | കൃഷിഭവൻ പരിയാരം |
| 223 | 261/2022-23 | 15/03/2023 | 1,125 | കൃഷിഭവൻ കടന്നപ്പള്ളി |
| 224 | 262/2022-23 | 15/03/2023 | 5,625 | കൃഷിഭവൻ കുഞ്ഞിമംഗലം |
| 225 | 263/2022-23 | 15/03/2023 | 1,125 | കൃഷിഭവൻ പെരിങ്ങോം |
| 226 | 264/2022-23 | 15/03/2023 | 11,625 | കൃഷിഭവൻ കണ്ണപുരം |
| 227 | 265/2022-23 | 15/03/2023 | 8,400 | കൃഷിഭവൻ ന്യൂമാഹി |
| 228 | 266/2022-23 | 15/03/2023 | 60,450 | കൃഷിഭവൻ ന്യൂമാഹി |
| 229 | 267/2022-23 | 15/03/2023 | 6,000 | കൃഷിഭവൻ ന്യൂമാഹി |
| 230 | 268/2022-23 | 15/03/2023 | 1,500 | കൃഷിഭവൻ കുറ്റ്യാട്ടൂർ |
| 231 | 269/2022-23 | 15/03/2023 | 1,500 | കൃഷിഭവൻ വളപട്ടണം |
| 232 | 270/2022-23 | 15/03/2023 | 1,500 | കൃഷിഭവൻ ധർമ്മടം |
| 233 | 271/2022-23 | 15/03/2023 | 4,500 | കൃഷിഭവൻ ധർമ്മടം |
| 234 | 272/2022-23 | 15/03/2023 | 5,250 | കൃഷിഭവൻ മാങ്ങാട്ടിടം |
| 235 | 273/2022-23 | 15/03/2023 | 1,500 | കൃഷിഭവൻ മുണ്ടേരി |
| 236 | 274/2022-23 | 15/03/2023 | 2,250 | കൃഷിഭവൻ ഇരിക്കൂർ |
| 237 | 275/2022-23 | 15/03/2023 | 7,500 | കൃഷിഭവൻ പടിയൂർ |
| 238 | 276/2022-23 | 15/03/2023 | 1,125 | കൃഷിഭവൻ കുറുമാത്തൂർ |
| 239 | 277/2022-23 | 15/03/2023 | 750 | കൃഷിഭവൻ ചൊക്ലി |
| 240 | 278/2022-23 | 15/03/2023 | 12,500 | കൃഷിഭവൻ പയ്യാവൂർ |
| 241 | 279/2022-23 | 18/03/2023 | 1,850 | സ്റ്റേറ്റ് കോക്കനട്ട് നഴ്സറി പാലയാട് |
| 242 | 280/2022-23 | 21/03/2023 | 1,47,000 | കൃഷിഭവൻ മുഴപ്പിലങ്ങാട് |
| 243 | 281/2022-23 | 21/03/2023 | 4,000 | കൃഷിഭവൻ മുഴപ്പിലങ്ങാട് |

| | | | | |
|---|---|---|---|---|
| 244 | 282/2022-23 | 21/03/2023 | 14,300 | കൃഷിഭവൻ ആന്തൂർ |
| 245 | 285/2022-23 | 21/03/2023 | 4,000 | കൃഷിഭവൻ കുറുമാത്തൂർ |
| 246 | 286/2022-23 | 28/03/2023 | 5,000 | കൃഷിഭവൻ എരഞ്ഞോളി |
| 247 | 287/2022-23 | 28/03/2023 | 5,000 | കൃഷിഭവൻ വേങ്ങാട് |
| 248 | 288/2022-23 | 28/03/2023 | 5,000 | കൃഷിഭവൻ മയ്യിൽ |
| 249 | 289/2022-23 | 28/03/2023 | 5,36,600 | കൃഷിഭവൻ മയ്യിൽ |
| 250 | 290/2022-23 | 28/03/2023 | 54,560 | കൃഷിഭവൻ മയ്യിൽ |
| | ആകെ | | 42,37,839 | |

₹42,37,839 ഈടാക്കി ജില്ലാപഞ്ചായത്തിൽ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 സ്റ്റേറ്റ് കോക്കനട്ട് നഴ്സറി, പാലയാട് :- വരുമാനം മുഴുവനായി ജില്ലാപഞ്ചായത്തിൽ ഒടുക്കുന്നില്ല.

സ്റ്റേറ്റ് കോക്കനട്ട് നഴ്സറി, പാലയാടിന്റെ വരവ് ഇനങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- മുഴുവൻ വരവും ജില്ലാപഞ്ചായത്തിൽ ഒടുക്കുന്നില്ല.

സ്റ്റേറ്റ് കോക്കനട്ട് നഴ്സറി പാലയാടിൽ ഉല്പാദിപ്പിക്കുന്ന വിത്തുകൾ, തൈകൾ എന്നിവയുടെ വില്പനവഴിയുള്ള വരവ് ഭാഗികമായി മാത്രമാണ് ജില്ലാപഞ്ചായത്തിൽ ഒടുക്കുന്നത്. ഇത് ശരിയായ നടപടിയല്ല. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ വരുമാനം തദ്ദേശസ്ഥാപനങ്ങളുടെ തനത് വരുമാനമാണെന്നും ആയത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് ഒടുക്കേണ്ടതാണെന്നും സർക്കാർ ഉത്തരവ്(ആർ.ടി)677/2003/ത.സ്വ.ഭ.വ തീയതി 27-02-2003ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പാലിക്കാതെ ഭാഗികമായ തുകമാത്രമാണ് ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നത്. ഫാം ഉല്പന്നങ്ങളിൽ നിന്ന് ലഭിക്കുന്ന മുഴുവൻ വരവും ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2- ഫാം ഉല്പന്നങ്ങളുടെ വിപണനം കൃത്യമായ രേഖകൾ സൂക്ഷിക്കുന്നില്ല.

ഫാംഉല്പന്നങ്ങൾ വില്പന നടത്തുന്നത് കാഷ് റസീറ്റിന്റെയും ക്രെഡിറ്റ് ഇൻവോയിസിന്റെയും അടിസ്ഥാനത്തിലാണ്. കാഷ് റസീറ്റ് പ്രകാരം ലഭിക്കുന്ന തുകകളുടെ വിവരം ലഭ്യമാണെങ്കിലും ക്രെഡിറ്റ് ഇൻവോയിസ് പ്രകാരം വില്പന നടത്തുന്ന ഉല്പന്നങ്ങളുടെ വില കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് ആവശ്യമായ രീതിയിൽ രജിസ്റ്ററുകൾ/ രേഖകൾ സൂക്ഷിക്കുന്നില്ല. ഇൻവോയിസ് പ്രകാരം വിതരണം ചെയ്ത വിത്തുകൾ/തൈകൾ എന്നിവയുടെ വില വരവ് വന്നിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിന് തയ്യാറാക്കിയ രജിസ്റ്റർ പൂർണമല്ലാത്തതിനാൽ വരവ് വന്ന തുകയുടെയും ലഭിക്കാനുള്ള തുകയുടെയും കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. (പ്രസ്തുത രജിസ്റ്ററിൽ വരവ് വന്ന തീയതി, ഏത് രീതിയിൽ പണം ലഭിച്ചു, പണം ജില്ലാ പഞ്ചായത്ത് / ഗവൺമെന്റിൽ ഒടുക്കിയ രീതി, തീയതി എന്നിവ പൂർണമായും രേഖപ്പെടുത്തിയിട്ടില്ല.) 2022-23 വർഷത്തെ ഇൻവോയ്സ് പ്രകാരം സ്റ്റേറ്റ് കോക്കനട്ട് നഴ്സറി, പാലയാടിൽനിന്നും വിത്തുകൾ/തൈകൾ എന്നിവ വിതരണം ചെയ്ത ഇനത്തിൽ വിവിധ കൃഷിഭവനുകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽനിന്നുമായി ലഭിക്കാൻ ബാക്കിയുള്ള തുകകളുടെ വിശദവിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/16-8-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇൻവോയിസിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇൻവോയിസുകൾ ക്രമമായി അടുക്കി സൂക്ഷിച്ചിട്ടില്ല. ഒരു ഇൻവോയിസിന് മൂന്ന് ഷീറ്റുകളാണ് ഉള്ളത്. ഇതിൽ ഓഫീസ് കോപ്പി പ്രസ്തുത ബുക്കിൽ നിന്ന് ഇളക്കി മാറ്റാതെ സൂക്ഷിക്കുന്നതിന് പകരം പ്രത്യേകമായി സൂക്ഷിക്കുകയാണ് ചെയ്തത്. 53/2022-23, 55/2022-23, 93/2022-23, 94/2022-23, 95/2022-23, 179/2022-23, 255/2022-23, 256/2022-23 എന്നിവയും 271/2022-23 മുതൽ 282/2022-23 വരെയുള്ള ഇൻവോയിസുകളും പരിശോധനക്ക് ലഭിച്ചിട്ടില്ല. 2022-23 വർഷത്തിൽ എത്ര ഇൻവോയിസ് ബുക്കുകൾ ഉപയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമല്ല. ഇൻവോയിസ് ബുക്കുകൾക്കും, ബുക്കിലെ പേജുകൾക്കും ക്രമനമ്പർ ഇട്ടിട്ടില്ല. രജിസ്റ്ററുകളിലെ അപാകങ്ങൾ പരിഹരിച്ച്, ലഭിക്കാനുള്ള തുകയുടെ കൃത്യമായ കണക്ക് തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഫാം ഉല്പന്നങ്ങളുടെ വരുമാനം കൃത്യമായി ജില്ലാപഞ്ചായത്തിൽ ഒടുക്കുന്നുണ്ടെന്ന് ഉറപ്പവരുത്തുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. ജില്ലാപഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങളിൽ ഒന്നാണ് കൃഷിഫാമുകളിൽനിന്നുള്ള വരുമാനം. ആയത് കൃത്യമായി ജില്ലാപഞ്ചായത്തിൽ ഒടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഇക്കാര്യം ധനകാര്യ, വികസന സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ:- ഫാം ഉല്പന്നങ്ങളുടെ വില്പന - സോഫ്റ്റ് വേർ അധിഷ്ഠിത

കമ്പ്യൂട്ടർ രസീത് ഉപയോഗിക്കേണ്ടതാണ്.

സ്റ്റേറ്റ് സീഡ് ഫാം കാങ്കോലിൽ ഫാം ഉല്പന്നങ്ങളുടെ വില്പനനടത്തുമ്പോൾ 19-10-2022 വരെ സോഫ്റ്റ് വേർ അധിഷ്ഠിത കമ്പ്യൂട്ടർ രസീതാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ സോഫ്റ്റ് വേറിലെ തകരാർകാരണം നിലവിൽ മാന്വൽ രസീതാണ് ഉപയോഗിച്ച് വരുന്നത്. സോഫ്റ്റ് വേറിലെ തകരാർ പരിഹരിച്ച് കമ്പ്യൂട്ടർ രസീത് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തയ്യാറാക്കുന്ന സോഫ്റ്റ് വേർ ജില്ലാപഞ്ചായത്തിൽ നിന്ന് നിരീക്ഷിക്കുന്നവിധത്തിൽ തയ്യാറാക്കിയാൽ അതാത് ദിവസം ഒടുക്കുന്ന തുകയുടെ കൃത്യത പരിശോധിക്കുവാനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാനും സാധിക്കും.

1-16 ജില്ലാ വെറ്ററിനറികേന്ദ്രം:- ന്യായവില മെഡിക്കൽ സ്റ്റോർ - വരവ് ജില്ലാപഞ്ചായത്തിൽ ഒടുക്കുന്നില്ല

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ 28-02-2019 തീയതിയിലെ 14/2019(8) നമ്പർ ഭരണസമിതി തീരുമാനപ്രകാരം കരട് ബൈലോ അംഗീകരിച്ച കൊണ്ട് കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ജില്ലാ മൃഗാശുപത്രി കോമ്പൗണ്ടിൽ പ്രവർത്തനമാരംഭിച്ച മൃഗസംരക്ഷണ മേഖലയിലെ മരുന്ന് വിൽപനകേന്ദ്രമാണ് 'കണ്ണൂർ ജില്ലാപഞ്ചായത്ത് ന്യായവില വെറ്ററിനറി മെഡിക്കൽസ്റ്റോർ'. കരട് ബൈലോവിന് 16-06-2023ന് മാത്രമാണ് തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടറുടെ അംഗീകാരം ലഭിച്ചത്. മെഡിക്കൽ ഷോപ്പിന്റെ വരുമാനം ന്യായവില മെഡിക്കൽ സ്റ്റോറിന്റെ പേരിൽഅതിനായി രൂപീകരിക്കപ്പെട്ട മാനേജിംഗ് കമ്മിറ്റിയുടെ ചെയർമാൻ (ജില്ലാപഞ്ചായത്ത് പ്രസിഡണ്ട്), കൺവീനർ(ചീഫ് വെറ്ററിനറിഓഫീസർ) എന്നിവരുടെ പേരിൽ കനറാ ബാങ്ക്, കണ്ണൂർ സിവിൽ സ്റ്റേഷൻ ബ്രാഞ്ചിലെ 4263201000I815 എന്ന സംയുക്ത അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. ഇത് കൂടാതെ ഓൺലൈൻ ട്രാൻസാക്ഷൻ നടത്തുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്ക്, കണ്ണൂർ മെയിൻ ബ്രാഞ്ചിൽ (അക്കൗണ്ട് നമ്പർ 0133073000052027) 05-05-2023ന് കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ന്യായവില മെഡിക്കൽ സ്റ്റോറിന്റെ 31-03-2023 വരെയുള്ള വരവ് പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ കാണപ്പെട്ടു.

1) ന്യായവില മെഡിക്കൽസ്റ്റോറിന്റെ 2022-23 ലെ വാർഷികകണക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ചാർട്ടേഡ് അക്കൗണ്ടന്റ് പരിശോധന പൂർത്തിയാക്കിയിട്ടില്ല എന്നാണ് വിശദീകരിച്ചത്.

2) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ വരുമാനം തദ്ദേശസ്ഥാപനങ്ങളുടെ തനത് വരുമാനമാണെന്നും ആയത് തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും സർക്കാർ ഉത്തരവ് (ആർ.ടി)677/2003/ത.സ്വ.ഭ.വ തീയതി 27-02-2003 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മെഡിക്കൽസ്റ്റോർ ബൈലോയിൽ, സാമ്പത്തികവർഷം അവസാനിച്ച് 30 ദിവസത്തിനകം വരവ്-ചെലവ് കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത് ജില്ലാപഞ്ചായത്തിന് സമർപ്പിക്കേണ്ടതും ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 30 ദിവസത്തിനകം അറ്റാദായം ജില്ലാ പഞ്ചായത്തിൽ അടവാക്കേണ്ടതുമാണെന്നാണ് വ്യവസ്ഥ (ഖ23,24) ചെയ്തിട്ടുള്ളത്. ബൈലോയിലെ ഈ വ്യവസ്ഥ സർക്കാർ ഉത്തരവിന് അനുസൃതമല്ല. 27-8-2020, 13-7-2021 തീയതികളിലെ മാനേജ്മെന്റ് കമ്മിറ്റി യോഗത്തിലും അറ്റാദായം മൂന്ന് മാസത്തിൽ ഒരിക്കൽ ജില്ലാപഞ്ചായത്തിൽ അടക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും ആയതും പാലിക്കുന്നില്ല. 2019ൽ മെഡിക്കൽസ്റ്റോർ രൂപീകരിച്ചത് മുതൽ ഇതുവരെയും സ്റ്റോറിന്റെ വരുമാനത്തിൽ നിന്നും തുകയൊന്നുംതന്നെ ജില്ലാ പഞ്ചായത്തിൽ അടവാക്കിയിട്ടില്ല. സർക്കാർ ഉത്തരവിനനുസരിച്ച് അതാത് ദിവസത്തെ വരവ് തുകകൾ ജില്ലാപഞ്ചായത്തിൽ ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ, വികസന സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

3) കാഷ്ബുക്കിലെ ബാങ്ക് നീക്കിയിരിപ്പ്, പാസ്ബുക്കിലെ ബാങ്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. കാഷ്ബുക്ക് പ്രകാരം 31-03-2023 ലെ ബാങ്ക് നീക്കിയിരിപ്പ് ₹49,45,470 രൂപയാണ്. എന്നാൽ ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് ₹58,46,060രൂപയാണ്. വ്യത്യാസം വിശദീകരിക്കുന്നതിന് ഉതകുന്ന വിധം റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് മാസാന്ത്യം/വർഷാന്ത്യം സൂക്ഷിക്കുന്നില്ല. കാഷ്ബുക്ക് – ബാങ്ക് ബുക്ക് റീക്കൺസിലിയേഷൻ നടത്തിയും കാഷ്ബുക്കിലെ അപാകങ്ങൾ പരിഹരിച്ചും ഓഡിറ്റിന്റെ തുടർപരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

4) 28-03-2023 വരെയുള്ള മരുന്ന് വില്പനവില 29-03-2023 ന് ബാങ്കിൽ ഒടുക്കിയിട്ടുണ്ട്. ഇത് പ്രകാരം 31-03-2023 ലെ കാഷ് നീക്കിയിരിപ്പായി വേണ്ടത് താഴെ പറയും പ്രകാരം 69,913.51 രൂപയാണ്.

| ക്രമനമ്പർ | തീയതി | മരുന്ന് വില്പന വില(₹) |
|---|---|---|
| 1 | 29-03-2023 | 23,357.95 |

| | | |
|---|---|---|
| 2 | 30-03-2023 | 20,987.52 |
| 3 | 31-03-2023 | 25,568.04 |
| | | 69,913.51 |

എന്നാൽ കാഷ് ബുക്കിൽ നീക്കിയിരിപ്പായി 64,681.94 രൂപയാണ് കാണിച്ചത്. കാഷ്ബുക്കിലെ നീക്കിയിരിപ്പിൽ 5,230 രൂപയുടെ വ്യത്യാസം സ്ഥാപനമേധാവി ആയ ചീഫ് വെറ്റിനറി ഓഫീസർ അംഗീകരിക്കുന്നുണ്ടെങ്കിലും വ്യത്യാസത്തിന് അടിസ്ഥാനമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. മെഡിക്കൽ സ്റ്റോർ സംബന്ധിച്ച എല്ലാ വരവ് ചെലവുകളും കാഷ്ബുക്കിൽ രേഖപ്പെടുത്തി സമഗ്രമാക്കേണ്ടതും യഥാസമയം ബാങ്ക് അക്കൗണ്ടുമായി റീക്കൺസിലിയേഷൻ നടത്തി കുറ്റമറ്റരീതിയിൽ സൂക്ഷിക്കേണ്ടതുമാണ്.

5) വെറ്ററിനറിമെഡിക്കൽ സ്റ്റോറിന്റെ നിയന്ത്രണത്തിനും നടത്തിപ്പിനുമായി രൂപീകരിച്ച മാനേജ്മെന്റ് കമ്മിറ്റി മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്നും രണ്ട് യോഗങ്ങൾക്കിടയിലെ ഇടവേള പരമാവധി 45 ദിവസമായിരിക്കണമെന്നും ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും 2022-23 വർഷം 10-03-2023 ൽ ഒരു യോഗം മാത്രമാണ് ചേർന്നത്.

6) 2011ലെ കേരളപഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 23 പ്രകാരം 500 രൂപയിൽ അധികമായി ലഭ്യമാകുന്ന തുകകൾ അതേദിവസംതന്നെയോ തൊട്ടടുത്ത പ്രവൃത്തിദിവസമോ, ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ബൈലോ വ്യവസ്ഥ (10) പ്രകാരവും അതത് ദിവസത്തെ വിറ്റ് വരവ് തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ട്രഷറർ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ചട്ടങ്ങളും വ്യവസ്ഥകളും പാലിക്കാതെ, ബാങ്കിലൊടുക്കുന്നതിൽ കാലതാമസം വരുത്തുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | തുക ഒടുക്കുന്ന കാലയളവ് | | ഒടുക്കിയ തീയതി | തുക (₹) |
|---|---|---|---|---|
| | മുതൽ | വരെ | | |
| 1 | 07-05-2021 | 19-05-2021 | 21-05-2021 | 1,13,849 |
| 2 | 17-08-2021 | 23-08-2021 | 24-08-2021 | 74,746 |
| 3 | 15-03-2022 | 20-03-2022 | 21-03-2022 | 1,69,115 |
| 4 | 24-03-2022 | 29-03-2022 | 30-03-2022 | 1,31,073 |
| 5 | 06-09-2022 | 11-09-2022 | 12-09-2022 | 76,800 |
| 6 | 18-10-2022 | 24-10-2022 | 25-10-2022 | 1,53,499 |
| 7 | 08-11-2022 | 13-11-2022 | 14-11-2022 | 1,44,537 |
| 8 | 23-11-2022 | 29-11-2022 | 30-11-2022 | 1,70,136 |
| 9 | 30-11-2022 | 05-12-2022 | 06-12-2022 | 1,18,832 |
| 10 | 13-12-2022 | 20-12-2022 | 21-12-2022 | 1,59,093 |
| 11 | 21-12-2022 | 27-12-2022 | 28-12-2022 | 1,76,404 |
| 12 | 26-10-2023 | 09-11-2023 | 10-11-2023 | 1,86,200 |

ഫാർമസിയുടെ വരവുതുക അടവാക്കുന്ന ബാങ്കിലേക്ക് കേവലം ഒരുകിലോമീറ്ററിൽ താഴെയേ ദൂരമുള്ളുവെങ്കിലും വിറ്റ്-വരവ് തുക തൊട്ടടുത്ത ദിവസം ബാങ്കിൽ ഒടുക്കുന്നില്ല. ഇപ്രകാരം ഭീമമായ സംഖ്യ സുരക്ഷിതമല്ലാത്തരീതിയിൽ, ഫാർമസിയിലെ ഒരു മേശയിൽ സൂക്ഷിച്ചുവരികയാണ് ചെയ്യുന്നത്. മതിയായ ജീവനക്കാർ ഇല്ലാത്തതാണ് കാലതാമസത്തിന് കാരണമെന്നാണ് ഇത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരിച്ചത്. തികഞ്ഞ ജാഗ്രതയോടെ

കൈകാര്യം ചെയ്യേണ്ട പണപരമായ ഇടപാടുകളിലെ വീഴ്ച സംബന്ധിച്ച വിശദീകരണം തൃപ്തികരമല്ല. ഇക്കാര്യം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

7- ഓഡിറ്റിൻെറ ഭാഗമായി, 10-11-2023 തീയതിയിൽ ഉച്ചക്ക് 3.30ന് നടത്തിയ കാഷ് വെരിഫിക്കേഷനിനിൽ ഡെയിലി സെയിൽസ് റിപ്പോർട്ട് പ്രകാരം 18,607 രൂപയുടെ നീക്കിയിരിപ്പാണ് വേണ്ടത്. എന്നാൽ കാഷ് നീക്കിയിരിപ്പായി 8,360 രൂപയും അന്നേ ദിവസം ഓൺലൈനായി ഒടുക്കിയ 6,015 രൂപ ഉൾപ്പടെ ആകെ 14,375 രൂപ മാത്രമാണ് പരിശോധനയിൽ കാണാൻ സാധിച്ചത്. 4,232 രൂപയുടെ വ്യത്യാസം സ്ഥാപനമേധാവി അംഗീകരിച്ചിട്ടുണ്ടെങ്കിലും ആയതിന് അടിസ്ഥാനമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഡ്രഗ് ഇൻസ്പെക്ടർ ടെസ്റ്റ് സാമ്പിൾ ചാർജ്, സ്റ്റേഷനറി തുടങ്ങിയ ഇനങ്ങൾക്ക് പ്രസ്തുത വരവ് തുകയിൽ നിന്ന് നേരിട്ട് ചെലവ് ചെയ്തതിനാലാണ് ഈ വ്യത്യാസം ഉണ്ടായിട്ടുള്ളത്. ഫാർമസിയിലെ വരവ് തുകകൾ തൊട്ടടുത്ത പ്രവൃത്തിദിവസം തന്നെ പൂർണ്ണമായി ബാങ്കിൽ ഒടുക്കേണ്ടതും ഇത്തരം ചെലവുകൾ ഇംപ്രസ്റ്റ് അക്കൗണ്ട് വഴി ആക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. അതാത് ദിവസങ്ങളിലെ വരവ് തുക തിട്ടപ്പെടുത്തി ബാങ്കിലൊടുക്കുന്നത് വരെയുള്ള നടപടിക്രമം മേലുദ്യോഗസ്ഥൻ നിരീക്ഷിക്കേണ്ടതും ആയതിന് രജിസ്റ്റർ സൂക്ഷിച്ച് ഓഡിറ്റ് പരിശോധനവേളയിൽ ലഭ്യമാക്കേണ്ടതുമാണ്.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (72/15-11-2023) ആയവ പരിഹരിക്കുന്നതാണെന്ന് സ്ഥാപനമേധാവി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യം അടുത്ത ഓഡിറ്റിൽ പരിശോധിക്കുന്നതാണ്.

## 1-17 ജില്ലാ കൃഷിതോട്ടത്തിലെ വാർഷിക ഉല്പാദനപ്രവർത്തനചെലവുകൾ - അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ലാ കൃഷി ഫാം തളിപറമ്പ്. |
| പ്രോജക്ടിന്റെ നമ്പർ പേര് | 366/23 ജില്ലാ കൃഷിതോട്ടത്തിലെ വാർഷിക ഉല്പാദന പ്രവർത്തന ചെലവുകൾ |
| അടങ്കൽ | ₹40,00,000 (തനത് ഫണ്ട്) |
| ചെലവ് | ₹34,64,166 |

| തുക (₹) | ചെക്ക് /നമ്പർ തീയതി | തുക (₹) | ചെക്ക് /നമ്പർ തീയതി |
|---|---|---|---|
| 24,772 | 6685688/12-05-2022 | 35,201 | 6685842/26-09-2022 |
| 42,912 | 6685696/06-06-2022 | 98,826 | 6685845/28-09-2022 |
| 9,614 | 6685698/06-06-2022 | 1,33,981 | 6685847/07-10-2022 |
| 14,803 | 6685697/06-06-2022 | 96,050 | 6685848/07-10-2022 |
| 5,900 | 6685695/06-06-2022 | 9,709 | 6685855/20-10-2022 |
| 5,132 | 6685802/14-06-2022 | 79,268 | 6685857/04-11-2022 |
| 84,797 | 6685805/21-06-2022 | 1,59,794 | 6685867/01-12-2022 |
| 51,200 | 6685804/214-06-2022 | 1,13,244 | 6685874/23-12-2022 |
| 20,832 | 6685806/28-06-2022 | 9,977 | 6685871/21-12-2022 |
| 5,20,535 | 6685814/23-07-2022 | 57,291 | 6685875/31-12-2022 |
| 49,560 | 6685815/23-07-2022 | 27,386 | 6685876/31-12-2022 |
| 9,093 | 6685818/11-08-2022 | 96,000 | 6685880/09-01-2023 |
| 30,163 | 6685819/11-08-2022 | 9,861 | 6685883/23-01-2023 |
| 24,720 | 6685885/04-02-2023 | 2,42,888 | 6685888/09-02-2023 |
| 1,00,882 | 6685820/11-08-2022 | 74,110 | 6685900/20-03-2023 |
| 55,850 | 6685830/29-08-2022 | 4,86,000 | 2285831/22-03-2023 |
| 30,910 | 6685829/29-08-2022 | 71,476 | 2285836/22-03-2023 |
| 14,565 | 6685827/29-08-2022 | 3,000 | 262120/30-03-2023 |
| 6,054 | 6685833/03-09-2022 | 3,32,330 | 262120/30-03-2023 |
| 2,25,480 | 6685838/16-09-2022 | | |

ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തി ഗുണമേൻമയുള്ള നടീൽവസ്തുക്കൾ കർഷകർക്ക് വിതരണം ചെയ്യുകയാണ് പ്രോജക്ട് കൊണ്ട് ഉദ്ദേശിച്ചത്. ഇതിന് വേണ്ടി വിത്ത്, നടീൽവസ്തുക്കൾ, വളം, കീടനാശിനി വാങ്ങൽ, കാർഷികഉപകരണങ്ങളുടെ റിപ്പയർ, യന്ത്രോപകരണങ്ങൾ വാങ്ങൽ, യന്ത്രങ്ങൾ വാടകക്ക് എടുത്തുകൊണ്ടുള്ള കാർഷിക പ്രവൃത്തികൾ, ഫാമിലെ പ്രവർത്തനങ്ങൾക്കുള്ള നഴ്സറി അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നിവ ഉൾപ്പെടുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയത്.

പ്രോജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- പ്രോജക്ടിൽ ഉൾപ്പെടാത്ത തുടർചെലവുകളായ വൈദ്യുതി ബിൽ, ടെലഫോൺബിൽ, വാഹനങ്ങളുടെ ഇന്ധന ചെലവ് എന്നിവ ഉൾപ്പെടുത്തിയാണ് നിർവ്വഹണം നടത്തിയത്. ഇത് ശരിയായ നടപടിയല്ല. പ്രോജക്ട് തയ്യാറാക്കിയതിന് അനുസൃതമായി നിർവ്വഹണം നടത്തേണ്ടതും, തുടർചെലവുകൾക്ക് പ്രത്യേകം പ്രോജക്ട് തയ്യാറാക്കേണ്ടതുമാണ്.

2- ഹാജരാക്കിയ വൗച്ചറുകൾ പ്രകാരം ആകെ ചെലവ് 34,64,166 രൂപയാണ്. എന്നാൽ ചെലവ് പത്രിക പ്രകാരം ആകെ ചെലവ് 30,57,360 രൂപയാണ്. 4,06,806/- രൂപയുടെ വ്യത്യാസത്തിന് കാരണം അറിയിക്കേണ്ടതാണ്.

3- ജില്ലാ കൃഷിത്തോട്ടത്തിലെ സെയിൽസ് കൗണ്ടർ സോഫ്റ്റ് വേയർ പരിപാലനകരാർ നൽകിയത് INEXOFT TECHNOLOGIES,തളിപറമ്പ് എന്ന സ്ഥാപനത്തിനാണ്(ചെക്ക്നമ്പർ-6685695/06-06-2022-₹5900).എന്നാൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. കരാർ കാലാവധിയും വ്യക്തമല്ല. സോഫ്റ്റ് വേയർ പരിപാലനത്തിന് കരാർ തയ്യാറാക്കേണ്ടതും കരാറിനനുസരിച്ച് സേവനം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

4- ജില്ലാകൃഷിതോട്ടത്തിൽ പുതിയ കെട്ടിടത്തിലേക്കുള്ള വഴിയിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റുന്നതിന് കരിമ്പം ഇലക്ട്രിക്കൽ സെക്ഷനിൽ 14,803 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തികരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

5- ആദായനികുതി നിയമം സെക്ഷൻ 194(സി) പ്രകാരം 30,000/- രൂപയിൽ അധികമായുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് ഹിന്ദു കുടുബം/ വ്യക്തികൾ എന്നിവർക്ക് 1 ശതമാനവും മറ്റുള്ളവർക്ക് 2ശതമാനം നിരക്കിലുമാണ്. ജില്ലാ കൃഷിതോട്ടത്തിൽ നിന്ന് വിവിധ കൃഷിഭവനകളിലേക്ക് നടീൽ വസ്തുക്കൾ വിതരണം ചെയ്തതിന് വാഹനവാടകയിനത്തിൽ(03-06-2022 മുതൽ 26-07-2022 വരെയുള്ള വിവിധ ദിവസങ്ങളിൽ) കിലോമീറ്ററിന് 100 രൂപ നിരക്കിൽ 96,050 രൂപ ശ്രീ അബ്ദുൾസമദ്.കെ, സൽസബീൽ ട്രാൻസ്പോർട്ട്, തളിപറമ്പ്-മന്ന എന്നവർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ആദായനികുതി ഈടാക്കിയിട്ടില്ല. ആദായനികുതി ഈടാക്കാതെ അധികം നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. (ചെക്ക്നമ്പർ,തിയതി,തുക-6685848/07-10-2022 ₹96,050) ശ്രീ അബ്ദുൾ സമദിന് 20-10-2022 ലെ ട്രാൻസ്പോർട്ടേഷൻ ചാർജ് ഇനത്തിൽ 55,950 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല. വാഹനം ഏത് ആവശ്യത്തിനാണ് ഓടിയതെന്ന് വ്യക്തമല്ല. ശ്രീ അബ്ദുൾസമദ്.കെ ഹാജരാക്കിയ ബിൽ/ഇൻവോയിസിന്റെ അടിസ്ഥാനത്തിലാണ് 30-03-2023ൽ തുക അനുവദിച്ചത്. വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

6- തദ്ദേശ സ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)259/2010 /ത.സ്വ.ഭ.വ തീയതി 08-11-2010 പ്രകാരം 5,000 രൂപക്ക് മുകളിലും 50,000 രൂപക്ക് താഴെ ഉള്ളതുമായ വാങ്ങലുകൾക്ക് ക്വട്ടേഷനും, 50,000 രൂപക്ക് മുകളിലും 1,00,000 രൂപയിൽ താഴെ ഉള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ (8-10 പേരിൽ നിന്നും കുറഞ്ഞത് 5 പേരിൽനിന്നെങ്കിലും മത്സരാധിഷ്ഠിത നിരക്കുകൾ വാങ്ങേണ്ടതാണ്)നടപടികൾ സ്വീകരിക്കേണ്ടതാണ്. 1,00,000 രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഓപ്പൺടെണ്ടർ നടപടിക്രമങ്ങൾ പാലിച്ച് വേണം നടപ്പിലാക്കേണ്ടത്. എന്നാൽ ഈ വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. ഇക്കാലയളവിൽ ക്വട്ടേഷൻ നടപടികൾ മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ചെലവഴിച്ച തുക(₹) |
|---|---|---|
| 1 | ട്രാൻസ്പോർട്ടേഷൻ ചാർജ് | 1,52,000 |
| 2 | മാവിൻ തൈകൾ | 87,000 |
| 3 | കിർണി തൈകൾ | 87,000 |
| 4 | ഉണങ്ങിയ ചാണകപ്പൊടി | 4,86,000 |

7- ക്വട്ടേഷൻ തുറക്കുന്ന സമയത്ത് ഹാജരാകുന്നവർ ബന്ധപ്പെട്ട രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

8- ക്വട്ടേഷൻ രജിസ്റ്ററിൽ വ്യക്തികൾ/സ്ഥാപനങ്ങൾ ക്വാട്ട്ചെയ്ത നിരക്കുകൾ രേഖപ്പെടുത്താതെ അംഗീകരിച്ച് പാസാക്കുന്ന നിരക്ക് മാത്രമാണ് രേഖപ്പെടുത്തുന്നത്. സാധനങ്ങൾ, സേവനങ്ങൾ ആർജിക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് മത്സരാധിഷ്ഠിത വാങ്ങൽ ഉറപ്പ് വരുത്തി ജില്ലാപഞ്ചായത്തിന് മെച്ചമുണ്ടാകുന്ന രീതിയിൽ

പ്രോജക്ട് നടപ്പിലാക്കേണ്ടതാണ്.

9- വൈദ്യുതി ചാർജ് ഒടുക്കുന്നതിലെ കാലതാമസം കാരണം എല്ലാ മാസങ്ങളിലും പിഴ ഒടുക്കുന്നുണ്ട്. സമയബന്ധിതമായി വൈദ്യുതി ചാർജ് ഒടുക്കേണ്ടതും ഈ ഇനത്തിൽ പിഴ ഒടുക്കേണ്ടിവരുന്ന തുക വീഴ്ചവരുത്തുന്ന ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

10- പമ്പ് ഹൗസിന്റെ (കൺസ്യൂമർ നമ്പർ 1166451001230) വൈദ്യുതി ബിൽ ഒടുക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

(A)ബിൽ നമ്പർ 6645220700392/01-07-2022 പ്രകാരം ഡിമാന്റ് തുക 8,288രൂപയാണ്. ഇതിൽ 5,144 രൂപ (ചെക്ക് നമ്പർ 6685819/11-08-2022)ഒടുക്കിയിട്ടുണ്ട്. 3,144 രൂപ ഒടുക്കാൻ ബാക്കിയുള്ളതിന് പകരം 6645220900039/ 01-09-2022 നമ്പർ ഡിമാന്റ് നോട്ടീസിൽ കുടിശ്ശികയായി 5,250 കാണിക്കുകയും കുടിശ്ശിക ഉൾപ്പടെ മുഴവൻ തുകയും 10,565 രൂപ (ചെക്ക് നമ്പർ 6685842/26-09-2022)ഒടുക്കിയിട്ടുമുണ്ട്.

(B) ബിൽ നമ്പർ 6645230201093/01-02-2023 പ്രകാരം ഡിമാന്റ് തുക 4,595 രൂപ(ചെക്ക് നമ്പർ 6685900/20-03-2023)യാണ്.ഇതിൽ 4,295/-രൂപ ഒടുക്കിയിട്ടുണ്ട്. എന്നാൽ, തുടർന്നുവന്ന 6645230300051/01-03-2023 നമ്പർ ഡിമാന്റ് നോട്ടീസിൽ കുടിശ്ശികയായി 4,603 രൂപ കാണിക്കുകയും കുടിശ്ശിക ഉൾപ്പടെ മുഴവൻ തുകയും (ചെക്ക് നമ്പർ 6685842/26-09-2022) ഒടുക്കിയിട്ടുമുണ്ട്. കുടിശ്ശിക സംബന്ധിച്ച് വിശദമായ പരിശോധന നടത്തേണ്ടതും അധികം തുക ഒടുക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

11- സ്റ്റോക്ക് രജിസ്റ്ററിലെ അപാകങ്ങൾ:- ലഭിച്ച ഉല്പന്നങ്ങൾ, ഉപകരണങ്ങൾ തുടങ്ങിയവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയത് ഇഷ്യൂ ചെയ്യുന്നത് ആർക്കാണെന്ന് രേഖപ്പെടുത്തുന്നില്ല. അപാകങ്ങൾ പരിഹരിച്ച് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

12- വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മൈലേജ് ടെസ്റ്റ് സമയബന്ധിതമായി നടത്തി ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

13- വാഹനങ്ങളുടെ ലോഗ് ബുക്കിൽ മുഴവൻ വിവരങ്ങളും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. ലോഗ് ബുക്കിൽ യാത്രസംബന്ധിച്ച് മുഴവൻ വിവരങ്ങളും രേഖപ്പെടുത്തി യാത്ര നടത്തിയ ഉദ്യോഗസ്ഥനും കൺട്രോളിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

14 - മലബാർ പ്രൊഡ്യൂസ് എജൻസി, തളിപ്പറമ്പിന്റെ ഡീസൽ ബിൽ പ്രകാരം (ബിൽ നമ്പർ 281/01-08-2022) KL 59 H 3037 നമ്പർ ബൊലേറോ ജീപ്പിന് 50 ലിറ്റർ ഡീസൽ വാങ്ങിയതിന് 4,743 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ ലോഗ് ബുക്കിൽ ഇത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഇല്ല. സി.എസ്.ആർ രജിസ്റ്റർ വാല്യം V, പേജ് നമ്പർ 98 ൽ രേഖപ്പെടുത്തിയതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത രജിസ്റ്ററിലും ഇത് സംബന്ധിച്ച് രേഖപ്പെടുത്തൽ ഇല്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

15- തുടർചെലവുകൾ രേഖപ്പെടുത്തുന്നതിന് കണ്ടിൻജന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കണ്ടിൻജന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ചെലവുകളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

16- നോട്ട്ഫയൽ,കറസ്പോണ്ടൻസ് ഫയൽ എന്നിവ തയ്യാറാക്കുന്നില്ല. 34,64,166 രൂപയുടെ ചെലവ് വന്ന പ്രോജക്ടിൽ ചെലവ് തുകകൾ അനുവദിക്കുന്നതിലെ കൃത്യത ഉറപ്പ് വരുത്തുന്നതിന് നോട്ട് ഫയൽ തയ്യാറാക്കേണ്ടതും, കത്തിടപാടുകൾക്ക് കറസ്പോണ്ടൻസ് ഫയൽ സൂക്ഷിക്കേണ്ടതുമാണ്.

ഫാമുകളുടെ പ്രവർത്തനം സംബന്ധിച്ച് വികസനസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കൃത്യമായ നിരീക്ഷണം ഉണ്ടാകണമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/13-7-23) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-18 ജില്ലാ ആശുപത്രിക്ക് സമീപം വിവിധ പദ്ധതികൾക്കായി സ്ഥലം വാങ്ങൽ -കെട്ടിടനിർമാണത്തിന് അനുമതി ലഭിക്കുമോ എന്ന് പരിശോധിക്കാതെ സ്ഥലം വാങ്ങി- ചെലവ് തുക ₹2,40,32,500 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് | 02/23 ജില്ലാ ആശുപത്രിക്ക് സമീപം വിവിധ പദ്ധതികൾക്കായി സ്ഥലം വാങ്ങൽ |
| അടങ്കൽ | ₹2,50,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | ₹2,40,32,500 |

| | |
|---|---|
| ബിൽ നമ്പർ | 1) 1319/28.02.2023 ₹2,40,25,000<br>2)1426/08.03.2023 ₹7,500 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| തുക അനുവദിച്ച ഉത്തരവ് നമ്പർ | ബി8/2986/21 തീയ്യതി 27.02.2023 |

കണ്ണൂർ ജില്ലാപഞ്ചായത്ത്, ജില്ലാ ആശുപത്രിക്ക് സമീപത്തുള്ള കണ്ണൂർ-1 വില്ലേജിലെ, റീ- സർവേ 1055/1 ൽ പെട്ട 0.1943 ഹെക്ടർ സ്ഥലവും, 1055/2 ൽ പെട്ട 0.0040 ഹെക്ടർ സ്ഥലവും ഉൾപ്പെടെ ആകെ-49 സെന്റ് സ്ഥലം ന്യായവിലക്ക് വാങ്ങുന്നതിനു വേണ്ടിയാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്.

കണ്ണൂർ ജില്ലാ കലക്ടറുടെ DCKNR/10371/2021-C-തീയതി- 16.02.22 നമ്പർ കത്ത് പ്രകാരം ( കണ്ണൂർ തഹസിൽദാറുടെ എഫ്3/17904/21 തീയതി- 08.02.22നമ്പർ റിപ്പോർട്ട് ) ഒരു ആറിന് ₹9,61,868 രൂപ വില നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ഇതു കൂടാതെ GO(P) NO.15/2022 തസ്വഭവ തീയതി 28.05.2022 പ്രകാരമുള്ള 30% സൊലേഷ്യം കൂടി അനുവദിച്ചുകൊണ്ട് ₹12,50,000 രൂപ നൽകുന്നതിന് ജില്ലാ പഞ്ചായത്ത് ഭരണസമിതി 17.07.2022 ലെ 74/22 നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകി. ഇതിനെ തുടർന്ന് ബിൽ നമ്പർ-1319/28.02.2023 പ്രകാരം സ്ഥലം ഉടമകളായ ശ്രീമതി.സുബൈദ നടുവിലെക്കണ്ടി, ശ്രീ.സഹീർനവാസ്, ശ്രീമതി.സഹനിയാസ് എന്നിവർക്ക് സംയുക്തമായി ₹2,40,25,000 നൽകുകയുണ്ടായി. ബിൽ നമ്പർ -1426/08.03.2023പ്രകാരം ₹7,500 ആധാരം എഴുതുന്നതിനുള്ള ചെലവും നല്കിയിട്ടുണ്ട്.

ഈ പ്രോജക്ടുമായിബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു:-

1) കണ്ണൂർ ജില്ലാ പഞ്ചായത്ത് വനിതകൾക്ക് താമസസൗകര്യം ഒരുക്കുന്നതിനുവേണ്ടി ബിൽഡിംഗ് നിർമിക്കുന്നതിനാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഇത് ജില്ലാ പഞ്ചായത്തിന്റെ ചുമതലകളിൽ പെടാത്തതും, പദ്ധതി മാർഗരേഖകളിൽ പരാമർശിക്കാത്തതുമായതിനാൽ സർക്കാരിൽ നിന്നും ലഭ്യമാക്കേണ്ട മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ല.

2) നഗരാസൂത്രകൻ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്, കണ്ണൂരിന്റെ TCPKNR/994/2022-C തീ.14.09.22 നമ്പർ കത്ത് പ്രകാരം ഈ സ്ഥലം CRZ-II വിൽ ഉൾപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. KCZMP- KL-67 നമ്പർ മാപ് പ്രകാരം ഈ പ്ലോട്ട് കടലിന്റെ HTL ൽ നിന്നും 500 മീറ്റർ പരിധിക്കുള്ളിലായതിനാൽ CRZ-II മേഖലയിലെ ചട്ടങ്ങൾ ബാധകമാണെന്നും, അറിയിച്ചിട്ടുണ്ട്. CRZ ജില്ലാ സമിതിക്ക് 250 ച.മീ. വിസ്തീർണമുള്ള വാസഗൃഹനിർമാണത്തിനു മാത്രമേ NOC നൽകാൻ സാധിക്കുകയുള്ളൂ. ജില്ലാ പഞ്ചായത്ത് കൂടുതൽ വിസ്തീർണമുള്ള ബിൽഡിഗ് നിർമിക്കാൻ ഉദ്ദേശിക്കുന്നതിനാൽ KCZMA സംസ്ഥാന സമിതിയിൽ നിന്നും അംഗീകാരം ലഭിച്ചാൽ മാത്രമേ നിർമാണം സാധ്യമാകുകയുള്ളൂ. നിർമാണത്തിന്റെ സാധ്യത സംബന്ധിച്ച പഠനം നടത്തിയിട്ടില്ല.

3) പ്രസ്തുത സ്ഥലം പ്രതിരോധവകുപ്പിന്റെ സ്ഥലവുമായി അതിർത്തി പങ്കിടുന്നതിനാൽ ബിൽഡിംഗ് നിർമിക്കുന്നതിന് KMBR 2019 ചട്ടം 5-(4)-1 പ്രകാരം രാജ്യരക്ഷാസ്ഥാപനത്തിന്റെ ചാർജ് വഹിക്കുന്ന ഉദ്യോഗസ്ഥനിൽ നിന്നും രേഖാമൂലമുള്ള അനുമതി ലഭിക്കേണ്ടതുണ്ട്. ഇത്തരമൊരു അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെയാണ് സ്ഥലം വാങ്ങിയിരിക്കുന്നത്.

4) പ്രസ്തുത സ്ഥലം കണ്ണൂർ സെന്റ് ആഞ്ചലോസ് കോട്ടയ്ക്കടുത്ത് സ്ഥിതി ചെയ്യുന്നതിനാൽ KMBR 2019 ലെ ചട്ടം 5(4)-16 പ്രകാരം ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയിൽ നിന്നും നിരാക്ഷേപപത്രം ലഭ്യമാക്കേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിക്കാതെയാണ് സ്ഥലം വാങ്ങിയിരിക്കുന്നത്.

5) ഈ സ്ഥലം റസിഡൻഷ്യൽ സോണിൽ ഉൾപ്പെടുന്ന സ്ഥലമായതിനാൽ ജില്ലാ പഞ്ചായത്തിന്റെ വിവിധ പദ്ധതികൾക്ക് വേണ്ടി (വ്യാവസായിക,വാണിജ്യ) വിനിയോഗിക്കുന്നതിനുള്ള നിർമാണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുമോ എന്ന പഠനം നടത്തിയിട്ടില്ല.

6) ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് വില്ലേജ് ഓഫീസർ, കണ്ണൂർ ലഭ്യമാക്കിയ സ്കെച്ച് പരിശോധിച്ചതിൽ ഈ സ്ഥലത്തേക്ക് വഴി സൗകര്യം രേഖപ്പെടുത്തിയതായി കാണുന്നില്ല. നിർമിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന് പ്രധാനറോഡിൽ നിന്നും പ്ലോട്ടിലേക്ക് കെട്ടിടനിർമാണ ചട്ടങ്ങളിൽ അനുശാസിക്കുന്ന സ്വതന്ത്രമായ പ്രവേശനമാർഗം ഉറപ്പാക്കേണ്ടതുണ്ട്. ഇത് ഉറപ്പാക്കാതെയാണ് സ്ഥലം വാങ്ങിയിരിക്കുന്നത്.

മുകളിൽ പരാമർശിച്ച അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ(80/22-11-2023)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽകാരണങ്ങളാൽ ചെലവ്തുക ₹2,40,32,500 തടസ്സപ്പെടുത്തുന്നു. മേൽ പരാമർശിച്ച വകുപ്പ്/ഏജൻസികളിൽനിന്നും ആവശ്യമായ അനുമതി വാങ്ങി പ്രോജക്ട് വിഭാവനം ചെയ്ത പ്രവർത്തനങ്ങൾക്ക് പ്രസ്തുതസ്ഥലം ഉപയുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 'ഓണത്തിന് ഒരുകൊട്ടപൂവ്'പദ്ധതി- വിതരണരേഖകൾ ലഭ്യമാക്കിയില്ല-

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ അഗ്രികൾച്ചർ (വൈ.പി) |
| പ്രോജക്ടിന്റെ നമ്പർ /പേര് | 490/23 'ഓണത്തിന് ഒരുകൊട്ടപൂവ്' -ചെണ്ട്മല്ലി കൃഷി ഗ്രൂപ്പുകൾക്ക് |
| അടങ്കൽ ₹40,63,650 | ₹8,91,150(വികസന ഫണ്ട്-ജനറൽ)<br>₹31,72,500<br>(ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത്) |
| ചെലവ് ₹8,91,150 | ₹5,38,850ബിൽ നമ്പർ 565/17-12-2022<br>₹3,00,300ബിൽ നമ്പർ 830/03-02-2023<br>₹42,250ബിൽ നമ്പർ 1136/22-02-2023<br>₹9,750ബിൽ നമ്പർ 1390/06-03-2023 |

93 ഹെക്ടർ സ്ഥലത്ത് പുഷ്പകൃഷിചെയ്യുന്നതിന് താല്പര്യമുള്ള 600 ഗ്രൂപ്പുകൾക്ക് ഹൈബ്രീഡ് ചെണ്ട്മല്ലി തൈകൾ വിതരണം ചെയ്ത് 250 ടൺ ചെണ്ടുമല്ലിപൂക്കൾ ഉല്പാദിപ്പിക്കുകയെന്നതാണ് പ്രോജക്ട് കൊണ്ട് ഉദ്ദേശിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ ചെണ്ടുമല്ലിതൈകൾ വിതരണം ചെയ്തതിന് ജില്ലാപഞ്ചായത്തിന് കീഴിലുള്ള ഫാമുകൾക്ക് ₹8,91,150 അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫാമിന്റെ പേര് | അനുവദിച്ച തുക | | | | ആകെ |
|---|---|---|---|---|---|---|
| | | ₹5,38,850 ബിൽ നമ്പർ 565/ 17-12-2022 | ₹3,00,300 ബിൽ നമ്പർ 830/ 03-02-2023 | ₹42,250 ബിൽ നമ്പർ 1136/ 22-02-2023 | ₹9,750 ബിൽ നമ്പർ 1390/ 06-03-2023 | |
| 1 | സ്റ്റേറ്റ് സീഡ് ഫാം കാങ്കോൽ | 27,625 | 1,18,950 | - | - | 1,46,575 |
| 2 | ജില്ലാ കൃഷിതോട്ടം തളിപറമ്പ | 1,46,575 | 1,09,850 | 42,250 | 9750 | 3,08,425 |
| 3 | സ്റ്റേറ്റ് സീഡ് ഫാം വേങ്ങാട് | 84,500 | 3,250 | - | - | 87,750 |
| 4 | കോക്കനട്ട് നഴ്സറി പാലയാട് | 1,84,275 | | - | - | 1,84,275 |
| 5 | ടിxഡി പോളിനേഷൻ | 95,875 | 68,250 | - | - | 1,64,125 |

| | | | | | | |
|---|---|---|---|---|---|---|
| | യൂണിറ്റ് ചാലോട് | | | | | |
| | | 5,38,850 | 3,00,300 | 42,250 | 9,750 | 8,91,150 |

പദ്ധതി നിർവ്വഹണത്തിൽ താഴെ കാണുന്ന അപാകങ്ങൾ കാണുന്നു.

1- ചെണ്ട്മല്ലിതൈകൾ വിവിധ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ, കൃഷിഫാമുകളിൽ നിന്നുള്ള കൈപ്പറ്റ് രശീത് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2- പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

3- പ്രോജക്ട് പ്രകാരം 250 ടൺ ചെണ്ട്മല്ലി പൂവുകൾ ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടത്. പ്രോജക്ട് ലക്ഷ്യം കൈവരിച്ചിരുന്നോയെന്ന് വ്യക്തമല്ല. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (38/13-10-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

വിതരണ രേഖകൾ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതും പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതുമാണ്.

## 1-20 കൈപ്പാട് ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് ധനസഹായം - വികസനഫണ്ടിൽ നിന്ന് മൂലധനച്ചെലവ് അനുവദിക്കുന്നതിന് പകരം ആവർത്തനചെലവുകൾ അനുവദിച്ചു. ₹66,044 രൂപ നിരാകരിക്കുന്നു. മറ്റ് അപാകങ്ങൾ - ₹6,33,956 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ അഗ്രികൾച്ചർ ( ഡബ്ല്യു എം) |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 587/23 കൈപ്പാട് ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് ധനസഹായം |
| അടങ്കൽ ₹14,00,000 | ₹7,00,000 (വികസന ഫണ്ട് -ജനറൽ)<br>₹ 7,00,000 (മറ്റുള്ളവ) |
| ചെലവ് | ₹ 7,00,000- ബിൽ നമ്പർ 1/23-02-2023 |

പ്രോജക്ട് പ്രകാരം ഏഴോം ഗ്രാമപഞ്ചായത്തിലെ മലബാർ കൈപ്പാട് ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് വികസനഫണ്ടിൽ നിന്നും (പൊതുവിഭാഗം) ₹7,00,000 ധനസഹായം അനുവദിച്ചിട്ടുണ്ട്. സ.ഉ.(കൈ) നം 115/2022 /ത.സ്വ.ഭ.വ. തീയതി 28-05-2022 ഖ. 6-10 ലെ പൊതുവ്യവസ്ഥകൾ പാലിച്ചിട്ടുള്ള സഹകരണ സംഘങ്ങൾക്കാണ് ധനസഹായത്തിന് അർഹത.

പ്രോജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങൾക്കാണ് ധനസഹായത്തിന് അർഹത. സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2- അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ട വിശദമായ പ്രോജക്ട് പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടില്ല.

3- ഇതേ ഇനങ്ങൾക്ക് ബന്ധപ്പെട്ട സർക്കാർ വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4- സംഘം മൂന്ന് വർഷമായി പ്രവർത്തിച്ചുവരുന്നുണ്ടെന്നും ധനസഹായം നൽകുന്നതിന് തൊട്ടുമുൻവർഷം ലാഭം ഉണ്ടാക്കിയെന്നും തെളിയിക്കുന്ന രേഖകൾ, 2021-22 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, നിർമ്മാണ പ്രവൃത്തികളുടെ പ്ലാൻ, എസ്റ്റിമേറ്റ്, പ്രോജക്ട് അടങ്കലിൽ സംഘത്തിന്റെ വിഹിതം എത്രയെന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

5- ഡി.പി.സി അംഗീകരിച്ച പ്രസ്തുത പ്രോജക്ടിൽ വിഷയമേഖലാടിസ്ഥാനത്തിലുള്ള പരിശോധനാസാക്ഷ്യപത്രപ്രകാരം (ഖ-IV-17) അനിവാര്യച്ചുമതലയുടെ ഭാഗമായുള്ള ആവർത്തന ചെലവുകൾ ഉൾപ്പെട്ടിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആവർത്തനചെലവുകളായ കെട്ടിടവാടക (3/2021 മുതൽ 12/2022 വരെ ) ₹1,08,000; വൈദ്യുതി ചാർജ് ₹10,588; കുടിവെള്ളം കൊണ്ടുവരുന്നതിനുള്ള ചെലവ് ₹13,500 എന്നിവയുടെ 50% തുകയായ ₹66,044 (₹1,08,000+₹10,588+₹13,500=1,32,088x50%) എന്നിവ പ്രോജക്ടിന്റെ ഭാഗമായി ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

6) മലബാർ കൈപ്പാട് ഫാമേഴ്സ് സൊസൈറ്റിയെ ധനസഹായത്തിന് തെരെഞ്ഞെടുത്തത് വ്യക്തമാക്കുന്ന വികസന സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല.

7) കൈപ്പാട് ഫാമേഴ്സ് സൊസൈറ്റിയിൽ നിന്നുള്ള 7,00,000/- രൂപയുടെ കൈപ്പറ്റ് രശീത് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (39/13-10-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

കൈപ്പാട് ഫാമേഴ്സ് സൊസൈറ്റി മൂലധന ആസ്തി സൃഷ്ടിച്ചത് വാടകകെട്ടിടത്തിലാണ്. കെട്ടിട ഉടമയുമായി ദീർഘകാല കരാർ ഉണ്ടാക്കിയിട്ടില്ലെങ്കിൽ സൃഷ്ടിച്ച മൂലധന ആസ്തികൾ നഷ്ടപ്പെടുന്നതിന് ഇടവരികയും പദ്ധതി ലക്ഷ്യം നേടാൻ സാധിക്കാതെ വരികയും ചെയ്യുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

വികസനഫണ്ട് ഉപയോഗിച്ച് നടത്തിയ തുടർചെലവുകളായ കെട്ടിടവാടക, വൈദ്യുതിചാർജ്, കുടിവെള്ളം കൊണ്ടുവരുന്നതിനുള്ള ചെലവ് എന്നിവയ്ക്ക് അനുവദിച്ച 1,32,088/- രൂപയുടെ 50% തുകയായ 66,044/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റിയിൽ നിന്ന് തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്. മേൽ അപാകങ്ങളിലെ ക്രമനമ്പർ 5 ഒഴികെയുള്ള രേഖകൾ ഹാജരാക്കാത്തതിനാൽ ₹6,33,956 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 ചിറ്റാരി-പരമ്പരാഗത നെൽവിത്തുകളുടെ സംരക്ഷണം - രേഖകൾ ഹാജരാക്കിയിട്ടില്ല.- 2,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ അഗ്രികൾച്ചർ ( ഡബ്ല്യൂ എം) |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 540/23ചിറ്റാരി-പരമ്പരാഗതനെൽവിത്തുകളുടെ സംരക്ഷണം |
| അടങ്കൽ ₹10,00,000 | ₹5,00,000 (വികസന ഫണ്ട്- ജനറൽ)<br>₹ 5,00,000 (മറ്റുള്ളവ) |
| ചെലവ് | ₹ 2,00,000 ബിൽ നമ്പർ 2/30-03-2023 |

അന്യംനിന്നുപോകുന്ന സവിശേഷതകൾ ഉള്ള നെൽവിത്തുകൾ കൃഷിചെയ്യുന്ന പാടശേഖരസമിതികൾ, കർഷകഗ്രൂപ്പുകൾ എന്നിവക്ക് ധനസഹായം നൽകി വിത്തുകൾ സഹകരണ സംഘങ്ങൾ/ഗ്രൂപ്പുകൾ വഴി സംഭരിച്ച് ഇവയുടെ കൃഷി വ്യാപിപ്പിക്കുക എന്നതാണ് പ്രോജക്ട് ലക്ഷ്യം. ഇതിനായി ചിറ്റാരി പരമ്പരാഗതനെൽവിത്തുകളുടെ സംരക്ഷണയിനത്തിൽ മയ്യിൽ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന ഗുണഭോക്താക്കൾക്കായി 2,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച സബ്സിഡി (₹) |
|---|---|---|
| 1 | ശ്രീമതി.വൃന്ദ.സി | 44,000 |
| 2 | ശ്രീ.പി.പി.ചന്ദ്രശേഖരൻ | 33,500 |
| 3 | ശ്രീ.ഭാസ്കരൻ പി.ടി | 25,000 |
| 4 | ശ്രീ.ലക്ഷ്മണൻ ഒ.വി | 28,000 |
| 5 | ശ്രീ.സന്തോഷ് വി.വി | 69,500 |
| ആകെ | | 2,00,000 |

പ്രോജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- സ.ഉ(കൈ) നം 115/2022/ത.സ്വ.ഭ.വ തീയതി 28-05-2022ഖ. 6-1 പ്രകാരം കാർഷിക മേഖലയിലെ ഗ്രൂപ്പ് പ്രോജക്ടുകൾക്കാണ് ജില്ലാപഞ്ചായത്തിന് ധനസഹായം നൽകാവുന്നത്. അംഗീകരിച്ച പ്രോജക്ട് പ്രകാരവും ഗ്രൂപ്പ് സംരംഭങ്ങൾക്കുള്ള ധനസഹായമാണിത്. എന്നാൽ പ്രോജക്ടിൽ നിന്ന് വ്യതിചലിച്ച് വ്യക്തിഗത ഗുണഭോക്താക്കൾക്കാണ് സബ്സിഡി അനുവദിച്ചത്. പ്രോജക്ട് വിഭാവനം ചെയ്തതിൽ നിന്ന് വ്യതിചലിച്ച് വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല.

2-മേൽ വ്യക്തിഗത ഗുണഭോക്താക്കൾക്ക് മയ്യിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ധനസഹായം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. ആയത് ഉറപ്പുവരുത്തുന്നതിന് മയ്യിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് അനുവദിച്ച ധനസഹായം സംബന്ധിച്ച് വിശദവിവരം ഹാജരാക്കിയിട്ടില്ല. വ്യക്തിഗത പ്രോജക്ടുകൾക്ക് ജില്ലാ പഞ്ചായത്തിൽ നിന്ന് ധനസഹായം

അനുവദിക്കുമ്പോൾ ഇതേ ഇനത്തിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ധനസഹായം അനുവദിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും സബ്സിഡിയിൽ ഇരട്ടിപ്പ് വരാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

3- ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല.

4-ഗുണഭോക്താക്കളുടെ സബ്സിഡിക്കുള്ള അപേക്ഷ, തുക അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ടെന്നത് തെളിയിക്കുന്ന ട്രഷറി യു.ടി.ആർ. സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

5- പ്രോജക്ട് വിഭാവനം ചെയ്ത രീതിയിൽ ചിറ്റാരി നെൽവിത്ത് സംഭരിച്ചിട്ടുണ്ടോയെന്നും, കൃഷി വ്യാപനത്തിന് ഉപയുക്തമാക്കിയിട്ടുണ്ടോയെന്നും വ്യക്തമല്ല.

അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (40/13-10-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ 2,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ സംബന്ധിച്ച വിശദമായ മറുപടിയും സബ്സിഡി അനുവദിക്കുന്നതിൽ ഇരട്ടിപ്പ് വന്നിട്ടില്ലെന്ന് തെളിയിക്കുന്നതിന് ആവശ്യമായ രേഖകളും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി - രേഖകൾ ലഭ്യമാക്കിയില്ല. 1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, അഗ്രികൾച്ചർ (വൈ.പി) |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 489/23 തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി |
| അടങ്കൽ ₹3,60,000. | ₹1,00,000(വികസനഫണ്ട് -ജനറൽ)<br>₹1,00,000(മറ്റു ഗ്രാമപഞ്ചായത്തുകൾ )<br>₹1,60,000(മറ്റുള്ളവ) |
| ചെലവ് | ₹1,00,000- ബിൽ നമ്പർ 565/17-12-2022 |

തരിശുഭൂമിയിൽ കൃഷി ചെയ്യുന്ന കർഷക ഗ്രൂപ്പുകൾക്ക് ധനസഹായം നൽകുക എന്നതാണ് പ്രോജക്ട് കൊണ്ട് ഉദ്ദേശിച്ചത്. പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1-ഗുണഭോക്തൃലിസ്റ്റ്

2- ധനസഹായത്തിനുള്ള അപേക്ഷകൾ, അനുബന്ധ രേഖകൾ.

3- ഗ്രൂപ്പുകൾക്ക് സബ്സിഡി ലഭിച്ചെന്ന് പരിശോധിക്കുന്നതിന് ട്രഷറി യു.ടി.ആർ സ്റ്റേറ്റ്മെന്റ്.

രേഖകൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (41/13-10-2023) മറുപടി ലഭ്യമാക്കുകയോ/ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. അപാകങ്ങൾ കാരണം 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 നാട്ടുമാവിൻതോട്ടം -നാടൻമാവിനങ്ങളുടെ ഒട്ടുതൈവിതരണം -രേഖകൾ ലഭ്യമാക്കിയില്ല- 7,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, അഗ്രികൾച്ചർ (വൈ.പി) |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 488/23 നാട്ടുമാവിൻതോട്ടം- നാടൻ മാവിനങ്ങളുടെ ഒട്ടുതൈവിതരണം |
| അടങ്കൽ | ₹30,000(വികസന ഫണ്ട് ജനറൽ) |
| ചെലവ് | ₹30,000-ബിൽ നമ്പർ 1837/28-03-2023 |

പ്രോജക്റ്റ് പ്രകാരം 400 ഒട്ടുമാവിൻ തൈകൾ വിതരണം ചെയ്തതിന് ഒരെണ്ണത്തിന് 75 രൂപ പ്രകാരം ₹30,000 രൂപ ജില്ലാ കൃഷിതോട്ടം, തളിപ്പറമ്പിന് അനുവദിച്ചിട്ടുണ്ട്. വിവിധ സ്ഥാപനങ്ങൾക്ക് തൈകൾ വിതരണം ചെയ്ത ഈ പ്രോജക്ടിൽ, താഴെ പറയുന്ന കൃഷിഭവനുകളുടെ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച 100 ഒട്ടുമാവിൻ തൈകൾ ആർക്കാണ് വിതരണം ചെയ്തതെന്ന് വ്യക്തമല്ല.

| ക്രമ നമ്പർ | കൃഷിഭവൻ | ഒട്ടുതൈകളുടെ എണ്ണം | ഇൻവോയിസ് നമ്പർ തീയതി | തുക (₹) |
|---|---|---|---|---|
| 1 | മാങ്ങാട്ടിടം | 70 | 272/2022-23 15-03-2023 | 5,250 |
| 2 | ചൊക്ലി | 10 | 277/2022-23 15-03-2023 | 750 |
| 3 | മുണ്ടേരി | 20 | 273/2022-23 15-03-2023 | 1,500 |
| | | | | 7,500 |

സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28-05-2022 ഖ.6-1-6 പൊതുസ്ഥലങ്ങളിൽ വൃക്ഷതൈകൾ വച്ചുപിടിപ്പിക്കൽ പദ്ധതിക്ക് മൂന്ന് വർഷത്തെ പരിപാലനം ഉറപ്പ് വരുത്തുന്നതിനുള്ള കരാറിൽ ബന്ധപ്പെട്ട സ്ഥാപനം തദ്ദേശഭരണസ്ഥാപനവുമായി ഏർപ്പെടണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ കൃഷിഭവനുകളിൽ വാങ്ങിയ ഒട്ടുമാവിൻ തൈകൾ ആർക്ക് വിതരണം ചെയ്യേന്നോ, വിതരണം ചെയ്ത സ്ഥാപനം തദ്ദേശഭരണസ്ഥാപനവുമായി പരിപാലനം സംബന്ധിച്ച് കരാർ ചമച്ചിരുന്നോയെന്നും വ്യക്തമല്ല.
ഒട്ടുമാവിൻ തൈകൾ ആർക്കെല്ലാം വിതരണം ചെയ്തതെന്ന വിവരവും സ്ഥാപനവുമായി ചമച്ച കരാർ, ജില്ലാ കൃഷിതോട്ടം തളിപറമ്പിൽ നിന്നുള്ള കൈപ്പറ്റ് രശീത് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (42/13-10-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ കാരണം 7,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 നെൽകൃഷി കൂലിചെലവ് സബ്സിഡി- ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. 31,52,051/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ അഗ്രികൾച്ചർ (ഡബ്ല്യൂ.എം) |
| പ്രോജക്റ്റിന്റെ നമ്പർ/ പേര് | 798/23 നെൽകൃഷി കൂലിചെലവ് സബ്സിഡി- ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം |
| അടങ്കൽ ₹1,31,90,394 | ₹65,95,197(വികസന ഫണ്ട് -ജനറൽ)<br>₹65,95,197(മറ്റുള്ളവ) |

| | |
|---|---|
| ചെലവ് | ₹65,95,197 |

പ്രോജക്ട് പ്രകാരം നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡിയിനത്തിൽ വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ₹65,95,197 അനുവദിച്ചിട്ടുണ്ട്. ധനസഹായം അനുവദിച്ച 5 ഗ്രാമപഞ്ചായത്തുകളിൽ, ഏഴോം, ₹13,44,666; മയ്യിൽ ₹20,98,480എന്നീ കൃഷിഭവനുകളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. അവശേഷിക്കുന്ന കൃഷിഭവനുകളിൽനിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | കൃഷിഭവൻ/ പഞ്ചായത്ത് | തുക (₹) | ബിൽ നമ്പർ, തീയതി | ആകെ അനുവദിച്ച തുക (₹) |
|---|---|---|---|---|
| 1 | ചെറുതാഴം | 8,42,588 | 615/26-12-2022 | 23,36,412 |
| | | 14,93,824 | 616/26-12-2022 | |
| 2 | കാങ്കോൽ ആലപ്പടമ്പ് | 5,10,000 | 1389/06-03-2023 | 5,10,000 |
| 3 | മുണ്ടേരി | 3,05,639 | 1635/18-03-2023 | 3,05,639 |
| ആകെ | | | | 31,52,051 |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ്അന്വേഷണത്തിന് (43/13-10-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 31,52,051 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 നെൽകൃഷി വികസനം ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. 1,20,14,696 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ അഗ്രികൾച്ചർ (ഡബ്ല്യൂഎം) |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 567/23നെൽകൃഷിവികസനം- ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം |
| അടങ്കൽ | ₹1,64,96,340(വികസനഫണ്ട് -ജനറൽ) |
| ചെലവ് | ₹1,64,96,340 ( എ.സി.ആർ പ്രകാരം) |

എ.സി.ആർ പ്രകാരം 1,64,96,340 രൂപയുടെ ചെലവ് ഉണ്ടായിട്ടുണ്ടെങ്കിലും 1,63,40,150 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ലഭ്യമാക്കിയത്. ബിൽ നമ്പർ തീയതി 1753/25-03-2023 പ്രകാരം പിൻവലിച്ച 1,56,190 രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് പ്രകാരം നെൽകൃഷി വികസനത്തിന് വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ₹1,63,40,150 അനുവദിച്ചിട്ടുണ്ട്. 23 ഗ്രാമപഞ്ചായത്തിലെ കൃഷിഭവനുകൾക്ക് ധനസഹായം നൽകിയിട്ടുണ്ടെങ്കിലും ഏഴോം ₹6,66,310; മയ്യിൽ ₹33,70,144; കുഞ്ഞിമംഗലം ₹2,89,000 എന്നീ കൃഷിഭവനുകളിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. അവശേഷിക്കുന്ന കൃഷിഭവനുകളിൽനിന്നുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ | കൃഷിഭവൻ / | തുക | ബിൽനമ്പർ/തീയതി | ആകെ അനുവദിച്ച |
|---|---|---|---|---|

| നമ്പർ | പഞ്ചായത്ത് | | | തുക (₹) |
|---|---|---|---|---|
| 1 | കരിവെള്ളൂർ പെരളം | 4,67,964 | 328/26-10-2022 | 21,52,500 |
| | | 3,19,536 | 329/26-10-2022 | |
| | | 3,19,788 | 716/13-01-2023 | |
| | | 3,67,962 | 868/07-02-2023 | |
| | | 6,77,250 | 929/13-02-2023 | |
| 2 | കല്ല്യാശ്ശേരി | 5,44,808 | 330/26-10-2022 | 6,54,808 |
| | | 1,10,000 | 587/19-12-2022 | |
| 3 | കെളച്ചേരി | 5,41,440 | 365/04-11-2022 | 7,65,000 |
| | | 2,23,560 | 1442/09-03-2023 | |
| 4 | ചപ്പാരപ്പടവ് | 68,000 | 499/08-12-2022 | 68,000 |
| 5 | പട്ടുവം | 12,83,500 | 50008-12-2022 | 12,83,500 |
| 6 | നാറാത്ത് | 1,74,794 | 505/08-12-2022 | 5,00,000 |
| | | 32,368 | 504/08-12-2022 | |
| | | 26,316 | 503/08-12-2022 | |
| | | 1,03,054 | 502/08-12-2022 | |
| | | 1,37,088 | 501/08-12-2022 | |
| | | 26,380 | 1668/21-03-2023 | |
| 7 | കാങ്കോൽ ആലപ്പടമ്പ് | 88,230 | 506/08-12-2022 | 88,230 |
| 8 | രാമന്തളി | 2,61,210 | 612/26-12-2022 | 3,60,000 |
| | | 98,790 | 1163/23-02-2023 | |
| 9 | കണ്ണപുരം | 2,61,800 | 613/26-12-2022 | 8,28,240 |
| | | 2,24,944 | 614/26-12-2022 | |
| | | 89,964 | 1443/09-03-2023 | |
| | | 1,14,240 | 1445/09-03-2023 | |
| | | 1,37,292 | 1550/15-03-2023 | |
| 10 | പരിയാരം | 4,28,810 | 639/31-12-2022 | 8,29,810 |
| | | 1,53,000 | 864/07-02-2023 | |
| | | 2,48,000 | 1165/23-02-2023 | |
| 11 | കുറുമാത്തൂർ | 4,60,462 | 698/10-01-2023 | 4,60,462 |
| 12 | കുറ്റ്യാട്ടൂർ | 5,46,244 | 715/13-01-2023 | 5,46,244 |
| 13 | മാട്ടൂൽ | 88,000 | 737/19-01-2023 | 88,000 |
| 14 | കണിച്ചാർ | 62,500 | 930/13-02-2023 | 62,500 |
| 15 | ഉളിക്കൽ | 3,50,000 | 1038/16-02-2023 | 3,50,000 |
| 16 | എരമം കുറ്റൂർ | 2,57,500 | 1164/23-02-2023 | 2,57,500 |
| 17 | ചെറുകുന്ന് | 2,11,650 | 1162/23-02-2023 | 6,37,500 |
| | | 4,25,850 | 1161/23-02-2023 | |
| 18 | ആറളം | 3,50,000 | 1450/09-03-2023 | 3,50,000 |
| 19 | ചെറുതാഴം | 6,30,722 | 1551/15-03-2023 | 12,05,402 |
| | | 4,71,932 | 1552/15-03-2023 | |
| | | 1,02,748 | 1826/28-03-2023 | |
| 20 | കാങ്കോൽ | 5,27,000 | 2015/30-03-2023 | 5,27,000 |

| | | | | |
|---|---|---|---|---|
| | ആലപടമ്പ് | | | |
| | ആകെ | | | 1,20,14,696 |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ്അന്വേഷണത്തിന് (44/13-10-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 1,20,14,696രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 പാഷൻഫ്രൂട്ട് ഗ്രാമങ്ങൾ - രേഖകൾ ലഭ്യമാക്കിയിട്ടില്ല. 2,46,921 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ അഗ്രികൾച്ചർ ( വൈ പി ) |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 386/23 പാഷൻഫ്രൂട്ട് ഗ്രാമങ്ങൾ |
| അടങ്കൽ ₹8,75,921 | ₹2,46,921(വികസന ഫണ്ട് -ജനറൽ)<br>₹6,29,000(ഗുണഭോക്തൃവിഹിതംനേരിട്ട് ചെലവഴിക്കുന്നത്) |
| ചെലവ് | ₹ 2,46,921 ബിൽ നമ്പർ 857/06-02-2023 |

പ്രോജക്ട് പ്രകാരം നൂറ് കർഷകഗ്രൂപ്പുകൾക്ക് 2,01,921 രൂപയും ജില്ലാ കൃഷിതോട്ടം തളിപറമ്പിന് 45,000 രൂപയും ഉൾപ്പടെ ആകെ ₹2,46,921 ചെലവഴിച്ചിട്ടുണ്ട്.
പ്രോജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- പ്രോജക്ടിൽ ഗുണഭോക്തൃ ഗ്രൂപ്പുകളെ തെരഞ്ഞെടുത്തത് എങ്ങിനെയാണെന്ന് വ്യക്തമല്ല.

2-ഗുണഭോക്തൃഗ്രൂപ്പുകളുടെ സബ്സിഡിക്കുള്ള അപേക്ഷ, തുക അക്കൗണ്ടിൽ ലഭ്യമായിട്ടുണ്ടെന്നത് തെളിയിക്കുന്ന ട്രഷറി യു.ടി.ആർ. സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

3- പ്രോജക്ട് പ്രകാരം ₹6,29,000 ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4- ജില്ലാ കൃഷിതോട്ടം തളിപറമ്പിന് ₹45,000 അനുവദിച്ചിട്ടുണ്ട്. ആയതിൻെറ കൈപ്പറ്റ് രശീത് ലഭ്യമാക്കിയിട്ടില്ല.

രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ്അന്വേഷണത്തിന് (45/13-10-2023) രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഇക്കാരണത്താൽ 2,46,921 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 'വിള അധിഷ്ഠിതഗ്രാമം'- ഗ്രാമപഞ്ചായത്തിന് ധനസഹായം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- 50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ അഗ്രികൾച്ചർ (ഡബ്ല്യൂ.എം) |
| പ്രോജക്ടിന്റെ നമ്പർ/പേര് | 491/23 'വിള അധിഷ്ഠിതഗ്രാമം' - ഗ്രാമപഞ്ചായത്തിന് ധനസഹായം |
| അടങ്കൽ ₹1,60,000 | ₹50,000(വികസന ഫണ്ട് -ജനറൽ)<br>₹50,000(മറ്റു ഗ്രാമപഞ്ചായത്തുകൾ )<br>₹60,000(മറ്റുള്ളവ) |
| ചെലവ് | ₹50,000-ബിൽ നമ്പർ 1527/14-03-2023 |

വാഴ, മഞ്ഞൾ, ഇഞ്ചി, കൈതച്ചക്ക, പയർവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവ ഗ്രൂപ്പുകളായി കൃഷിചെയ്യുന്നതിന്

ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം നൽകുകയെന്നതാണ് പ്രോജക്ട് കൊണ്ട് ഉദ്ദേശിച്ചത്. പ്രോജക്ട് പ്രകാരം ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന വിവരവും, പഞ്ചായത്തുകളിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രവും ലഭിച്ചിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ്അന്വേഷണത്തിന് (46/13-10-2023) രേഖകൾ ഹാജരാക്കുകയോ, മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 50,000/-രൂപ തടസ്സപ്പെടുത്തുന്നു. ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾക്കാണ് തുക കൈമാറിയതെന്ന വിവരം അറിയിച്ചും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 ജില്ലാ വെറ്ററിനറി കേന്ദ്രം,RAHC-കൾ എന്നിവയുടെ നിത്യനിദാനച്ചെലവ്-കുടിശ്ശിക ഒടുക്കിയതും മറ്റ് അപാകങ്ങളും-

ജില്ലാ വെറ്ററിനറി കേന്ദ്രം,RAHC-കൾ എന്നിവയുടെ നിത്യനിദാനച്ചെലവ് നിർവ്വഹണം(323/23) എന്ന പ്രോജക്ടിൽ താഴെ ചേർത്ത പ്രകാരം വൈദ്യുതിചാർജ്/വെള്ളക്കരമിനത്തിൽ കുടിശ്ശിക ഒടുക്കിയിട്ടുണ്ട്.

| കെട്ടിടം/കൺസ്യൂമർ നമ്പർ | കുടിശ്ശികയായിഒടുക്കിയ സംഖ്യ(₹) | ബിൽ നമ്പർ | വൈദ്യുതിചാർജ്/ വെള്ളക്കരം |
|---|---|---|---|
| ഓഫീസ്- X-RAYകെട്ടിടം- 1166547019730 | 3,515 | 28/15-3-23 | വൈദ്യുതിചാർജ് |
| ഓഫീസ് കെട്ടിടം- 1166542017683 | 36,262 | 28/15-3-23 | വൈദ്യുതിചാർജ് |
| ഓഫീസ്-ലാബ് കെട്ടിടം- 1166542006070 | 17,635 | 28/15-3-23 | വൈദ്യുതിചാർജ് |
| KGI/3/N 4231102294 | 29,795 | 31/15-3-23 | വെള്ളക്കരം |
| പാപ്പിനിശ്ശേരി ABCകേന്ദ്രം PP4/1374/N | 15,784 | 15/08-02-23 | വെള്ളക്കരം |

പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.കുടിശ്ശിക വരാനുണ്ടായ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

2.പാപ്പിനിശ്ശേരി എ.ബി.സി.കേന്ദ്രം നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

3.എ.ബി.സി.മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചത് സംബന്ധിച്ച വിവരം, മിനുട്സ് തുടങ്ങിയവ ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയങ്ങളുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ (36/12-10-23)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-29 തീരദേശസേന-ചുമതലയിൽ ഉൾപ്പെടാത്ത പദ്ധതിനിർവ്വഹണവും - ടെണ്ടർഫീസ് ജില്ലാപഞ്ചായത്തിൽ ഒടുക്കാത്തതും

| | |
|---|---|
| പ്രോജക്ട് നമ്പർ | 412/23 |
| പ്രോജക്ടിൻെറ പേര് | തീരദേശസേന |
| നിർവ്വഹണം | ഡെപ്യൂട്ടി ഡയരക്ടർ ഓഫ് ഫിഷറീസ് |
| ഫണ്ടിനം | വികസനഫണ്ട് |

| | |
|---|---|
| അടങ്കൽ | ₹12,80,000/- |
| ചെലവ് | ₹7,94,606/- |
| ബിൽനമ്പർ/തീയതി,തുക | 1310/27-02-2023 ₹5,61,296<br>1694/22-03-2023 ₹37,430<br>1820/27-03-2023 ₹1,95,880 |

2018, 2019 വർഷങ്ങളിലെ ഉണ്ടായ പ്രളയത്തിൻെറ പശ്ചാത്തലത്തിൽ നാല് മത്സ്യഭവൻ പരിധികളിലായി കടൽരക്ഷാപ്രവർത്തനത്തിൽ പരിശീലനം സിദ്ധിച്ച ഓരോ ഗ്രൂപ്പുകൾക്ക് (തീരദേശസേന) ഫൈബർ തോണി, എഞ്ചിൻ, സുരക്ഷാ ഉപകരണങ്ങൾ തുടങ്ങിയവ ലഭ്യമാക്കി രക്ഷാപ്രവർത്തനത്തിന് സജ്ജമാക്കുന്നതിന് വേണ്ടി നൂതനപ്രോജക്ടായി ആവിഷ്കരിച്ചതാണ് ഈ പ്രോജക്ട്. പ്രളയസമയത്ത് രക്ഷാപ്രവർത്തനത്തിനും മറ്റു സമയങ്ങളിൽ സേനാംഗങ്ങളുടെ ജീവിതോപാധിക്കും ഉപയോഗപ്പെടുത്താമെന്നാണ് വിഭാവനം ചെയ്തിട്ടുള്ളത്. 2022-23 വർഷം ചുവടെ ചേർത്ത ഇനങ്ങൾക്കായി 7,94,606/-രൂപയും 2023-24 വർഷം സ്പിൽ ഓവർ പ്രോജക്ടായി 4ഔട്ട്ബോർഡ് വള്ളത്തിൻേറതുൾപ്പെടെ 4,78,288/-രൂപയുമടക്കം ആകെ 12,72,894/-രൂപ ഈ പ്രോജക്ടിൽ ചെലവഴിച്ചിട്ടുണ്ട്. 2022-23 വർഷത്തെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം, വിശദവിവരം | തുക(₹) | ബിൽ/UTRനമ്പർ |
|---|---|---|---|
| 1 | വള്ളത്തിന് എഞ്ചിൻ, 9.9HP-<br>4 എണ്ണം- മത്സ്യഫെഡ്, കണ്ണൂർ | 5,61,296 | RBI0602323420479/28-2-23 |
| 2 | ലൈഫ്ബോയ് ജാക്കറ്റ്<br>മത്സ്യഫെഡ്, കണ്ണൂർ | 37,430 | RBI0832368620419/23-3-23 |
| 3 | മൗണ്ടഡ് ജി.പി.എസ്- ഗ്രാമീൻ (ടെണ്ടർ മുഖേന)-4 എണ്ണം- Wildlife&Navigation, New Delhi | 1,95,880 | RBI0892378713502/29-3-23 |

ഈ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) നൂതനപ്രോജക്ടായിട്ടാണ് പ്രസ്തുത പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്.വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ.(കൈ)84/22തസ്വഭവ- തീയതി-19-4-22) ഖണ്ഡിക 3-8-5 പ്രകാരമുള്ള നൂതനപ്രോജക്ടുകളുടെ അംഗീകാരത്തിന് പരിശോധനാവിധേയമാക്കേണ്ടുന്ന ഘടകങ്ങളിൽ ആദ്യത്തേതായി നിഷ്കർഷിച്ചിട്ടുള്ളത് നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് തദ്ദേശഭരണസ്ഥാപനത്തിൻെറ ചുമതലയിൽപ്പെടുന്നതാണോ എന്നതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ- 173; അഞ്ചാം പട്ടികയിൽ ജില്ലാപഞ്ചായത്തിൻെറ ചുമതലയിൽ ഇക്കാര്യം ഉൾപ്പെടുന്നില്ല. ജില്ലാപഞ്ചായത്തിൻെറ ചുമതലയിൽ ഉൾപ്പെടാത്തതും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സബ്സിഡി മാർഗ്ഗരേഖയിലോ, സർക്കാർ വകുപ്പുകളിലേയോ ബാധകമാക്കാവുന്ന മാനദണ്ഡങ്ങൾ ഇല്ലാത്തതുമായ ഈ പ്രോജക്ട് സർക്കാരിൻെറ മുൻകൂർ അനുമതി കൂടാതെ നൂതനപ്രോജക്ട് എന്ന പേരിൽ നടപ്പാക്കിയിട്ടാണുള്ളത്.

2)രക്ഷാപ്രവർത്തനത്തിനുപയുക്തമാക്കാത്ത സമയങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ ജീവിതോപാധിയായി ഇത് ഉപയോഗപ്പെടുത്താമെന്നാണ് വിഭാവനം ചെയ്തിട്ടുള്ളത്.സബ്സിഡി/ധനസഹായം സംബന്ധിച്ച മാർഗരേഖ (സ.ഉ(കൈ)-115/22തസ്വഭവ-തീയതി-28-5-22) പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് വള്ളം വിതരണം ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും മാത്രം ഏറ്റെടുക്കാവുന്ന പ്രോജക്ടാണ്.

3) ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും കടൽ രക്ഷാപ്രവർത്തനത്തിൽ പരിശീലനം നേടിയതായി വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4) ഔട്ട് ബോർഡ് വള്ളത്തിന് ടെണ്ടർ ഫീസിനത്തിൽ ലഭിച്ച 2,000 രൂപ ജില്ലാപഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. ആയത് ഒടുക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേല്ക്കാര്യങ്ങൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണ (82/27-11-2023)-ത്തിന് നൂതന പ്രോജക്ടായാണ് പദ്ധതി നടപ്പാക്കിയതെന്നാണ് വിശദീകരിച്ചത്. നൂതനപ്രോജക്ട്, ആയതിനുള്ള മാനദണ്ഡങ്ങൾ പൂർണമായും പാലിച്ചുകൊണ്ടേ നടപ്പാക്കാവൂ എന്നകാര്യം ശ്രദ്ധയിൽപെടുത്തുന്നു.

## 1-30 ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ കുടുംബശ്രീ കിയോസ്ക് നിർമിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല- ചെലവുതുക ₹36,50,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ പേര് | 509/23 ജില്ലാ പഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ കുടുംബശ്രീ കിയോസ്ക്. |
| അടങ്കൽ | ₹36,50,000(വികസന ഫണ്ട്) |
| ചെലവ് | ₹36,50,000 |
| നിർവഹണ ഉദ്യോഗസ്ഥൻ | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ,കുടുംബശ്രീ, |

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാമിഷൻ കോ-ഓർഡിനേറ്റർ,കുടുംബശ്രീ നിർവ്വഹണം നടത്തിയ പ്രോജക്ടാണിത്. കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ടതും ഏറ്റവും ഗുണനിലവാരമുള്ളതുമായ ലഘുഭക്ഷണങ്ങൾ നൽകുന്നതിനായി പ്രത്യേകം പരിശീലനം ലഭിച്ച കുടുംബശ്രീ വനിതാസംരംഭകരെ ഉൾപ്പെടുത്തി സംരംഭങ്ങൾ സ്ഥാപിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. റൂം സൗകര്യം ലഭ്യമായ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ₹50,000 വും അതില്ലാത്ത സ്കൂളുകളിൽ കോഴിക്കോട് ആസ്ഥാനമായ കേരളസ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനം നിർദേശിച്ച രൂപരേഖ പ്രകാരമുള്ള കിയോസ്ക് സ്ഥാപിക്കുന്നതിന് ₹2,50,000 വും അനുവദിക്കുന്നതിനാണ് ജില്ലാ പഞ്ചായത്തിന്റെ 22.12.2022 ലെ 132/2022 ഭരണസമിതിതീരുമാന പ്രകാരം നിശ്ചയിച്ചിരിക്കുന്നത്.

ഈ പ്രോജക്ടിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) A)ബിൽ നമ്പർ -22190152026601278072/02.03.2023 ₹6,00,000

B)ബിൽ നമ്പർ -22190152026601402321/02.03.2023 ₹50,000;

മുകളിൽ പരാമർശിച്ച ബില്ലുകൾ പ്രകാരം പിൻവലിച്ച തുക റൂം സൗകര്യം ലഭ്യമായ വിവിധ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനു വേണ്ടി കൈമാറിയിട്ടുണ്ട്. എന്നാൽ സ്കൂളുകളിൽ കിയോസ്കുകൾ സ്ഥാപിച്ചതിന്റെയോ, അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയതിൻെറയോ വിവരങ്ങൾ ലഭ്യമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | സി.ഡി എസ് | തുക കൈമാറിയ സ്ഥാപനം | കൈമാറിയതുക(₹) |
|---|---|---|---|---|
| 1 | ഒ.കെ.എസ്. ജി.എച്ച്.എസ്. എസ്., രാമന്തളി | രാമന്തളി | സ്കൂഫേ- കേരള ഗ്രാമീൺ ബാങ്ക്,രാമന്തളി | 50,000 |
| 2 | ചോതാവൂർ,എച്ച്.എസ്.എസ്, ചമ്പാട് | പന്ന്യന്നൂർ | കുടുംബശ്രീ സ്കൂഫെ കേരള ഗ്രാമീൺ ബാങ്ക്, ചമ്പാട് | 50,000 |
| 3 | ജി.എച്ച്.എസ്.എസ്., ചുണ്ടങ്ങാപ്പൊയിൽ | കതിരൂർ | കുടുംബശ്രീ സ്കൂഫെ കതിരൂർ ഐ.ഒ.ബി | 50,000 |
| 4 | എ.വി.എസ്. ജി.എച്ച്.എസ്.എസ്, കരിവെള്ളൂർ | കരിവെള്ളൂർ | കുടുംബശ്രീ സ്കൂഫെ കേരള ഗ്രാമീൺ ബാങ്ക്, പെരളം | 50,000 |

| | | | | |
|---|---|---|---|---|
| 5 | ജി.എച്ച്.എസ്.എസ്., പെരിങ്ങോം | പെരിങ്ങോം വയക്കര | പെരിങ്ങോം സർവീസ് കോ-ഓപ്പ് ബാങ്ക് | 50,000 |
| 6 | ജി.എച്ച്.എസ്.എസ്., ഉളിക്കൽ | ഉളിക്കൽ | ഉളിക്കൽ സർവീസ് കോ-ഓപ്പ് ബാങ്ക് | 50,000 |
| 7 | എച്ച്.എസ്.എസ്., ചപ്പാരപ്പടവ് | ചപ്പാരപ്പടവ് | കുടുംബശ്രീ സ്കൂഫെ കാനറ ബാങ്ക് പെരുമ്പടവ് | 50,000 |
| 8 | കമ്പിൽ മാപ്പിള എച്ച്.എസ്.എസ്. | കമ്പിൽ | കുടുംബശ്രീ സ്കൂഫെ കമ്പിൽ കേരള ഗ്രാമീൺ ബാങ്ക് | 50,000 |
| 9 | ജി.ബി.വി. എച്ച്.എസ്.എസ്, മാടായി | മാടായി | നന്മ കഫെ കേരള ഗ്രാമീൺ ബാങ്ക്, മാടായി | 50,000 |
| 10 | എ.കെ.ജി.എം. ജി.എച്ച്.എസ്.എസ്. പിണറായി | പിണറായി | പിണറായി സർവീസ് കോ-ഓപ്പ് ബാങ്ക് | 50,000 |
| 11 | ജി.എച്ച്.എസ്.എസ്., കുഞ്ഞിമംഗലം | കുഞ്ഞിമംഗലം | കുടുംബശ്രീ സ്കൂഫെ കേരള ഗ്രാമീൺ ബാങ്ക്,കുഞ്ഞിമംഗലം | 50,000 |
| 12 | ജി.എച്ച്.എസ്.എസ്., കണ്ണാടിപ്പറമ്പ് | നാറാത്ത് | കണ്ണാടിപ്പറമ്പ് സർവീസ് കോ ഓപ്പ് ബാങ്ക് | 50,000 |
| 13 | എ.കെ.എസ്. ജി.എച്ച്.എസ്.എസ്., മലപ്പട്ടം | മലപ്പട്ടം | കുടുംബശ്രീ സ്കൂഫെ കേരള ഗ്രാമീൺ ബാങ്ക്,ശ്രീകണ്ഠാപുരം | 50,000 |
| | ആകെ | | | 6,50,000 |

സ്കൂളുകളിൽ കുടുംബശ്രീ കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ടോയെന്നും അവ നിലവിൽപ്രവർത്തിക്കുന്നുണ്ടോ എന്നതു സംബന്ധിച്ചും സ്കൂൾ പ്രിൻസിപ്പാൾമാരിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വേണ്ടി ഓഡിറ്റ് അന്വേഷണം 58/01-11-2023 മുഖേന ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

2) A)ബിൽ നമ്പർ -22190152026601362072/15.03.2023 ₹7,50,000

B)ബിൽ നമ്പർ -22190152026601362085/15.03.2023 ₹7,50,000

C)ബിൽ നമ്പർ -22190152026601362101/15.03.2023 ₹7,50,000

D)ബിൽ നമ്പർ -22190152026601362122/15.03.2023 ₹5,00,000

E)ബിൽ നമ്പർ -22190152026601395764/18.03.2023 ₹2,50,000

മുകളിൽ പരാമർശിച്ച ബില്ലുകൾ പ്രകാരം പിൻവലിച്ച തുക വിവിധ സംരംഭങ്ങളുടെ ലോൺ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക വിനിയോഗിച്ച് കിയോസ്കുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. കേരളസ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനം സ്കൂളുകളിൽ കിയോസ്കുകൾ നിർമിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. കിയോസ്കുകൾ സ്ഥാപിച്ചതു സംബന്ധിച്ച ചെലവുരേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കൂൾ | സി.ഡി.എസ് | തുക കൈമാറിയ സ്ഥാപനം | തുക(₹) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ജി.എച്ച്.എസ്.എസ്., കടന്നപ്പള്ളി പാണപ്പുഴ | കടന്നപ്പള്ളി പാണപ്പുഴ | കടന്നപ്പള്ളി പാണപ്പുഴ സരവീസ് കോ- ഓപ്പ് ബാങ്ക് | 2,50,000 |
| 2 | ജി.ഡബ്ല്യൂ.എച്ച്.എസ്.എസ്., ചെറുകുന്ന് | ചെറുകുന്ന് | ചെറുകുന്ന് സർവീസ് കോ- ഓപ്പ് ബാങ്ക് | 2,50,000 |
| 3 | ഐ.എം.എൻ.എസ്. ജി.എച്ച്.എസ്.എസ്., മയ്യിൽ | മയ്യിൽ | മയ്യിൽ സർവീസ് കോ- ഓപ്പ് ബാങ്ക് | 2,50,000 |
| 4 | ജി.എച്ച്.എസ്.എസ്., മാത്തിൽ | കാങ്കോൽ ആലപ്പടമ്പ | മാത്തിൽ സർവീസ് കോ-ഓപ്പ് ബാങ്ക് | 2,50,000 |
| 5 | ജി.എച്ച്.എസ്.എസ്.,വയക്കര | പെരിങ്ങോം വയക്കര | പെരിങ്ങോം സർവീസ് കോ-ഓപ്പ് ബാങ്ക് | 2,50,000 |
| 6 | സി.പി.എൻ.എം. ജി.എച്ച്.എസ്.എസ്., മാതമംഗലം | എരമം കുറ്റൂർ | എരമം കുറ്റൂർ സർവീസ് കോ-ഓപ്പ് ബാങ്ക് | 2,50,000 |
| 7 | ജി.എച്ച്.എസ്.എസ്., മാലൂർ | മാലൂർ | കേരള ഗ്രാമീൺ ബാങ്ക് തൃക്കടാരിപ്പൊയിൽ | 2,50,000 |
| 8 | ജി.വി.എച്ച്.എസ്.എസ്., കതിരൂർ | കതിരൂർ | കതിരൂർ സർവീസ് കോ-ഓപ്പ് ബാങ്ക് | 2,50,000 |
| 9 | ഇ.കെ.എൻ.എസ്. ജി.എച്ച്.എസ്.എസ്., വേങ്ങാട് | വേങ്ങാട് | വേങ്ങാട് സർവീസ് കോ- ഓപ്പ് ബാങ്ക് | 2,50,000 |
| 10 | ജി.എച്ച്.എസ്.എസ്.,ആറളം | ആറളം | എട്ടൂർ വനിതാ സഹകരണ സംഘം | 2,50,000 |
| 11 | കെ.പി.ആർ. ജി.എച്ച്.എസ്.എസ്., കല്യാശ്ശേരി | കല്യാശ്ശേരി | മൊറാഴ സർവീസ് കോ-ഓപ്പ് ബാങ്ക് | 2,50,000 |
| 12 | ജി.വി.എച്ച്.എസ്.എസ്, എടയന്നൂർ | കീഴല്ലൂർ | കീഴല്ലൂർ സർവ്വീസ് കോ-ഓപ്പ് ബാങ്ക് | 2,50,000 |
| | ആകെ | | | 30,00,000 |

സ്കൂളുകളിൽ കുടുംബശ്രീ കിയോസ്കുകൾ സ്ഥാപിച്ചിട്ടുണ്ടോ എന്നും അവ നിലവിൽപ്രവർത്തിക്കുന്നുണ്ടോ എന്നതു സംബന്ധിച്ചും സ്കൂൾ പ്രിൻസിപ്പാൾമാരിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണ(58/01-11-2023)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മുകളിൽ പരാമർശിച്ച അപാകങ്ങൾ കാരണം ചെലവ് തുക₹36,50,000 തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 കുറുമാത്തൂർ കുടുംബശ്രീ ട്രെയിനിംഗ് സെന്റർ -വൈദ്യുതി കണക്ഷൻ ലഭ്യമാകാത്ത കെട്ടിടത്തിൽ എയർകണ്ടീഷണറുകൾ-ആസൂത്രണത്തിലെ പോരായ്മകളും,മറ്റ് അപാകങ്ങളും -ചെലവ്തുക ₹13,80,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 795/23-കുറുമാത്തൂർ കുടുംബശ്രീ ട്രെയിനിംഗ്സെന്റർ- പരിശീലന ഹാളിലും ഡോർമെറ്ററിയിലും എയർകണ്ടീഷനറുകൾ-മറ്റ് അടിസ്ഥാനസൗകര്യം ഒരുക്കൽ |
| അടങ്കൽ | ₹ 14,29,560 -വികസനഫണ്ട് |

| | |
|---|---|
| ചെലവ് | ₹ 13,80,000 |
| ബിൽ നമ്പർ | 2219015202660141561 9/21.03.2023 ₹13,80,000 |
| നിർവഹണ ഉദ്യോഗസ്ഥൻ | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ,കുടുംബശ്രീ |

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാമിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ നിർവ്വഹണം നടത്തിയ പ്രോജക്ടാണ് കുറുമാത്തൂർ കുടുംബശ്രീ ട്രെയിനിംഗ് സെന്റർ പരിശീലന ഹാളിലും ഡോർമെറ്ററിയിലും എയർ കണ്ടീഷനറുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കൽ.

ജില്ലാ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കുറുമാത്തൂർ കുടുംബശ്രീ ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചത്. 2021-22 പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ ഫർണിച്ചറുകളും വാങ്ങിയിട്ടുണ്ട്. പരിശീലനകേന്ദ്രത്തിലെ ഡോർമെറ്ററിയിലും പരിശീലനഹാളിലും എയർകണ്ടീഷനറുകൾ സ്ഥാപിക്കലും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ഒരുക്കേണ്ടതുണ്ടെന്ന് കുടുംബശ്രീ ജില്ലാമിഷൻകോ-ഓർഡിനേറ്റർ, കണ്ണൂർ- ഉത്തരവ്നമ്പർ എ2/795/2022 കെ.എസ്.കെ.എൻ.ആർ. തീയ്യതി 18.03.2023 പ്രകാരം ജില്ലാപഞ്ചായത്തിനെ അറിയിച്ചതിൽ, പ്രസ്തുത ജോലികൾക്ക് 13,80,000 രൂപയുടെ വിശദമായ എസ്റ്റിമേറ്റ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം തയ്യാറാക്കി നൽകിയതിന്റെ അടിസ്ഥാനത്തിൽ തുക ചലാൻനമ്പർ K-45136/21.03.23 പ്രകാരം നിർവ്വഹണോദ്യോഗസ്ഥൻ പൊതുമരാമത്ത് വിഭാഗത്തിൽ അടവാക്കിയിട്ടുണ്ട്.

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) കുറുമാത്തൂർ കുടുംബശ്രീ ട്രെയിനിംഗ് സെന്ററിൽ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ലെന്ന്, കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ, കണ്ണൂർ ഉത്തരവ് നമ്പർ എ2/795/2022 കെ.എസ്.കെ.എൻ.ആർ. തീയ്യതി 18.03.2023 ൽ വ്യക്തമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റിൽ പ്രതിപാദിച്ച പ്രകാരം ₹5,94,342 ന്റെ എയർകണ്ടീഷനറുകൾ വാങ്ങി സ്ഥാപിക്കൽ കൂടി ഈ പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇവ സ്ഥാപിച്ചാലും പ്രവർത്തിപ്പിക്കാൻ സാധിക്കാത്ത അവസ്ഥയിൽ വാറണ്ടി സമയം നഷ്ടപ്പെടാൻ ഇടയാക്കുമെന്നതിനാൽ, ഈപ്രവൃത്തി പദ്ധതി ആസൂത്രണത്തിലെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു.ഫൈനൽബിൽ, പ്രവൃത്തി പൂർത്തീകരണ പത്രം എന്നിവ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം ലഭ്യമല്ല.

2) 2019-20 ൽ നിർമ്മാണം പൂർത്തിയാക്കിയെങ്കിലും നാല് വർഷം കഴിഞ്ഞിട്ടും വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്തതിനാൽ കെട്ടിടം പൂർണമായ അർത്ഥത്തിൽ ഉപയോഗിക്കാൻ സാധിക്കാത്ത അവസ്ഥയാണ്. പദ്ധതിപ്പണം ഉപയോഗിച്ച് നിർമ്മിച്ച ആസ്തി ഉപയോഗയോഗ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

3) കുറുമാത്തൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഈ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ജില്ലാപഞ്ചായത്തിൽ നിക്ഷിപ്തമാണോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല.

4) ഈ പദ്ധതിപ്രകാരം പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത തുകയ്ക്കുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം, അന്തിമബിൽ എന്നിവ പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാക്കിയിട്ടില്ല.
പ്രസ്തുത അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണ(66/01-11-2023)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ ചെലവ്തുക ₹ 13,80,000 തടസ്സപ്പെടുത്തുന്നു. ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച ആസ്തിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തതയില്ലാത്ത സ്ഥിതിവിശേഷത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. ഇക്കാര്യത്തിൽ സത്വരമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി -നിർവഹണത്തിലെ അപാകങ്ങൾ -ചെലവ് തുക ₹9,50,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 498/23. കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി |
| അടങ്കൽ | ₹ 10,00,000(വികസന ഫണ്ട്) |

| | |
|---|---|
| ചെലവ് | ₹ 9,50,000 |
| ബിൽ നമ്പർ | 22190152026601429010/22.03.2023₹9,50,000 |
| നിർവഹണ ഉദ്യോഗസ്ഥൻ | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ,കുടുംബശ്രീ, |

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാമിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ നിർഹണം നടത്തിയ പ്രോജക്ടാണ് കമ്മ്യൂണിറ്റികിച്ചൺപദ്ധതി. ഏറ്റവും കുറഞ്ഞത് രണ്ട് വനിതകൾ ഉൾക്കൊള്ളുന്ന ഗ്രൂപ്പ് സംരംഭങ്ങൾക്കാണ് സബ്സിഡിയായി ധനസഹായം അനുവദിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന പ്രോജക്ട് കോസ്റ്റിന്റെ 75% അല്ലെങ്കിൽ 3.75 ലക്ഷം രൂപയാണ് സബ്സിഡിയായി അനുവദിക്കുന്നത്. ബാങ്ക് വായ്പ അനുവദിക്കുന്ന മുറയ്ക്ക് സംരഭത്തിന്റെ ലോൺ അക്കൗണ്ടിലേക്ക് സബ്സിഡി തുക അനുവദിക്കുന്നു. ലഭിച്ച അപേക്ഷകളിൽ പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പാലിച്ചുകൊണ്ട് സംരംഭം നടത്താൻ കഴിയുമെന്ന് ബോധ്യപ്പെട്ട പാട്യം, പായം, അഞ്ചരക്കണ്ടി എന്നീ സി.ഡി.എസുകളിലെ സംരംഭകർക്ക് താഴെ വിശദമാക്കും പ്രകാരം സബ്സിഡി തുക അനുവദിക്കുകയുണ്ടായി.

| ക്രമ നമ്പർ | പേര് | സി.ഡി.എസ് | ബാങ്ക് | തുക(₹) |
|---|---|---|---|---|
| 1 | രമ്യ പി.<br>ഷിമിത വി<br>റിംഷ.പി.പി<br>ഷിജ.എം.പി | അഞ്ചരക്കണ്ടി | അഞ്ചരക്കണ്ടി ഫാർമേർസ് സർവീസ് കോ-ഓപ്പ് ബാങ്ക് | 3,25,000 |
| 2 | ദിവ്യ.കെ<br>ഫസീല.ടി.എച്ച്<br>സൈനബ.സി | പായം | കിളിയന്തറ സർവീസ് കോ-ഓപ്പ് ബാങ്ക് | 3,00,000 |
| 3 | ഫാഹില.പി<br>അനിത.കെ.കെ<br>അജിത.വി | പാട്യം | പാട്യം സർവീസ് കോ ഓപ്പ് ബാങ്ക് | 3,25,000 |
| | ആകെ | | | 9,50,000 |

<u>ഈ പ്രോജക്ടിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.</u>

<u>1)സി.ഡി.എസ്.അഞ്ചരക്കണ്ടി</u>

SRI KANI AL TECH, ചോനാടം,തലശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും 14.03.23 ന് ലഭ്യമാക്കിയ 3,23,000 രൂപയുടെ പ്രൊഫോർമ ഇൻവോയ്സിന്റെയും, ഇംപീരിയൽ ഫർണിച്ചർ, ചൂള, ചക്കരക്കൽ (₹87,000), നിയോടെക് സൊലൂഷ്യൻ, കണ്ണൂർ (₹17,000) എന്നീ ക്വട്ടേഷനുകളുടെയും അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്. ബാങ്ക് വായ്പ ഉപയോഗിച്ച് സംരംഭകർ ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയതിന്റെ ഒറിജിനൽ ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല. ഉപകരണങ്ങൾ വാങ്ങുന്നതിന് മുമ്പാണ് പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താനായിട്ടില്ല. ഉപകരണങ്ങൾ വാങ്ങിയതിന്റെ ഒറിജിനൽ ഇൻവോയ്സ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

<u>2) സി.ഡി.എസ്.പാട്യം</u>

SRI KANI AL TECH, ചോനാടം, തലശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും 13.03.23 ന് ലഭ്യമാക്കിയ 2,77,850 രൂപയുടെ പ്രൊഫോർമ ഇൻവോയ്സിന്റെയും, സാഗോ ഏജൻസീസ്, പാനൂർ (₹60,000), പാട്യം സോഷ്യൽ സർവീസ് സൊസൈറ്റി, കതിരൂർ (₹69,000) നിയോടെക്ക് സൊല്യൂഷ്യൻ, കണ്ണൂർ (₹17,000) എന്നീ ക്വട്ടേഷനുകളുടെയും അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്. ബാങ്ക് വായ്പ ഉപയോഗിച്ച് സംരംഭകർ ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയതിന്റെ ഒറിജിനൽ ഇൻവോയിസ് ലഭ്യമാക്കിയിട്ടില്ല. ഉപകരണങ്ങൾ വാങ്ങുന്നതിന് മുമ്പാണ് പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിരിക്കുന്നത്. ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഒറിജിനൽ ഇൻവോയ്സ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

<u>3) സി.ഡി.എസ്.പായം</u>

ന്യൂനാഷണൽ, മെയിൻറോഡ്, ഇരിട്ടി (₹3,92,635), എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്. ബാങ്ക് വായ്പ ഉപയോഗിച്ച് സംരംഭകർ ആവശ്യമായ ഉപകരണങ്ങൾ വാങ്ങിയതിന്റെ ഒറിജിനൽ ഇൻവോയിസ് ലഭ്യമാക്കിയിട്ടില്ല. ഉപകരണങ്ങൾ വാങ്ങുന്നതിന് മുമ്പാണ് പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിരിക്കുന്നത്. ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഒറിജിനൽ ഇൻവോയ്സ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ(59/01-11-2023)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താനാകാത്ത സാഹചര്യത്തിൽ ചെലവു തുക ₹9,50,000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 വനിതാ ഗ്രൂപ്പുകൾക്ക് ഗോട്ട് ബ്രീഡ് യൂണിറ്റ് - ആടുകളെ വാങ്ങിയതിന്റെ രേഖകളില്ല- ചെലവുതുക ₹ 10,00,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 519/23വനിതാ ഗ്രൂപ്പുകൾക്ക് ഗോട്ട് ബ്രീഡ് യൂണിറ്റ് |
| അടങ്കൽ | ₹ 10,00,000(വികസന ഫണ്ട്) |
| ചെലവ് | ₹ 10,00,000 |
| ബിൽ നമ്പർ | 1) 22190152026601362112/15.03.2023 ₹7,00,000 |
| ബിൽ നമ്പർ | 2) 22190152026601390891/17.03.2023 ₹3,00,000 |
| നിർവഹണ ഉദ്യോഗസ്ഥൻ | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ,കുടുംബശ്രീ |

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാമിഷൻ കോ-ഓർഡിനേറ്റർ കുടുംബശ്രീ നിർഹണം നടത്തിയ പ്രോജക്ടാണ് വനിതാ ഗ്രൂപ്പുകൾക്ക് ഗോട്ട് ബ്രീഡ് യൂണിറ്റ്. ഏറ്റവും കുറഞ്ഞത് മൂന്ന് വനിതകൾ ഉൾക്കൊള്ളുന്ന ഗ്രൂപ്പ് സംരംഭങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നത്. ₹2,00,000 ചെലവുവരുന്ന സംരംഭത്തിന് ₹1,00,000 വീതം സബ്സിഡിയായി അനുവദിക്കുന്നതിന് ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 07.02.2023 ലെ 25/2023 നമ്പർ തീരുമാന പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. 19 പെണ്ണാടുകളും ഒരു മുട്ടനാടും ഉൾപ്പെടെ 20 ആടുകൾ ഒരു ഗ്രൂപ്പിൽ ഉൾപ്പെടേണ്ടതുണ്ട്. താഴെ പ്രതിപാദിക്കുന്ന ഗ്രൂപ്പുകൾക്ക് സബ്സിഡിയായി ധനസഹായം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | സി.ഡി.എസ് | ബാങ്ക് | തുക(₹) |
|---|---|---|---|---|
| 1 | ഗോട്ട് ബ്രീഡ് യൂണിറ്റ് | പന്ന്യന്നൂർ | കേരള ബാങ്ക് പാനൂർ | 1,00,000 |
| 2 | കൺമണി ഗോട്ട് ബ്രീഡ് യൂണിററ് | കേളകം | കേരള ഗ്രാമീൺ ബാങ്ക്, കേളകം | 1,00,000 |
| 3 | ശ്രേയസ് ഗോട്ട് ബ്രീഡ് യൂണിറ്റ് | ഏരുവേശ്ശി | കാനറ ബാങ്ക്,നെല്ലിക്കുറ്റി | 1,00,000 |
| 4 | കോഡൂർ ഫാം ഗോട്ട് ബ്രീഡ് യൂണിറ്റ് | കടമ്പൂർ | ചൊവ്വ കോ-ഓപ്പ് റൂറൽ ബാങ്ക് | 1,00,000 |
| 5 | ജ്യോതിസ് ഗോട്ട് ബ്രീഡ് യൂണിറ്റ് | ഉദയഗിരി | കേരള ഗ്രാമീൺബാങ്ക് മണക്കടവ് | 1,00,000 |
| 6 | ശ്രുതി ഗോട്ട് ബ്രീഡ് യൂണിറ്റ് | മുഴക്കുന്ന് | കേരള ഗ്രാമീൺബാങ്ക്, കാക്കയങ്ങാട് | 1,00,000 |
| 7 | കിങ്ങിണി ഗോട്ട് ബ്രീഡ് യൂണിററ് | ചെറുതാഴം | ചെറുതാഴം സർവീസ് കോ-ഓപ്പ് ബാങ്ക് | 1,00,000 |
| 8 | നമിത ഗോട്ട് ബ്രീഡ് യൂണിറ്റ് | ചെറുപുഴ | പാടിയോട്ടുചാൽ സർവീസ് കോ-ഓപ്പ് ബാങ്ക് | 1,00,000 |
| 9 | കൂടാരം ഗോട്ട് ബ്രീഡ് യൂണിറ്റ് | കൂടാളി | പട്ടാന്നൂർ സർവീസ് കോ-ഓപ്പ് ബാങ്ക് | 1,00,000 |

| | | | | |
|---|---|---|---|---|
| 10 | കാഞ്ഞാങ്കണ്ടി ഗോട്ട് ഫാം | വേങ്ങാട് | പാതിരിയാട് സർവീസ് കോ-ഓപ്പ് ബാങ്ക് | 1,00,000 |
| | ആകെ | | | 10,00,000 |

ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) സബ്സിഡി അനുവദിച്ച ഗ്രൂപ്പുകൾ 19 പെണ്ണാടുകളും ഒരു മുട്ടനാടും ഉൾപ്പെടെ 20 ആടുകളെ വാങ്ങേണ്ടതുണ്ട്. എന്നാൽ ഗ്രൂപ്പുകൾ ആടുകളെ വാങ്ങിയതിന്റെ രേഖകളില്ല.

2)ഗ്രൂപ്പുകൾക്ക് ബാങ്ക് വായ്പ അനുവദിച്ചതിന്റെയും സബ്സിഡി തുക വായ്പാഅക്കൗണ്ടിലേക്ക് നിക്ഷേപിച്ചതിന്റെ രേഖകളും, ബാങ്ക് പാസ് ബുക്കും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3)സബ്സിഡി മാർഗരേഖ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പുകൾക്ക് ആടുവളർത്തലിൽ പരിശീലനം നൽകേണ്ടതുണ്ട്. എന്നാൽ പരിശീലനം നൽകിയതിന്റെ രേഖകളില്ല.

4) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ (57/01-11-2023) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽകാരണങ്ങളാൽ ചെലവുതുക ₹ 10,00,000 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 ബഡ്സ് സ്കൂൾ ധനസഹായം - തുക നൽകിയതിന്റെ വിവരങ്ങളും വിനിയോഗവിവരവും ലഭ്യമാക്കിയില്ല. ₹45,00,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 403/23 ബഡ്സ് സ്കൂൾ ധനസഹായം |
| അടങ്കൽ | ₹45,00,000 (വികസന ഫണ്ട്) |
| ചെലവ് | ₹45,00,000 |
| നിർവഹണ ഉദ്യോഗസ്ഥൻ | ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ |

| ബിൽ നമ്പർ | തീയതി | തുക ₹ | ബിൽ നമ്പർ | തീയതി | തുക ₹ |
|---|---|---|---|---|---|
| 1192 | 24-02-2023 | 2,59,265 | 1211 | 24-02-2023 | 21,240 |
| 1199 | 24-02-2023 | 3,91,897 | 1212 | 24-02-2023 | 12,000 |
| 1200 | 24-02-2023 | 62,000 | 1213 | 24-02-2023 | 3,060 |
| 1248 | 24-02-2023 | 65,120 | 1215 | 24-02-2023 | 52,000 |
| 1249 | 24-02-2023 | 34,220 | 1219 | 24-02-2023 | 81,633 |
| 1250 | 24-02-2023 | 32,280 | 1220 | 24-02-2023 | 5,127 |
| 1251 | 24-02-2023 | 3,073 | 1468 | 10-03-2023 | 1,815 |
| 1252 | 24-02-2023 | 5,35,592 | 1467 | 10-03-2023 | 892 |
| 1201 | 24-02-2023 | 1,00,000 | 1466 | 10-03-2023 | 77,868 |
| 1209 | 24-02-2023 | 9,39,798 | 1465 | 10-03-2023 | 15,093 |
| 1221 | 24-02-2023 | 65,120 | 1464 | 10-03-2023 | 4,380 |
| 1222 | 24-02-2023 | 36,780 | 1463 | 10-03-2023 | 3,908 |
| 1223 | 24-02-2023 | 30,680 | 1564 | 15-03-2023 | 15,907 |
| 1225 | 24-02-2023 | 2,11,436 | 1679 | 21-03-2023 | 24,919 |
| 1224 | 24-02-2023 | 32,527 | 1664 | 20-03-2023 | 7,19,593 |

| | | | | | |
|---|---|---|---|---|---|
| 1246 | 24-02-2023 | 65,120 | 1699 | 22-03-2023 | 1,01,088 |
| 1247 | 24-02-2023 | 36,780 | 2027 | 31-03-2023 | 4,57,789 |

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതിയാണ് ബഡ്സ് സ്കൂൾ ധനസഹായം. ഗ്രാമപഞ്ചായത്തുകൾക്ക് കീഴിലുള്ള ബഡ്സ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം, സ്ഥലംവാങ്ങൽ, കെട്ടിടനിർമാണം, വർക്ക് ഷെഡ് നിർമാണം, ഫർണിച്ചർ മറ്റ് ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്ക് ജില്ലാപഞ്ചായത്തിൽ നിന്ന് വിഹിതം നൽകൽ എന്നിവയാണ് ഈ പ്രോജക്ടുകൊണ്ട് ഉദ്ദേശിച്ചത്. ഇതിന്റെ ഭാഗമായി താഴെ പ്രതിപാദിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് 2022-23 സാമ്പത്തിക വർഷത്തിൽ 24.02.23 മുതൽ 31.03.23 വരെയായി നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ പ്രതിപാദിക്കും പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | തുക(₹) |
|---|---|---|
| 1 | രാമന്തളി | 5,00,000 |
| 2 | ഇരിക്കൂർ | 3,91,897 |
| 3 | ചൊക്ലി | 5,35,592 |
| 4 | കൊളച്ചേരി | 7,19,593 |
| 5 | തില്ലങ്കേരി | 9,39,798 |
| 6 | മയ്യിൽ | 52,000 |
| 7 | പാട്യം | 1,00,000 |
| 8 | കരിവെള്ളൂർ | 3,98,100 |
| 9 | എരഞ്ഞോളി | 3,03,331 |
| ആകെ | | 3940311 |

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) സുലേഖ ചെലവു പത്രിക പ്രകാരം ഈ പദ്ധതിക്ക് ആകെ ₹45,00,000 ചെലവുണ്ട്. എന്നാൽ മുകളിൽ പരാമർശിച്ച പ്രകാരം ആകെ ₹39,40,311 രൂപ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതിന്റെ വിവരം മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കിയുള്ള ₹5,59,689 ന്റെ ചെലവുവിവരം ലഭ്യമാക്കേണ്ടതാണ്.

2)ഗ്രാമപഞ്ചായത്തുകൾക്ക് കീഴിലുള്ള ബഡ്സ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം, സ്ഥലംവാങ്ങൽ, കെട്ടിടനിർമാണം, വർക്ക് ഷെഡ് നിർമാണം,ഫർണിച്ചർ മറ്റ് ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കുവേണ്ടിയാണ് തുക അനുവദിച്ചിരിക്കുന്നത്. എന്നാൽ തുക അനുവദിച്ച ഗ്രാമപഞ്ചായത്തുകൾ ഏത് ആവശ്യത്തിനുവേണ്ടിയാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മുഴുവൻ തുകയും ഏത് ആവശ്യത്തിനുവേണ്ടിയാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കണമെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ(75/15-11-2023) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽകാരണങ്ങളാൽ ചെലവ് തുക ₹45,00,000 തടസ്സപ്പെടുത്തുന്നു.

## 1-35 ഭിന്നശേഷിക്കാരുടെ ബ്ലോക്ക് തല സംഗമം - രേഖകൾ ഹാജരാക്കാത്തതും മറ്റു അപാകതകളും-ചെലവ്തുക ₹4,31,776 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 443/23 ഭിന്നശേഷിക്കാരുടെ ബ്ലോക്ക് തല സംഗമം |
| അടങ്കൽ- | ₹11,00,000 (വികസന ഫണ്ട്) |
| ചെലവ് - | ₹4,31,776 (സുലേഖ പ്രകാരം) |

| | |
|---|---|
| ബിൽനമ്പർ- | 913/10.02.2023 ₹1,95,308 |
| നിർവഹണ ഉദ്യോഗസ്ഥൻ | ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ |

ഈ പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) സുലേഖ ചെലവു പത്രിക പ്രകാരം ഈ പദ്ധതിക്ക് ആകെ ₹4,31,776 ചെലവുണ്ട്. എന്നാൽ ആകെ ₹1,95,308 നിർവ്വഹണോദ്യോഗസ്ഥൻ നേരിട്ട് ചെലവഴിച്ചതിന്റെ വിവരം മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ₹2,36,468 താഴെ പ്രതിപാദിക്കും പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിരിക്കുന്നത്. എന്നാൽ ഈ തുക ബ്ലോക്ക് പഞ്ചായത്തുകൾ എന്തിനുവേണ്ടിയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ല.

| ബിൽ നമ്പർ തീയതി | ബ്ലോക്ക് പഞ്ചായത്ത് | തുക (₹) |
|---|---|---|
| 1563/15.03.23 | തലശ്ശേരി | 83,958 |
| 1756/23.03.23 | കല്യാശ്ശേരി | 16,000 |
| 1758/25.03.23 | കുത്തുപറമ്പ | 77,610 |
| 1835/28.03.23 | പേരാവൂർ | 58,900 |
| ആകെ | | 2,36,468 |

2)പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം സംബന്ധിച്ച മാർഗരേഖ സ.ഉ.(കൈ)നം.115/2022 തസ്വഭവ. തീയതി 28.05.2022 ലെ ഖണ്ഡിക 7-1-13 ൽ ഭിന്നശേഷിക്കാരുടെ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപറേഷൻ തല മത്സരങ്ങൾക്ക് മാത്രമാണ് അനുമതി നൽകിയിരിക്കുന്നത്. ഭിന്നശേഷിക്കാരുടെ ബ്ലോക്ക് തല സംഗമം എന്ന ഈപ്രോജക്ടിൽ കണ്ണൂർ ജില്ലാതല മത്സരങ്ങളാണ് നടത്തിയിരിക്കുന്നത്. സർക്കാർ അനുമതിയില്ലാതെ വികസനഫണ്ട് വിനിയോഗിച്ച് ജില്ലാതല മത്സരങ്ങൾ നടത്തിയതിന് കാരണം വ്യക്തമാക്കിയിട്ടില്ല.
മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണ (76/15-11-2023) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽകാരണങ്ങളാൽ ചെലവ്തുക ₹4,31,776 തടസ്സപ്പെടുത്തുന്നു.

## 1-36 പട്ടികവർഗവിഭാഗങ്ങൾക്കു വേണ്ടി നടപ്പിലാക്കിയ പദ്ധതികൾ ലക്ഷ്യം കാണുന്നില്ല- ചെലവ് തുക ₹3,39,747 തടസ്സപ്പെടുത്തുന്നു- ₹34,937 നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 497/23- നവജീവൻ മാതൃകാകോളനിയിൽ ലൈബ്രറി സ്ഥാപിക്കൽ |
| അടങ്കൽ- | ₹ 5,00,000 (ടി.എസ്.പി.ഫണ്ട്) |
| ചെലവ്- | ₹3,74,684<br>1)ബിൽനമ്പർ-1854/28.03.2023 ₹1,74,684<br>2)ബിൽനമ്പർ-1908/28.03.2023 ₹2,00,000 |
| നിർവ്വഹണം- | ഐ. ടി. ഡി. പി പ്രോജക്റ്റ് ഓഫീസർ |

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആറളം നവജീവൻ മാതൃകാകോളനി സാംസ്കാരികനിലയത്തിൽ ലൈബ്രറി സ്ഥാപിക്കുന്നതിനാണ് ഈ പ്രോജക്റ്റ് രൂപീകരിച്ചിരിക്കുന്നത്. ലൈബ്രറി നവീകരിക്കുന്നതിന് ₹2,00,000രൂപയുടെ പുസ്തകങ്ങൾ കേരള ബുക്ക്മാർക്കിൽ നിന്നും ഇൻവോയ്സ് നമ്പർ.125/20.03.2023 പ്രകാരം വാങ്ങുകയും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. റബ്കോയിൽ നിന്നും ഇൻവോയ്സ് നമ്പർ RHVV/22-23/572 തീയ്യതി 13.03.23 പ്രകാരം ₹1,74,684 യുടെ അഞ്ച് ഗ്ലാസ് ഡോർ ഷെൽഫുകളും വാങ്ങിയിട്ടുണ്ട്.
ഓഡിറ്റ് പരിശോധനയുടെ ഭാഗമായി ഈ ഓഫീസിൽ നിന്നും 30-10-2023ന് നവജീവൻ കോളനിയിൽ നടത്തിയ പ്രാദേശികപരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.
1)ആറളത്ത് സ്ഥിതിചെയ്യുന്ന നവജീവൻ കോളനി സാംസ്കാരികനിലയത്തിൽ വൈദ്യുതി, വെള്ളം എന്നിവ ലഭ്യമല്ലാത്തതിനാൽ സാംസ്കാരികനിലയം ഉപയോഗയോഗ്യമല്ലാത്ത നിലയിലാണ്.

2)2008-09 കാലയളവിൽ നിർമ്മിച്ച സാംസ്കാരികനിലയത്തിൽ 15 വർഷം കഴിഞ്ഞിട്ടും വൈദ്യുതി ലഭ്യമാകാത്തത്, പട്ടികവർഗവിഭാഗത്തിൻെറ ഉന്നമനത്തിനായിക്കൊണ്ട് സർക്കാർ രൂപീകരിക്കുന്ന പദ്ധതികൾ ലക്ഷ്യം കാണുന്നില്ല എന്നതിന് ഉദാഹരണമാണ്.

3)ലഭ്യമാക്കിയ ഇൻവോയ്സ് പ്രകാരം റബ്കോയിൽ നിന്നും അഞ്ച് ഷെൽഫുകൾ വാങ്ങുകയും അതിന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സാംസ്കാരിക നിലയത്തിലേക്ക് നാല് ഷെൽഫുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ഗ്ലാസ് ഡോർ ഉള്ള ഷെൽഫുകൾക്കാണ് തുക നൽകിയതെങ്കിലും ഡോറില്ലാത്ത ഷെൽഫുകളാണ് വിതരണം ചെയ്തിരിക്കുന്നത്.

4) കേരള ബുക്ക് മാർക്കിൽ നിന്നും ലഭിച്ച രണ്ട് ലക്ഷം രൂപയുടെ പുസ്തകങ്ങൾ പാക്കറ്റ് പൊട്ടിക്കാതെ സൂക്ഷിച്ചിരിക്കുന്നു. ചെലവുതുകയായ രണ്ട് ലക്ഷം രൂപയുടെ പുസ്തകങ്ങൾ ബുക്ക് മാർക്കിൽ നിന്നും ലഭ്യമായിട്ടുണ്ടോയെന്ന് പരിശോധിക്കുകപോലും ചെയ്തിട്ടില്ല.

5)പുസ്തകങ്ങൾ, ഫർണിച്ചറുകൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.ഇവയുടെ കസ്റ്റോഡിയൻ ആരെന്നത് വ്യക്തമല്ല.

പട്ടികവർഗവിഭാഗത്തിന്റെ ഉന്നമനം ലക്ഷ്യം വച്ച് സർക്കാർ നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാത്തതിന് ഈ പദ്ധതി ഉത്തമ ഉദാഹരണമാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ(56/01-11-2023) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അഞ്ച് ഷെൽഫുകൾക്കുള്ള തുക നൽകിയിട്ടുണ്ടെങ്കിലും നാലെണ്ണം മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നതിനാൽ ഒരു ഷെൽഫിന്റെ വിലയായ ₹34,937 അധികം നൽകിയിരിക്കുന്നു. മേൽകാരണങ്ങളാൽ ചെലവ് തുക ₹3,39,747 തടസ്സപ്പെടുത്തുകയും ₹34,937 നിരാകരിക്കുകയും ചെയ്യുന്നു. ഡോറില്ലാത്ത ഷെൽഫുകൾക്ക് ഗ്ലാസ്ഡോർ ഷെൽഫിന്റെ വില നൽകിയത് വഴി അധികമായി നൽകിയ തുക തിരികെ ഈടാക്കുവാനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

## 1-37 'ഗോത്രവെളിച്ചം' പദ്ധതി-സർക്കാർ ഉത്തരവിനു വിരുദ്ധമായി ഹോണറേറിയം അനുവദിച്ചു- ₹25,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 478/23-'ഗോത്രവെളിച്ചം' പദ്ധതി- പട്ടികവർഗസങ്കേതങ്ങളിൽ പഠനവീടിന് അടിസ്ഥാനസൗകര്യവികസനം |
| അടങ്കൽ | ₹ 61,040 (ടി.എസ്.പി.ഫണ്ട്) |
| ചെലവ് | ₹ 61,040<br>1)ബിൽനമ്പർ-1387/04.03.2023 ₹8,000<br>2)ബിൽനമ്പർ-1621/17.03.2023 ₹28,040<br>3)ബിൽനമ്പർ-1887/28.03.2023 ₹25,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ. ടി. ഡി.പി. പ്രോജക്ട് ഓഫീസർ |

'ഗോത്രവെളിച്ചം' പദ്ധതി പട്ടികവർഗസങ്കേതങ്ങളിൽ സാമൂഹികപഠനവീടിന് അടിസ്ഥാനസൗകര്യ വികസനത്തിനുള്ളതാണ്. കുടുംബശ്രീ മുഖേന കുട്ടികൾക്ക് പ്രഭാതഭക്ഷണം, ഫെസിലിറ്റേറ്റർമാർ മുഖേന കുട്ടികൾക്ക് പഠനസഹായം നൽകിയതിനുള്ള ഹോണറേറിയം, സാമൂഹ്യപഠനമുറിയിലേക്ക് ബഞ്ച്, ഡസ്ക്, എന്നിവ എത്തിച്ചതിനുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ് എന്നീ ഇനങ്ങളിലാണ് തുക ചെലവഴിച്ചിട്ടുള്ളത്.

<u>ഈ പ്രോജക്ടുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.</u>

1.പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി-ധനസഹായം അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ സ.ഉ(കൈ)നം.22/2018/തസ്വഭവ തീയ്യതി.14.02.2018 ലെ ഖണ്ഡിക 8-10 ൽ പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ,ഹോണറേറിയമോ നൽകാൻ പാടില്ലെന്നും; പതിനാലാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി-ധനസഹായം അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ സ.ഉ(കൈ)നം.115/2022/തസ്വഭവ തീയ്യതി.28.05.2022 ലെ ഖണ്ഡിക 8-6 പ്രകാരം സർക്കാർ അനുമതി കൂടാതെ ശമ്പളമോ,ഓണറേറിയമോ നൽകാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്.

ഈ ഉത്തരവ് പ്രകാരം 'കില'യിൽ നിന്നും പരിശീലനം ലഭിച്ച ഒരാളെ ഊരുകൂട്ടവളണ്ടിയറായി നിയമിച്ച് ഓണറേറിയം

നൽകാമെങ്കിലും ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. താഴെ പ്രതിപാദിക്കുന്ന വ്യക്തികൾ നിശ്ചിത യോഗ്യതയുള്ള ഊരുകൂട്ടവളണ്ടിയറാണോ എന്ന് വ്യക്തമല്ല. ഇത് വ്യക്തമാക്കാതെ പ്രോജക്ടിൽ തുക വകയിരുത്തി ബിൽ നമ്പർ 3 പ്രകാരം തുക പിൻവലിച്ച് താഴെ ചേർത്ത വിധത്തിൽ ഹോണറേറിയം അനുവദിച്ചിട്ടുണ്ട്. ഇതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

| ഹോണറേറിയം നൽകിയ വ്യക്തിയുടെ പേര് | തുക(₹) |
|---|---|
| ആതിര.കെ.കെ | 5,000 |
| ശ്രുതികെ. | 5,000 |
| രേഷ്മ.കെ.എം | 5,000 |
| അഞ്ജു.കെ.കെ | 5,000 |
| അമ്പിളി കൃഷ്ണൻ | 5,000 |
| ആകെ | 25,000 |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ (60/01-11-2023) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രതിപാദിച്ച കാരണങ്ങളാൽ ചെലവ് തുകയിൽ ₹25,000 തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-38 പട്ടികവർഗ യുവതീയുവാക്കൾക്ക് പരീക്ഷാപരിശീലനം -സ്റ്റൈപ്പന്റ്,മോണിറ്ററിംഗ് ചാർജ് ഇനത്തിൽ അനുവദിച്ച ₹ 1,71,385 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 486/23-പട്ടികവർഗയുവതീയുവാക്കൾക്ക് പരീക്ഷാപരിശീലനം |
| അടങ്കൽ | ₹5,00,000(ടി.എസ്.പി.ഫണ്ട്) |
| ചെലവ് | ₹4,00,000 |
| ബിൽനമ്പർ | 1312/28.02.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.ടി.ഡി.പി.പ്രോജക്ട് ഓഫീസർ |

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ വാർഷികപദ്ധതിപ്രകാരം പട്ടികവർഗഉദ്യോഗാർത്ഥികൾക്ക് മത്സരപരീക്ഷാപരിശീലനം നടത്തുന്നതിന് വേണ്ടിയാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ജില്ലാഎംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പി.എസ്.സി പരീക്ഷകൾക്ക് പരിശീലനം നൽകുന്നു. നാഷണൽ എംപ്ലോയ്മെന്റ് സർവീസ്, കേരളം-കണ്ണൂർ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 07.10.2022 ലെ DEE/KNR/1679/2022-V1നമ്പർ കത്ത് പ്രകാരം സമർപ്പിച്ച രൂപരേഖയുടെ അടിസ്ഥാനത്തിൽ 30 ദിവസത്തേക്ക് മൂന്ന് സ്ഥലങ്ങളിൽ വെച്ച് (തലശ്ശേരി,തളിപ്പറമ്പ്,മട്ടന്നൂർ) പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായ തുക മുകളിൽ പരാമർശിച്ച ബിൽ പ്രകാരം പിൻവലിച്ച് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ അക്കൗണ്ടിലേക്ക് നൽകുകയും ഇതിൻനിന്നും ₹3,70,446 ചെലവഴിക്കുകയും ബാക്കി 29,554 രൂപ 08.05.2023 ൽ KL004128030202324M ചലാൻ പ്രകാരം സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി-ധനസഹായം അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ സ.ഉ(കൈ)നം. 115/2022/തസ്വഭവ,തീയ്യതി.28.05.2022 ലെ ഖണ്ഡിക 7.2.21ൽ കേരളത്തിലെ പട്ടികവർഗവിഭാഗത്തിലെ എസ്.എസ്.എൽ.സി പരീക്ഷ വിജയിച്ചവർ മുതൽ ഉയർന്ന യോഗ്യതയുള്ള തൊഴിൽതൽപരരായ എല്ലാവരെയും മത്സരപരീക്ഷക്ക് പ്രാപ്തമാക്കുന്നതിന് പരിശീലനം നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിൽ ഉദ്യോഗാർത്ഥികൾക്ക് സ്റ്റൈപ്പന്റ് , നിർവഹണ ഉദ്യോഗസ്ഥർക്ക് മോണിറ്ററിംഗ് ചാർജ് എന്നിവ അനുവദിക്കാൻ

വ്യവസ്ഥ ചെയ്തിട്ടില്ല. സ്റ്റൈപ്പന്റ്,മോണിറ്ററിംഗ് ചാർജ് ഇവ അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | തലശ്ശേരി | തളിപ്പറമ്പ | മട്ടന്നൂർ | ആകെ |
|---|---|---|---|---|
| സ്റ്റൈപ്പന്റ്(₹) | 55,235 | 88,410 | 23,170 | 1,66,815 |
| മോണിറ്ററിംഗ് ചാർജ്(₹) | 3,190 | 0 | 1,380 | 4,570 |
| ആകെ(₹) | | | | 1,71,385 |

മേൽപ്രകാരം തുക അനുവദിച്ചത് സർക്കാർ ഉത്തരവ് പ്രകാരമാണെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ(61/01-11-2023) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈകാരണത്താൽ ചെലവുതുക₹ 1,71,385 തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-39 പട്ടികവർഗഗ്രൂപ്പുകൾക്ക് ബാന്റ് വിതരണം-ഗുണഭോക്തൃ വിഹിതം ഇനത്തിൽ അധികം പിൻവലിച്ച ₹19,300 സഞ്ചിതനിധിയിലേക്ക് അടവാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 802/23 പട്ടികവർഗ ഗ്രൂപ്പുകൾക്ക് ബാന്റ് വിതരണം |
| അടങ്കൽ | ₹8,00,000 (ടി.എസ്.പി.ഫണ്ട്) |
| ചെലവ് | ₹3,86,000 |
| ബിൽനമ്പർ | 1899/28.03.2022 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ. ടി. ഡി. പി.പ്രോജക്ട് ഓഫീസർ |

കണ്ണൂർ ജില്ലയിലെ പട്ടികവർഗഗ്രൂപ്പുകൾക്ക് ബാന്റ്സെറ്റ് വിതരണം ചെയ്യുന്നതിന് വേണ്ടി തയ്യാറാക്കിയ ഈ പ്രോജക്ട് പ്രകാരം സുവർണരാഗം മ്യൂസിക്കൽസ്, ന്യൂബസ്റ്റാന്റ്, കൽപറ്റ എന്ന സ്ഥാപനത്തിൽ നിന്നും ബാന്റ്സെറ്റുകൾ വാങ്ങി താഴെ പ്രതിപാദിക്കുന്ന ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

1.പാല ഗോത്രവേദി, മുഴക്കുന്ന്.

2.ശ്രീവിനായക വാദ്യമേളം, ആറളം.

3.ഗീതാഞ്ജലി, ഉളിക്കൽ

4.കെ. വി. എസ് ബാന്റ് ഗ്രൂപ്പ്, ചെറുപുഴ.

5.ബ്ലാക്ക് ബ്ലൂംസ് വാദ്യസംഘം, ഉദയഗിരി.

ഈ ഗ്രൂപ്പുകളിൽ നിന്നും ഈടാക്കിയ ഗുണഭോക്തൃവിഹിതം ₹19,300 (ബാന്റ്സെറ്റുകളുടെ ആകെ വിലയായ ₹3,86,000ന്റെ 5%) സുവർണരാഗം മ്യൂസിക്കൽസ് എന്ന സ്ഥാപനത്തിന് ഗുണഭോക്താക്കൾ നേരിട്ട് നൽകിയതിന്റെ കൈപ്പറ്റ് രശീതി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയതിനാൽ വികസന ഫണ്ടിൽ നിന്നും ഗുണഭോക്തൃവിഹിതം കുറച്ച തുക (3,86,000-19,300=3,66,700) മാത്രമേ പിൻവലിക്കേണ്ടതുള്ളൂ. എന്നാൽ ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ തുകയും മുകളിൽ പരാമർശിച്ച ബിൽ പ്രകാരം പിൻവലിക്കുകയും ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഗുണഭോക്തൃവിഹിതം ഇനത്തിൽ ₹19300 അടവാക്കിയിട്ടുമുണ്ട്. ഇതുവഴി വികസനഫണ്ടിൽ നിന്നും ₹19,300 രൂപയുടെ അധികച്ചെലവ് വന്നിരിക്കുന്നു. ആയതിനാൽ അധികം പിൻവലിച്ച ₹19,300 സഞ്ചിതനിധിയിലേക്ക് അടവാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (63/01-11-2023) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-40 ജില്ലാപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ സിസ്റ്റം വാങ്ങിസ്ഥാപിക്കൽ - 83,10,000 രൂപ ചെലവഴിച്ചിട്ടും പദ്ധതി ലക്ഷ്യം കണ്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം. |
| പ്രോജക്ടിന്റെ | 622/23- ജില്ലാപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ വാട്ടർ |

| | |
|---|---|
| നമ്പർ /പേര് | പ്യൂരിഫയർ സിസ്റ്റം വാങ്ങിസ്ഥാപിക്കൽ |
| അടങ്കൽ | ₹2,87,43,500(ധനകാര്യകമ്മിഷൻ അവാർഡ് ) |
| ചെലവ് | ₹83,10,000 ബിൽ നമ്പർ 2032/31-03-2023 |

പ്രോജക്റ്റ് പ്രകാരം, ജില്ലാപഞ്ചായത്തിന് കീഴിലുള്ള 73സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ശുദ്ധമായ കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനായി വാട്ടർപ്യൂരിഫയർ സിസ്റ്റം സ്ഥാപിക്കുന്നതിന് 83,10,000 രൂപ മുൻകൂറായി യംങ്ങ് എന്റർപ്രൈസസ് പാണ്ടിക്കാട്, മലപ്പുറത്തിന് നൽകിയിട്ടുണ്ട്.

പ്രോജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- യംങ്ങ് എൻപ്രൈസസ്, പാണ്ടിക്കാട് എന്ന സ്ഥാപനത്തിൽ നിന്ന് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിന്റെ രേഖകൾ ലഭിച്ചിട്ടില്ല.

2- കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ 20-03-2023 ൽ ഉണ്ടാക്കിയ കരാർ പ്രകാരം 90 ദിവസംകൊണ്ട് (18-06-2023ന്) പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് പ്രവൃത്തി ഏല്പിച്ച യംങ്ങ് എന്റർപ്രൈസസ് 27-05-2023 ൽ സമർപ്പിച്ച വർക്ക് സ്റ്റാറ്റസ് പ്രകാരം 2 സ്കൂളുകളിൽ മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചത്. 13 സ്കൂളുകളിൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. 3 സ്കൂളുകളിൽ 90% വും 7 സ്കൂളുകളിൽ 75% വും 48 സ്കൂളുകളിൽ 60%വും മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചത്. നിലവിൽ എത്ര സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ച് ഉപയോഗപ്രദമാക്കിയിട്ടുണ്ടെന്ന് അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (48/27-10-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും വിദ്യാർത്ഥികൾക്ക് ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്. വാട്ടർപ്യൂരിഫയർ നിലവിൽ പ്രവർത്തനക്ഷമമാണോയെന്നത് സംബന്ധിച്ച് പ്രിൻസിപ്പൽ/ഹെഡ്മാസ്റ്റർ എന്നിവരിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-41 ജില്ലാപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിലെ ലൈബ്രറികൾക്കും സ്റ്റാഫ്റൂമുകൾക്കും ഫർണിച്ചർ വിതരണം - രേഖകൾ ലഭ്യമാക്കിയില്ല- 31,10,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം. |
| പ്രോജക്ടിന്റെ നമ്പർ/പേര് | 399/23- ജില്ലാപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിലെ ലൈബ്രറികൾക്കും സ്റ്റാഫ്റൂമുകൾക്കും ഫർണിച്ചർ വിതരണം |
| അടങ്കൽ ₹32,36,400 | ₹31,10,000(ധനകാര്യകമ്മിഷൻ അവാർഡ് )<br>₹1,26,400 (തനത് ഫണ്ട്) |
| ചെലവ് | ₹31,10,000 ( ബിൽ നമ്പർ 828/02-02-2023) |

പ്രോജക്റ്റ് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- പ്രോജക്റ്റ് പ്രകാരം,ജില്ലാപഞ്ചായത്തിന് കീഴിലുള്ള വിവിധ സ്കൂളുകളിലേക്കായി 1,180 മേശയും 1,180കസേരയും കാഡ്കോ,കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ആയവ വിതരണം ചെയ്തത് വ്യക്തമാകുന്നതിന് സ്കൂളുകളിൽനിന്നുള്ള കൈപ്പറ്റ് രശീത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2- കാഡ്കോ,കോഴിക്കോട് 1,43,55,880 രൂപയുടെ ബിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2021-22 സാമ്പത്തിക വർഷം 1,11,19,480 രൂപയും 2022-23 സാമ്പത്തിക വർഷം 31,10,000 രൂപയും, 2023-24 സാമ്പത്തികവർഷം 1,26,400 രൂപയും കൂടി ആകെ 1,43,55,880 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ 2% ജി.എസ്.ടി. സ്രോതസിൽനിന്ന് കുറവ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമല്ല. ജി.എസ്.ടി സ്രോതസിൽ നിന്ന് കുറവ് ചെയ്തിട്ടില്ലെങ്കിൽ ആയത് കാഡ്കോയിൽനിന്ന് ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (47/27-10-2023) മറുപടി ലഭ്യമാക്കിയിട്ടില്ല, ഇക്കാരണങ്ങളാൽ ഈയിനത്തിൽ തൻവർഷം ചെലവഴിച്ച 31,10,000 രൂപ തടസ്സപ്പെടുത്തുന്നു. ഫർണിച്ചർ സ്കൂളുകൾ കൈപ്പറ്റിയെന്ന് ഉറപ്പ് വരുത്തുന്നതിന് സ്കൂളുകളിൽ നിന്നുള്ള കൈപ്പറ്റ് രശീത്, ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്ററിൽ ഏത്

പേജിൽ രേഖപ്പെടുത്തിയെന്നുള്ള ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-42 സംസ്ഥാന സ്കൂൾ കായികമേളയിൽ കണ്ണൂർജില്ലയെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ജേഴ്സി വാങ്ങി നൽകൽ- അപാകങ്ങൾ -2,11,680 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം. |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 793/2023 സംസ്ഥാന സ്കൂൾ കായികമേളയിൽ കണ്ണൂർ ജില്ലയെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ജേഴ്സി വാങ്ങി നൽകൽ |
| അടങ്കൽ | ₹3,15,700( തനത് ഫണ്ട് ) |
| ചെലവ് | ₹2,11,680 |
| വൗച്ചർനമ്പർ/ തീയതി | 22202732/28-03-2023 |

പ്രോജക്ട് പ്രകാരം സംസ്ഥാന കായികമേളയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് ജേഴ്സി വാങ്ങി നൽകുന്നതിനായി 2,11,680/- രൂപ മാർക്ക് & സൈൻ, മണത്തണ, പേരാവൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പദ്ധതിമാർഗ്ഗരേഖ (സ.ഉ.(കൈ) നം 84/2022/ത.സ്വ.ഭ.വ തീയതി 19-04-2022 ഖ 8-11), സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) 115/2022/ത.സ്വ.ഭ.വ തീയതി 28-05-2022 ഖ.7-7) എന്നിവയിൽ കായികമേഖലയിൽ നടത്തേണ്ട പ്രവർത്തനം സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിൽ ഉൾപ്പെടാത്ത ജേഴ്സി വാങ്ങിനൽകിയതിന് 2,11,680 രൂപ ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. 2022-23 വർഷത്തെ സുലേഖ ചെലവ് പത്രികയിൽ പ്രസ്തുത ചെലവ് ഉൾപ്പെട്ടു കാണുന്നില്ല. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (83/30-11-2023) മറുപടിയോ, രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. അപാകങ്ങൾ കാരണം 2,11,680/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കിയും, വിശദീകരണം ലഭ്യമാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-43 സ്കൂളുകളിൽ ഫർണിച്ചർ വിതരണം - രേഖകൾ ലഭ്യമാക്കിയില്ല. 11,98,460 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം. |
| പ്രോജക്ടിന്റെ നമ്പർ, പേര് | 884/23 സ്കൂളുകളിൽ ഫർണിച്ചർ വിതരണം |
| അടങ്കൽ | ₹12,18,667(മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് | ₹11,98,460/-ബിൽ നമ്പർ 1025/15-02-2023 |

പ്രോജക്ട് പ്രകാരം, താഴെ ചേർത്ത സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിനായി 61 ബഞ്ച്, 61ഡെസ്ക് എന്നിവ റബ്കോ,കണ്ണൂരിൽ നിന്ന് വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | അനുവദിച്ച ഫർണിച്ചർ | |
|---|---|---|---|
| | | ബഞ്ച് | ഡസ്ക് |
| 1 | ജി.എച്ച്.എസ്.എസ്, മാത്തിൽ | 10 | 10 |

| | | | |
|---|---|---|---|
| 2 | ജി.എച്ച്.എസ്.എസ്, ആയിത്തറ, മമ്പറം | 20 | 20 |
| 3 | ജി.എച്ച്.എസ്.എസ്,കണ്ണാടിപറമ്പ് | 11 | 11 |
| 4 | ജി.എച്ച്.എസ്.എസ്,മാലൂർ | 10 | 10 |
| 5 | ഡയറ്റ്, പാലയാട് | 10 | 10 |

പ്രോജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. മേൽ സ്കൂളുകളിലും/ഡയറ്റ് പാലയാടിലും ഫർണിച്ചർ കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. ഡയറ്റ്-പാലയാട്, ജില്ലാപഞ്ചായത്തിന് കീഴിൽ വരുന്ന സ്ഥാപനമാണോയെന്ന് വ്യക്തമല്ല. ചുമതലയിൽപെടാത്തതും കൈമാറികിട്ടാത്തതുമായ സ്ഥാപനത്തിന് ഫർണിച്ചർ വാങ്ങിനൽകിയതിന്റെ കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (49/27-10-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 11,98,460/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കേണ്ടതും അപാകങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-44 ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകളിൽ കൗൺസിലിംഗ് സെന്റർ സജ്ജീകരിക്കൽ-രേഖകൾ ഹാജരാക്കിയില്ല-13,80,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം. |
| പ്രോജക്ടിന്റെ നമ്പർ, പേര് | 396/2023 ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകളിൽ കൗൺസിലിംഗ് സെന്റർ സജ്ജീകരിക്കൽ |
| അടങ്കൽ ₹66,33,660 | ₹26,97,720 (വികസനഫണ്ട്)<br>₹39,35,940 (തനത് ഫണ്ട്) |
| ചെലവ് | ₹13,80,000 (തനത് ഫണ്ട് ) |
| വൗച്ചർനമ്പർ/ തീയതി | 22200720/27-09-2022 |

പ്രോജക്ട് പ്രകാരം, ജില്ലാപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ കൗൺസിലിംഗ് സെന്ററുകൾ സജ്ജീകരിക്കുന്നതിന് വേണ്ടി ജില്ലാനിർമ്മിതികേന്ദ്ര, കണ്ണൂരിന് മൂന്നാംഗഡു നൽകുന്നതിന് 13,80,000 രൂപ ചെലവഴിച്ചതായി തനത്ഫണ്ട് രേഖകൾ പരിശോധിച്ചതിൽ കാണുന്നു. ആയതിന്റെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ചെലവ് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടു കാണുന്നുമില്ല. വ്യത്യാസത്തിന് കാരണം അറിയിക്കുന്നതിനും ചെലവുരേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (84/30-11-2023) മറുപടി ലഭ്യമാക്കുകയോ, രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. അപാകങ്ങൾ കാരണം 13,80,000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കിയും മറുപടി ലഭ്യമാക്കിയും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-45 സ്കൂളുകളിൽ ഫർണിച്ചർ വിതരണം-രേഖകൾ ലഭ്യമാക്കിയില്ല-60,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം. |
| പ്രോജക്ടിന്റെ നമ്പർ, പേര് | 7/23-സ്കൂളുകളിൽ ഫർണിച്ചർ വിതരണം |
| അടങ്കൽ | ₹60,00,000 (മെയിന്റനൻസ് ഫണ്ട് -റോഡിതരം ) |

| | |
|---|---|
| ചെലവ് | ₹60,00,000 ബിൽ നമ്പർ- 1350/01-03-2023 |

പ്രോജക്ട് പ്രകാരം,താഴെ ചേർത്ത സ്കൂളുകൾക്കായി 310 ബഞ്ച്, 310 ഡെസ്ക് എന്നിവ റബ്‌കോ കണ്ണൂരിൽ നിന്നും വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | അനുവദിച്ച ഫർണിച്ചറിന്റെ എണ്ണം | |
|---|---|---|---|
| | | ബഞ്ച് | ഡസ്ക് |
| 1 | ജി.എച്ച്.എസ്.എസ്, അരോളി | 10 | 10 |
| 2 | ജി.എച്ച്.എസ്.എസ്, ഇരിക്കൂർ | 20 | 20 |
| 3 | ജി.എച്ച്.എസ്.എസ്,ആറളം ഫാം | 15 | 15 |
| 4 | ജി.വി.എച്ച്.എസ്.എസ്,കതിരൂർ | 20 | 20 |
| 5 | എ.കെ.ജി.എം.ജി.എച്ച്.എസ്.എസ്, പിണറായി | 20 | 20 |
| 6 | ഐ.എം.എൻ.എസ്.ജി.എച്ച്.എസ്.എസ്, മയ്യിൽ | 30 | 30 |
| 7 | ജി.എച്ച്.എസ്.എസ്,കോട്ടയം മലബാർ | 20 | 20 |
| 8 | ജി.എച്ച്.എസ്.എസ്, മാതമംഗലം | 30 | 30 |
| 9 | ജി.എച്ച്.എസ്.എസ്,രാമന്തളി | 20 | 20 |
| 10 | ജി.എച്ച്.എസ്, തടിക്കടവ് | 20 | 20 |
| 11 | ജി.എച്ച്.എസ്.എസ്, വയക്കര | 20 | 20 |
| 12 | സി.എച്ച്.എം.കെ.എസ്.ജി.എച്ച്.എസ്.എസ്, വളപട്ടണം | 25 | 25 |
| 13 | ജി.എച്ച്.എസ്.എസ്, കുഞ്ഞിമംഗലം | 20 | 20 |
| 14 | കെ.കെ.എൻ.പി.എം.ജി.വി.എച്ച്.എസ്.എസ്, പരിയാരം | 25 | 25 |
| 15 | ജി.എച്ച്.എസ്.എസ്, മാലൂർ | 15 | 15 |
| | ആകെ | 310 | 310 |

സ്കൂളുകളിൽനിന്നുള്ള കൈപ്പറ്റ് രശീത് പരിശോധനക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (50/27-10-2023) മറുപടിയോ, രേഖകളോ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 60,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-46 സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ പ്രവർത്തനസഹായം-രേഖകൾ ലഭ്യമാക്കിയില്ല -9,94,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം. |
| പ്രോജക്ടിന്റെ നമ്പർ, പേര് | 794/23-സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ പ്രവർത്തനസഹായം. |
| അടങ്കൽ | ₹10,00,000(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | ₹9,94,000(ബിൽ നമ്പർ 1025/15-02-2023) |

പ്രോജക്ട് പ്രകാരം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റിന് പ്രവർത്തനസഹായമായി സ്റ്റുഡന്റ്സ് പോലീസ് കാഡറ്റ് ജില്ലാ നോഡൽ ഓഫീസർ,കണ്ണൂർ സിറ്റിയുടെ അപേക്ഷ പ്രകാരം 32 സ്കൂളുകൾക്ക് 4,48,000/- രൂപയും സ്റ്റുഡന്റ്സ് പോലീസ് കാഡറ്റ് ജില്ലാ നോഡൽ ഓഫീസർ, കണ്ണൂർ റൂറലിന്റെ അപേക്ഷപ്രകാരം 39 സ്കൂളുകൾക്ക് 5,46,000/- രൂപയും ഉൾപ്പടെ ആകെ ₹9,94,000 അനുവദിച്ചിട്ടുണ്ട്. തുകയുടെ ചെലവ് രേഖകൾ, തുക ബന്ധപ്പെട്ട സ്കൂളുകൾക്ക് കൈമാറിയത്

തെളിയിക്കുന്നതിന് ആവശ്യമായ ട്രഷറി യു.ടി.ആർ. സ്റ്റേറ്റ്മെന്റ് അല്ലെങ്കിൽകൈപ്പറ്റ് രശീത് എന്നിവ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (51/27-10-2023)മറുപടിയോ, രേഖകളോ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 9,94,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-47 വിവിധ പ്രോജക്ടുകളുടെ രേഖകൾ ഹാജരാക്കിയില്ല-15,93,440/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഡെപ്യൂട്ടിഡയറക്ടർ, പൊതുവിദ്യാഭ്യാസം നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവുരേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം. |
| പ്രോജക്ടിന്റെ നമ്പർ, പേര് | 667/2023 സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ പ്രവർത്തന സഹായം(സ്പിൽ ഓവർ) |
| അടങ്കൽ | ₹9,00,000(ധനകാര്യകമ്മിഷൻ ഗ്രാന്റ് ) |
| ചെലവ് | ₹8,82,240 (ബിൽ നമ്പർ 58/06-08-2022) |

2)

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ, പേര് | 397/2023-സമഗ്രവിദ്യാഭ്യാസപരിപാടി (സ്പിൽ ഓവർ) |
| അടങ്കൽ | ₹1,77,533(വികസനഫണ്ട് ജനറൽ) |
| ചെലവ് | ₹1,35,200(ബിൽ നമ്പർ 1478/10-03-2023) |

3)

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ, പേര് | 538/2023- ജില്ലാപഞ്ചായത്തിന് കീഴിലുള്ള സ്കൂളുകളിൽ യോഗ പരിശീലനപദ്ധതി |
| അടങ്കൽ | ₹10,00,000(വികസനഫണ്ട് -ജനറൽ ) |
| ചെലവ് | ₹5,76,000(ബിൽ നമ്പർ 1569/15-03-2023) |

രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (52/27-10-2023) മറുപടിയോ, രേഖകളോ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ മേൽ പ്രോജക്ടുകൾക്ക് ചെലവഴിച്ച 15,93,440/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-48 സമഗ്രവിദ്യാഭ്യാസപദ്ധതി -രേഖകൾ ലഭ്യമാക്കിയില്ല-7,38,082 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ, പൊതുവിദ്യാഭ്യാസം. |
| പ്രോജക്ടിന്റെ നമ്പർ, പേര് | 537/23 സമഗ്രവിദ്യാഭ്യാസപദ്ധതി |
| അടങ്കൽ | ₹40,00,000(വികസന ഫണ്ട്-ജനറൽ) |
| ചെലവ് ₹12,90,922 | ₹3,13,760(ബിൽ നമ്പർ 827/02-02-2023)<br>₹2,39,080(ബിൽ നമ്പർ 1335/01-03-2023)<br>₹7,38,082(ബിൽ നമ്പർ 1749/27-03-2023) |

പ്രോജക്ട് പ്രകാരം 'മഴനടത്ത'ത്തിന്റെ ചെലവിനത്തിൽ 3,13,760/- രൂപയും 'മുകുളം സൈമലി'ന്റെ ഭാഗമായി പഠനസഹായി,ചോദ്യപേപ്പർ എന്നിവ തയ്യാറാക്കുന്നതിന്റെ ശില്പശാല സംഘടിപ്പിച്ചതിന്റെ ഉച്ചഭക്ഷണ ചെലവിനത്തിൽ മലബാർ റസിഡൻസി,താവക്കരക്ക് 2,39,080/- രൂപയും 'മുകുളം സൈമൽ'ക്ലാസ്സ് സംഘടിപ്പിച്ചതിന്റെ ചെലവിനത്തിൽ 65 സ്കൂളുകൾക്ക് 7,38,082/- രൂപയും ഉൾപ്പടെ ആകെ 12,90,922/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ സ്കൂളുകൾക്ക് അനുവദിച്ച 7,38,082/- രൂപ ബന്ധപ്പെട്ട സ്കൂളുകളിൽ ലഭിച്ചതിന്റെ കൈപ്പറ്റ് രശീത് അല്ലെങ്കിൽ തുക ബന്ധപ്പെട്ട് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിന്റെ ട്രഷറി യു.ടി.ആർ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (53/27-10-2023) മറുപടിയോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 7,38,082/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-49 കൃത്രിമഅവയവനിർമ്മാണം - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ - 24,912 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ലാ ആശുപത്രി (അലോപ്പതി) |
| പ്രോജക്ടിന്റെ നമ്പർ,പേര് | 511/23 കൃത്രിമഅവയവനിർമ്മാണം |
| അടങ്കൽ | ₹ 5,00,000 (മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് | ₹4,98,240 |
| ബിൽനമ്പർ/തീയതി | 46/16-02-2023 |

അപകടങ്ങളിൽ പെട്ട് കൈകാലുകൾ നഷ്ടപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 20 പേർക്ക് ജില്ലാ ആശുപത്രിയിലെ അവയവനിർമ്മാണയൂണിറ്റിൽ കൃത്രിമ കൈകാലുകൾ നിർമ്മിച്ച് നൽകുകയാണ് പ്രോജക്ട് കൊണ്ട് ഉദ്ദേശിച്ചത്.

പ്രോജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- കൃത്രിമകാൽ നിർമ്മിക്കുന്നതിനുള്ള മെറ്റീരിയൽസ് വാങ്ങുന്നതിന് ഒരാൾക്ക് ₹24,912 പ്രകാരം 20 പേർക്ക് ₹4,98,240 ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 19 പേർക്ക് ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് ലഭ്യമാക്കിയത്. വിതരണം ചെയ്യാത്ത ഒരു കൃത്രിമക്കാലിന്റെ വിലയായ 24,912 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2- കൃത്രിമകാൽ നിർമ്മിക്കുന്നതിനുള്ള മെറ്റീരിയൽ വാങ്ങിയതിന് ₹4,98,240 (4,69,774+ 28,466 ജി.എസ്.ടി) M/S പ്രയാൺ ടെയിഡേഴ്സ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽനിന്ന് ജി.എസ്.ടി 2% കുറവ് ചെയ്യാതെ മുഴുവൻതുകയും അനുവദിച്ചിട്ടുണ്ട്. സ്രോതസിൽ നിന്നും ജി.എസ്.ടി ഈടാക്കാതെ തുക അനുവദിച്ചത് വഴി അധികം നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/21-8-2023)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-50 ജില്ലാആശുപത്രിയിൽ മരുന്ന്, ലാബ് റീ-ഏജന്റ്, പരിചരണസാമഗ്രികൾ വാങ്ങൽ - അപാകങ്ങൾ- 61,280 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ലാആശുപത്രി (അലോപ്പതി) |
| പ്രോജക്ടിന്റെ നമ്പർ,പേര് | 12/23 ജില്ലാആശുപത്രിയിൽ മരുന്ന്, ലാബ് റീ-ഏജന്റ്, പരിചരണസാമഗ്രികൾ വാങ്ങൽ |

| | |
|---|---|
| അടങ്കൽ ₹1,00,00,000 | ₹ 20,00,000 (വികസനഫണ്ട്- ജനറൽ )<br>₹ 80,00,000 (മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് ₹99,54,871 | ₹19,95,363 (വികസനഫണ്ട്-ജനറൽ )<br>₹79,59,508 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ബിൽ നമ്പർ/തീയതി, തുക | 04/29-06-2022 ₹4,58,295(മെയിന്റനൻസ് ഫണ്ട്-റോഡിതരം)<br>10/10-08-2022₹9,67,393(മെയിന്റനൻസ് ഫണ്ട്-റോഡിതരം)<br>17/14-09-2022 ₹7,67,574(മെയിന്റനൻസ് ഫണ്ട്-റോഡിതരം)<br>20/27-09-2022 ₹1,08,294(മെയിന്റനൻസ് ഫണ്ട്-റോഡിതരം)<br>23/14-10-2022 ₹9,41,430(മെയിന്റനൻസ് ഫണ്ട്-റോഡിതരം)<br>31/11-11-2022 ₹10,26,666(മെയിന്റനൻസ് ഫണ്ട്-റോഡിതരം)<br>36/14-12-2022 ₹2,15,087(മെയിന്റനൻസ് ഫണ്ട്-റോഡിതരം)<br>40/17-01-2023 ₹16,88,161(മെയിന്റനൻസ് ഫണ്ട്-റോഡിതരം)<br>47/16-02-2023 ₹19,95,363 (വികസനഫണ്ട്-ജനറൽ)<br>57/09-03-2023 ₹13,93,446(മെയിന്റനൻസ് ഫണ്ട്-റോഡിതരം)<br>64/16-03-2023 ₹1,54,235(മെയിന്റനൻസ് ഫണ്ട്-റോഡിതരം)<br>72/25-03-2023 ₹2,38,927(മെയിന്റനൻസ് ഫണ്ട്-റോഡിതരം) |

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- വികസനഫണ്ട് ഉപയോഗിച്ച് ആശുപത്രിയിൽ മരുന്നുകൾ വാങ്ങിയത് സംബന്ധിച്ച് -

ആശുപത്രികളിൽ മരുന്ന് വാങ്ങുന്നതിന് മെയിന്റനൻസ് ഗ്രാന്റാ(റോഡിതരം)ണ് ഉപയോഗിക്കാവുന്നത്. (ജി.ഒ.(എം.എസ്.) 330/2004/ത.സ്വ.ഭ.വ. തീയതി 09-12-2004.) എന്നാൽ 19,95,363രൂപ വികസനഫണ്ട് (ജനറൽ) ഉപയോഗിച്ചാണ് മേൽപ്രോജക്ട് നടപ്പിലാക്കിയത്. ഭാവിയിൽ വികസനഫണ്ട് ഉപയോഗിച്ച് മരുന്ന് വാങ്ങുന്നത് ഒഴിവാക്കേണ്ടതാണ്.

2- ജി.എസ്.ടി- ടിഡിഎസ് ഈടാക്കാത്തത് സംബന്ധിച്ച്

CGST ആക്ട് 2017 വകുപ്പ് 51(1) പ്രകാരം, വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയൊ, സേവനങ്ങളുടെയോ, രണ്ടിന്റെയുമോ കരാറുകാരുടെ ബില്ലുകളിൽ സ്രോതസിൽ നിന്ന് 1% തുക കുറവ് ചെയ്യാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. SGST ആക്ട് 2017 വകുപ്പ് 51(1) ലും സമാനവ്യവസ്ഥയുണ്ട്. ആയതിനാൽ 2.5 ലക്ഷത്തിൽ അധികമായുള്ള വാങ്ങലുകൾക്ക് CGST,SGSTയിനത്തിൽ 2% തുക സ്രോതസിൽനിന്ന് കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ഓഡിറ്റ് കാലയളവിൽ മേൽ പ്രോജക്ടിൽ 2.5 ലക്ഷത്തിൽ അധികമായുള്ള വാങ്ങലുകളിൽ സ്രോതസിൽ നിന്ന് ജി.എസ്.ടി ഈടാക്കാതെ മുഴുവൻ തുകയും വിതരണക്കാരന് അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ തീയതി തുക | സ്ഥാപനത്തിന്റെ പേര് | ബിൽ തുക (₹) | ജി എസ് ടി ഒഴിവാക്കിയുള്ള തുക (₹) | ഈടാക്കേണ്ട ജി എസ് ടി - ടി.ഡി.എസ് (₹) |
|---|---|---|---|---|---|
| 1 | 23/14-10-2022 ₹9,41,430 | ആർ കെ ഏജൻസി,എറണാകുളം | | | |
| | | 1375-B22-23 Dt.15-09-2022 | 2,78,906 | 2,65,625 | 5,313 |
| 2 | 23/14-10-2022 ₹9,41,430 | എ.ബി.സി.ഡയഗനോസ്റ്റിക്സ്, കോട്ടയം | | | |
| | | ABC/000337/22-23 Dt 01-08-2022 | 34,416 | 30,729 | 615 |
| | | ABC/000522/22-23 Dt 01-09-2022 | 56,892 | 50,797 | 1,016 |

| | | | | | |
|---|---|---|---|---|---|
| | | ABC/000645/22-23 Dt 14-09-2022 | 58,666 | 52,380 | 1,048 |
| | | ABC/000388/22-23 Dt 16-08-2022 | 1,09,536 | 97,800 | 1,956 |
| | | ആകെ | 2,59,510 | | |
| 3 | 40/17-01-2023 ₹16,88,161 | റാപ്പിഡ് ഡയഗനോസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ് ഡൽഹി | | | |
| | | RD/11311/22-23 Dt.05-11-2022 | 2,10,952 | 1,88,350 | 3,767 |
| | | RD/12692/22-23 Dt.05-11-2022 | 1,02,592 | 91,600 | 1,832 |
| | | | 3,13,544 | | |
| 4 | 40/17-01-2023 ₹16,88,161 | ആർ കെ ഏജൻസി, എറണാകുളം | | | |
| | | SIT-1728-B22-23 Dt.31-10-2022 | 1,67,344 | 1,59,375 | 3,188 |
| | | SIT-1829-B22-23 Dt.10-11-2022 | 2,78,906 | 2,65,625 | 5,313 |
| | | | 4,46,250 | | |
| 5 | 47/16-02-2023 ₹19,95,363 | മിഡാസ് മെഡി ടെക്ക് പ്രൈവറ്റ് ലിമിറ്റഡ് കോഴിക്കോട് | | | |
| | | 13293/17-10-2022 | 1,52,730 | 1,36,366 | 2727 |
| | | 13260/15-10-2022 | 10,500 | 9,375 | 188 |
| | | 13340/19-10-2022 | 10,500 | 9,375 | 188 |
| | | 13348/20-10-2022 | 9,300 | 8,304 | 166 |
| | | 13607/01-11-2022 | 10,500 | 9,375 | 188 |
| | | 13968/19-11-2022 | 1,69,750 | 1,51,562 | 3,031 |
| | | 14296/03-12-2022 | 9,300 | 996 | 20 |
| | | | 3,72,580 | | |
| 6 | 47/16-02-2023 ₹19,95,363 | ഹേർട്ട് വേർ മെഡിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് കോഴിക്കോട് | | | |
| | | HM/19077/22-23 Dt.04-10-2022 | 31,000 | 29,524 | 590 |
| | | HM/19078/22-23 Dt.11-10-2022 | 62,000 | 59,048 | 1,181 |
| | | HM/19060/22-23 Dt.12-10-2022 | 38,000 | 35,774 | 715 |
| | | HM/19059/22-23 Dt.12-10-2022 | 7,000 | 6,250 | 125 |
| | | HM/19152/22-23 Dt.14-10-2022 | 62,000 | 59,048 | 1,181 |
| | | HM/19151/22-23 | 7,000 | 6,250 | 125 |

| | | | | | |
|---|---|---|---|---|---|
| | | Dt.14-10-2022 | | | |
| | | HM/19437/22-23 Dt.18-10-2022 | 62,000 | 59,048 | 1,181 |
| | | HM/19442/22-23 Dt.19-10-2022 | 7,000 | 6,250 | 125 |
| | | HM/19686/22-23 Dt.26-10-2022 | 31,000 | 29,524 | 590 |
| | | HM/19687/22-23 Dt.27-10-2022 | 7,000 | 6,250 | 125 |
| | | | 3,14,000 | | |
| 7 | 57/09-03-2023 ₹13,93,446 | ആർ.കെ ഏജൻസി, എറണാകുളം | | | |
| | | SIT-2232-B2223 Dt11-01-2023 | 4,46,250 | 4,25,000 | 8,500 |
| | | എ.ബി.സി.ഡയഗനോസ്റ്റിക്സ്, കോട്ടയം | | | |
| | | BC/01111/22-23 Dt 30-01-2023 | 1,62,691 | 1,45,259 | 2,905 |
| | | ABC/01138/22-23 Dt 03-02-2023 | 90,451 | 80,760 | 1,615 |
| | | ABC/01169/22-23 Dt 13-02-2023 | 66,640 | 59,500 | 1,190 |
| | | | 3,19,782 | | |

ജി.എസ്.ടി സ്രോതസിൽ നിന്ന് കുറക്കാതെ തുക അനുവദിച്ചത് കാരണം അധികമായി അനുവദിച്ച തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കി ജി.എസ്.ടി ശീർഷകത്തിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

3- കുറഞ്ഞനിരക്കിൽ ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയത് സംബന്ധിച്ച്

(ടെണ്ടർ റഫ.നം. ജി-1-2211/2022 ടെണ്ടർ ഐ.ഡി.2022- ഡി.എച്ച്.എസ്.-490301-1)

(എ) ജീവൻ എന്റർപ്രൈസസ്, കോഴിക്കോട് സമർപ്പിച്ച ബിഡ് പ്രകാരം HCV Eliza Kit ന് ക്വാട്ട് ചെയ്ത നിരക്ക് ₹1155 ആണ്. എന്നാൽ അരിസ്റ്റോ ഏജൻസി, കക്കാടിൽ നിന്ന് ₹1721 നിരക്കിൽ കിറ്റ് വാങ്ങിയത് കാരണം ₹16,980 ന്റെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ തീയതി തുക | ഇൻവോയിസ് നമ്പർ തീയതി | തുക (₹) | ജീവൻ എന്റർപ്രൈസസ്, കോഴിക്കോട് ക്വാട്ട് ചെയ്ത നിരക്ക് പ്രകാരം അനുവദിക്കാവുന്ന തുക (₹) | അധികം നൽകിയത് (₹) |
|---|---|---|---|---|---|
| 1 | 17/14-09-2022 ₹7,67,574 | 409/AA /G/22-23 /26-07-2022 HCV Eliza Kit 10 എണ്ണം | 17,210 | 11,550 | 5,660 |
| 2 | 31/11-11-2022 ₹10,26,666 | 641/AA /G/22-23 /21-09-2022 HCV Eliza Kit 10 എണ്ണം | 17,210 | 11,550 | 5,660 |

| | | | | | |
|---|---|---|---|---|---|
| 3 | 64/16-03-2023 ₹1,54,235 | 840/AA /G/22-23 /07-11-2022 HCV Eliza Kit 10 എണ്ണം | 17,210 | 11,550 | 5,660 |
| | | | | | 16,980 |

(ബി) ജീവൻ എന്റർപ്രൈസസ്, കോഴിക്കോട് സമർപ്പിച്ച് ബിഡ് പ്രകാരം HIV Eliza Kit ന് ക്വാട്ട് ചെയ്ത നിരക്ക് ₹1,130 ആണ്. എന്നാൽ മലബാർ ഡയഗണസ്റ്റിക്ക്, കോഴിക്കോടിൽ നിന്ന് ₹2,016 നിരക്കിൽ കിറ്റ് വാങ്ങിയത് കാരണം ₹44,300 ന്റെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ തീയതി തുക | ഇൻവോയിസ് നമ്പർ തീയതി | തുക (₹) | ജീവൻ എന്റർപ്രൈസസ്, കോഴിക്കോട് ക്വാട്ട് ചെയ്ത നിരക്ക് പ്രകാരം അനുവദിക്കാവുന്ന തുക (₹) | അധികം നൽകിയത് (₹) |
|---|---|---|---|---|---|
| 1 | 31/11-11-2022 ₹10,26,666 | MAM4363/23-08-2022 HIV Eliza Kit 10 എണ്ണം | 20,160 | 11,300 | 8,860 |
| 2 | 31/11-11-2022 ₹10,26,666 | MAM4824/05-09-2022 HIV Eliza Kit 10 എണ്ണം | 20,160 | 11,300 | 8,860 |
| 3 | 31/11-11-2022 ₹10,26,666 | MAM6043/14-10-2022 HIV Eliza Kit 10 എണ്ണം | 20,160 | 11,300 | 8,860 |
| 4 | 36/14-12-2022 ₹2,15,087 | MAM6452/27-10-2022 HIV Eliza Kit 10 എണ്ണം | 20,160 | 11,300 | 8,860 |
| 5 | 40/17-01-2023 ₹16,88,161 | MAM8044/15-12-2022 HIV Eliza Kit 10 എണ്ണം | 20,160 | 11,300 | 8,860 |
| | | | | | 44,300 |

കുറഞ്ഞനിരക്കിലുള്ള ടെണ്ടർ സ്വീകരിക്കാത്തത് കാരണം അധികം നൽകിയ 61,280(16,980+44,300) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കുറഞ്ഞനിരക്കിലുള്ള ടെണ്ടർ സ്വീകരിക്കാത്തതിന് വ്യക്തമായ വിശദീകരണം നൽകാത്തപക്ഷം അധികമായി നൽകിയതുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4- ഉപകരണങ്ങൾ വാങ്ങുന്നതിൽ നടപടിക്രമങ്ങൾ പാലിക്കാത്തത് സംബന്ധിച്ച്

ജില്ലാ ആശുപത്രിക്ക് ആവശ്യമായ 10*8 Fuji DL-HL Laser Imagine Filim ഒരെണ്ണത്തിന് ₹672 നിരക്കിൽ ഹിന്ദുസ്ഥാൻ ഹെൽത്ത് കെയർ, കണ്ണൂരിൽ നിന്ന് നേരിട്ട് വാങ്ങിക്കുകയാണ് ചെയ്തത്. തൻവർഷം 12,76,800 രൂപയുടെ Fuji DL-HL Laser Imagine Filim പ്രസ്തുത സ്ഥാപനത്തിൽനിന്ന് നേരിട്ട് വാങ്ങിയിട്ടുണ്ട്. ഹിന്ദുസ്ഥാൻ ഹെൽത്ത് കെയർ, കണ്ണൂരുമായി സർക്കാർ അംഗീകൃത റേറ്റ്കോൺട്രാക്റ്റ് നിലവിലുള്ളതിന്റെ രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ/ തീയതി, തുക | ഇൻവോയിസ് നമ്പർ തീയതി | തുക (₹) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 04/29-06-2022 ₹4,58,295 | B2C-272/16-05-2022 | 67,200 |
| 2 | 04/29-06-2022 ₹4,58,295 | B2C-365/27-05-2022 | 67,200 |
| 3 | 10/10-08-2022 ₹9,67,393 | BC 778/16-07-22 | 33,600 |
| 4 | 10/10-08-2022 ₹9,67,393 | BC 747/13-07-22 | 33,600 |
| 5 | 17/14-09-2022 ₹7,67,574 | BC 862/27-07-22 | 67,200 |
| 6 | 23/14-10-2022 ₹9,41,430 | BC 1004/17-08-22 | 67,200 |
| 7 | 23/14-10-2022 ₹9,41,430 | BC 1079/27-08-22 | 67,200 |
| 8 | 23/14-10-2022 ₹9,41,430 | BC 1162/13-09-22 | 67,200 |
| 9 | 31/11-11-2022 ₹10,26,666 | B2C/1252/27-09-22 | 80,640 |
| 10 | 31/11-11-2022 ₹10,26,666 | B2C/1340/08-10-22 | 80,640 |
| 11 | 31/11-11-2022 ₹10,26,666 | B2C/1442/22-10-22 | 80,640 |
| 12 | 40/17-01-2023 ₹16,88,161 | B2C/1510/04-11-22 | 80,640 |
| 13 | 40/17-01-2023 ₹16,88,161 | B2C/1590/18-11-22 | 80,640 |
| 14 | 40/17-01-2023 ₹16,88,161 | B2C/1715/07-12-22 | 80,640 |
| 15 | 47/16-02-2023 ₹19,95,363 | B2C/1781/21-12-22 | 80,640 |
| 16 | 47/16-02-2023 ₹19,95,363 | B2C/1913/11-01-23 | 80,640 |
| 17 | 57/09-03-2023 ₹13,93,446 | B2C/2011/28-01-23 | 80,640 |
| 18 | 57/09-03-2023 ₹13,93,446 | B2C/2059/04-02-23 | 80,640 |
| | ആകെ | | 12,76,800 |

സ്റ്റോർപർച്ചേസ് മാന്വൽ, (ജി.ഒ.(പി)03/2013/എസ്.പി.ഡി.തീയതി-21-06-2013), തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ.(പി) നം 259/2010/ത.സ്വ.ഭ.വ തീയതി 08-11-2010) എന്നിവയിലെ വ്യവസ്ഥകൾ പാലിക്കാതെ Fuji DL-HL Laser Imagine Filim നേരിട്ട് വാങ്ങിയതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് പരമാവധി കുറഞ്ഞ വിലയിൽ ഉപകരണങ്ങൾ /മരുന്നുകൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

4- ജില്ലാപഞ്ചായത്ത് ഫണ്ട് വിനിയോഗിച്ചുള്ള മുഴുവൻ വാങ്ങലുകൾ ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടുകൂടിയാണോയെന്ന് വ്യക്തമല്ല. മുഴുവൻ വാങ്ങൽ നടപടിക്രമങ്ങളും ഭരണസമിതിയുടെ അംഗീകാരത്തോടുകൂടി നടത്തേണ്ടതാണ്.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/22-8-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-51 കണ്ണൂർ ജില്ലാആശുപത്രി വനിതകളുടെയും കുട്ടികളുടെയും വാർഡ് നവീകരണം - 1,36,162 രൂപ അധികം നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ലാ ആശുപത്രി (അലോപ്പതി) |
| പ്രോജക്ടിന്റെ നമ്പർ,പേര് | 449/23- കണ്ണൂർ ജില്ലാആശുപത്രി-വനിതകളുടെയും കുട്ടികളുടെയും വാർഡ് നവീകരണം |
| അടങ്കൽ | ₹ 1,62,06,927 ( വികസനഫണ്ട്-ജനറൽ) |
| ചെലവ് | ₹ 1,52,00,000 |
| ബിൽ നമ്പർ/തീയതി, തുക | ₹38,00,000 (2021-22)<br>14/01-09-2022 ₹38,00,000<br>35/14-12-2022 ₹38,00,000 |

| | |
|---|---|
| | 51/23-02-2023 ₹38,00,000<br>75/28-03-2023 ₹38,00,000 |
| എം ബുക്ക് നമ്പർ | KNK/2065/22/1 മുതൽ KNK/2065/22/12വരെ- 12 എണ്ണം |
| കരാറുകാരൻ | നിർമ്മിതി കേന്ദ്ര, കണ്ണൂർ |

പ്രോജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- ഇനം നമ്പർ 1- Providing And Laying Vitrified Floor Tiles ..... എന്ന ഇനം 2x1.97x0.1= 0.394 എന്നതിന് പകരം 3.94 എന്ന് കണക്കാക്കിയത് കാരണം 3.94 – 0.394 =3.546 M2 ന് @1630.49/m2=5,782/-രൂപ അധികം നൽകിയിട്ടുണ്ട്. (Pageno-20 M-book KNK/2065/22/1)

2- ഇനം നമ്പർ -2 Providing And And Fixing Ist Quality Ceramic Glazed Wall Tiles ..... എന്ന ഇനം 2x6.09x1.80= 21.924 എന്നതിന് പകരം 22.65 എന്ന് കണക്കാക്കിയത് കാരണം 22.65 – 21.924=0.726 M2 ന് @1119.56/m2=813രൂപ അധികം നൽകിയിട്ടുണ്ട്. (Page No 10 M-book KNK/2065/22/1 )

3- ഇനം നമ്പർ - 3 Providing And And Fixing Aluminium Works For Doors ..... എന്ന ഇനം

ആകെ അളവ് 255.3kg ആണ്. 255.3x@495.79/KG=126575.18ന് പകരം 126620.30 എന്ന് കണക്കാക്കിയത് കാരണം 126620.30-126575.18=45രൂപ അധികം നൽകിയിട്ടുണ്ട്. ( Page No 8 M-book KNK/2065/22/12).

4- ഇനം നമ്പർ4- 21.1.2.2. For Shutters Of Doors, Windows And Ventilattors ..... എന്ന ഇനം ആകെ അളവ് 247.07kg ആണ്. 247.07x@593.67/KG=1,46,678.046 ന് പകരം 1,46,704.762 എന്ന് കണക്കാക്കിയത് കാരണം 146704.762–146678.046=27രൂപ അധികം നൽകിയിട്ടുണ്ട്. ( Page No 9 M-book KNK/2065/22/12).

5- ഇനം നമ്പർ 6- 0d349374/2021-2022 Providing And Fixing Plated Aluminium Sheet With Coating Panelling..... എന്ന ഇനം ആകെ അളവ് 42.79 ആണ്. 42.79x@3657.50/M2= 1,56,504.425 ന് പകരം 1,56,541 എന്ന് കണക്കാക്കിയത് കാരണം 1,56,541–1,56,504.425 = 37രൂപ അധികം നൽകിയിട്ടുണ്ട്. ( Page No 12 M-book KNK/2065 /22/12).

6- ഇനം നമ്പർ9- 0d353789/2021-2022 Providing Hospital Curtains With Aluminium Pipes.... എന്ന ഇനം ആകെ അളവ് 207.22m2 ആണ്. എന്നാൽ കണക്ക് കൂട്ടിയതിലെ പിഴവ് കാരണം 258.51 കണക്കാക്കി തുക അനുവദിച്ചിട്ടുണ്ട്. 207.22@1552.21/M2=3,21,648.96 എന്നതിന് പകരം 258.51m2ന്4,01,334.761 അനുവദിച്ചിട്ടുണ്ട്. ഇത് കാരണം4,01,334.761-3,21,648.96=79,686രൂപ അധികം നൽകിയിട്ടുണ്ട്. (Page No78M-book KNK/2065/22/1, Page No 16 M-book KNK/2065/22/12).

7-ഇനം നമ്പർ 13- 0d349379/2021-2022 Providing And Fixing 2.3mm Thick Hylam Sheet .... എന്ന ഇനം ആകെ അളവ് 10.23m2 ആണ്. 10.23x@2864/M2=29,298.72 ന് പകരം 30,361.044 എന്ന് കണക്കാക്കിയത് കാരണം 30,361.044–29,298.72=1062രൂപ അധികം നൽകിയിട്ടുണ്ട്. (Page No 24 M-book KNK/2065/22/12).

8- ഇനം നമ്പർ 14-0d349405/2021-2022 Providing And Fixing Horizontal Level..... എന്ന ഇനം ആകെ അളവ് 745.78m2 ആണ് യഥാർത്ഥത്തിൽ വരേണ്ടിയിരുന്നത്. എന്നാൽ കണക്ക് കൂട്ടിയതിലെ പിഴവ് കാരണം 745.93m2അളവ് കണക്കാക്കി തുക അനുവദിച്ചിട്ടുണ്ട്. 745.78m2@3220.51/M2=24,01,791.95എന്നതിന് പകരം745.93m2ന് 24,02,696.91 അനുവദിച്ചിട്ടുണ്ട്. ഇത് കാരണം 24,02,696.91-24,01,791.95=905രൂപ അധികം നൽകിയിട്ടുണ്ട്. (Page No 31 M-book KNK/2065/22/1, Page No 29 M-book KNK/2065/22/12).

9- ഇനം നമ്പർ15- 13.26 Providing And Applying Plaster Of Paris Putty Of 2mm... എന്ന ഇനം ആകെ അളവ് 284.83m2ആണ്. 284.83x@213.72/M2=60,873.87ന് പകരം 60903.57എന്ന് കണക്കാക്കിയത് കാരണം 60,903.57–60,873.86=30രൂപ അധികം നൽകിയിട്ടുണ്ട്. ( Page No 30 M-book KNK/2065/22/12).

10-ഇനം നമ്പർ 16- Od349381/2021-2022 Applying One Coat Of Water Thinnable Cement Primer.....എന്ന ഇനം 1x3.4x0.94=3.196m2എന്നതിന് പകരം13.39m2 എന്ന് കണക്കാക്കിയത് കാരണം 13.39– 3.196=10.194 M2 ന് @90.5/m2 = 923 രൂപ അധികം നൽകിയിട്ടുണ്ട്. (Pageno 7 M-book KNK/2065/22/2 Page No 31 M-book KNK/2065/22/12)

11-ഇനം നമ്പർ 17- Od349382/2021-2022 Wall Painting With Acrilic Emulsion Paint ..... എന്ന ഇനം 1x3.4x0.94= 3.196m2 എന്നതിന് പകരം 13.39 M2എന്ന് കണക്കാക്കിയത് കാരണം 13.39 – 3.196=10.194 M2 ന് @166.99/m2 = 1702 രൂപ അധികം നൽകിയിട്ടുണ്ട്. ( Page No 7 M-book KNK/2065/22/2 Page No 32 M-book KNK/2065/22/12).

12- ഇനം നമ്പർ 18- 13.61.1 Painting With Synthetic Enamel Paint Of Approved Brand..... എന്ന ഇനം

2x17.2x0.11=3.784 എന്നതിന് പകരം 17.2എന്ന് കണക്കാക്കിയത് കാരണം 17.2- 3.784=13.416m2 ന് @132.05/m2=1772 രൂപയും, 1x6.3x0.11=0.693 എന്നതിന് പകരം 6.3എന്ന് കണക്കാക്കിയത് കാരണം 6.3-0.693 =5.607 M2 ന് @132.05/m2=740 രൂപയും ഉൾപ്പടെ ആകെ 2,512 രൂപ അധികം നൽകിയിട്ടുണ്ട്. (Page No 50 M-book KNK/2065 /22/2).

13- ഇനംനമ്പർ20- 25.2 Designing, Fabricating, Testing, Protection, Installing And Fixing... എന്ന ഇനം ആകെ അളവ് 477.87m2 ആണ്. 477.87x@3204.85/M2 = 15,31,501.67ന് പകരം 15,31,597.815എന്ന് കണക്കാക്കിയത് കാരണം 15,31,597.815-15,31,501.67=96 രൂപ അധികം നൽകിയിട്ടുണ്ട്. (Page No 53 M-book KNK/2065/22/12).

14- ഇനം നമ്പർ21- 25.7 Designing ,Fabricating ,Testing ,Installing And Fixing In Position Curtian Wall..... എന്ന ഇനം ആകെ അളവ് 381.9234m2 ആണ്. എന്നാൽ കണക്ക് കൂട്ടിയതിലെ പിഴവ് കാരണം 384.92m2 കണക്കാക്കി തുക അനുവദിച്ചിട്ടുണ്ട്. 381.9234m2 @4683.08/M2=17,88,577.836 എന്നതിന് പകരം 384.92m2 ന് 18,02,709.498 രൂപ അനുവദിച്ചതുവഴി 18,02,709.498-17,88,577.836=14,132രൂപ അധികം നൽകിയിട്ടുണ്ട്. (Page No 59 M-book KNK/2065 /22/1, Page No 62 M-book KNK/2065/22/12). കൂടാതെ ഇതേ ഇനത്തിൽ 1x2.7x0.64=1.728 എന്നതിന് പകരം 1.92 എന്ന് കണക്കാക്കിയത് കാരണം അധികമായി നൽകിയ 1.92-1.728 =0.192 M2ന് @4683.08/m2=899രൂപയും ഉൾപ്പടെ ആകെ 15,031 (14,132+899) രൂപ അധികം നൽകിയിട്ടുണ്ട്. ( Page No 57 M-book KNK/2065/22/1 )

15- Additional Work1- 12.45.1 എന്ന ഇനം ആകെ അളവ് 71.18 M2 ആണ്. എന്നാൽ കണക്ക് കൂട്ടിയതിലെ പിഴവ് കാരണം 71.20 കണക്കാക്കി തുക അനുവദിച്ചിട്ടുണ്ട്. 71.18 @1214.44 M2 =86,443.839 എന്നതിന് പകരം 71.20 M2 ന് 86,482.701 അനുവദിച്ചിട്ടുണ്ട്. ഇത് കാരണം 86,482.701-86,443.839=39രൂപ അധികം നൽകിയിട്ടുണ്ട്. (Page No37 M-book KNK/2065/22/1, Page No 71 M-book KNK/2065/22/12).

16- Additional Work 2- ..... എന്ന ഇനം 13x0.75x0.53= 5.1675 എന്നതിന് പകരം 5.30എന്ന് കണക്കാക്കിയത് കാരണം 5.30-5.1675 =0.1325m2 ന് @2447.56/m2=324 രൂപയും; 1x1.20x5.8=6.96 എന്നതിന് പകരം 7.05എന്ന് കണക്കാക്കിയത് കാരണം 7.05-6.96 =0.09m2 ന് @2447.56/m2=220 രൂപയും; പ്രവൃത്തിയുടെ ആകെ അളവായ 58.64m2 ന് 58.64x@2447.56/m2=1,43,524.918 ന് പകരം 1,44,232.263എന്ന് കണക്കാക്കിയത് കാരണം 1,44,232.263-1,43,524.918 =707രൂപയും ഉൾപ്പടെ ആകെ 1251 (324+220+707) രൂപ അധികം നൽകിയിട്ടുണ്ട്. ( Page No 2 M-book KNK/2065/22/2, Page No 3 M-book KNK/2065/22/2, Page No 73 M-book KNK/2065/22/12 ).

17- Additional Work 3- ആകെ അളവ് 1.02m3 ആണ്.1.02x@9266.52/m3=9,451.85 ന് പകരം 9,581.582 എന്ന് കണക്കാക്കിയതിനാൽ 9,581.582-9,451.850=130രൂപ അധികം നൽകിയിട്ടുണ്ട്.(page-74- M-book KNK/2065/22/12).

18- Additional Work 5- ആകെ അളവ്49.46 ആണ്. 49.46x@1758.26/m2 = 86,963.539 ന് പകരം 87,686.184 എന്ന് കണക്കാക്കിയത് കാരണം 87,686.184 - 86,963.539 =723രൂപ അധികം നൽകിയിട്ടുണ്ട്. ( Page No 76 M-book KNK/2065/22/12).

19- Additional Work 6- ആകെ അളവ്66.67 ആണ്. 66.67x@1954.35/m2=1,30,296.514ന് പകരം 1,30,470.452 എന്ന് കണക്കാക്കിയത് കാരണം 1,30,470.452-1,30,296.514 =174രൂപ അധികം നൽകിയിട്ടുണ്ട്. ( Page No 77 M-book KNK/2065/22/12).

20-Part J Fire Hydrent & Spinkler System 50mm Nominal Dia(D4)- എന്ന ഇനം ആകെ അളവ് 12.1 M ആണ്. എന്നാൽ കണക്ക് കൂട്ടിയതിലെ പിഴവ് കാരണം 12.8 കണക്കാക്കി തുക അനുവദിച്ചിട്ടുണ്ട്. 12.8- 12.1=0.7 @980 M =686രൂപ അധികം നൽകിയിട്ടുണ്ട്. ( Page No 5 M-book KNK/2065/22/10 Page No 3 M-book KNK/2065/22/11).

ഇപ്രകാരം ഇരുപത് ഇനങ്ങളിലായി 1,36,162രൂപ അധികം അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അധികം അനുവദിച്ച തുക(₹) | ക്രമ നമ്പർ | അധികം അനുവദിച്ച തുക(₹) |
|---|---|---|---|
| 1 | 5,782 | 11 | 1,702 |
| 2 | 813 | 12 | 2,512 |
| 3 | 45 | 13 | 96 |
| 4 | 27 | 14 | 15,031 |
| 5 | 37 | 15 | 39 |
| 6 | 79,686 | 16 | 1,251 |
| 7 | 1,062 | 17 | 130 |
| 8 | 905 | 18 | 723 |

| | | | |
|---|---|---|---|
| 9 | 30 | 19 | 174 |
| 10 | 923 | 20 | 686 |
| ആകെ | | | 1,11,654 |
| (+) മാനേജ്‌മെന്റ് ചാർജ് 2.5% | | | 2791 |
| ആകെ | | | 1,14,445 |
| + GST 18% Of 1,14,445 | | | 20,600 |
| ആകെ | | | 1,35,045 |
| +KCWWF ( 1,11,654 ന്റെ 1%) | | | 1,117 |
| ആകെ അധികം നൽകിയത് | | | 1,36,162 |

മറ്റ് അപാകങ്ങൾ:-

1- സിവിൽവർക്കിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ്, പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2- ഇലക്ട്രിക്കൽ, സൈനേജ്, പ്ലംബിംഗ്, സാനിറ്ററി പൈപ്പ് ലൈൻസ് എന്നി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3- ഇലക്ട്രിക്കൽ പ്രവൃത്തികളുടെ മെഷർമെന്റ് എടുക്കാതെ വാല്വേഷൻ അനുവദിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എം ബുക്ക് നമ്പർ | അനുവദിച്ച തുക (₹) |
|---|---|---|---|
| 1 | 59 A Light Fitting | Page No 79 KNK/2065/22/8 | 74,983.30 |
| 2 | 59 B D48 | Page No 80 KNK/2065/22/8 | 56,221.89 |
| 3 | 62 D51 | Page No 83 KNK/2065/22/8 | 1,14,989.03 |
| 4 | 64 AYFY CABLE | Page No 85 KNK/2065/22/8 | 75,397.40 |
| 5 | Part III PA System | Page No 87 KNK/2065/22/8 | 12,791.80 |

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/21-8-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കേണ്ടതും അധികമായി നൽകിയ 1,36,162 രൂപ ബന്ധപ്പെട്ട ശീർഷകത്തിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-52 ജി.എച്ച്.എസ്.എസ് പാട്യം കുടിവെള്ള പദ്ധതി - പൂർത്തീകരിച്ചില്ല

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ/പേര് | 270/23ജി.എച്ച്.എസ്.എസ്, പാട്യം-കുടിവെള്ള പദ്ധതി |
| അടങ്കൽ | ₹6,00,000 (ധനകാര്യകമ്മിഷൻ ഗ്രാന്റ്) |
| ചെലവ് | ₹4,78,000 |
| ബിൽ നമ്പർ/തീയതി,തുക | 20/13-07-2022 ₹4,51,000 |
| ബിൽ നമ്പർ/തീയതി,തുക | 518/12-12-2022 ₹27,000 |

പാട്യം ജി.എച്ച്.എസ്.എസിൽ ഭൂജലാധിഷ്ഠിത കുടിവെള്ളപദ്ധതി നടപ്പാക്കുന്നതിന് 4,78,000 രൂപ ജില്ലാ ഓഫീസർ, ഭൂജലവകുപ്പ്,കണ്ണൂരിന് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (87/30-11-2023) പ്രസ്തുത പ്രവൃത്തിയിൽ കുഴൽകിണർ നിർമ്മാണം പൂർത്തീകരിച്ച് ജലം ലഭ്യമാക്കിയിട്ടുണ്ടെന്നും കുടിവെള്ളപദ്ധതി 2023 ഡിസംബർ 31 നകം പൂർത്തിയാക്കാൻ സാധിക്കുമെന്നുമാണ് ഭൂജലവകുപ്പ് ജില്ലാ ഓഫീസർ അറിയിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ പൂർത്തീകരണ/വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-53 പട്ടികജാതി സാംസ്കാരികനിലയങ്ങൾക്ക് ഫർണിച്ചർ വിതരണം-വിതരണവിവരം ലഭ്യമാക്കാത്തതും മറ്റ് അപാകങ്ങളും- 10,22,736/-രൂപ തടസ്സപ്പെടുത്തുന്നു-

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | 881/23-പട്ടികജാതി സാംസ്കാരികനിലയങ്ങൾക്ക് ഫർണിച്ചർ വിതരണം |
| ഫണ്ടിനം/അടങ്കൽ തുക | വികസനഫണ്ട് (എസ്.സി.പി)- ₹ 60,00,000/- |
| ചെലവ്തുക | ₹ 10,22,736/- |
| ബിൽ നമ്പർ/തീയതി | 1942/28-03-2023 |
| നിർവ്വഹണം | ജില്ലാ പട്ടികജാതിവികസന ഓഫീസർ, |

ജില്ലാ പട്ടികജാതിവികസന ഓഫീസർക്ക് ബ്ലോക്ക് പട്ടികജാതിവികസന ഓഫീസർമാർ ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരമുള്ള 34ഗ്രാമപഞ്ചായത്തുകളിലെ 78 സാംസ്കാരികനിലയങ്ങളിൽ തെരഞ്ഞെടുത്തവയ്ക്ക് 30സ്റ്റീൽ കസേരകളും 1അലമാരയും വീതം വിതരണം ഉദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. ഇതു പ്രകാരം അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോക്ക് സ്റ്റീൽ കസേര @3132+GSTപ്രകാരം 1470 എണ്ണത്തിനും സ്റ്റീൽ അലമാര @9,399+GST പ്രകാരം 51എണ്ണത്തിനും 17-3-23ന്സപ്ലൈ ഓർഡർ നല്കി. ഇതനുസരിച്ച് സിഡ്കോയുടെ 28-3-23ലെ 10,23,726/-രൂപ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ 277കസേരകൾക്ക് 10,22,736/-രൂപ 2022-23 വർഷം ചെലവഴിച്ചിട്ടുണ്ട്.

ഈ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 277കസേരകൾ ഏതൊക്കെ സാംസ്കാരികനിലയങ്ങൾക്കാണ് വിതരണം ചെയ്തതെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2) 1470കസേരയും 51 അലമാരയും ലഭ്യമാക്കുന്നതിന് 60,00,000/-രൂപ വകയിരുത്തിയ ഈ പ്രോജക്ടിൽ 10,22,736/-രൂപ ചെലവഴിച്ച് 277കസേരകൾ വാങ്ങിക്കാനേ 2022-23 വർഷം സാധിച്ചിട്ടുള്ളൂ. പട്ടികജാതിവികസനത്തിനുതകേണ്ട പദ്ധതിപ്പണം 50,00,000/-രൂപയോളം ചെലവഴിക്കാതെ ലാപ്സായിപ്പോയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) തുക സിഡ്കോയ്ക്ക് കൈമാറിയത് വ്യക്തമാക്കുന്ന ട്രഷറി യു.ടി.ആർ.സ്റ്റേറ്റ്മെന്റ്, പട്ടികജാതിവികസനവർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ച കാര്യങ്ങളിലാവശ്യമായ മറുപടിയും രേഖകളും ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണ(30/20-9-23)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവുതുക 10,22,736/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-54 പട്ടികജാതിസാംസ്കാരികനിലയങ്ങളുടെ അടിസ്ഥാനസൗകര്യവികസനം-ഗ്രാമ/ബ്ലോക്ക്പഞ്ചായത്തുകൾക്ക് ധനസഹായം-ചുമതലയിലില്ലാത്ത പദ്ധതിനിർവ്വഹണവും ചെലവുരേഖകൾ ലഭ്യമാക്കാത്തതും- 3,10,228/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു-

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | 539/23-പട്ടികജാതിസാംസ്കാരികനിലയങ്ങളുടെ അടിസ്ഥാനസൗകര്യവികസനം-ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് ധനസഹായം |
| ഫണ്ടിനം/അടങ്കൽ തുക | വികസനഫണ്ട് (എസ്.സി.പി)- ₹ 5,00,000/- |
| ചെലവ്തുക | ₹ 3,10,228/- |

| | |
|---|---|
| ബിൽ നമ്പർ/തീയതി, തുക | 1354/02-03-2023 ₹20,000<br>1909/28-03-2023 ₹2,90,228 |
| നിർവ്വഹണം | ജില്ലാ പട്ടികജാതിവികസന ഓഫീസർ, |

പട്ടികജാതിസാംസ്കാരികനിലയങ്ങളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുന്നത് വഴി പട്ടികജാതിക്കാരുടെ സാംസ്കാരികഉന്നമനം ലക്ഷ്യം വെച്ചുകൊണ്ടുള്ള ഈ പ്രോജക്റ്റ് പ്രകാരം നാറാത്ത് ഗ്രാമപഞ്ചായത്തിന് 20,000/-രൂപയും ചെങ്ങളായി ഗ്രാമപഞ്ചായത്തിന് 2,90,228/-രൂപയും നല്കിയതായി ഫയൽനോട്ട്പ്രകാരം വ്യക്തമാകുന്നു. പദ്ധതിനിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2)കേരളപഞ്ചായത്ത് രാജ് ആക്ടിൽ ജില്ലാപഞ്ചായത്തുകളുടെ ചുമതല പ്രതിപാദിക്കുന്ന അഞ്ചാം പട്ടികയിലോ, വാർഷിക പദ്ധതി നിർവ്വഹണത്തിനായുള്ള സർക്കാർ മാർഗ്ഗരേഖയിലോ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള സാംസ്കാരികനിലയങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ജില്ലാപഞ്ചായത്തുകൾക്ക് പദ്ധതിനടപ്പിലാക്കാമെന്ന് പ്രതിപാദിച്ചിട്ടില്ല.

3) തുക വിതരണം വ്യക്തമാക്കുന്ന ട്രഷറി യു.ടി.ആർ. സ്റ്റേറ്റ്മെൻറ് ലഭ്യമാക്കിയിട്ടില്ല.

4)സാംസ്കാരികനിലയങ്ങളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കുന്നതിനായി പ്രസ്തുത ഗ്രാമപഞ്ചായത്തുകൾ ചെയ്ത പ്രവൃത്തിയുടെ വിവരം, വിനിയോഗസാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണ(32/20-9-23)ത്തിന് മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവു തുക ₹3,10,228/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-55 സ്ത്രീപദവിപഠനം-പുരോഗതിവിവരം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 422/23 |
| പ്രോജക്ടിൻെറ പേര് | സ്ത്രീപദവിപഠനം |
| നിർവ്വഹണം | ജില്ലാ വനിതാശിശുവികസന ഓഫീസർ |
| ഫണ്ടിനം | വികസനഫണ്ട് |
| അടങ്കൽ | ₹1,25,000/- |
| ചെലവ്- ₹1,04,697/ | ₹45,688/-(ബിൽ നമ്പർ 324/25-10-22)<br>₹25,959/-(ബിൽ നമ്പർ 702/11-01-23)<br>₹ 1,200/- (ബിൽ നമ്പർ 1026/15-2-23)<br>₹18,200/-(ബിൽനമ്പർ1892/28-3-23)<br>₹13,650/-(ബിൽ നമ്പർ 1936/28-3-23) |

ജില്ലയിൽ ഒരു സ്ത്രീപദവിപഠനറിപ്പോർട്ട് പ്രസിദ്ധീകരിക്കുകയാണ് ഈ പ്രോജക്ടിൻെറ ലക്ഷ്യം. ജില്ലയിലെ മുഴുവൻ തദ്ദേശഭരണസ്ഥാപനങ്ങളും ഒരേ രീതിയിൽ അതതിടങ്ങളിലെ സ്ത്രീപദവിപഠനം നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കും. അതിനെ സമാഹരിച്ച് ജില്ലാതലത്തിൽ ഒറ്റ റിപ്പോർട്ടാക്കും. ഇതിനാവശ്യമായ ജില്ലാതലപരിശീലനം, വർക്ക്ഷോപ്പ്, പഠനറിപ്പോർട്ട് പ്രിൻറിംഗ് തുടങ്ങിയവയ്ക്കായുള്ള ബഹുവർഷപ്രോജക്ടിൻെറ ആദ്യഘട്ടമാണിത്. ഇതുമായി ബന്ധപ്പെട്ട അക്കാദമിക് ടീം/പഠനസംഘങ്ങളുടെ യാത്രാച്ചെലവ്, ശില്പശാലാച്ചെലവ് ഇനങ്ങളിലാണ് മേൽപ്രകാരം ₹1,04,697/-ജില്ലാ പഞ്ചായത്ത് ഈ വർഷം ചെലവഴിച്ചിട്ടുള്ളത്. സ്ത്രീപദവിപഠനറിപ്പോർട്ട് &Process Documentation Report പ്രസിദ്ധീകരിച്ച വിവരം/പ്രവർത്തനപുരോഗതി വിവരം ഇവ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് അന്വേഷണം-78/20-11-23). ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-56 'പത്താമുദയം' - സമ്പൂർണ സെക്കന്ററി വിദ്യാഭ്യാസ പദ്ധതി -അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട്നമ്പറും പേരും | 375/23-'പത്താമുദയം'-സമ്പൂർണ സെക്കന്ററി വിദ്യാഭ്യാസ പദ്ധതി |
| അടങ്കൽ | ₹2,00,000(വികസന ഫണ്ട്) |
| ചെലവ് | ₹64,293 |
| ബിൽ നമ്പർ/തീയതി/തുക | 1)709/12.01.2023 ₹11,950<br>2)1913/28.03.2023 ₹52,343 |
| നിർവ്വഹണം | സെക്രട്ടറി |

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി സാക്ഷരതാ മിഷൻ മുഖേന നടത്തുന്ന പ്രോജക്ടാണ് 'പത്താമുദയം' സമ്പൂർണസെക്കന്ററിവിദ്യാഭ്യാസ പദ്ധതി.

കണ്ണൂർ ജില്ലയിലെ അമ്പത് വയസ്സിൽ താഴെയുള്ള എല്ലാവരെയും അഞ്ച് വർഷം കൊണ്ട് പത്താംതരം വിദ്യാഭ്യാസം ഉള്ളവരായി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്.

ഇതിന്റെ ഭാഗമായി സർവേമുന്നൊരുക്കങ്ങൾ, പ്രചാരണപ്രവർത്തനങ്ങൾ, ജില്ലാതലപരിശീലനങ്ങൾ, മോണിറ്ററിംഗ്, കലാജാഥ, വിജയോത്സവങ്ങൾ എന്നിവ നടത്താനാണ് പ്രോജക്ടിൽ നിശ്ചയിച്ചിരിക്കുന്നത്.

പതിനാലാം പഞ്ചവത്സരപദ്ധതി മാർഗരേഖ സ.ഉ(കൈ)നം.115/2022 തസ്വഭവ തീ.28.05.2022 ഖണ്ഡിക.7.4.5 പ്രകാരം സംസ്ഥാന സാക്ഷരതാമിഷന്റെ നിർദേശങ്ങൾ പരിഗണിച്ച് തദ്ദേശഭരണസ്ഥാപനത്തിലെ 4,7,10,12 ക്ലാസുകളിലേക്കുള്ള തുല്യതാപരീക്ഷക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാഫീസ്, കോഴ്സ് ഫീസ്, പാഠപുസ്തകങ്ങളുടെ വില, തുടർ സാക്ഷരതാപ്രവർത്തനങ്ങൾക്ക് സഹായകരമായ മറ്റ് ആവശ്യങ്ങൾ എന്നിവയ്ക്ക് വേണ്ടി മാത്രമേ പ്രോജക്ടുകൾ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുള്ളൂ.

ആയതിനാൽ പ്രോജക്ടിന്റെ ഭാഗമായി സർവേമുന്നൊരുക്കങ്ങൾ, പ്രചാരണ പ്രവർത്തനങ്ങൾ, ജില്ലാതലപരിശീലനങ്ങൾ, മോണിറ്ററിംഗ്, കലാജാഥ, വിജയോത്സവങ്ങൾ, കോ-ഓർഡിനേറ്റർമാരെ നിയമിക്കൽ, യാത്രാബത്ത നൽകൽ, എന്നിവ വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്നതിന് സർക്കാരിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ (65/01 -11-2023 ) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബഹുവർഷ പ്രോജക്ടായ ഈ പദ്ധതിച്ചെലവുകൾക്ക് സർക്കാരിൽ നിന്ന് അനുമതി വാങ്ങേണ്ടതാണ്.

## 1-57 സർക്കാർ അനുമതിയില്ലാതെ കരാർ വ്യവസ്ഥയിൽ ഫസ്റ്റ് ഗ്രേഡ് ഓവർസീയറെ നിയമിച്ചു.

ഫയൽ നമ്പർ A3-1401/2021, A3- 76/2023

| വൗച്ചർ നമ്പർ / തീയതി | തുക (₹) |
|---|---|
| 22200055/16-04-2022 | 20,000 |
| 22200189/02-06-2022 | 20,000 |
| 22200258/18-06-2022 | 20,000 |
| 22200367/14-07-2022 | 20,000 |
| 22200500/11-08-2022 | 20,000 |
| 22200725/27-09-2022 | 20,000 |
| 22200822/19-10-2022 | 20,000 |
| 22201034/19-11-2022 | 20,000 |
| 22201193/30-12-2022 | 20,000 |

| | |
|---|---|
| 22201297/18-01-2023 | 20,000 |
| 22201821/21-02-2023 | 20,000 |
| 22202128/11-03-2023 | 20,000 |

എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.ഐ.ഡി.&ഇ.ഡബ്ല്യൂ (എൽ.എസ്.ജി.ഡി) വിഭാഗം കണ്ണൂരിന്റെ കാര്യാലയത്തിൽ കരാർ അടിസ്ഥാനത്തിൽ ഫസ്റ്റ് ഗ്രേഡ് ഓവർസീയറായി ശ്രീ. യദുകൃഷ്ണൻ.പി യെ 01-12-2021 മുതൽ നിയമിച്ചിട്ടുണ്ട്. പ്രസ്തുത നിയമനം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 05-05-2022 ലെ 50/2022 തീരുമാനപ്രകാരം 01-04-2022 മുതൽ ഒരുവർഷവും കൂടി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. തൻവർഷം ടിയാൾക്ക് ശമ്പളയിനത്തിൽ 2,40,000/- രൂപ മേൽ കാണിച്ചപ്രകാരം അനുവദിച്ചിട്ടുണ്ട്. നിയമനം നൽകിയത് അംഗീകൃത തസ്തികയിലാണോയെന്ന് വ്യക്തമല്ല. അംഗീകൃത തസ്തികയിലല്ലെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (88/30-11-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സ.ഉ(അച്ചടി)81/2019/ധന തീയതി 09-07-2019 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ കരാർ നിയമനങ്ങൾ നടത്താൻ പാടുള്ളുവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള കരാർ നിയമനങ്ങൾ 1 വർഷത്തേക്ക് മാത്രം പരിമിതപ്പെടുത്തേണ്ടതും വകുപ്പ് മേധാവിക്ക് ബോധ്യപ്പെടുന്നപക്ഷം ഒരുവർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. രണ്ട് വർഷകാലവധിക്ക് ശേഷം ആവശ്യകതയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ മാത്രമേ കരാർ പുതുക്കുവാൻ പാടുള്ളൂ. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം കരാർ നിയമനങ്ങൾ നടത്തേണ്ടതാണ്.

## 1-58 പദ്ധതി നിർവ്വഹണം / മോണിറ്ററിംഗ് ചെലവുകൾ പ്രോജക്ടിന്റെ ഭാഗമല്ലാതെ ചെലവഴിക്കുന്നത്- ഒഴിവാക്കേണ്ടതാണ്.

പദ്ധതിനിർവ്വഹണം/മോണിറ്ററിംഗിനായി പ്രോജക്ട് തയ്യാറാക്കുകയും എന്നാൽ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായുള്ള ചെലവുകൾ പ്രോജക്ടിൽ ഉൾപ്പെടുത്താതെ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ തീയതി | തുക (₹) | ചെലവിനം |
|---|---|---|---|
| 1 | 22200452/02-08-2022 | 12,036 | കരട് പദ്ധതി രേഖ പ്രിന്റിംഗ്- എടക്കാട് ബ്ലോക്ക് പ്രിന്റിംഗ് & പബ്ലിഷിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ചക്കരക്കല്ലിന് നൽകിയത് |
| 2 | 22200541/24-08-2022 | 57,000 | 06-06-2022 ന് നടന്ന 2022-23 വികസനസെമിനാർ ചായ,ലഘുഭക്ഷണം ചെലവ് |
| 3 | 22201047/22-11-2022 | 1,860 | 22-10-2022 ന് നടന്ന 2022-23 വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മീറ്റിംഗ് ചായ, ലഘുഭക്ഷണ ചെലവ് |
| 4 | 22201174/22-12-2022 | 2,040 | 15-11-2022 ന് നടന്ന 2022-23 വർഷത്തെ പദ്ധതി പുരോഗതി അവലോകനവുമായി ബന്ധപ്പെട്ട മീറ്റിംഗ് ചായ, ലഘുഭക്ഷണ ചെലവ് |
| 5 | 22201267/17-01-2023 | 81,899 | പ്രോജക്ട് ഫയൽ പ്രിന്റിംഗിന് എടക്കാട് ബ്ലോക്ക് പ്രിന്റിംഗ് & പബ്ലിഷിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ചക്കരക്കല്ലിന് നൽകിയത് |
| 6 | 22202369/22-03-2023 | 15,700 | വർക്കിംഗ് ഗ്രൂപ്പ് പൊതുയോഗം - ചായ, ലഘുഭക്ഷണം, ഉച്ചഭക്ഷണ ചെലവിനത്തിൽ കഫേശ്രീ യൂണിറ്റ്, കുടുംബശ്രീ യൂണിറ്റ്, കണ്ണൂരിന് നൽകിയത് |

സർക്കാർ ഉത്തരവ് (കൈ)84/2022/ത.സ്വ.ഭ.വ തീയതി 19-04-2022; ഖ.9-4 പ്രകാരം ആകെ വികസനഫണ്ടിന്റെ അടിസ്ഥാനത്തിലാണ് പദ്ധതിനിർവ്വഹണ-മോണിറ്ററിംഗ് ചെലവുകൾക്ക് തുക വകയിരുത്തേണ്ടതെന്നും പദ്ധതി രൂപീകരണത്തിന് 0.1% (പരമാവധി 3.5 ലക്ഷം രൂപ) നിർവ്വഹണം/മോണിറ്ററിംഗിന് 0.2%(പരമാവധി 4.5 ലക്ഷം രൂപ)രൂപ മാത്രമാണ് ചെലവഴിക്കാവുന്നതെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. പ്രോജക്ട് നമ്പർ 394/23 പ്രകാരം, പദ്ധതിരൂപീകരണം, നിർവ്വഹണം,മോണിറ്ററിംഗ് എന്ന ഇനത്തിൽ 6,00,000 രൂപ (5,00,000 വികസനഫണ്ട്, 1,00,000 തനത്ഫണ്ട്) വകയിരുത്തി പ്രോജക്ട് തയ്യാറാക്കി 5,80,964 രൂപ (4,86,694 വികസനഫണ്ട്, 94270 തനത്ഫണ്ട്) ചെലവഴിച്ചിട്ടുണ്ട്. ഈ ചെലവിൽ മേൽ പട്ടികയിൽ പ്രതിപാദിച്ച ചെലവുകൾ ഉൾപ്പെടുന്നില്ല. പദ്ധതിനിർവ്വഹണം/ മോണിറ്ററിംഗ് ചെലവുകൾ പദ്ധതിയുടെ ഭാഗമാക്കാതെ ചെലവ് ചെയ്യുന്നത് ഒഴിവാക്കേണ്ടതും ചെലവുകൾ സർക്കാർ നിർദ്ദേശത്തിനനുസരിച്ച് പരിമിതപ്പെടുത്തേണ്ടതുമാണ്.

## 1-59 കല്ല്യാശ്ശേരി സിവിൽ സർവ്വീസ് അക്കാദമിയിൽ ഡിജിററൽ ലൈബ്രറി സജ്ജീകരിക്കൽ-നിർവ്വഹണഅപാകങ്ങൾ- 18,62,886/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു-

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | 867/23 കല്ല്യാശ്ശേരി സിവിൽസർവ്വീസ്അക്കാദമിയിൽ ഡിജിററൽലൈബ്രറി സജ്ജീകരിക്കൽ- |
| ഫണ്ടിനം/അടങ്കൽ തുക | വികസനഫണ്ട് (എസ്.സി.പി)- ₹ 18,62,886/- |
| ചെലവ്തുക | ₹ 18,62,886/- |
| ബിൽ നമ്പർ/തീയതി | 1713/23-03-2023 |
| നിർവ്വഹണം | ജില്ലാ പട്ടികജാതിവികസന ഓഫീസർ, |

പട്ടികജാതിയിലുൾപ്പെടെയുള്ള വിദ്യാർത്ഥികളെ സിവിൽ സർവ്വീസ് പരീക്ഷക്ക് പ്രാപ്തരാക്കും രീതിയിൽ മികച്ച പരിശീലനം നല്കുന്നതിനായി ജില്ലാപഞ്ചായത്ത് കല്ല്യാശ്ശേരിയിൽ സ്ഥാപിച്ച സിവിൽ സർവ്വീസ് അക്കാദമിയിൽ ഡിജിററൽ ലൈബ്രറി സജ്ജീകരിക്കുന്നതിനായി 2018-19ൽ ആരംഭിച്ച 360/19 നമ്പർ പ്രോജക്ടിലെ പ്രവൃത്തിയുടെ തുടർച്ചെലവ് നിർവ്വഹണഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ് സൊസൈറ്റിക്ക് അനുവദിക്കുന്നതിനുവേണ്ടിയാണ് ഈ പ്രോജക്ട്. 2018-19 ൽ 33,00,000/-രൂപ അടങ്കൽ വകയിരുത്തിയതിൽ 6,60,000/-രൂപ 14-8-2019ന് മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ സൊസൈറ്റി 16-12-20ന് 18,62,886/-രൂപയുടെ ഫൈനൽബിൽ സമർപ്പിച്ചെങ്കിലും,സാങ്കേതികാനുമതിയില്ലാതെ നിർവ്വഹിക്കപ്പെട്ട ഈ പ്രവൃത്തിയുടെ ബിൽ മാറിനല്കുകയുണ്ടായില്ല.ഇതേത്തുടർന്ന്,പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ,ഇലക്ട്രോണിക്സ് വിഭാഗങ്ങളുടെ വാല്വേഷൻെറ അടിസ്ഥാനത്തിൽ 2022-23വർഷം ഫൈനൽ ബിൽ അനുവദിക്കുകയാണുണ്ടായത്.
ഈ പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)സാങ്കേതികാനുമതി ലഭ്യമാക്കാതെയാണ് ഈ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്.നിർവ്വഹണഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ് സൊസൈറ്റിയുമായി കരാറിലേർപ്പെട്ട ശേഷമാണ് സാങ്കേതികാനുമതി ലഭ്യമാക്കുവാനുള്ള നടപടിക്രമങ്ങൾ പോലും നിർവ്വഹണോദ്യോഗസ്ഥൻ ആരംഭിക്കുന്നത്. സാങ്കേതികാനുമതി ലഭ്യമാക്കാതെ,പൊതുമരാമത്ത്ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് പ്രവൃത്തി നടത്തിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2)കംപ്യൂട്ടർ നെറ്റ് വർക്കിംഗ് ഏർപ്പെടുത്തൽ,കംപ്യൂട്ടർ വാങ്ങൽ,ഫർണിച്ചർ വാങ്ങൽ എന്നിവയുൾപ്പെടുന്ന ഈ പ്രവൃത്തിനിർവ്വഹണത്തിന് അക്രഡിറ്റഡ് ഏജൻസിയെന്ന നിലയിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ് സൊസൈറ്റിക്ക് അനുമതിയുണ്ടെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3)കംപ്യൂട്ടർ, പ്രിൻറർ, ഫർണിച്ചർ എന്നിവയുടെ വാങ്ങലുമായി ബന്ധപ്പെട്ട ഇൻവോയ്സ്, പ്രവൃത്തിയുടെ മെഷർമെൻറ്ബുക്ക് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4) പട്ടികജാതിവികസനഫണ്ട് വിനിയോഗിച്ച് നിർവ്വഹണം നടത്തിയ ഈ പ്രോജക്ടിൻെറ ഗുണഭോക്താക്കൾ പട്ടികജാതിക്കാരാണെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5) ₹ 18,62,886/-ചെലവ് വ്യക്തമാക്കുന്ന ട്രഷറി അക്നോളജ്മെൻറ് രശീതി(UTR) പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

6)മൊബിലൈസേഷൻ അഡ്വാൻസ് 6,60,000/-രൂപയിൽ നിന്നും ജി.എസ്.ടി,ഐ.ടി,കെ.ഡബ്ല്യൂ.ഡബ്ല്യൂ.എഫ് വിഹിതം കുറച്ച വിവരം ലഭ്യമാക്കിയിട്ടില്ല.
മേൽ കാര്യങ്ങൾ സംബന്ധിച്ച മറുപടിയും രേഖകളും പരിശോധനക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണ(29/11-9-23)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 18,62,886/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.വിശദീകരണവും രേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-60 ജില്ലാ ആയുർവ്വേദാശുപത്രി മെയിന്റനൻസ് -നിർമ്മിതികേന്ദ്രക്ക് അധികമായി അനുവദിച്ച 9,654/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നമ്പറുംപേരും | 373/23- ജില്ലാ ആയുർവ്വേദാശുപത്രി മെയിന്റനൻസ് (സ്പിൽ ഓവർ) |
| ഫണ്ടിനം/അടങ്കൽ തുക | മെയിന്റനൻസ് ഗ്രാൻറ്(റോഡിതരം)-<br>₹ 8,00,000/- |
| ചെലവ്തുക | ₹4,57,573/-(ബിൽ നമ്പർ-47/11-10-22) |
| നിർവ്വഹണം | സൂപ്രണ്ട്, ജില്ലാ ആയുർവ്വേദാശുപത്രി |

ജില്ലാആയുർവ്വേദാശുപത്രി മെയിന്റനൻസിനായി സ്പിൽഓവറായി തുടർന്ന ഈ പ്രോജക്ടിൽ, നിർവ്വഹണ ഏജൻസിയായ നിർമ്മിതികേന്ദ്രക്ക് മുൻവർഷം 2,00,000/- രൂപ മൊബിലൈസേഷൻ അഡ്വാൻസായി അനുവദിച്ചിരുന്നു(പ്രോജക്റ്റ് നമ്പർ-869/22;ബിൽനമ്പർ-171/24-1-22). ഈ വർഷം പ്രവൃത്തി പൂർത്തീകരിച്ച് 6,57,573/-രൂപയുടെ ഫൈനൽബിൽ നല്കിയതിന്റെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന സംഖ്യയായ 4,57,573/-രൂപയിൽ നിയമാനുസൃതകുറവുകൾ വരുത്തിയ ശേഷം 4,28,477/- രൂപ നിർമ്മിതികേന്ദ്രക്ക് നല്കിയിട്ടുണ്ട്.പ്രസ്തുത പ്രവൃത്തിയുടെ ബിൽ പരിശോധിച്ചതിൽ,B-ജനറൽ വയറിംഗ്,ഇനം 6 പ്രകാരം "Supply And Drawing 650/1100 V Grade FRLS PVC Insulated Standard Single Core Copper Conductor Cables.....................1.50 Sqmm 3 Run "-എന്ന ഇനത്തിന് മീറ്ററിന് 101 രൂപ നിരക്കിൽ 58 മീറ്ററിന് അനുവദിക്കാവുന്ന നിരക്ക് 5,858/-രൂപയാണ്. എന്നാൽ,15,511.96 രൂപ ഈയിനത്തിൽ നിർമ്മിതികേന്ദ്രക്ക് അനുവദിച്ചിട്ടുണ്ട്(M Book-KNK/1998/21(2) പേജ്-10,11,24; M Book-KNK/1998/21(3) പേജ്-38,39 ഇവ കണ്ടാലും). ഇപ്രകാരം അധികമായി തുക അനുവദിച്ചത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണ(35/12-10-23)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി നല്കിയ 9,654/-രൂപ തിരികെ ഈടാക്കി സഞ്ചിതനിധിയിലൊടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-61 ജില്ലാ ആയുർവ്വേദാശുപത്രിക്ക് മരുന്ന്-തുക ഒടുക്കി മാസങ്ങൾ പിന്നിട്ടിട്ടും മരുന്ന് ലഭ്യമാകുവാൻ ബാക്കി-6,26,308/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു-

| | |
|---|---|
| പ്രോജക്റ്റ് നമ്പറും പേരും | 08/23-ജില്ലാ ആയുർവ്വേദാശുപത്രിക്ക് മരുന്ന് -ലാബ് റീ-ഏജൻറ് വാങ്ങൽ |
| ഫണ്ടിനം/അടങ്കൽ തുക | മെയിന്റനൻസ് ഗ്രാൻറ്(റോഡിതരം)<br>₹ 95,00,000/- |
| ചെലവ്തുക | ബിൽ നമ്പർ-400/16.11.2022 ₹10,00,000<br>ബിൽ നമ്പർ-809/01.02.2023 ₹60,00,000<br>ബിൽ നമ്പർ-1062/17.02.2023 ₹25,00,000<br>ആകെ-₹95,00,000/- |
| നിർവ്വഹണം | സൂപ്രണ്ട്, ജില്ലാ ആയുർവ്വേദാശുപത്രി |

ജില്ലാ ആയുർവ്വേദാശുപത്രിക്ക് മരുന്നും ലാബ് റീ-ഏജൻറും വാങ്ങുന്നതിനുള്ള ഈ പ്രോജക്ടിൽ,സുലേഖചെലവുപത്രിക പ്രകാരം ₹95,00,000/- ചെലവുണ്ട്.

ഈ പ്രോജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ഔഷധി,പാട്യം സോഷ്യൽ സർവീസ് സൊസൈറ്റി,ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ(IM)കേരള ലിമിറ്റഡ് എന്നിവിടങ്ങളിൽ നിന്നാണ് മരുന്ന് വാങ്ങിയിട്ടുള്ളത്.പ്രസ്തുത സ്ഥാപനങ്ങൾക്ക് തുക നല്കിയത് വ്യക്തമാക്കുന്ന ബിൽ,ട്രഷറി അക്നോളജ്മെൻറ് രശീതി എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2) ഫയൽ പരിശോധിച്ചതിൽ, 95,00,000/-രൂപ ഒടുക്കിയിട്ടുണ്ടെങ്കിലും 88,73,692/-രൂപയുടെ മരുന്നുകളേ ലഭ്യമായിക്കാണുന്നുള്ളൂ.6,26,308/-രൂപയുടെ മരുന്നുകൾ ലഭ്യമായിക്കാണുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (34/12-10-23) മറുപടി ലഭ്യമാക്കാത്തതിനാൽ 6,26,308/-രൂപയുടെ ചെലവ് ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു.മുഴുവൻ മരുന്നുകളും ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്റർ സഹിതം വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-62 പാലിന് സബ്സിഡി-ആനുകൂല്യവിതരണവിവരം/വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും വിനിയോഗിക്കാതെ ശേഷിക്കുന്ന തുക 54,309/-രൂപ തിരിച്ചടക്കേണ്ടതുമാണ്-

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയരക്ടർ,ക്ഷീരവികസനം |
| പ്രോജക്റ്റ് നമ്പർ, പേര് | 416/23-ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി |
| അടങ്കൽ-(വികസനഫണ്ട്) | ₹1,60,00,000 രൂപ |
| ചെലവ് | ₹1,60,00,000 രൂപ |

| ബിൽ നമ്പർ | തീയതി | തുക(₹) | ബിൽ നമ്പർ | തീയതി | തുക(₹) |
|---|---|---|---|---|---|
| 419 | 23-11-2022 | 79,010 | 785 | 28-01-2023 | 1,30,000 |
| 424 | 25-11-2022 | 1,75,024 | 786 | 28-01-2023 | 1,56,889 |
| 427 | 26-11-2022 | 10,000 | 789 | 28-01-2023 | 1,00,000 |
| 428 | 26-11-2022 | 53,000 | 790 | 28-01-2023 | 77,000 |
| 429 | 26-11-2022 | 41,000 | 791 | 28-01-2023 | 4,244 |
| 430 | 26-11-2022 | 1,78,065 | 792 | 28-01-2023 | 92,052 |
| 426 | 26-11-2022 | 75,000 | 796 | 31-01-2023 | 62,471 |
| 434 | 28-11-2022 | 1,00,000 | 800 | 31-01-2023 | 3,68,335 |
| 433 | 28-11-2022 | 1,50,000 | 825 | 02-02-2023 | 2,56,595 |
| 432 | 28-11-2022 | 2,00,000 | 841 | 03-02-2023 | 1,50,000 |
| 431 | 28-11-2022 | 1,00,566 | 842 | 03-02-2023 | 1,25,000 |
| 436 | 28-11-2022 | 1,00,000 | 844 | 03-02-2023 | 1,00,000 |
| 437 | 28-11-2022 | 1,16,555 | 854 | 04-02-2023 | 69,823 |
| 438 | 28-11-2022 | 6,000 | 855 | 04-02-2023 | 13,89,824 |
| 439 | 28-11-2022 | 18,000 | 884 | 07-02-2023 | 39,293 |
| 450 | 29-11-2022 | 5,00,000 | 885 | 07-02-2023 | 27,983 |
| 451 | 29-11-2022 | 1,20,371 | 886 | 07-02-2023 | 92,182 |
| 457 | 30-11-2022 | 75,363 | 887 | 07-02-2023 | 30,495 |
| 456 | 30-11-2022 | 1,40,082 | 888 | 07-02-2023 | 85,821 |
| 468 | 03-12-2022 | 4,00,000 | 889 | 07-02-2023 | 1,07,406 |
| 469 | 03-12-2022 | 10,000 | 917 | 10-02-2023 | 24,000 |
| 486 | 07-12-2022 | 1,67,729 | 919 | 10-02-2023 | 41,632 |
| 514 | 12-12-2022 | 3,46,911 | 920 | 10-02-2023 | 23,358 |
| 515 | 12-12-2022 | 1,00,000 | 921 | 10-02-2023 | 1,09,190 |
| 525 | 13-12-2022 | 28,000 | 928 | 13-02-2023 | 3,60,000 |
| 526 | 13-12-2022 | 7,00,000 | 1068 | 18-02-2023 | 1,27,532 |

| | | | | | |
|---|---|---|---|---|---|
| 527 | 13-12-2022 | 95,000 | 1069 | 18-02-2023 | 2,19,355 |
| 533 | 14-12-2022 | 7,00,000 | 1070 | 18-02-2023 | 1,54,533 |
| 547 | 15-12-2022 | 52,776 | 1099 | 20-02-2023 | 30,000 |
| 546 | 15-12-2022 | 57,432 | 1103 | 21-02-2023 | 20,595 |
| 545 | 15-12-2022 | 68,926 | 1104 | 21-02-2023 | 84,000 |
| 544 | 15-12-2022 | 11,608 | 1105 | 21-02-2023 | 1,00,000 |
| 543 | 15-12-2022 | 37,358 | 1106 | 21-02-2023 | 37,000 |
| 571 | 19-12-2022 | 26,176 | 1116 | 21-02-2023 | 3,58,029 |
| 580 | 19-12-2022 | 2,12,629 | 1117 | 21-02-2023 | 1,45,970 |
| 579 | 19-12-2022 | 1,61,349 | 1131 | 21-02-2023 | 62,293 |
| 596 | 21-12-2022 | 43,329 | 1132 | 21-02-2023 | 46,535 |
| 602 | 23-12-2022 | 91,337 | 1134 | 22-02-2023 | 2,98,970 |
| 603 | 23-12-2022 | 2,30,395 | 1135 | 22-02-2023 | 1,04,289 |
| 604 | 23-12-2022 | 53,000 | 1141 | 22-02-2023 | 2,00,174 |
| 605 | 23-12-2022 | 92,000 | 1142 | 22-02-2023 | 1,03,710 |
| 627 | 27-12-2022 | 1,00,000 | 1143 | 22-02-2023 | 46,116 |
| 628 | 27-12-2022 | 12,000 | 1145 | 23-02-2023 | 60,000 |
| 629 | 27-12-2022 | 2,00,000 | 1168 | 24-02-2023 | 22,708 |
| 641 | 27-12-2022 | 1,03,232 | 1294 | 25-02-2023 | 81,649 |
| 642 | 27-12-2022 | 1,28,000 | 1295 | 25-02-2023 | 4,406 |
| 647 | 03-01-2023 | 2,00,000 | 1305 | 27-02-2023 | 88,000 |
| 648 | 03-01-2023 | 2,49,205 | 1304 | 27-02-2023 | 1,13,000 |
| 649 | 03-01-2023 | 63,920 | 1309 | 27-02-2023 | 2,80,000 |
| 657 | 07-01-2023 | 38,651 | 1313 | 28-02-2023 | 1,06,681 |
| 676 | 07-01-2023 | 1,00,000 | 1320 | 28-02-2023 | 1,10,085 |
| 692 | 09-01-2023 | 3,56,000 | 1321 | 28-02-2023 | 88,118 |
| 694 | 09-01-2023 | 20,000 | 1322 | 28-02-2023 | 21,884 |
| 693 | 09-01-2023 | 20,000 | 1381 | 04-03-2023 | 1,38,588 |
| 714 | 13-01-2023 | 2,87,000 | 1382 | 04-03-2023 | 93,410 |
| 781 | 28-01-2023 | 10,000 | 1383 | 04-03-2023 | 54,564 |
| 782 | 28-01-2023 | 1,18,243 | 1384 | 04-03-2023 | 80,009 |
| 783 | 28-01-2023 | 56,757 | 1385 | 04-03-2023 | 51,797 |
| 784 | 28-01-2023 | 2,50,000 | 1417 | 08-03-2023 | 2,05,408 |

ക്ഷീരകർഷകരുടെ പ്രോത്സാഹനം ലക്ഷ്യമാക്കി ഗ്രാമ,ബ്ലോക്ക്,ജില്ലാപഞ്ചായത്തുകൾ സംയുക്തമായി നടപ്പാക്കിയ ഈ പ്രോജക്ട് പ്രകാരം ജില്ലാ പഞ്ചായത്തുവിഹിതമിനത്തിൽ 70 വിവിധ ഗ്രാമപഞ്ചായത്തുകൾക്കായി 1,60,00,000/-രൂപ നിർവ്വഹണോദ്യോഗസ്ഥനായ ക്ഷീരവികസനഡെപ്യൂട്ടിഡയരക്ടർ അനുവദിച്ചിട്ടുണ്ട്.

<u>പ്രസ്തുത ചെലവ് നിർവ്വഹണം സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.</u>

1.പദ്ധതിനിർവ്വഹണത്തിനായി അനുവദിക്കപ്പെട്ട 1,60,00,000/-രൂപ നിർവ്വഹണോദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്തുകൾക്ക് വിതരണം ചെയ്തത് വ്യക്തമാക്കുന്ന രേഖ/ട്രഷറി അക്നോളജ്മെൻറ് രശീതി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2.താഴെ ചേർത്ത ഗ്രാമപഞ്ചായത്തുകൾ ഗുണഭോക്താക്കൾക്ക് 40,52,746/- രൂപ വിതരണം ചെയ്തത് വ്യക്തമാക്കുന്ന രേഖകൾ/വിനിയോഗസാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമനമ്പ്ര് | ഗ്രാമപഞ്ചായത്തിൻെറ പേര് | തുക(₹) |
|---|---|---|

| | | |
|---|---|---|
| 1 | കേളകം | 6,85,746 |
| 2 | കൊട്ടിയൂർ | 7,00,000 |
| 3 | മുഴക്കുന്ന് | 3,32,000 |
| 4 | മാലൂർ | 2,28,100 |
| 5 | എരുവേശി | 2,50,000 |
| 6 | കുറ്റ്യാട്ടൂർ | 1,13,000 |
| 7 | പടിയൂർ | 1,75,000 |
| 8 | മയ്യിൽ | 2,00,000 |
| 9 | പെരളശ്ശേരി | 1,25,000 |
| 10 | കൊളച്ചേരി | 1,00,000 |
| 11 | അഞ്ചരക്കണ്ടി | 2,71,900 |
| 12 | പരിയാരം | 1,60,000 |
| 13 | പട്ടുവം | 75,000 |
| 14 | കുറുമാത്തൂർ | 1,10,000 |
| 15 | ചെങ്ങളായി | 1,94,000 |
| 16 | കടന്നപ്പള്ളി | 3,33,000 |
| | ആകെ | 40,52,746 |

3. നിർവ്വഹണോദ്യോഗസ്ഥനായ ഡെപ്യൂട്ടി ഡയരക്ടർ,ക്ഷീരവികസനം ലഭ്യമാക്കിയ, ഗ്രാമപഞ്ചായത്തുകൾക്കനുവദിച്ച സബ്സിഡി തുകയുടെ വിതരണപ്പട്ടികയിലെ വിവരവും,ഗ്രാമപഞ്ചായത്തിൻെറ തുക വിനിയോഗം സംബന്ധിച്ച വിനിയോഗപത്രികയിലെ വിവരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.വിശദവിവരം ചുവടെ-

| ഗ്രാമപഞ്ചായത്തിൻെറ പേര് | അനുവദിച്ച സബ്സിഡി തുക(₹) | വിനിയോഗപ്പത്രിക പ്രകാരമുള്ള തുക(₹) | വ്യത്യാസം(₹) |
|---|---|---|---|
| പെരിങ്ങോം വയക്കര | 7,00,000 | 7,12,693 | +12,693 |
| കാങ്കോൽ-ആലപ്പടമ്പ് | 7,25,000 | 7,69,889 | +44,889 |

4. നിർവ്വഹണോദ്യോഗസ്ഥനായ ഡെപ്യൂട്ടിഡയരക്ടർ,ക്ഷീരവികസനം ലഭ്യമാക്കിയ, ഗ്രാമപഞ്ചായത്തുകൾക്കനുവദിച്ച സബ്സിഡി തുകയുടെ വിതരണപ്പട്ടികയിലെ വിവരവും,ഗ്രാമപഞ്ചായത്തിൻെറ തുക വിനിയോഗം സംബന്ധിച്ച് ലഭ്യമായ വിനിയോഗപത്രികയിലെ വിവരവും തമ്മിൽ പരിശോധിച്ചതിൽ,54,309/-രൂപ വിനിയോഗിക്കാതെ ശേഷിക്കുന്നതായി കാണുന്നു.പ്രസ്തുത തുക തിരിച്ചടച്ച വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.വിശദവിവരം ചുവടെ-

| ഗ്രാമപഞ്ചായത്തിൻെറ പേര് | അനുവദിച്ച സബ്സിഡി തുക(₹) | വിനിയോഗപ്പത്രിക പ്രകാരമുള്ള തുക(₹) | വിനിയോഗിക്കുവാൻ ബാക്കി(₹) |
|---|---|---|---|
| എരമം-കുറ്റൂർ | 8,00,000 | 7,93,410 | 6,590 |
| ചെറുപുഴ | 8,14,254 | 7,66,535 | 47,719 |
| | | ആകെ | 54,309 |

ഇക്കാര്യങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണ(31/20-9-23)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപരാമർശിച്ച കാര്യങ്ങൾ സംബന്ധിച്ച് ആവശ്യമായ രേഖകളും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.വിനിയോഗിക്കാതെ ശേഷിക്കുന്ന 54,309/-രൂപ തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-63 ലൈഫ്(പി.എം.എ.വൈ)ഭവനനിർമ്മാണം-മാച്ചിംഗ് ഗ്രാൻറ്-(ജനറൽ)-തുക കൈമാറിയ

രേഖകളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയില്ല-

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | 328/23- ലൈഫ്(പി.എം.എ.വൈ)ഭവനനിർമ്മാണം-മാച്ചിംഗ് ഗ്രാൻറ്-(ജനറൽ)- |
| ഫണ്ടിനം/അടങ്കൽ തുക | വികസനഫണ്ട് - ₹ 7,80,22,840 |
| ചെലവ്തുക | ₹ 7,80,22,840 |
| നിർവ്വഹണം | പ്രോജക്ട് ഡയരക്ടർ,ദാരിദ്ര്യലഘൂകരണയൂണിറ്റ് |

ഈ പ്രോജക്ട്പരിശോധിച്ചതിൽ കാണുവാൻ സാധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 2022-23ലെ ചെലവുപത്രിക(സുലേഖ)പ്രകാരം പ്രസ്തുത പ്രോജക്ടിൽ ₹ 7,80,22,840/-രൂപയാണ് ചെലവ്. തുകയുടെ വിതരണവിവരം രേഖപ്പെടുത്തിയ രജിസ്റ്ററും ലഭ്യമാക്കിയ രേഖകളും പ്രകാരമുള്ള ആകെത്തുക ചെലവുപത്രിക(സുലേഖ)യിലെ ചെലവുതുകയുമായി പൊരുത്തപ്പെടുന്നില്ല.ട്രഷറിഅക്നോളജ്മെൻറ് രശീതുകൾ ലഭ്യമാക്കി ഇക്കാര്യത്തിൽ വ്യക്തത വരുത്തിയിട്ടില്ല.

2)താഴെ ചേർത്ത തദ്ദേശഭരണസ്ഥാപനങ്ങൾ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| 1 | പടിയൂർ-കല്യാട് ഗ്രാമപഞ്ചായത്ത് | 6 | ഉളിക്കൽ ഗ്രാമപഞ്ചായത്ത് |
| 2 | പെരിങ്ങോംവയക്കരഗ്രാമപഞ്ചായത്ത് | 7 | കണിച്ചാർ ഗ്രാമപഞ്ചായത്ത് |
| 3 | മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്(ഭാഗികം) | 8 | ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്(ഭാഗികം) |
| 4 | കൊളച്ചേരിഗ്രാമപഞ്ചായത്ത് | 9 | പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്(ഭാഗികം) |
| 5 | രാമന്തളിഗ്രാമപഞ്ചായത്ത് | 10 | കല്ല്യാശ്ശേരിബ്ലോക്ക്പഞ്ചായത്ത്-ഭാഗികം |

ഇവ സംബന്ധിച്ച ഓഡിറ്റ്അന്വേഷണ(26/11-9-23)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.ആവശ്യമായ രേഖകൾ ലഭ്യമാക്കി അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-64 ലൈഫ്(പി.എം.എ.വൈ)ഭവനനിർമ്മാണം-മാച്ചിംഗ് ഗ്രാൻറ്-(പട്ടികജാതി)-തുക കൈമാറിയ രേഖകളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയില്ല-

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | 330/23-ലൈഫ്(പി.എം.എ.വൈ)ഭവനനിർമ്മാണം-മാച്ചിംഗ് ഗ്രാൻറ്-(പട്ടികജാതി) |
| ഫണ്ടിനം/അടങ്കൽ തുക | വികസനഫണ്ട് - (പൊതുവിഭാഗം) ₹ 1,60,000/- (എസ്.സി.പി) ₹ 3,67,20,814/-ആകെ ₹ 3,68,80,814/- |
| ചെലവ്തുക | വികസനഫണ്ട് - (പൊതുവിഭാഗം) ₹ 1,60,000/- (എസ്.സി.പി) ₹ 3,67,20,814/-ആകെ ₹ ആകെ ₹ 3,68,80,814/-/- |
| നിർവ്വഹണം | പ്രോജക്ട് ഡയരക്ടർ,ദാരിദ്ര്യലഘൂകരണയൂണിറ്റ്, |

ഈ പ്രോജക്ട് പരിശോധിച്ചതിൽ കാണുവാൻ സാധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 2022-23ലെ ചെലവുപത്രിക(സുലേഖ)പ്രകാരം പ്രസ്തുത പ്രോജക്ടിൽ ആകെ ₹ 3,68,80,814/- രൂപയാണ് ചെലവ്. തുകയുടെ വിതരണവിവരം രേഖപ്പെടുത്തിയ രജിസ്റ്ററും ലഭ്യമാക്കിയ രേഖകളും പ്രകാരമുള്ള ആകെത്തുക ചെലവുപത്രിക(സുലേഖ)യിലെ ചെലവുതുകയുമായി പൊരുത്തപ്പെടുന്നില്ല.ട്രഷറിഅക്നോളജ്മെൻറ് രശീതുകൾ ലഭ്യമാക്കി ഇക്കാര്യത്തിൽ വ്യക്തത വരുത്തിയിട്ടില്ല.

2)താഴെ ചേർത്ത തദ്ദേശഭരണസ്ഥാപനങ്ങൾ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| 1 | പടിയൂർ-കല്യാട് ഗ്രാമപഞ്ചായത്ത് | 5 | കരിവെള്ളൂർ ഗ്രാമപഞ്ചായത്ത്(ഭാഗികം) |
| 2 | കൂടാളി ഗ്രാമപഞ്ചായത്ത് | 6 | മാലൂർ ഗ്രാമപഞ്ചായത്ത് |
| 3 | എരുവേശ്ശി ഗ്രാമപഞ്ചായത്ത് | 7 | പയ്യന്നൂർബ്ലോക്ക് പഞ്ചായത്ത് |
| 4 | കണ്ണപുരം ഗ്രാമപഞ്ചായത്ത് | 8 | കല്ല്യാശ്ശേരിബ്ലോക്ക്പഞ്ചായത്ത്-ഭാഗികം |

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണ(27/11-9-23)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ പരാമർശിച്ച രേഖകൾ ഓഡിറ്റ്പരിശോധനക്ക് ലഭ്യമാക്കി അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-65 ലൈഫ്(പി.എം.എ.വൈ)ഭവനനിർമ്മാണം-മാച്ചിംഗ് ഗ്രാൻറ്-(പട്ടികവർഗ്ഗം)-തുക കൈമാറിയ രേഖകളും വിനിയോഗസാക്ഷ്യപത്രവും-ലഭ്യമാക്കേണ്ടതാണ്-

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | 339/23 ലൈഫ്(പി.എം.എ.വൈ)ഭവനനിർമ്മാണം-മാച്ചിംഗ് ഗ്രാൻറ്(പട്ടികവർഗ്ഗം)- |
| ഫണ്ടിനം/അടങ്കൽ തുക | വികസനഫണ്ട് -പൊതുവിഭാഗം ₹ 3,26,90,761<br>ടി.എസ്.പി ₹ 1,27,12,549 ആകെ = ₹4,54,03,310 |
| ചെലവ്തുക | വികസനഫണ്ട് -പൊതുവിഭാഗം ₹ 3,26,90,761<br>ടി.എസ്.പി ₹ 1,27,12,549 ആകെ =₹4,54,03,310 |
| നിർവ്വഹണം | പ്രോജക്ട് ഡയരക്ടർ,ദാരിദ്ര്യലഘൂകരണയൂണിറ്റ്, |

ഈ പ്രോജക്ട് പരിശോധിച്ചതിൽ കാണുവാൻ സാധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 2022-23ലെ ചെലവുപത്രിക(സുലേഖ)പ്രകാരം പ്രസ്തുത പ്രോജക്ടിൽ ₹4,54,03,310 രൂപയാണ് ചെലവ്. തുകയുടെ വിതരണവിവരം രേഖപ്പെടുത്തിയ രജിസ്റ്ററും ലഭ്യമാക്കിയ രേഖകളും പ്രകാരമുള്ള ആകെത്തുക ചെലവുപത്രിക(സുലേഖ)യിലെ ചെലവുതുകയുമായി പൊരുത്തപ്പെടുന്നില്ല.ട്രഷറിഅക്നോളജ്മെൻറ് രശീതുകൾ ലഭ്യമാക്കി ഇക്കാര്യത്തിൽ വ്യക്തത വരുത്തിയിട്ടില്ല.

2)താഴെ ചേർത്ത തദ്ദേശഭരണസ്ഥാപനങ്ങൾ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| 1 | ഉളിക്കൽ ഗ്രാമപഞ്ചായത്ത് | 5 | കൊട്ടിയൂർ ഗ്രാമപഞ്ചായത്ത്(ഭാഗികം) |
| 2 | ചെറുപുഴ ഗ്രാമപഞ്ചായത്ത്(ഭാഗികം) | 6 | കണിച്ചാർ ഗ്രാമപഞ്ചായത്ത്(ഭാഗികം) |
| 3 | മുഴക്കുന്ന് ഗ്രാമപഞ്ചായത്ത് (ഭാഗികം) | 7 | പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് (ഭാഗികം) |
| 4 | പയ്യാവൂർ ഗ്രാമപഞ്ചായത്ത് (ഭാഗികം) | | |

ഇക്കാര്യം സംബന്ധിച്ച ഓഡിറ്റ് അന്വേഷണ(28/11-9-23)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ പരാമർശിച്ച രേഖകൾ ഓഡിറ്റ്പരിശോധക്ക് ലഭ്യമാക്കി അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-66 പട്ടികജാതിവിഭാഗക്കാർക്ക് പി.എസ്.സി.പരിശീലനം-അനുബന്ധവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | 536/23-<br>പട്ടികജാതിവിഭാഗക്കാർക്ക് പി.എസ്.സി.പരിശീലനം |
| ഫണ്ടിനം/അടങ്കൽ തുക | വികസനഫണ്ട് (എസ്.സി.പി)- ₹ 5,00,000/- |
| ചെലവ്തുക | ₹ 4,44,349 |
| ബിൽനമ്പർ/തീയതി,തുക | 1859/28-03-2023 ₹ 2,38,983<br>1862/28-03-2023 ₹ 1,94,216<br>1927/28-03-2023 ₹ 9,900<br>1934/28-03-2023 ₹ 1,250 |
| നിർവ്വഹണം | ജില്ലാ പട്ടികജാതിവികസനഓഫീസർ, |

തൊഴിൽരഹിതരായ പട്ടികജാതിവിഭാഗക്കാർക്ക് സർക്കാർമേഖലയിൽ ജോലി ലഭിക്കാനുള്ള സാധ്യത വർദ്ധിപ്പിക്കുവാനുദ്ദേശിച്ചുള്ള ഈ പ്രോജക്ടിൽ 3 സ്ഥലങ്ങൾ കേന്ദ്രീകരിച്ച് 30ദിവസത്തെ മത്സരപരീക്ഷാപരിശീലനപരിപാടി സംഘടിപ്പിക്കുവാനാണുദ്ദേശിച്ചത്.

ഇതു സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) കണ്ണൂർ,പയ്യന്നൂർ,തലശ്ശേരി കേന്ദ്രങ്ങളിൽ വെച്ച് ക്ലാസ് നടത്തിയത് വ്യക്തമാക്കുന്ന അധ്യാപകരുടേയും പരിശീലനാർത്ഥികളുടേയും ഹാജർ വിവരം ലഭ്യമാക്കിയിട്ടില്ല.

2)സ്റ്റൈപ്പൻറിനത്തിൽ 70/-രൂപ നിരക്കിൽ പഠിതാക്കൾക്ക് തുക അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തുക അനുവദിക്കാമെന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

3)1,92,416/-രൂപയുടെ ബില്ലിൽ ക്രമനമ്പർ -49ൽ ഫോട്ടോകോപ്പി ചെലവിനത്തിൽ ബിൽതുകയേക്കാൾ 200/-രൂപ അധികം നല്കിക്കാണുന്നു.

മേൽ പരാമർശിച്ചവ സംബന്ധിച്ച മറുപടിയും രേഖകളും ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(33/20-9-23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖകൾ ലഭ്യമാക്കി അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-67 ജില്ലാ വെറ്ററിനറി കേന്ദ്രം ക്യാംപസ് - വഴിയില്ലാത്തിടത്ത് മുഖ്യകവാടം- പ്രയോജനരഹിതമായിത്തീർന്ന പ്രവൃത്തിനിർവ്വഹണവും അധികതുക നല്കിയതും-2,337/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു;4,96,358/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | 803/23-ജില്ലാവെറ്ററിനറികേന്ദ്രം ക്യാംപസിന് കമാനം,സൈൻബോർഡ് സ്ഥാപിക്കൽ |
| ഫണ്ടിനം/അടങ്കൽ തുക | വികസന ഫണ്ട്-₹ 5,00,000/- |
| ചെലവ്തുക<br>₹ 4,98,695/- | ബിൽനമ്പർ35/23-3-23- ₹ 1,00,000/-<br>ബിൽനമ്പർ54/28-3-23- ₹3,98,695/- |
| നിർവ്വഹണം | ഡെപ്യൂട്ടി ഡയരക്ടർ-മൃഗസംരക്ഷണം |

ഈ പ്രോജക്ട് നിർവ്വണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ജില്ലാ വെറ്ററിനറി കേന്ദ്രം ക്യാംപസിൻെറ മുഖ്യകവാടത്തിന് കമാനവും സൈൻബോർഡും സ്ഥാപിക്കുന്നതിനുള്ള ഈ പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ നിർമ്മിതികേന്ദ്ര മുഖേന4,98,695/-രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. ഓഡിറ്റിൻെറ ഭാഗമായി 10-11-2023ന് സ്ഥലപരിശോധന നടത്തിയതിൽ, പ്രവേശനകവാടത്തിലൊരുക്കേണ്ട കമാനം, പ്രവേശനമാർഗ്ഗത്തിലല്ലാതെ വഴിപോലുമില്ലാത്ത കെട്ടിയടച്ച മതിലിനോടനുബന്ധിച്ച് നിർമ്മിച്ചതായാണ് കാണുവാൻ സാധിച്ചത്. ആയതിനാൽത്തന്നെ പ്രോജക്ട് വിഭാവനം ചെയ്ത രീതിയിൽ, സ്ഥാപനത്തിന് ഉപയുക്തമാകും രീതിയിലുള്ള ഗുണഫലം ഇല്ലാതെ ഈ പ്രവൃത്തി പ്രയോജനരഹിതമായി മാറിയിരിക്കുകയാണ്.

2) പ്രസ്തുതപ്രവൃത്തിയിൽ Signageവിഭാഗത്തിൽ ഇനം 2ൽ-"od 398197/2022-23 Supply And Fixing......Acp Board" എന്ന ഇനത്തിൽ അളവുകളുടെ തുക 2.24+0.39+2.35=4.98M2 പകരം 5.78M2 എന്നാണ് അളവ് ചേർത്തിട്ടുള്ളത്(M Book-KNK/2140/23/1-പേജ്-24,25). 5.78M2ന് @2920.67പ്രകാരം 16,881.47 രൂപ കണക്കാക്കി അനുവദിച്ചുവഴി ((M Book-KNK/2140/23/2-പേജ്-22) 2,337/-രൂപ(5.78-4.98=0.8x2920.67) അധികമായി നിർമ്മിതികേന്ദ്രക്ക് നല്കിയിട്ടുണ്ട്.അധികമായി നല്കിയ 2,337/-രൂപ തിരികെ ഈടാക്കി സഞ്ചിതനിധിയിലൊടുക്കേണ്ടതാണ്.

അപാകങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണങ്ങൾ(55/30-10-23;73/15-11-23)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.മേല്പരാമർശിച്ച അപാകങ്ങളാൽ, അധികമായി നല്കിയ 2,337/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. വിഭാവനം ചെയ്ത രീതിയിലല്ലാത്ത നിർവ്വഹണത്തിലൂടെ പ്രയോജനരഹിതമായിത്തീർന്ന ഈ പ്രോജക്ടിന് ചെലവഴിച്ച 4,96,358/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിർമാണ പ്രവൃത്തി സ്ഥാപനത്തിന് പ്രയോജനകരമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-68 പാലയാട് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ- പൊളിച്ചുമാറ്റിയ കെട്ടിടത്തിന്റെ ലേലവരവ് - രേഖകൾ ലഭ്യമാക്കിയിട്ടില്ല.

പാലയാട് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ പുതിയ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് പഴയസ്കൂൾ കെട്ടിടം പൊളിച്ചുമാറ്റിയതിന്റെ കല്ല്, മരം, ഓട് തുടങ്ങിയ വസ്തുക്കളുടെ പരസ്യലേലം നടത്തിയതിനും ക്വട്ടേഷൻ വിളിച്ചതിനും പത്രപരസ്യത്തിനായി ₹4,955 വൗച്ചർനമ്പർ 22200138/16-05-2022 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. തുക പ്രധാനാധ്യാപികയുടെ അപേക്ഷപ്രകാരം അനുവദിച്ചിട്ടുണ്ട്. പഴയ കെട്ടിടം പൊളിച്ചുമാറ്റിയ വസ്തുക്കൾ ലേലം ചെയ്ത് ജില്ലാപഞ്ചായത്തിൽ എത്ര രൂപ വരവ് വന്നിട്ടുണ്ടെന്ന് അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (85/30-11-2023) മറുപടിയോ, ലേലം സംബന്ധിച്ച ഫയൽ പരിശോധനക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പൊളിച്ച് മാറ്റിയ കെട്ടിടത്തിന്റെ ഉരുപ്പടികൾ ലേലം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ലഭിച്ച തുക ജില്ലാപഞ്ചായത്തിൽ ഒടുക്കിയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-69 ജില്ലാ വെറ്ററിനറികേന്ദ്രം ന്യായവില മെഡിക്കൽ സ്റ്റോർ - മരുന്ന് വാങ്ങൽ -നടപടിക്രമങ്ങൾ പാലിക്കുന്നില്ല.

ജില്ലാപഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ള ജില്ലാ വെറ്ററിനറികേന്ദ്രം ന്യായവില മെഡിക്കൽ സ്റ്റോറിൽ മരുന്ന് വാങ്ങുന്നതിലും സ്റ്റോക്കിൽ എടുക്കുന്നതിലും താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) മെഡിക്കൽ സ്റ്റോറിലേക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നത് ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ന്യായവിലമെഡിക്കൽ സ്റ്റോർ ബൈലോ ഖണ്ഡിക 7ൽ വ്യക്തമാക്കിയിട്ടുണ്ട്. ജില്ലാ വെറ്ററിനറികേന്ദ്രം ചീഫ് വെറ്ററിനറിഓഫീസർ കൺവീനറും, ജില്ലാ വെറ്ററിനറികേന്ദ്രം സീനിയർ വെറ്ററിനറിസർജൻ, ജില്ലാ വെറ്ററിനറികേന്ദ്രം ലാബ് വെറ്ററിനറിസർജൻ, ഡെപ്യൂട്ടി ഡയറക്ടർ മൃഗസംരക്ഷണം(എ.എച്ച്), വെറ്ററിനറിസർജൻ- മൊബൈൽ വെറ്ററിനറി ഡിസ്പെൻസറി എന്നിവർ അംഗങ്ങളുമായി ഉൾപ്പെടുന്നതാണ് ടെക്നിക്കൽ കമ്മിറ്റി. എന്നാൽ ഈ കമ്മിറ്റി യോഗം ചേർന്നതിന്റെയോ, മരുന്നുകൾ വാങ്ങുന്നതിന് ശുപാർശ ചെയ്തതിന്റെയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. എല്ലാമാസവും ആവശ്യമായ മരുന്നുകൾ വിവിധ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങി അടുത്തമാസം മരുന്നിന്റെ വില നൽകുന്ന രീതിയാണ് തുടരുന്നത്. 01-04-2022 മുതൽ 31-03-2023 വരെയായി 61 ലക്ഷത്തിലധികം രൂപ വില വരുന്ന മരുന്നുകൾ/ മെഡിക്കൽ ഉപകരണങ്ങൾ വിവിധ സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് വാങ്ങിയിട്ടുണ്ട്. സ്റ്റോർപർച്ചേസ് മാന്വൽ, (ജി.ഒ.(പി)03/2013/എസ്.പി.ഡി. തീയതി 21-06-2013), തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ.(പി) നം 259/2010/ത.സ്വ.ഭ.വ തീയതി 08-11-2010) എന്നിവയിലെ വ്യവസ്ഥകൾ പാലിക്കാതെ മരുന്നുകൾ/ഉപകരണങ്ങൾ നേരിട്ട് വാങ്ങിയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (72/15-11-2023), സ്റ്റോർപർച്ചേസ് മാന്വൽ നടപ്പിലാക്കുന്നത് കാലതാമസവും മറ്റും വഴി സ്ഥാപനത്തിൻെറ പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്ന ചീഫ് വെറ്ററിനറി ഓഫീസർ ലഭ്യമാക്കിയ 23-11-23ലെ മറുപടി തൃപ്തികരമല്ല. സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് കൊണ്ടുതന്നെ പരമാവധി കുറഞ്ഞ വിലയിൽ മരുന്നുകൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) മരുന്നുകൾ സ്റ്റോക്കിൽ എടുത്തതിന്റെ കമ്പ്യൂട്ടർ ജനറേറ്റഡ് റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ മരുന്നുകൾ മുഴുവനായി സ്റ്റോക്കിലെടുത്തിട്ടുണ്ടോയെന്ന് ഓഡിറ്റ് സമയത്ത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മരുന്നുകളുടെ അർദ്ധവാർഷിക സ്റ്റോക്ക് പരിശോധന ടെക്നിക്കൽ കമ്മിറ്റി നടത്തണമെന്ന് ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും (ഖ-22), അപ്രകാരമുള്ള പരിശോധനാറിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3) സ്റ്റോറിന്റെ അക്കൗണ്ട് ഇടപാടുകളും രജിസ്റ്ററുകളും വർഷത്തിൽ രണ്ട് തവണയെങ്കിലും ജില്ലാ പഞ്ചായത്ത്

മേൽനോട്ടപരിശോധന നടത്തണമെന്ന് ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും (ഖ-21) ആയത് നടപ്പിലാക്കിയിട്ടില്ല.

4) ഉപയോഗകാലാവധി പൂർത്തിയാകാറായ 29,526.24 രൂപയുടെ മരുന്നുകൾ 01-04-2022 മുതൽ 31-03-2023 വരെ വില്പന നടത്തിയ സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നുണ്ടെങ്കിലും മരുന്നുകളുടെ വില തിരികെ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മരുന്ന് തിരികെ നൽകിയ സ്ഥാപനത്തിന്റെ പേര് | തുക(₹) |
|---|---|---|
| 1 | കാനന്നൂർ ഡ്രഗ് ലൈൻസ് | 181.09 |
| 2 | പി.എ അസോസിയേറ്റ്സ് | 21.77 |
| 3 | മൈത്രി ഫാർമ | 3,212.42 |
| 4 | ജയ് മാരുതി അസോസിയേറ്റ്സ് | 378.36 |
| 5 | ഇംഗ്ലീഷ് ഫാർമ | 7,873.04 |
| 6 | അസേർട്ട് ഫാർമിംഗ് സൊല്യൂഷ്യൻ പ്രൈവറ്റ് ലിമിറ്റഡ് | 1,589.91 |
| 7 | ലിങ്ക് ഫാർമ | 120.96 |
| 8 | ന്യൂലാൽ എന്റർപ്രൈസസ് | 764.28 |
| 9 | ഇ മാക്സ് ബയോജനിക്സ് | 1,369.08 |
| 10 | വിംഗ്സ് മെഡികേർ | 1,470.62 |
| 11 | തുഷാര | 3,323.99 |
| 12 | എസ്കോർട്ട് | 50.40 |
| 13 | കാനന്നൂർ ഡ്രഗ് ഹൗസ് | 2,688 |
| 14 | ലിങ്ക് സർജിക്കൽസ് | 1,399.96 |
| 15 | അതുല്യ ഡ്രഗ്സ് | 719.96 |
| 16 | ഹ്യൂമാനിറ്റി ഹെൽത്ത്കേർ | 4,362.40 |
| | ആകെ | 29,526.24 |

29,526/- രൂപ തിരികെ ലഭിക്കുകയോ,പിന്നീടുള്ള വാങ്ങലുകളിൽ ക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (72/15-11-2023), ഇപ്രകാരമുള്ള തുകകൾ പിന്നീട് വരുന്ന വാങ്ങൽ തുകകളിൽ കുറവ് ചെയ്ത് ബാക്കിവരുന്ന തുകമാത്രമേ വിതരണ സ്ഥാപനത്തിന് നൽകുന്നുള്ളൂവെന്നാണ് മറുപടി ലഭ്യമാക്കിയത്. ആയത് സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഉപയോഗിക്കാതെ തിരികെനൽകിയ മരുന്നിന്റെ വില ക്രമീകരിക്കുകയോ, തിരികെ ഈടാക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-70 ജില്ലാആശുപത്രി- വെള്ളക്കരം,വൈദ്യുതിബിൽ, ടെലിഫോൺചാർജ് - വികസനഫണ്ട് വിനിയോഗത്തിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, ജില്ലാ ആശുപത്രി (അലോപ്പതി) |
| പ്രോജക്ടിന്റെ നമ്പർ, പേര് | 101/23- കണ്ണൂർ ജില്ലാ ആശുപത്രിയിലെ വൈദ്യുതിചാർജ്, ടെലഫോൺചാർജ്, വെള്ളക്കരം അടക്കൽ |
| അടങ്കൽ ₹1,39,35,990 | ₹32,00,000 (വികസനഫണ്ട്-ജനറൽ)<br>₹5,00,000 (തനത്ഫണ്ട്)<br>₹1,02,35,990 (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) |
| ചെലവ് ₹1,35,45,090 | ₹31,89,866 (വികസനഫണ്ട്- ജനറൽ)<br>₹98,56,207 (മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം)<br>₹4,99,017 (തനത്ഫണ്ട്) |
| ബിൽനമ്പർ/ തീയതി,തുക | 11/24-08-2022 ₹54,70,019 (മെയിന്റനൻസ്ഗ്രാന്റ്-റോഡിതരം)<br>18/27-09-2022 ₹12,17,051 (മെയിന്റനൻസ്ഗ്രാന്റ്-റോഡിതരം) |

| | |
|---|---|
| | 19/27-09-2022 ₹3,29,056 (മെയിന്റനൻസ്ഗ്രാന്റ്-റോഡിതരം)<br>22/14-10-2022 ₹11,04,430 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)<br>32/11-11-2022 ₹9,76,370 (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം)<br>37/19-12-2022 ₹6,27,928 (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം)<br>38/17-01-2023 ₹1,10,773 (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം)<br>44/08-02-2023 ₹19,52,539 (വികസനഫണ്ട്-ജനറൽ)<br>50/16-02-2023 ₹3,13,678 (വികസനഫണ്ട്-ജനറൽ)<br>56/08-03-2023 ₹6,71,998 (വികസനഫണ്ട്-ജനറൽ)<br>63/16-03-2023 ₹2,51,651 (വികസനഫണ്ട്-ജനറൽ)<br>70/25-03-2023 ₹ 20,580 (മെയിന്റനൻസ്ഗ്രാന്റ്-റോഡിതരം)<br>17-03-2023 ₹ 4,99,017 (തനത്ഫണ്ട്) |

ജിഒ(എം.എസ്.) 330/2004/ത.സ്വ.ഭ.വ. തീയതി 09-12-2004 പ്രകാരം ജനറൽ പർപ്പസ് ഫണ്ട് /മെയിന്റനൻസ് ഫണ്ട് (റോഡിതരം) ഉപയോഗിച്ച് ചുമതലപ്പെട്ട ചെലവുകളായ വൈദ്യുതിചാർജ്, കുടിവെള്ളക്കരം, ടെലഫോൺ ചാർജ് എന്നിവ ഒടുക്കുന്നതിന് മുൻഗണന നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തനത് ഫണ്ടിൽ നാമമാത്ര തുക മാത്രമാണ് ഈ പ്രോജക്ടിൽ വകയിരുത്തിയത്(₹5,00,000). വികസനഫണ്ട്(ജനറലിൽ) ₹32,00,000 വകയിരുത്തുകയും 31,89,866 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാതെ വികസനഫണ്ട് (ജനറൽ) ചെലവഴിച്ചതിന് കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ്അന്വേഷണത്തിന് (23/21-8-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ ഒഴിവാക്കേണ്ടതും വികസനഫണ്ട് ഉപയോഗിച്ച് ഇത്തരം കാര്യങ്ങൾ ചെയ്യുമ്പോൾ സർക്കാറിന്റെ മുൻകൂർ അനുമതി വാങ്ങിക്കേണ്ടതുമാണ്.

## 1-71 സ്ത്രീകൾക്ക് ഫിറ്റ്നെസ് സെൻറർ-ഉപകരണങ്ങൾ വാങ്ങിയിട്ടും ഫിറ്റ്നെസ് സെൻറർ ആരംഭിച്ചില്ല-12,92,382/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 345/23 |
| പ്രോജക്ടിൻെറ പേര് | സ്ത്രീകൾക്ക് ഫിറ്റ്നെസ് സെൻറർ:- ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്ക് ധനസഹായം |
| നിർവ്വഹണം | ജില്ലാ വനിതാശിശുവികസനഓഫീസർ |
| ഫണ്ടിനം | വികസനഫണ്ട് |
| അടങ്കൽ | ₹44,50,000/- |
| ചെലവ് ₹14,36,440/- | 1)കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത്-<br>ബിൽ-1761/25-3-23-₹6,57,600/-<br>1762/25-3-23-₹4,34,782/<br>2)ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്<br>ബിൽ-1763/25-3-23-₹2,00,000/-<br>3)മാലൂർ ഗ്രാമപഞ്ചായത്ത്<br>ബിൽ-1923/28-3-23-₹1,44,058/- |

സ്ത്രീകളുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യത്തോടെ ഫിറ്റ്നെസ് സെൻറർ സജ്ജീകരിക്കുന്നതിന്

രണ്ടു ബ്ലോക്ക് പഞ്ചായത്തുകൾക്കും നാലു ഗ്രാമപഞ്ചായത്തുകൾക്കും ധനസഹായം നല്കുന്നതിനാവിഷ്കരിച്ച ഈ പ്രോജക്ടിൽ ഒരു ബ്ലോക്ക്പഞ്ചായത്തിനും (കല്ല്യാശ്ശേരി) രണ്ടുഗ്രാമപഞ്ചായത്തുകൾക്കു (ചിറ്റാരിപ്പറമ്പ്, മാലൂർ) മായി മേൽ ചേർത്ത പ്രകാരം ₹14,36,440/- ജില്ലാപഞ്ചായത്ത് വികസനഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.
ഈ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് -

ഓഡിറ്റിൻെറ ഭാഗമായി പ്രസ്തുത പ്രോജക്ടിൻെറ നിർവ്വഹണം നേരിട്ടു വിലയിരുത്തുന്നതിന് 16-11-2023ന് ഈ ഓഫീസിൽ നിന്നും സ്ഥലപരിശോധന നടത്തിയതിലും സംസ്ഥാനഓഡിറ്റ് വകുപ്പിൻെറ കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിൻെറ 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അവലംബമാക്കിയതിലും കാണാൻ സാധിച്ച നിർവ്വഹണഅപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ)ജില്ലാപഞ്ചായത്ത് വിഹിതം 10,92,382/-രൂപ ചെലവഴിച്ച് ഈ പ്രോജക്ടിൽ വാങ്ങിയ ഉപകരണങ്ങൾ, പാക്കറ്റ് പോലും തുറക്കാതെ മാസങ്ങളായി ഇരിണാവിലുള്ള വ്യവസായ എസ്റ്റേറ്റിൻെറ രണ്ടാം നിലയിൽ ഒരു മുറിയിൽ സൂക്ഷിച്ച നിലയിലാണ് ഭൗതികപരിശോധനയിൽ കാണാൻ സാധിച്ചത്.

2)15,00,000/-രൂപ ജില്ലാപഞ്ചായത്ത് വിഹിതവും 50,000/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതവും വകയിരുത്തിയ ഈ സംയുക്തപ്രോജക്ടിൽ ജില്ലാപഞ്ചായത്ത് വിഹിതം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

3)ഫിറ്റ്നെസ് സെൻറർ ഇതുവരെയായും ആരംഭിച്ചിട്ടില്ല.

2)ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സംസ്ഥാനഓഡിറ്റ് വകുപ്പിൻെറ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിൻെറ 2022-23വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അവലംബമാക്കിയതിൽ, ജില്ലാപഞ്ചായത്ത് വിഹിതം 2,00,000/ രൂപയുൾപ്പെടെ 3,49,555/രൂപയുടെ ഉപകരണങ്ങൾ വാങ്ങി മാസങ്ങളായിട്ടും ഫിറ്റ്നെസ് സെൻറർ ആരംഭിച്ചിട്ടില്ല.ഒൻപതാം വാർഡിലെ ഇരട്ടക്കുളങ്ങര അംഗൻവാടിയിലെ മുകൾനിലയിൽ സൂക്ഷിച്ചിരിക്കുകയാണ് ഉപകരണങ്ങൾ.

തുക അനുവദിച്ച് മാസങ്ങൾ പിന്നിട്ടിട്ടും ഫിറ്റ്നെസ് സെൻററുകൾ പ്രവർത്തനക്ഷമമാക്കാത്തതിനാൽ, കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച 10,92,382/രൂപയും ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന് അനുവദിച്ച 2,00,000/രൂപയും ഉൾപ്പെടെ 12,92,382/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫിറ്റ്നെസ് സെൻററുകൾ ഉപയോഗക്ഷമമാക്കുന്നതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-72 ചട്ടുകപ്പാറ ആധുനികഅറവുശാല നിർമാണം -പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട്നമ്പറും പേരും | 313/23-കിഫ്ബി പദ്ധതി പ്രകാരം ചട്ടുകപ്പാറയിൽ നിർമ്മിക്കുന്ന ആധുനിക അറവുശാല നിർമ്മാണം- പ്രാരംഭചെലവുകൾ |
| അടങ്കൽ | ₹15,56,626 -തനത് ഫണ്ട് |
| ചെലവ് | ₹88,500 വൌച്ചർ നമ്പർ-22200231/09.06.2022 |
| നിർവ്വഹണം | സെക്രട്ടറി |
| ഓഡിറ്റ് അന്വേഷണം | 64/01-11-2023 |

കണ്ണൂർ ജില്ലാപഞ്ചായത്ത് കിഫ്ബി സാമ്പത്തികസഹായത്തോടെ മയ്യിൽ ഗ്രാമപഞ്ചായത്തിലെ ചട്ടുകപ്പാറയിൽ ആധുനിക അറവുശാല സ്ഥാപിക്കുന്നതിന്റെ പ്രാരംഭചെലവുകൾക്കായാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ പദ്ധതിയുടെ കൺസൾട്ടന്റായി ഡോ.പി.വി മോഹനൻ എന്നവരെ നിയമിക്കുന്നതിനും അവർക്ക് ചെലവാകുന്ന തുക അനുവദിക്കുന്നതിനും ഭരണസമിതി 15.11.2019-ലെ 81/19(1) തീരുമാനപ്രകാരം അനുമതി നൽകിയിട്ടുണ്ട്. അറവുശാലയുടെ ഡ്രോയിംഗ്, പ്രിന്റിംഗ് ചാർജ് ഇനത്തിലും, ഫയർ&റസ്ക്യൂ ഡിപ്പാർട്ട്മെന്റ്, പൊലൂഷൻകൺട്രോൾബോർഡ് എന്നിവയിൽ അടവാക്കിയത്, ഫയർ എൻ.ഒ.സിക്കായി നൽകിയത് എന്നിവ ഉൾപ്പെടെ ₹9,55,608 രൂപ 31.03.2021 വരെ ഈ പ്രോജക്ടിൽ ചെലവഴിച്ചിരുന്നു.

ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ ബി-2/1969/2017 തീയതി 11/11/2021 കത്ത് പ്രകാരം, കണ്ണൂർ ഗവ. ഇഞ്ചിനീയറിംഗ് കോളജിലെ സെൻറർ ഫോർ കൺടിന്യൂയിംഗ് എജ്യൂക്കേഷൻ വിഭാഗത്തിനെ രണ്ടാമതൊരു കൺസൾട്ടന്റായി നിയമിച്ചുകൊണ്ട് പ്രോജക്റ്റിന്റെ സ്ട്രക്ചറൽഡിസൈൻ സ്ക്രൂട്ടിനി ചെയ്യുന്നതിന് ചുമതലപ്പെടുത്തുകയും മുകളിൽ പരാമർശിച്ച പ്രകാരം ₹88,500 കൺസൾട്ടന്റ് ഫീസിന്റെ അഡ്വാൻസായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൺസൾട്ടൻസി ഫീസിന്റെ ബാക്കി തുക പ്രവൃത്തി പൂർത്തീകരിച്ചശേഷം അനുവദിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഈ പ്രോജക്റ്റിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) മുകളിൽ പരാമർശിച്ചപ്രകാരം രണ്ട് കൺസൾട്ടന്റ് ഏജൻസിയെ നിയമിക്കുക വഴി ജില്ലാപഞ്ചായത്ത് ഫണ്ടിന് അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതിക്ക് രണ്ട് കൺസൾട്ടന്റുമാരെ നിയമിക്കുന്നതിന് അനുവാദം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല. എന്നാൽ ഡോ. പി. വി.മോഹനൻ എന്നവരെ പ്രതിഫലം കൂടാതെയുള്ള കൺസൾട്ടന്റായാണ് നിയമിച്ചിരിക്കുന്നതെന്നും, ഇയാൾക്ക് സ്ട്രക്ചറൽ ഡിസൈൻ സ്ക്രൂട്ടിനി ചെയ്യുന്നതിനുള്ള സാങ്കേതികപരിജ്ഞാനം ഇല്ലാത്തതിനാലാണ് ഗവ.എഞ്ചിനീയറിംഗ് കോളേജ് മുഖേന പ്രവൃത്തി നടപ്പാക്കിയതെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്. പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് സഹായകമായ യോഗ്യതയില്ലാത്തയാളെ കൺസൾട്ടന്റായി നിയമിച്ചതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

2)സ്ക്രൂട്ടിനി പരിശോധനയുമായി ബന്ധപ്പെട്ട് സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കിയ സോഫ്റ്റ് വെയറുകൾക്കായി സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ ജില്ലാപഞ്ചായത്തിനോട് നിരന്തരം ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കിയിരുന്നില്ലെന്ന് സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷന്റെ സ്ക്രൂട്ടിനി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.ആയതിനാൽ ഡ്രോയിംഗുകൾ മാത്രം പരിഗണിച്ചാണ് സ്ക്രൂട്ടിനി ചെയ്തിരിക്കുന്നത്. ഇവ ലഭ്യമാക്കാത്തതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

3) ആധുനിക അറവുശാലയുടെ നിർമാണത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടതിന് മറുപടിയായി കിഫ്ബി ഈ ഫണ്ട് അനുവദിക്കുന്നത് തിരിച്ചടവ് രീതിയിലാണെങ്കിൽ പദ്ധതി നടപ്പിലാക്കേണ്ടതില്ല എന്ന് കണ്ണൂർ ജില്ലാ പഞ്ചായത്ത് ഭരണ സമിതി 14.09.2023 തീയതിയിലെ 131/2023 നമ്പർ പ്രകാരം തീരുമാനിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇക്കാരണത്താൽ, നാളിതുവരെ ഈ പ്രോജക്റ്റിനായി ചെലവഴിച്ച തുക 10,44,108/- രൂപ പാഴ്ചെലവായി മാറുകയാണ്. ചെലവ്തുക കിഫ്ബിയിൽ നിന്നും റീ-ഇമ്പേഴ്സ് ചെയ്ത് ലഭിക്കുന്നതിന് വേണ്ടി കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും തുക ലഭിക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതിലേക്കും പത്തര ലക്ഷത്തോളം രൂപ പാഴ്ചെലവായി മാറാതെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടുന്നതിലേക്കും ഈ വിഷയം ഭരണസമിതിയുടെ പ്രത്യേകശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-73 ജില്ലാ വ്യവസായ കേന്ദ്രം മാനേജർ നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകങ്ങൾ-ചെലവ്തുക-₹5,54,983 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| 1-പ്രോജക്റ്റ് നമ്പർ / പേര് | 388/23, ഇൻവെസ്റ്റേഴ്സ് ഡെസ്ക് |
| അടങ്കൽ- ₹3,45,000 | ₹50,000 -വികസനഫണ്ട്<br>₹2,95,500-തനത് ഫണ്ട് |
| ചെലവ്- ₹2,59,983 | ₹49,983 -വികസനഫണ്ട്<br>₹2,10,000 -തനത് ഫണ്ട് |
| ബിൽ നമ്പർ/തീയതി, തുക | 1689/22-3-23 ₹25,765/-<br>906/8-2-23 ₹24,218/-<br>തനത് ഫണ്ട് ചെക്ക് വിവരം ലഭ്യമല്ല. |

ജില്ലാ വ്യവസായകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച ഇൻവെസ്റ്റേഴ്സ് ഡസ്കിൽ സംരഭകത്വഅദാലത്ത്, ടെലഫോൺചാർജ്, മുഖാമുഖം എന്നിവക്ക് വേണ്ടിയും പ്രോജക്റ്റ് പ്രകാരം നിയമിതരായ ഡെവലപ്മെന്റ് ഓഫീസർ, ഡെവലപ്മെന്റ് അസിസ്റ്റന്റ് എന്നിവരുടെ വേതനം നൽകുന്നതിനുവേണ്ടിയുമാണ് ഈ തുകകൾ ചെവവഴിച്ചിരിക്കുന്നതെന്നാണ് ലഭ്യമാക്കിയ ഇ- ഫയലിൽ നിന്നും വ്യക്തമാവുന്നത്. എന്നാൽ ചെലവിന്റെ വൌച്ചറുകൾ, തുക നൽകിയതിന്റെ ട്രഷറി രേഖകൾ, എന്നിവ ഫയലിൽ ലഭ്യമല്ല. സബ്സിഡി,ധനസഹായം എന്നിവ സംബന്ധിച്ച മാർഗരേഖ (സ.ഉ.(കൈ) നം.115/2022/തസ്വഭവ തീയ്യതി 28.05.2022) യിലെ ഖണ്ഡിക 8-6 ൽ സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ,ഓണറേറിയമോ നൽകാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഡെവലപ്മെന്റ് ഓഫീസർ, ഡെവലപ്മെന്റ് അസിസ്റ്റന്റ് എന്നിവരെ നിയമിച്ച് വേതനം നൽകുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് ഫയലിൽ നിന്നും വ്യക്തമല്ല. ഈ കാരണത്താൽ ചെലവുതുക ₹2,59,983 തടസ്സപ്പെടുത്തുന്നു.പ്രോജക്റ്റുമായി

ബന്ധപ്പെട്ട മുഴുവൻ രേഖകളും ഇ-ഫയലിൽ ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| | |
|---|---|
| 2) പ്രോജക്ട് നമ്പർ / പേര് | 389/23- ലേബർ ബാങ്ക് |
| അടങ്കൽ | ₹3,00,000 -വികസന ഫണ്ട് |
| ചെലവ് | ₹2,95,000 |
| ബിൽ നമ്പർ/തീയതി, തുക | 1659/17.03.2023 |

കണ്ണൂർ ജില്ലയിലെ സംഘടിത-അസംഘടിതമേഖലയുൾപ്പെടെ എല്ലാ തൊഴിൽമേഖലയിലെയും പരിചയസമ്പന്നരായ തൊഴിലാളികൾക്ക് വേണ്ടി നടപ്പാക്കുന്ന പദ്ധതിയാണിത്. പുതിയ സോഫ്റ്റ് വെയർ നിർമ്മിച്ച് രജിസ്ട്രേഷൻ നടത്തുകയും അതുവഴി അതാത് പ്രദേശങ്ങളിൽ തൊഴിൽസേവനങ്ങൾ സജ്ജമാക്കിക്കൊണ്ട് ആവശ്യക്കാർക്ക് എത്രയും പെട്ടെന്ന് സേവനം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതുവഴി വിവിധ മേഖലകളിൽ തൊഴിലാളികൾക്ക് നേരിട്ട് തൊഴിൽ ലഭിക്കുകയും ചെയ്യും. ഗ്രാമപഞ്ചായത്തുകൾ മുഖേനയാണ് രജിസ്ട്രേഷൻ നടത്തുന്നത്. ഈ പദ്ധതിക്ക് ലേബർ രജിസ്ട്രേഷൻ പോർട്ടൽ, ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷൻ എന്നീ സോഫ്റ്റ് വെയറുകളുടെ ഡിസൈൻ, ഡെവലപ്മെന്റ്, ടെസ്റ്റിംഗ്, ഇംപ്ലിമെന്റേഷൻ എന്നിവയ്ക്ക് വേണ്ടിയാണ് തുക നൽകുന്നത്. ഇതിനു വേണ്ടി ദിനേശ് ഐ.ടി സൊല്യൂഷൻസ് എന്ന സ്ഥാപനം സമർപ്പിച്ച താൽപര്യപത്രത്തിന് 09.03.23 ലെ 41/2023 നമ്പർ ഭരണസമിതി തീരുമാനപ്രകാരം അംഗീകാരം നൽകുകയും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ ഇത്തരമൊരു ആപ്ലിക്കേഷൻ നിർമിച്ചതിന്റെയും, അതിൽ തൊഴിലാളികളെ രജിസ്റ്റർ ചെയ്തതിന്റെയും വിവരങ്ങളും,തൊഴിൽ സൃഷ്ടിച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക ₹2,95,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| 3)പ്രോജക്ട്നമ്പർ/ പേര് | 387/23-കാർഷിക-പരമ്പരാഗതവ്യവസായ ഉത്പന്നപ്രദർശന-വിപണന മേള |
| അടങ്കൽ ₹30,00,000 | ₹20,00,000 തനത്ഫണ്ട്<br>₹10,00,000 മറ്റുള്ളവ |
| ചെലവ് ₹30,00,000 | ₹20,00,000 തനത്ഫണ്ട്<br>₹10,00,000 മറ്റുള്ളവ |
| ബിൽനമ്പർ/തീയതി, തുക | തനത് ഫണ്ട് അനുവദിച്ച ചെക്ക് നമ്പർ, തീയതി എന്നിവ ലഭ്യമല്ല |

2022 വർഷത്തെ ഓണാഘോഷത്തോടനുബന്ധിച്ച് 25.08.22 മുതൽ 07.09.22 വരെ പ്രദർശന-വിപണനമേള നടത്തുന്നതിനാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്.ആകെ ചെലവഴിച്ച 30,00,000/-രൂപയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | തുക(₹) |
|---|---|
| ടെണ്ടർ നോട്ടീസ് | 7,711 |
| ബാനർ | 4,649 |
| സ്റ്റാൾ അനുബന്ധ പ്രവൃത്തികൾ | 19,64,912 |
| പ്ലാറ്റ് ഫോം നിർമാണം | 6,22,211 |
| പോലീസ് മൈതാനം വാടക | 3,42,897 |
| സെക്യൂരിറ്റി,മറ്റുള്ളവ | 57,620 |
| ആകെ ചെലവ് | 30,00,000 |
| ആകെ തുക | 30,00,000 |

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പ്രോജക്ടിന്റെ ഭാഗമായി എത്ര സ്റ്റാളുകളാണ് നിർമ്മിച്ചതെന്നും, ഇവയിൽ എത്ര സ്റ്റാളുകളാണ് വാടകയ്ക്ക് നൽകിയതെന്നും, വാടക നിരക്കും വ്യക്തമാക്കുന്ന വിവരങ്ങൾ ലഭ്യമല്ല. വാടകയ്ക്ക് നൽകിയവയിൽ എത്ര എണ്ണത്തിന്റെ വാടകയാണ് ലഭിച്ചതെന്നും വ്യക്തമല്ല.

2)വാടക ഈടാക്കുന്നതിന് അനുവദിച്ച രശീത് ബുക്കുകൾ, ജില്ലാപഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാടകയുടെ ആധികാരികത ഉറപ്പാക്കാനായിട്ടില്ല.

3) കുടുംബശ്രീ മിഷന് അനുവദിച്ച 10 സ്റ്റാളുകളുടെ വാടക ലഭ്യമായിട്ടില്ലെന്ന് ലഭ്യമാക്കിയ ഇ-ഫയലിലെ നോട്ട് ഫയൽ നമ്പർ 28/03.11.2022 ൽ വ്യക്തമാക്കിയിട്ടുണ്ട് . ഇത് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും, മേൽ പരാമർശിച്ച അപാകങ്ങൾ പരിഹരിക്കുവാനാവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-74 കൊമ്മേരി ഗോട്ട് ഫാം - പുനരുദ്ധരിച്ച കെട്ടിടം ഉപയോഗിക്കാതെ നശിക്കുന്നു- ഉപയോഗക്ഷമമാക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

കൊമ്മേരി സർക്കാർ ആട്ടുവളർത്തൽ കേന്ദ്രത്തിലെ പഴയ ഓഫീസിന്റെ പുനരുദ്ധാരണപ്രവർത്തനങ്ങളാണ് കൊമ്മേരി ഗോട്ട് ഫാം ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് എന്ന ഈ പ്രോജക്ടിലൂടെ ജില്ലാ പഞ്ചായത്ത് നടത്തിയിരിക്കുന്നത്. ഇതിനുവേണ്ടി ഇതുവരെ ₹17,84,054 ചെലവഴിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ 403/2019 നമ്പർ പ്രോജക്ടായി ആരംഭിച്ച ഈ പ്രവൃത്തി അവസാനിച്ചത് 2022-23 വർഷത്തിലാണ്.പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | 134/23 കൊമ്മേരി ഗോട്ട് ഫാം ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് |
| അടങ്കൽ | ₹5,45,457- തനത്ഫണ്ട് |
| ചെലവ് | ₹2,79,511 |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,എൽ.ഐ.ഡി &ഇ.ഡബ്ല്യു- ജില്ലാപഞ്ചായത്ത്, കണ്ണൂർ |
| എഗ്രിമെന്റ് നമ്പർ | LSGD/AEE/01/20-21 തീയതി 05.05.2020 |
| കരാറുകാരൻ | ശ്രീ.വിനോദൻ വള്ളുവക്കണ്ടി |
| എം.ബുക്ക് നമ്പർ | 05/2020-21, 05(A)/2020-21, 05(B)/2020-21, |
| ചെലവ് വിവരങ്ങൾ | ചെക്ക് നമ്പർ-JM-4703241/19.04.2021 ₹7,54,531 (2021-22)<br>ചെക്ക് നമ്പർ-JM-4703243/02.09.2021 ₹7,50,012 (2021-22)<br>ചെക്ക് നമ്പർ-JM-4703250/26.07.2022 ₹2,79,511 (2022-23) |

2022-23 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഈ ഓഫീസിൽ നിന്നും 18.10.2023 തീയതിയിൽ കൊമ്മേരി ഗോട്ട് ഫാമിൽ നടത്തിയ പരിശോധനയിൽ പുനരുദ്ധരിച്ച കെട്ടിടം ഉപയോഗിക്കാതെ പൂട്ടിയിട്ടിരിക്കുകയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇതുവഴി ഈ പ്രവൃത്തിക്ക് ചെലവഴിച്ച തുക ₹17,84,054 പാഴ്ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു.
ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ(68/07-11-2023) ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യകതയില്ലാത്ത നിർമ്മാണപ്രവൃത്തിവഴി സർക്കാർ ഫണ്ടിന് നഷ്ടം സംഭവിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-75 വിവിധ പ്രോജക്ടുകളുടെ നിർവഹണം- വിനിയോഗസാക്ഷ്യപത്രം,പൂർത്തീകരണവിവരം,ചെലവുരേഖകൾ എന്നിവ ലഭ്യമാക്കാത്തവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

2022-23 വർഷം വിവിധ നിർവഹണ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ വിനിയോഗ സാക്ഷ്യപത്രം,

പൂർത്തീകരണ വിവരം, ചെലവുരേഖകൾ എന്നിവ ലഭ്യമാക്കാത്തവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിൻെറ വിശദാംശങ്ങൾ | അപാകങ്ങൾ | തുക(₹) |
|---|---|---|---|---|
| 1 | സെക്രട്ടറി | പ്രോജക്ട്- 390/23<br>സൗരോർജവേലി ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം<br>1)ബിൽ നമ്പർ- 1102/ 20.02,2023 ₹50,00,000<br>2)ബിൽ നമ്പർ- 1157/ 23.02,2023 ₹35,00,000<br>വന്യമൃഗ സംഘർഷമേഖലകളിൽ സൗരോർജവേലി നിർമ്മിച്ച് പൊതുജനങ്ങളുടെ സ്വത്തിനും ജീവനും ഭീഷണിയാവുന്ന വന്യമൃഗശല്യം തടയുക എന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം.ഇതിനായി ഉദയഗിരി ഗ്രാമപഞ്ചായത്തിന് 50,00,000 രൂപയും ഏരുവേശ്ശി ഗ്രാമപഞ്ചായത്തിന് 35,00,000 രൂപയും അനുവദിച്ചിട്ടുണ്ട്. | 1)പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല.<br>2)രണ്ട് ഗ്രാമപഞ്ചായത്തുകളും വിനിയോഗ സാക്ഷ്യപത്രുംലഭ്യമാക്കിയിട്ടില്ല.<br>3) ഏരുവേശ്ശി ഗ്രാമപഞ്ചായത്ത് തുക വനം വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല.<br>4) പദ്ധതിയുടെ നിലവിലെ അവസ്ഥ റിപ്പോർട്ട് ചെയ്തിട്ടില്ല. | ₹85,00,000 |
| 2 | സെക്രട്ടറി | പ്രോജക്ട്- 595/23<br>ബിൽ നമ്പർ- 659/ 05.01.2023 ₹17,00,000<br>ലൈഫ് മിഷൻ ഫ്ലാറ്റിന് കുടിവെള്ളവിതരണം- കടമ്പൂർ ഗ്രാമപഞ്ചായത്തിന് ധനസഹായം<br>ബിൽനമ്പർ-659/05.01.2023 ₹17,00,000<br>കടമ്പൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ലൈഫ് ടവറിന് പ്രതിദിനം 30,000 ലിറ്റർ കുടിവെള്ള ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയാണ് തുക അനുവദിച്ചിരിക്കുന്നത്. | പദ്ധതി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരവും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. | ₹17,00,000 |
| 3 | സെക്രട്ടറി | പ്രോജക്ട്- 395/23<br>ഐ.കെ.എം ന് ജില്ലാപഞ്ചായത്ത് വിഹിതം നൽകൽ<br>1)ബിൽ നമ്പർ- 455/ 30.11,2022 ₹4,81,241<br>2)ബിൽ നമ്പർ- 1686/21.03,2023 ₹61,142<br>ഇൻഫർമേഷൻ കേരള മിഷന് ജില്ലാപഞ്ചായത്ത് വിഹിതമായി | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | ₹5,42,383 |

| | | | | |
|---|---|---|---|---|
| | | ₹542383 അനുവദിച്ചിട്ടുണ്ട്. | | |
| 4 | സെക്രട്ടറി | പ്രോജക്ട്- 816/23<br>പള്ളിയറ ഒറ്റപ്ലാവ് കുടിവെള്ള പദ്ധതി കൊട്ടിയൂർ ഗ്രാമപഞ്ചായത്തിന് ധനസഹായം നൽകൽ<br>ബിൽ നമ്പർ- 944/ 14.02,2023 ₹13,07,687<br>പള്ളിയറ ഒറ്റപ്ലാവ് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് കൊട്ടിയൂർ ഗ്രാമപഞ്ചായത്തിന് ധനസഹായമായി ₹13,07,687 നൽകിയിട്ടുണ്ട്. | പദ്ധതി പൂർത്തീ കരിച്ചതിന്റെ വിവരം, നിലവിലെ അവസ്ഥ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. | ₹13,07,687 |
| 5 | സെക്രട്ടറി | പ്രോജക്ട് - 686/23<br>അടങ്കൽ- 39,00,000<br>ചെലവ് - 39,00,000<br>ബിൽ നമ്പർ -1307/ 27.02.2023<br>₹39,00,000<br>ആരുഢ്ഡം സെന്റർ അടിസ്ഥാന സൗകര്യ വികസനം<br>ചട്ടുകപ്പാറയിൽ സ്ഥിതിചെയ്യുന്ന ആരൂഢം സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്.<br>ജില്ലാ നിർമിതി കേന്ദ്രത്തിന് മുൻകൂറായി തുക നൽകിയിരിക്കുന്നു. | പദ്ധതി പൂർത്തീകരിച്ചതിന്റെ വിവരം, നിലവിലെ അവസ്ഥ എന്നിവ ലഭ്യമാക്കിയിട്ടില്ല. | ₹39,00,000 |
| 6 | സെക്രട്ടറി | പ്രോജക്ട്- 882/23<br>അഞ്ചരക്കണ്ടി, കൊളച്ചേരി ഗ്രാമപഞ്ചായത്തുകളിലെ ആധുനിക ശ്മശാനത്തിന് ധനസഹായം<br>അടങ്കൽ- 65,00,000 (വികസനഫണ്ട്)<br>ചെലവ് - 48,60,565<br>ബിൽ നമ്പർ -1460/ 10.03.23 ₹2500000<br>ബിൽ നമ്പർ-1706/ 23.03.23 ₹23,60,565 | അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിന് അനുവദിച്ച ₹23,60,565 യുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്.എന്നാൽ കൊളച്ചേരി ഗ്രാമപഞ്ചായത്തിന് അനുവദിച്ച ₹2500000 ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | ₹25,00,000 |
| 7 | ഐ. ടി. ഡി. പി പ്രോജക്ട് ഓഫീസർ, | പ്രോജക്ട്-481/23<br>പട്ടികവർഗസങ്കേതങ്ങളിൽ കുടിവെള്ളപദ്ധതിഅറ്റകുറ്റപ്പണി-ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം | ഉദയഗിരി ഗ്രാമപഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയ വെള്ളാട്ടുകൊല്ലി കുടിവെള്ളപദ്ധതിക്കുവേണ്ടി | ₹7,69,867 |

| | | | | |
|---|---|---|---|---|
| | | അടങ്കൽ-₹7,69,867 (ടി.എസ്.പി.ഫണ്ട്)<br>ചെലവ്- ₹7,69,867<br>ബിൽനമ്പർ-1021/ 15.02.2023 ₹3,23,812<br>ബിൽനമ്പർ-1058/ 17.02.2023 ₹4,46,055 | ജില്ലാപഞ്ചായത്ത് വിഹിതമായി ₹7,69,867 നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം,വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. | |
| 8 | ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ | പ്രോജക്ട് - 407/23 വയോജന കലാമേളയും നൂറുവയസ്സ് പൂർത്തിയായ വയോജനങ്ങളെ ആദരിക്കലും<br>അടങ്കൽ- ₹5,00,000 (വികസന ഫണ്ട്)<br>ചെലവ് - ₹2,41,257<br>ബിൽ നമ്പർ -1759/ 24.03.23 ₹67,920<br>ബിൽ നമ്പർ -1760/ 25.03.23 ₹54,640<br>ബിൽനമ്പർ -1834/ 28.03.23 ₹1,18,697 | ഈ പ്രോജക്ടിനു വേണ്ടി ബിൽ നമ്പർ -1834/28.03.23 പ്രകാരം ₹1,18,697 തുക ചെലവഴിക്കുകയുണ്ടായി. ഇതിന്റെ ചെലവു രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച ₹54,640 ന്റെയും പേരാവൂർ ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ച ₹67,920 ന്റെയും വിനിയോഗവിവരങ്ങൾ ലഭ്യമാക്കുകയുണ്ടായില്ല. | ₹1,22,560 |
| 9 | ഡെപ്യൂട്ടി ഡയരക്ടർ (മൃഗസംരക്ഷണം) | പ്രോജക്ട് നമ്പർ-320/23-ആട് വളർത്തൽ യൂനിറ്റുകൾ-ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം എന്ന പ്രോജക്ടിൽ സുലേഖപ്രകാരം 37,500/-രൂപ വികസനഫണ്ട് ചെലവുണ്ട്. | ഫയൽ പരിശോധിച്ചതിൽ, പെരളശ്ശേരി ഗ്രാമപഞ്ചായത്തിന് തുക നല്കിയതായി കാണുന്നുണ്ടെങ്കിലും ആയതിൻെറ ബിൽ, വിനിയോഗസാക്ഷ്യപത്രം ഇവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണ (36/12-10-23)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. | ₹37,500 |
| | | | ആകെ | 1,93,79,997 |

## 1-76 മുണ്ടേരി ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ ഓഡിറ്റോറിയം നിർമ്മാണം -യഥാർത്ഥ നഷ്ടം കണക്കാക്കുന്നതിന് വിശദമായ അന്വേഷണത്തിന് ശിപാർശ ചെയ്യുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ,പേര് | മുണ്ടേരി ഹയർസെക്കന്ററി സ്കൂൾ ഓഡിറ്റോറിയം നിർമ്മാണം |
| അടങ്കൽ | ₹2,70,00,000 (സി.എസ്.ആർ ഫണ്ട്-ആർ.ഇ.സി.ലിമിറ്റഡ്) |
| ചെലവ് | ₹ 2,70,00,000 |

| | |
|---|---|
| തുക/തീയതി, | ₹54,00,000 29-03-2021 (നിർമ്മിതി കേന്ദ്രം)<br>₹26,46,000 27-05-2021 (നിർമ്മിതി കേന്ദ്രം)<br>₹54,000 27-05-2021 (ആദായനികുതി)<br>₹1,62,000 21-01-2022 (ആദായനികുതി)<br>₹79,38,000 01-02-2022 (നിർമ്മിതി കേന്ദ്രം)<br>₹25,38,000 18-06-2022 (നിർമ്മിതി കേന്ദ്രം)<br>₹1,62,000 20-06-2022 (ആദായനികുതി)<br>₹2,35,323 23-05-2023 (നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം)<br>₹92,648 23-05-2023 (ആദായനികുതി)<br>₹4,70,647 23-05-2023 (ജി.എസ്.ടി)<br>₹73,01,382 20-05-2023 (നിർമ്മിതി കേന്ദ്രം) |
| എംബുക്ക് നമ്പർ | KNK/2065/22/1 മുതൽ KNK/2065/22/12വരെ- 12 എണ്ണം |
| കരാറുകാരൻ | നിർമ്മിതി കേന്ദ്ര, കണ്ണൂർ |

പ്രോജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1-ഇനം നമ്പർ 12-od 67934/2020-2021 Providing And Fixing Paneled And Glazed Shutters For Doors എന്ന ഇനം 10x1.1x2.1= 23.1 എന്നതിന് പകരം 23.7 എന്ന് കണക്കാക്കിയത് കാരണം 23.7- 23.1=0.6m2 ന് @2736.26/m2 = ₹1,642 അധികം നൽകിയിട്ടുണ്ട്. (Page No-20 M-book 7 KNK/1987/21AUD-7 & Page No 17 M-book 10 KNK/1987/21AUD-10)

2-ഇനം നമ്പർ 14-50.9.6.2. Providing And Fixing Glazed Shutters For Doors എന്ന ഇനം 12x0.19x0.27=0.62എന്നതിന് പകരം 0.55 എന്നും 2X0.3X0.96=0.58 എന്നതിന് പകരം 1.77 എന്നും കണക്കാക്കിയത് കാരണം 0.55 - 0.62 = (-) 0.07 ; 1.77- 0.58 =1.19 ആകെ 1.19-0.07=1.12M2 ന് @3259.50/m2 = ₹3,651 അധികം നൽകിയിട്ടുണ്ട്. (Page No-24 M-book 7 KNK/1987/21AUD-7 & Page No 19 M-book 10 KNK/1987/21AUD-10)

3-ഇനം നമ്പർ 31 -Od Providing And Fixing Calcium Silicate Board At All Height.... എന്ന ഇനം 1x1.92x0.31= 0.595എന്നതിന് പകരം 6.595 എന്ന് കണക്കാക്കിയത് കാരണം 6.595- 0.595=6m2 ന് @1650/m2 = ₹9900അധികം നൽകിയിട്ടുണ്ട്. (Page No-98 M-book 6 KNK/1987/21AUD-6 & Page No 48 M-book 11 KNK/1987/21AUD-11)

4 - ഇനം നമ്പർ - 38 Providing And And Fixing False Ceiling At All Height ..... എന്ന ഇനം

ആകെ അളവ് 605.735m2 ആണ്. എന്നാൽ കണക്ക് കൂട്ടുന്നതിലെ അപാകത കാരണം ആകെ അളവ് 624.64 എന്ന് കണക്കാക്കുകയും (624.64 – 605.735) 18.905 M2 @1401.53/m2 പ്രകാരം 26496 രൂപ അധികം നൽകിയിട്ടുണ്ട്. (Page No-78 M-book 6 KNK/1987/21AUD-6 & Page No 58 M-book 10 KNK/1987/21AUD-10)

5 - ഇനം നമ്പർ - 39 Providing And And Fixing Thermal Insulation With Resin ..... എന്ന ഇനം

ആകെ അളവ് 605.735m2 ആണ്. എന്നാൽ കണക്ക് കൂട്ടുന്നതിലെ അപാകത കാരണം ആകെ അളവ് 624.64 എന്ന് കണക്കാക്കുകയും (624.64 – 605.735) 18.905 M2 @315.67/m2 പ്രകാരം 5968 രൂപ അധികം നൽകിയിട്ടുണ്ട്. (Page No-78 M-book 6 KNK/1987/21AUD-6, Page No-20 M-book 8 KNK/1987/21AUD-8 & Page No 60 M-book 10 KNK/1987 /21AUD-10)

6-എം ബുക്കിലെ ആകെ തുകകൾ കണക്ക് കൂട്ടിയതിൽ വ്യത്യാസം കാണുന്നു.

| ക്രമ നമ്പർ | ഇനം | എം ബുക്കിൽ രേഖപ്പെടുത്തിയ തുക (₹) | എം ബുക്ക് നമ്പർ,പേജ് നമ്പർ | കണക്ക് കൂട്ടിയാൽ ലഭിക്കുന്ന തുക(₹) | വ്യത്യാസം/കരാറുകാരന് അധികം നൽകിയ തുക(₹) |
|---|---|---|---|---|---|
| 1 | Ground Floor | 1,16,85,214.51 | Page No 84 M-book 10 KNK/1987 /21AUD-10 | 1,14,48,421.72 | 2,36,792.79 |

| | | | | | |
|---|---|---|---|---|---|
| 2 | Balcony & Stair Room | 45,63,945.12 | Page No 50 M-book 11 KNK/1987 /21AUD-11 | 43,61,652.18 | 2,02,292.94 |
| 3 | Barrier Free Lift With Ramp | 7,39,838.36 | Page No 48 M-book 12 KNK/1987 /21AUD-12 | 7,14,047.31 | 25,791.05 |
| | ആകെ | | | | 4,64,876.78 |

മേൽ അപാകങ്ങൾ കാരണം അധികം നൽകിയ തുകയോടൊപ്പം 6% മാനേജ്മെന്റ് ചാർജ്, 1 % നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം, ജി.എസ്.ടി 12% എന്നിവയും അധികം നൽകിയിട്ടുണ്ട്.

7- എം ബുക്ക് നമ്പർ (M-book-15-KNK/1987/21AUD-15) ൽ അളവ് മാത്രമാണ് രേഖപ്പെടുത്തിയത്. Total Value രേഖപ്പെടുത്തിയിട്ടില്ല.

8- ഓഡിറ്റോറിയത്തിൽ എയർകണ്ടീഷണർ സ്ഥാപിക്കുന്നതിന് 36,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വാങ്ങൽ നടപടിക്രമങ്ങളുടെ ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ(54/30-10-23)ത്തിന് മറുപടിയോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. എം ബുക്കിലെ അപാകങ്ങൾ കാരണം നഷ്ടം കണക്കാക്കുന്നതിന് സാധിക്കാത്തതിനാൽ യഥാർത്ഥ നഷ്ടം കണക്കാക്കുന്നതിന് വിശദമായ അന്വേഷണത്തിന് ശിപാർശ ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കൈപ്പാട് ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് ധനസഹായം - വികസനഫണ്ടിൽ നിന്ന് മൂലധനച്ചെലവ് അനുവദിക്കുന്നതിന് പകരം ആവർത്തനചെലവുകൾ അനുവദിച്ചു. ₹66,044 രൂപ നിരാകരിക്കുന്നു. മറ്റ് അപാകങ്ങൾ - ₹6,33,956 രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡെപ്യൂട്ടി ഡയറക്ടർ അഗ്രികൾച്ചർ ( ഡബ്ല്യു എം) |
| പ്രോജക്ടിന്റെ നമ്പർ/ പേര് | 587/23 കൈപ്പാട് ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് ധനസഹായം |
| അടങ്കൽ ₹14,00,000 | ₹7,00,000 (വികസന ഫണ്ട് -ജനറൽ)<br>₹ 7,00,000 (മറ്റുള്ളവ) |
| ചെലവ് | ₹ 7,00,000- ബിൽ നമ്പർ 1/23-02-2023 |

പ്രോജക്ട് പ്രകാരം ഏഴോം ഗ്രാമപഞ്ചായത്തിലെ മലബാർ കൈപ്പാട് ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് വികസനഫണ്ടിൽ നിന്നും (പൊതുവിഭാഗം) ₹7,00,000 ധനസഹായം അനുവദിച്ചിട്ടുണ്ട്. സ.ഉ.(കൈ) നം 115/2022

/ത.സ്വ.ഭ.വ. തീയതി 28-05-2022 ഖ. 6-10 ലെ പൊതുവ്യവസ്ഥകൾ പാലിച്ചിട്ടുള്ള സഹകരണ സംഘങ്ങൾക്കാണ് ധനസഹായത്തിന് അർഹത.

പ്രോജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘങ്ങൾക്കാണ് ധനസഹായത്തിന് അർഹത. സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2- അപേക്ഷയോടൊപ്പം ഉൾപ്പെടുത്തേണ്ട വിശദമായ പ്രോജക്ട് പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടില്ല.

3- ഇതേ ഇനങ്ങൾക്ക് ബന്ധപ്പെട്ട സർക്കാർ വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4- സംഘം മൂന്ന് വർഷമായി പ്രവർത്തിച്ചുവരുന്നുണ്ടെന്നും ധനസഹായം നൽകുന്നതിന് തൊട്ടുമുൻവർഷം ലാഭം ഉണ്ടാക്കിയെന്നും തെളിയിക്കുന്ന രേഖകൾ, 2021-22 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, നിർമ്മാണ പ്രവൃത്തികളുടെ പ്ലാൻ, എസ്റ്റിമേറ്റ്, പ്രോജക്ട് അടങ്കലിൽ സംഘത്തിന്റെ വിഹിതം എത്രയെന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

5- ഡി.പി.സി അംഗീകരിച്ച പ്രസ്തുത പ്രോജക്ടിൽ വിഷയമേഖലാടിസ്ഥാനത്തിലുള്ള പരിശോധന സാക്ഷ്യപത്രപ്രകാരം (ഖ-IV-17) അനിവാര്യചുമതലയുടെ ഭാഗമായുള്ള ആവർത്തന ചെലവുകൾ ഉൾപെട്ടിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആവർത്തനചെലവുകളായ കെട്ടിടവാടക (3/2021 മുതൽ 12/2022 വരെ ) ₹1,08,000; വൈദ്യുതി ചാർജ് ₹10,588; കുടിവെള്ളം കൊണ്ടുവരുന്നതിനുള്ള ചെലവ് ₹13,500 എന്നിവയുടെ 50% തുകയായ ₹66,044 (₹1,08,000+₹10,588+₹13,500=1,32,088x50%) എന്നിവ പ്രോജക്ടിന്റെ ഭാഗമായി ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

6) മലബാർ കൈപ്പാട് ഫാമേഴ്സ് സൊസൈറ്റിയെ ധനസഹായത്തിന് തെരെഞ്ഞെടുത്തത് വ്യക്തമാക്കുന്ന വികസന സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല.

7) കൈപ്പാട് ഫാമേഴ്സ് സൊസൈറ്റിയിൽ നിന്നുള്ള 7,00,000/- രൂപയുടെ കൈപ്പറ്റ് രശീത് ലഭ്യമാക്കിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (39/13-10-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

കൈപ്പാട് ഫാമേഴ്സ് സൊസൈറ്റി മൂലധന ആസ്തി സൃഷ്ടിച്ചത് വാടകകെട്ടിടത്തിലാണ്. കെട്ടിട ഉടമയുമായി ദീർഘകാല കരാർ ഉണ്ടാക്കിയിട്ടില്ലെങ്കിൽ സൃഷ്ടിച്ച മൂലധന ആസ്തികൾ നഷ്ടപ്പെടുന്നതിന് ഇടവരികയും പദ്ധതി ലക്ഷ്യം നേടാൻ സാധിക്കാതെ വരികയും ചെയ്യുമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

വികസനഫണ്ട് ഉപയോഗിച്ച് നടത്തിയ തുടർചെലവുകളായ കെട്ടിട വാടക, വൈദ്യുതിചാർജ്, കുടിവെള്ളം കൊണ്ടുവരുന്നതിനുള്ള ചെലവ് എന്നിവയ്ക്ക് അനുവദിച്ച 1,32,088/- രൂപയുടെ 50% തുകയായ 66,044/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക കൈപ്പാട് ഫാമേഴ്സ് സൊസൈറ്റിയിൽ നിന്ന് തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്. മേൽ അപാകങ്ങളിലെ ക്രമ നമ്പർ 5 ഒഴികെയുള്ള രേഖകൾ ഹാജരാക്കാത്തതിനാൽ ₹6,33,956 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 പട്ടികവർഗവിഭാഗങ്ങൾക്കു വേണ്ടി നടപ്പിലാക്കിയ പദ്ധതികൾ ലക്ഷ്യം കാണുന്നില്ല- ചെലവ് തുക ₹3,39,747 തടസ്സപ്പെടുത്തുന്നു- ₹34,937 നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 497/23- നവജീവൻ മാതൃകാകോളനിയിൽ ലൈബ്രറി സ്ഥാപിക്കൽ |
| അടങ്കൽ- | ₹ 5,00,000 (ടി.എസ്.പി.ഫണ്ട്) |
| ചെലവ്- | ₹3,74,684<br>1)ബിൽനമ്പർ-1854/28.03.2023 ₹1,74,684<br>2)ബിൽനമ്പർ-1908/28.03.2023 ₹2,00,000 |
| നിർവ്വഹണം- | ഐ. ടി. ഡി. പി പ്രോജക്ട് ഓഫീസർ |

കണ്ണൂർ ജില്ലാപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആറളം നവജീവൻ മാതൃകാകോളനി സാംസ്കാരികനിലയത്തിൽ ലൈബ്രറി സ്ഥാപിക്കുന്നതിനാണ് ഈ പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. ലൈബ്രറി നവീകരിക്കുന്നതിന് ₹2,00,000രൂപയുടെ പുസ്തകങ്ങൾ കേരള ബുക്ക്മാർക്കിൽ നിന്നും ഇൻവോയ്സ് നമ്പർ.125/20.03.2023 പ്രകാരം വാങ്ങുകയും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. റബ്കോയിൽ നിന്നും ഇൻവോയ്സ് നമ്പർ RHVV/22-23/572 തീയ്യതി 13.03.23 പ്രകാരം ₹1,74,684 യുടെ അഞ്ച് ഗ്ലാസ് ഡോർ ഷെൽഫുകളും വാങ്ങിയിട്ടുണ്ട്.

ഓഡിറ്റ് പരിശോധനയുടെ ഭാഗമായി ഈ ഓഫീസിൽ നിന്നും 30-10-2023ന് നവജീവൻ കോളനിയിൽ നടത്തിയ പ്രാദേശികപരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1)ആറളത്ത് സ്ഥിതിചെയ്യുന്ന നവജീവൻ കോളനി സാംസ്കാരികനിലയത്തിൽ വൈദ്യുതി, വെള്ളം എന്നിവ ലഭ്യമല്ലാത്തതിനാൽ സാംസ്കാരികനിലയം ഉപയോഗയോഗ്യമല്ലാത്ത നിലയിലാണ്.

2)2008-09 കാലയളവിൽ നിർമ്മിച്ച സാംസ്കാരികനിലയത്തിൽ 15 വർഷം കഴിഞ്ഞിട്ടും വൈദ്യുതി ലഭ്യമാകാത്തത്, പട്ടികവർഗവിഭാഗത്തിൻെറ ഉന്നമനത്തിനായിക്കൊണ്ട് സർക്കാർ രൂപീകരിക്കുന്ന പദ്ധതികൾ ലക്ഷ്യം കാണുന്നില്ല എന്നതിന് ഉദാഹരണമാണ്.

